JANUARY | VOL.04 | ISSUE 01

# മലയാളി.com magazine 2025

## അഞ്ജലി



എം ടി



മൻമോഹൻ സിംഗ്

# കഥയുടെ വർത്തമാനം 2025

ഒന്നാം സമ്മാനം




സുരേന്ദ്രൻ മങ്ങാട്ട്



ജെസ്‌മോൾ ജോസ്

ഇ-മലയാളി കഥാമത്സരത്തിൽ സമ്മാനം ലഭിച്ച 17 കഥകൾ. കാഥികർ

രണ്ടാം സമ്മാനം



രാജീവ് ഇടവ



സിന്ധു ടി ജി

മൂന്നാം സമ്മാനം



ദിവ്യാഞ്ജലി പി

സ്പെഷ്യൽ ജൂറി അവാർഡ്



ജോസഫ് എബ്രഹാം

## നവീന ഭാവുകത്വത്തിന്റെ അടയാളങ്ങൾ


MALABAR
GOLD & DIAMONDS
Malabar
With you
In all your
Celebrations
Assured Gold
Coins on
Diamond & Precious
Gem Jewellery
*T&C Apply

മലയാളി.com Magazine

DIGITAL MAGAZINE

2025
JANUARY
VOL/04
ISSUE/01

Contact: mag@emalayalee.com | www.emalayalee.com

# കഥയുടെ വർത്തമാനം 2025

മലയാള ചെറുകഥയിലെ വ്യത്യസ്ത ശ്രേണികളിൽ പെട്ട , ഇ- മലയാളി നാലാമത് ലോക കഥാ മത്സരത്തിൽ സമ്മാനിതരായ എഴുത്തുകാരുടെ രചനകളുടെ സമാഹാരമാണ് ഇത്തവണത്തെ പുതുവത്സര പതിപ്പ് .ചില കഥകൾ ഇന്നേവരെ ആവിഷ്ക്കരിക്കപ്പെടാത്ത ലോകങ്ങളെ സ്പർശിക്കുന്നതാണ്. ചിലതാകട്ടെ ഏറ്റവും സങ്കീർണ്ണമായ, നമ്മുടെ മനസ്സിൻറെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്നവയും .അതെ പോലെ വ്യത്യസ്തമായ അനുഭവ മണ്ഡലങ്ങളിൽ കൂടി കടന്നു പോകുന്നവരാണ് ഇതിലെ കഥാപാത്രങ്ങൾ .ജീവിതത്തെ പുതുമയോടെ വീക്ഷിക്കാനും മറ്റുള്ളവരെ സഹാനുഭൂതിയോടെ കാണാനും വായിക്കും തോറും നവീകരിക്കാനും നമ്മെ സഹായിക്കുന്ന കഥകളാണ് ഇവ .എഴുത്തുകാരിൽ ചിലർ ഏറെ പ്രായം ചെന്നവരാണെങ്കിൽ ചിലർ യുവത്വത്തിലേക്ക് കടക്കുന്നവർ .ചിലർ ഏറെ പുരസ്കൃതരും നിരവധി കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചവരും.ഭൂരിപക്ഷം പേരും

ആദ്യമായി പുരസ്കാരം നേടുന്നവരാണ്.പക്ഷേ അവരുടെ കഥകളിൽ കൃതഹസ്തരായ എഴുത്തുകാരെ അതിശയിക്കുന്ന കഥ പറച്ചിലും ശില്പഭംഗിയും കാണാം ചെറിയ കല്ലുകൾ കൊണ്ടു വലിയ വൈഡൂര്യ മാലകൾ തന്നെ തീർക്കുന്നവരാണ് ഇവർ..

മലയാള സാഹിത്യത്തിൽ ഏറ്റവും പുതിയ പരീക്ഷണങ്ങൾ നടക്കുന്ന മേഖലയാണ് ചെറുകഥ.വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ വാസന വികൃതി തൊട്ടു നൂറിൽ ഏറെ വർഷത്തെ ചരിത്രമുള്ള സാഹിത്യ ശാഖയാണ് ഇത് .കാരുരും ബഷീറും ഉറൂബും പൊൻകുന്നം വർക്കിയും എം ടി യും ടി പദ്മനാഭനും എം സുകുമാരനും പട്ടത്തു വിളയും മാധവിക്കുട്ടിയും മുകുന്ദനും സക്കറിയയും മുതൽ ഹരിഷും വി ജെ ജയിംസും വരെയുള്ള കാഥികരുടെ നീണ്ട നിര നമുക്കുണ്ട്.ഓരോ ദിവസവും കെ രേഖയേയും സിതാരയെയും കെ പ്രഭാകരനെയും സന്തോഷ് എച്ചിക്കാനത്തെയും പോലെയുള്ള കഥാകാരന്മാർ ആ ശാഖയെ പുഷ്ടിപ്പെടുത്തുന്നു .അവരെപോലെ പ്രതിഭയും സർഗവൈഭവവും ഉള്ള ചിലരെങ്കിലും ഇവരിൽ ഉണ്ട് .മാത്രമല്ല ഈ പുരസ്കാരത്തിന്റെ ബലത്തിൽ കുടുതൽ ശക്തിയോടെ എഴുതാൻ കഴിയുന്നവരാണ് എല്ലാവരും .തന്നെ .

സ്വയം പെരുമ്പറ മുഴക്കി താൻ വലിയ എഴുത്തുകാരനാണെന്നു പറഞ്ഞു നടക്കുന്ന പലരിൽ നിന്നും വ്യത്യസ്തരായി ഇവരിൽ ചിലരുടെ കഥകൾ നിങ്ങളെ വശീകരിക്കും, ചിന്തിപ്പിക്കും, രസിപ്പിക്കും .നാരായണീയം എഴുതിയ ജോസഫ് അബ്രഹാമിനെ പോലെയുള്ളവർ .ജീവിതത്തിൻറെ ആസ്തമയത്തിൽ തൻറെ വിദ്യാർഥികളിൽ പുതിയ ജീവിതം കണ്ടെത്തുന്ന, ഹാജർ പുസ്തകത്തിലെ ഓരോ ചുവന്ന വരയും മുറിവുകളായി അനുഭവിക്കുന്ന ടീച്ചറെ അവതരിപ്പിച്ച ജെസ് മോളെ പോലെ, കാശിയിൽ വിശ്വനാഥ ക്ഷേത്രത്തിൽ പൂ വിൽക്കുന്ന ബദ്രൂൽ മുനീറിനെ അവതരിപ്പിച്ച രാജ തിലകനെ പോലെ ,മനസ്സിന്റെ സൂക്ഷ്മ ചലനങ്ങൾ ഒപ്പിയെടുക്കുന്ന, വൃദ്ധ മനസ്സിനെ വരയ്ക്കുന്ന സുരേന്ദ്രൻ മങ്ങാട്ടിനെ പോലെയുള്ളവർ . ലോകത്തിനു അപ്പുറം കണ്ണെത്തുന്ന എഴുത്തുകാരനാണ് ശ്രീ വത്സൻ പി കെ .തകരാൻ പോകുന്ന ഒരു ബഹിരാകാശ. പേടകത്തിലെ ഗഗനചാരികളുടെ കഥയാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. ഒരു പാലത്തിന്റെ നിർമ്മാണത്തിന്റെ പശ്ചാത്തലത്തിൽ ജീവിതം അപഗ്രന്ഥിക്കുന്ന ശ്രീകണ്ഠൻ കരിക്കകം ..ബലിയുടെ ആന്തരാർത്ഥങ്ങൾ തേടുന്ന ഓതം എഴുതിയ സീമ. സർക്കസ് കൂടാരത്തിലെ സ്ത്രീകളുടെ കഥയെഴുതുന്ന ദീപാഞ്ജലി പി

ചില കഥകൾ ബഹ്യതലത്തിൽ ഒതുങ്ങുന്നുവെങ്കിലും മറ്റാരും പറയാത്ത ഒരു ലോകമാണ് അവരുടെ കണ്മുമ്പിലും വിടരുന്നത് 200 ലേറെ കഥകളിൽ നിന്ന് തെരഞ്ഞെടുതവയാണ് ഇവ. അവയിൽ പലതും കഥ പറയുന്നവയോ ശില്പഭംഗി ഉള്ളതോ ആയിരുന്നില്ല .പക്ഷെ കഥ പറയാനുള്ള അവരുടെ മോഹം ഉണ്ടല്ലോ അതാണ് ഈ ദൗത്യത്തെ ആഹ്ലാദകരമാക്കുന്നത്. കഥയിൽ കാര്യമില്ല എന്നാണ് പറയുന്നതെങ്കിലും എല്ലാ കഥകളും ജീവിതത്തിന്റെ നേര്കാഴ്ചകളോ പ്രവചനതുല്യമായ കണ്ടെത്തലുകളോ ആണെന്നതാണ് വലിയ യാഥാർത്ഥ്യം. ആ യാഥാർത്ഥ്യമാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്നത്

ഈ ലക്കം അന്തരിച്ച പ്രമുഖ എഴുത്തുകാരൻ എം ടി ക്കുള്ള അഞ്ജലി കൂടിയാണ് അതേ പോലെ നമ്മുടെ ജീവിതത്തെ എല്ലാ അർത്ഥത്തിലും സ്പർശിച്ച ഡോ .മൻമോഹൻ സിംഗിനും ഈ ലക്കം അഞ്ജലി അർപ്പിക്കുന്നു .

*സ്നേഹത്തോടെ,*

**ഇ-മലയാളി പത്രാധിപസമിതി**

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover



Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907



അഞ്ജലി /
എം ടി വാസുദേവൻ നായർ
(1933 – 2024)

# കാലഘട്ടത്തിന്റെ സ്വരം

**ഒരു കാലഘട്ടത്തിന്റെ ആത്യന്തിക സ്രഷ്ടാവ് എന്ന നിലയിൽ എം ടിയുടെ സ്ഥാനം എന്നും ഭദ്രമായിരിക്കും**

**പി എസ് ജോസഫ്**

എം ടി ആരായിരുന്നു സാധാരണ മലയാളിക്ക് ?അദ്ദേഹത്തെ ചികിത്സക്ക് പ്രവേശിപ്പിച്ച ബേബി മെമോറിയൽ ആശുപത്രിയിലേക്ക് എന്നെ കൊണ്ടുപോയ കോഴിക്കോട്ടുകാരൻ ഓട്ടോ ഡ്രൈവർക്ക്,ഏറെക്കാലം കുവൈറ്റിൽ ആയിരുന്നത് കൊണ്ടാകണം , അദ്ദേഹം ആരെന്നറിയില്ല . ഒരു കാലത്ത്,എം ടി മാതൃഭൂമി ആഴ്ച്ചപ്പതിപ്പിന്റെ പത്രാധിപർ ആയിരുന്ന കാലത്ത്, റബർ കൃഷിയെ കുറിച്ചു എഴുതിയാലും അതിൽ എം ടി എന്ന് ലേഖകർ എഴുതുമെന്നു സാഹിത്യ വാരഫലക്കാരൻ പ്രൊഫ.എം കൃഷ്ണൻ നായർ പരിഹസിച്ചിരുന്നു ..തങ്ങളുടെ സർഗ ജീവിതത്തിനു ലഭിച്ച ആദ്യത്തെ പച്ചക്കൊടി അദ്ദേഹത്തിന്റെതായിരുന്നുവെന്നു എഴുത്തുകാരിൽ പലരും പറയുന്നു .തൻറെ കൃതി പ്രസിദ്ധീകരിക്കാതിരിക്കാൻ കാരണക്കാരൻ എം ടി യായിരുന്നു എന്ന് ഒരു പ്രമുഖ നോവലിസ്റ്റ് തൻറെ എഴുത്തിൻറെ വഴിയെ പറ്റി എഴുതവെ പറയാതെ പറയുന്നു .മരിക്കും വരെ ദാവിഞ്ചി

യും മൈക്കൽ ആഞ്ചലോയേയും പോലെ കടുത്ത പോരാട്ടത്തിൽ ആയിരുന്നു ടി പദ്മനാഭനും എം ടി യും . മാർദ്ദവമില്ലാതെ എം ടി യെ പദ്മനാഭൻ വിമർശിക്കുമെങ്കിലും അദ്ദേഹത്തിൻറെ പ്രതിഭ അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.മറ്റാർക്കെതിരെ വിമർശനം ഉയർത്തിയാലും എം ടി ക്കെതിരെ ഒരു വാക്ക് പറയില്ലെന്ന് മറ്റൊരു പ്രമുഖ എഴുത്തുകാരൻ സാക്ഷ്യപെടുത്തുന്നു .അദ്ദേഹത്തിൻറെ രചനകളെ കുറിച്ചു നിരൂപകനായ പ്രൊഫ.ഷാജി ജേക്കബ് നിശിതമായ വിമർശനം ഉയർത്തുന്നു .അദ്ദേഹത്തിൻറെ ചലച്ചിത്ര സപര്യയെ കുറിച്ചും പലരും കടുത്ത വിമർശനങ്ങൾ ചൊരിയുന്നു . എങ്കിലും എക്കാലത്തെയും ശ്രദ്ധേയമായ നിർമാല്യത്തിന്റെ സംവിധായകനാണ് അദ്ദേഹം .അദ്ദേഹത്തിൻറെ തിരക്കഥകളാണ് നമ്മുടെ സിനിമയിൽ ഒരു സവിശേഷ കാലഘട്ടത്തിൽ നാടകീയ മുഹൂർത്തങ്ങൾ അവതരിപ്പിച്ചത് . .കഥയിൽ അദ്ദേഹം കുലപതി ആയിരുന്നു .വാക്കുകളുടെ മാസ്മരികത മാത്രമല്ല പാത്രസൃഷ്ടിയും ശില്പഭംഗിയും നവം നവമായ രംഗങ്ങളും സന്ദർഭങ്ങളും നമ്മെ വശീകരിക്കുന്നതായിരുന്നു .

ഒരു പക്ഷെ ജനപ്രിയ സാഹിത്യത്തിനു അടുത്തു നിൽക്കുന്ന ലാളിത്യമായിരുന്നു അദ്ദേഹത്തിൻറെ രചനയുടെ മുഖമുദ്ര.കൗമാരത്തിൽ വായിച്ച അദേഹത്തിന്റെ നാലുകെട്ടും അതിൽ വിവരിച്ച സർപ്പക്കാവും സർപ്പം പോലെ ഇഴയുന്ന പെൺ കുട്ടികളും ഒരു തലമുറയുടെ വികാരമായി .ഫ്യൂഡലിസത്തിന്റെ തകർച്ചയോടൊപ്പം എക്കാലത്തെയും ശക്തമായ ഒരു തീം അസുരവിത്തിലൂടെ അദ്ദേഹം അവതരിപ്പിച്ചു .അദേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ നോവൽ ഇതാണ് എന്ന് ഞാൻ കരുതുന്നു .കുടുംബത്തിലെ ഒരാളുടെ മതപരിവർത്തനമായിരുന്നു ആ കൃതിക്ക് പിന്നിൽ എന്ന് ശോഭന പരമേശ്വരൻ നായർ എന്നോടു പറയുകയുണ്ടായി . അദ്ദേഹത്തിൻറെ കൃതികളിൽ കൂടല്ലൂർ ഗ്രാമത്തിലെ പല തലമുറകൾ പ്രത്യക്ഷപെടുന്നു .ജീവിതത്തിൽ നിന്ന് പറിച്ചു നട്ടവരാണ് അവരിൽ പലരും .‘‘സേതുവിന് സേതുവിനെ മാത്രമേ ഇഷ്ടമുള്ളൂ എന്ന കാലത്തിലെ വാക്കിന് ഇന്നുമായാണ് കുടുതൽ അടുപ്പം .എന്നെ ഇഷ്ടപ്പെടുന്ന ഞാൻ ആണല്ലോ ഇന്നത്തെ പ്രവണത .

ഗ്രാമീണ ജീവിതത്തിൻറെ നിറങ്ങളും തുടിപ്പും വാസനകളും വൈവിധ്യവും പ്രണയവും പകയും വൈരുദ്ധ്യവുമെല്ലാം നിറഞ്ഞതാണ് അദ്ദേഹത്തിൻറെ എഴുത്ത് നാലുകെട്ട് തുടങ്ങുന്നത് തന്നെ പ്രതികാരവാക്കുകളുമായാണ് അന്നും ഇനും പുതുമ തോന്നുന്ന തുടക്കം ..അദ്ദേഹം വ്യത്യസ്തമായി ചിന്തിച്ചു. വടക്കൻ പാട്ടിനു മറ്റൊരു സ്ത്രീവിരുദ്ധ മുഖം കൊടുക്കുമ്പോൾ കാണികൾ അത് അസംഭാവ്യമെന്ന് പറഞ്ഞു തള്ളിയില്ല ഒരു പക്ഷെ സ്ത്രീയുടെ ആന്തരിക മനസ്സിനെ അദ്ദേഹത്തെ പോലെ മറ്റാരും അറിഞ്ഞിരിക്കില്ല അതാകാം അദ്ദേഹം തിരക്കഥയെഴുതിയ സിനിമകളുടെ ശക്തി .നിർമ്മാല്യത്തിലെ വെളിച്ചപ്പാടിന്റെ ഭാര്യ ആയാലും പഞ്ചാഗ്നിയിലെ നായിക ആയാലും അദ്ദേഹത്തിൻറെ സ്ത്രീകൾ വെറും കാഴ്ച വസ്തുക്കൾ അല്ല .അവരുടെ വസ്ത്രത്തിൻറെ ഇളക്കം മുതൽ വാസന സോപ്പിന്റെയും കാച്ചിയ വെളിച്ചെണ്ണയുടെയും മുല്ലപ്പൂവിന്റെയും ഗന്ധം വരെ ആ കൃതികളിൽ നിന്ന് പുറപ്പെടുന്നു . .

**ജീവിതത്തിലെ അനിശ്ചിതമായ ചൂതുകളികളെ പറ്റി എഴുതിയ ഒരു എഴുത്തുകാരൻ ഏതെല്ലാം മുൾക്കിരിടങ്ങളാണ് അണിഞ്ഞിരുന്നതെന്ന് നമുക്കറിയില്ല . ഒരു പക്ഷെ ആ വേദനകൾ കൂടിയാകാം അദ്ദേഹത്തിൻറെ രചനകളുടെ സൌകുമാര്യത്തിനു പിന്നിൽ. അദ്ദേഹം ജീവിച്ചു . ശക്തിയായി മനോഹരമായി തൻറേതായ രീതിയിൽ എന്ന് പറയുകയാകും ഭംഗി. അവിടെ പാളിച്ചകൾ ഉണ്ടായോ,ഏറ്റക്കുറച്ചിലുകൾ ഉണ്ടായോ എന്നതിന് കാലമാണ് ഉത്തരം നൽകേണ്ടത്.**

നിരന്തരം നവീകരിച്ചു വന്ന എഴുത്തുകാരനാണ് അദ്ദേഹം ഒരിക്കൽ മദിരാശിയിൽ അദ്ദേഹത്തെ കാണുമ്പോൾ അദ്ദേഹം പാകിസ്ഥാനി കഥാകൃത്തുക്കളുടെ രചനകൾ വായിക്കുകയാണ്. അദ്ദേഹം അവരുടെ ശില്പചാതുര്യത്തിൽ അത്ഭുതം കൂറി .അദ്ദേഹം കുടുതൽ വായിക്കുന്നു എന്ന് ഒരു സുഹൃത്ത് കുറ്റപ്പെടുത്തി പക്ഷെ അതിന്റെ മികവ് അദേഹത്തിന്റെ രചനകളിൽ കാണാം . .വീട്ടുനൊമ്പരങ്ങൾ അടയാളപ്പെടുത്തുന്ന കഥകളിൽ നിന്ന് ഷെർലക്ക് പോലെ അവിസ്മരണീയമായ കഥകളിൽ അദ്ദേഹം എത്തുന്നത് അങ്ങനെയാണ് അദ്ദേഹത്തിൻറെ ചെറിയ ചെറിയ ഭൂകമ്പങ്ങളും (പിന്നിട് എൻറെ ജാനകി കുട്ടി എന്ന പേരിൽ സിനിമയായി ) കഡുഗണ്ണാവ :ഒരു ഓർമ്മകുറിപ്പും ഷെർലക്കും(രണ്ടും സിനിമയായി ) ഇന്ത്യാ ടുഡേയിൽ പ്രസിദ്ധീകരിക്കാൻ എനിക്ക് ഭാഗ്യമുണ്ടായി അദേഹം ഏറ്റവും പുതിയ എഴുത്തുകാരെ വായിച്ചു അവരെ നമ്മുടെ മുൻപിൽ കൊണ്ടുവന്നു .ഹെമിങ്ങ് വേ ആണെങ്കിലും മാർകേസ് ആണെങ്കിലും അവരെ നാം അദേഹത്തിന്റെ കണ്ണിലൂടെ നാം കണ്ടു .അമേരിക്കൻ യാത്രയുടെ അദ്ദേഹത്തിൻറെ ചിത്രങ്ങൾ ഇന്നും ആ സമൂഹത്തിന്റെ നേരെ തിരിച്ചു വെച്ച കണ്ണാടിയാണ് .പത്രാധിപർ ആയിരുന്ന മാതൃഭൂമി ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കാതെ കേരളശബ്ദത്തിന്റെ അദ്യലക്കങ്ങളിൽ ആണ് കാലം പ്രസിദ്ധീകരിക്കപ്പെടുന്നത് .മുകുന്ദൻറെ ഡൽഹിയും .അന്നത്തെ കാലത്തിന്റെ സാക്ഷ്യങ്ങൾ ആയിരുന്നു അവ രണ്ടും .അവ കാലാതീതമായി മാറിയോ എന്നത് ഒരു എഴുത്തുകാരന് വിഷയമല്ല അദേഹം സിനിമയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു .മാതൃഭൂമി വിട്ടിരുന്ന അദ്ദേഹത്തിൻറെ തിരക്കഥക്ക് വേണ്ടി ചിത്രഭൂമിയുടെ

ജനാർദ്ദനും ഞാനും അദ്ദേഹത്തെ മദിരാശിയിൽ കണ്ടു. പരിഗണിക്കാം എന്നായിരുന്നു അധികം ചിരിക്കാത്ത ആ  മുഖത്തു നിന്ന് കേട്ടത് .ഇതിനിടെ അദ്ദേഹം രണ്ടാമുഴം എഴുതി കലാകൌമുദിയിൽ പ്രസിദ്ധീകരിച്ചു .ഒരു സർഗവിസ്ഫോടനമായിരുന്നു ആ പ്രസിദ്ധീകരണം .എം ടിയുടെ എഴ്ത്തും നമ്പൂതിരിയുടെ വരയും .  അദ്ദേഹം മാതൃഭൂമി ആഴ്ചപതിപ്പ് എഡിറ്ററായി തിരികെയെത്തി. എം ടി എന്ന പത്രാധിപരെപറ്റി ഞാൻ അദ്ദേഹത്തോട് ചോദിച്ചു .ആദ്യമായാണ് അദ്ദേഹം അതെ പറ്റി ആലോചിക്കുന്നതെന്ന് തോന്നി പിൽക്കാലത്ത് ആർട്ടിസ്റ്റ്  ജെ ആർ പ്രസാദ് അതെ പറ്റി ഒരു പുസ്തകം തന്നെ എഴുതി .ഇതിനിടെ പ്രസ് അക്കാദമിയും ഒരു ഹൃസ്വ ചിത്രം ഇറക്കാൻ തയ്യാറായി .


രണ്ടാമുഴം ഒരു  വിസ്ഫോടനം ഉണ്ടാക്കിയെങ്കിലും വൈകാരികമായി മഞ്ഞാണ് വായനക്കാർ  ഹൃദയത്തിൽ ഏന്തിയത് . മാധവികുട്ടിയുടെ എൻറെ കഥ പോലെ ഒരു വൈകാരിക വിസ്ഫോടനമായിരുന്നു മഞ്ഞ്. വിമലയുടെ കാത്തിരിപ്പ് ഹൃദയത്തെ എന്നെന്നും മുറിപ്പെടുത്തും . ഒരു പക്ഷെ എത്രയോ ഏകാകികളായ സ്ത്രീകളുടെ ഹൃദയത്തെ അത് ത്രസിപ്പിച്ചിരിക്കാം  .

മഞ്ഞു ഇംഗ്ലീഷിൽ അദ്ദേഹത്തിന്റെ ആദ്യഭാര്യ പ്രമീള വിവർത്തനം ചെയ്തു. അവരും ഒരു എഴുത്തുകാരിയായിരുന്നു .എന്ത് കൊണ്ടു ആ ബന്ധം പിരിഞ്ഞു എന്നത് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടില്ല മരണശേഷം  അവരുടെ വശത്തുനിന്നു ചിലർ  ചില കുറ്റപ്പെടുത്തലുകൾ നടത്തി . .എം ടി അവരെ അവസാന കാലത്ത് അവർ ആവശ്യപ്പെട്ടിട്ട് പോലും കണ്ടിരുന്നില്ല എന്നും ..എം ടി യുടെ മരണത്തിനു തൊട്ടു മുൻപ് ആദ്യ മകൾ സിതാര  അദ്ദേഹത്തെ കാണാൻ എത്തിയിരുന്നു. രണ്ടാം ഭാര്യ സരസ്വതിയും മകൾ അശ്വതിയും ആയിരുന്നു പിന്നിട് എല്ലാം  .അവർ അറിയപ്പെടുന്ന നർത്തകിയാണ് തികച്ചു വ്യക്തിപരമാണ് ഈ ബന്ധങ്ങൾ എങ്കിലും അറിയപ്പെടുന്ന ഒരു വ്യക്തി എന്ന നിലയിൽ അത് മാറ്റുരക്കപ്പെടുന്നതിൽ അതിശയമില്ല പക്ഷെ അവ പലപ്പോഴും വാസ്തവ വിരുദ്ധമായി പോകുന്നു എന്നത് ദു:ഖകരമാണ് .ജീവിതത്തിലെ അനിശ്ചിതമായ ചൂതുകളികളെ പറ്റി എഴുതിയ ഒരു എഴുത്തുകാരൻ ഏതെല്ലാം മുല്കിരീടങ്ങളാണ് തലയിൽ അണിഞ്ഞിരുന്നതെന്ന് നമുക്കറിയില്ല . ഒരു പക്ഷെ ആ വേദനകൾ കൂടിയാകാം അദ്ദേഹത്തിൻറെ രചനകളുടെ സൌകുമാര്യത്തിനു പിന്നിൽ. അദ്ദേഹം ജീവിച്ചു .ശക്തിയായി മനോഹരമായി തൻറേതായ രീതിയിൽ എന്ന് പറയുകയാകും ഭംഗി.അവിടെ പാളിച്ചകൾ ഉണ്ടായോ,ഏറ്റക്കുറച്ചിലുകൾ ഉണ്ടായോ എന്നതിന്  കാലമാണ് ഉത്തരം നൽകേണ്ടത്.  .

സംഗീതത്തിൽ  യേശുദാസിനെ പോലെ സാഹിത്യത്തിൽ ഏറെ ആരാധിക്കപ്പെടുന്ന ഒരു വ്യക്തിത്വമാണ് നമുക്ക് ഇല്ലാതാകുന്നത് . രണ്ടു പേരും സ്ഥായിയായി എല്ലാവരിലും നിന്നും അകൽച്ച പാലിക്കാൻ ശ്രമിക്കുന്നവർ. ഒരു പക്ഷേ ആരാധന എത്ര പൊള്ളയാണെന്ന് അറിഞ്ഞത് കൊണ്ടാകുമോ ഈ  അന്യവൽക്കരണം .എന്തായാലും എപ്പോഴും സമൂഹം അവർക്ക് കണക്കില്ലാതെ ഐശ്വര്യങ്ങൾ വാരിക്കോരി നൽകി. ആ ഭാഗ്യം  ഈ തലമുറയിൽ ആർക്കും ലഭിച്ചിട്ട് ഉണ്ടാകില്ല . സിനിമ താരങ്ങൾക്ക്പോലും

അദ്ദേഹം തുഞ്ചൻ ട്രസ്റ്റ് വഴി എഴുത്തച്ഛന്റെ തിരൂർ നിത്യ തീർത്ഥാടന കേന്ദ്രമാക്കി . അവിടെ വെച്ചാണ് അദ്ദേഹത്തെ അവസാനമായി ഞാൻ നേരിൽകാണുന്നത്. സംവിധായകൻ  കെ എസ് സേതുമാധവനും അന്നവിടെ ഉണ്ടായിരുന്നു. പിന്നിട് കഴിഞ്ഞ വർഷം തുടക്കത്തിൽ ഒരു സാഹിത്യ വേദിയിൽ  മുഖ്യമന്ത്രി പിണറായി വിജയനെതിരെ ആഞ്ഞടിച്ച വേളയിൽ അദ്ദേഹത്തെ കണ്ടു . അധികാരത്തിൽ അഭിരമിക്കുന്ന ഭരണാധികാരികൾക്ക് ഒരു താക്കീതായിരുന്നു അദ്ദേഹത്തിൻറെ പ്രഭാഷണം .നോട്ടുനിരോധനത്തിനു നേരെ അദ്ദേഹം ശബ്ദമുർത്തിയതിനു ശേഷം  വീണ്ടും ശക്തമായ  ഒരു പ്രതികരണം .അപ്രതീക്ഷിതമായിരുന്നു അത്  .പെട്ടെന്ന് പ്രതികരിക്കാത്ത ആ എഴുത്തുകാരൻറെ  വാക്കുകൾക്ക് നാട് മുഴുവൻ കാതോർത്തു .അവസാന നിമിഷം ചിതയിൽ എരിഞ്ഞടങ്ങുന്നത് വരെ ഒരു നിഷേധിയെപോലെ കലഹിച്ച എഴുത്തുകാരൻ തൻറെ കടമ നിറവേറ്റി . .

ഒരു എഴുത്തുകാരന് ബാധ്യത  കാലത്തോടാണ്. .ആ കാലമാണ് അദ്ദേഹത്തെ വിലയിരുത്തേണ്ടതും. മരിച്ച ഉടനെ എല്ലാവരും വിസ്മൃതമാകുന്ന  ഈ ലോകത്ത്  ഒരു കാലഘട്ടത്തിന്റെ ആത്യന്തിക സൃഷ്ടാവ് എന്ന നിലയിൽ അദ്ദേഹത്തിൻറെ സ്ഥാനം ഭദ്രമായിരിക്കും .



**കഥയിൽ അദ്ദേഹം കുലപതി ആയിരുന്നു . വാക്കുകളുടെ  മാസ്മരികത മാത്രമല്ല  പാത്രസൃഷ്ടിയും ശില്പഭംഗിയും നവം നവമായ രംഗങ്ങളും സന്ദർഭങ്ങളും നമ്മെ വശീകരിക്കുന്നതായിരുന്നു .**

Muthoot Finance USA Inc.



You Only NEED
A GOLD LOAN
To Make Your Dreams
A REALITY!



Just avail a gold loan from Muthoot Finance and experience a host of incredible benefits.

**Maximum Loan Value**
Get the best loan value for your gold

**Quick Loan Approval**
Fast processing to get you your funds immediately

**Easy Documentation**
Hassle-free paperwork for a seamless loan experience

Trust the gold loan experts and secure your future today.

Visit our branches at:

**New York Branch**
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900

**New Jersey Branch**
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200

Live Chat: +91 8078014111

Muthoot Family - 800 years of Business Legacy

അഞ്ജലി /
എം ടി വാസുദേവൻ നായർ
(1933 – 2024)



# ഓർമകളിലെ, വായനയിലെ എം ടി

**നമ്മുടെ കാലഘട്ടത്തിലെ, ദേശത്തിലെ മനുഷ്യാവസ്ഥയെ ആഴത്തിൽ അനുഭവിപ്പിച്ച എഴുത്തുകാരനായിരുന്നു എം ടി. അദ്ദേഹവുമായി മുഖാമുഖം നിൽക്കാനിടവന്ന നിമിഷങ്ങൾ**

**എസ് സുന്ദർദാസ്**

ഞാൻ ആദ്യം വായിക്കുന്ന നോവൽ എം ടി വാസുദേവൻ നായരുടെ നാലുകെട്ട് ആണ്. അന്ന് ഞാൻ എട്ടാം ക്ലാസിൽ പഠിക്കുകയാണ്.

അങ്ങാടിപ്പുറം ദേശസേവിനി വായനശാലയിൽനിന്നും ഒരു വൈകുന്നേരം ആ നോവലും എടുത്ത് അത് വിസ്മയത്തോടെ മറിച്ച് നോക്കിക്കൊണ്ട് വീട്ടിലേക്ക് നടന്നത് ഇന്നും ഓർക്കുന്നു. വായിച്ചുകഴിഞ്ഞപ്പോൾ അത് എം ടിയുടെ കഥയായിരിക്കുമെന്നായിരുന്നു എന്റെ ധാരണ.

തറവാട്ടിൽ, കാരണവരുടെ ഭരണത്തിനുകീഴിൽ അവഗണനയും കഷ്ടപ്പാടും അനുഭവിച്ച് കഴിഞ്ഞുകൂടിയ ഒരു ബാലന്റെ രൂപമാണ് എം ടി യെക്കുറിച്ച് ആ പുസ്തകം എനിക്ക് നൽകിയത്. ഏറെക്കാലം അതങ്ങനെ മനസ്സിൽ നില നിന്നു( പിന്നീട് വര്ഷങ്ങള്ക്കുശേഷം എം ടി തന്നെ എന്നോട് പറഞ്ഞു, നാലുകെട്ടിലേത് തന്റെ രണ്ട് തലമുറയ്ക്ക് മുമ്പുനടന്ന സംഭവങ്ങൾ പുനരാവിഷ്കരിച്ച താണെന്ന്).എസ് എസ് എൽ സി കഴിഞ്ഞപ്പോഴേക്കും എം ടിയുടെ ഒട്ടേറെ ചെറുകഥകൾ വായിച്ച് കഴിഞ്ഞിരുന്നു . അപ്പോഴേക്കും ഞാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ സ്ഥിരം

വായനക്കാരനായിക്കഴിഞ്ഞയിരുന്നു, അതിൽ വന്നുകൊണ്ടിരുന്ന

നോവലുകളുടെയും കഥകളുടെയും. എം ടി യെപോലെതന്നെ എനിക്ക് പ്രിയങ്കരനായ എഴുത്തുകാരനായിരുന്നു ഉറൂബും. പ്രീഡിഗ്രിക്ക് ഞാൻ ചേർന്നത് മഞ്ചേരി എൻ എസ് എസ് കോളേജിലാണ്. അപ്പോഴേക്കും വായന കുറേക്കൂടി വിപുലമായി.

അന്വേഷണം പോലെയുള്ള മാസികകളിലൂടെ പുതിയ എഴുത്തുകാരെ പരിചയപ്പെട്ടു. അന്ന് ആ കോളേജിലെ മലയാളം അധ്യാപകനായിരുന്ന എസ് വി വേണുഗോപൻ നായരും വി കെ എഴുത്തച്ഛനും എന്റെ വായനയെ പ്രോത്സാഹിപ്പിച്ചവരായിരുന്നു. അവരുമായുള്ള ബന്ധം ഇരുവരുടെയും മരണം വരെ ഞാൻ നിലനിർത്തി. ഞാൻ ജോലി ചെയ്തിരുന്ന ഇന്ത്യാടുഡേ വാരികയിൽ ഇരുവരെയും കൊണ്ട് എഴുതിച്ചിട്ടുമുണ്ട്. പ്രീഡിഗ്രി രണ്ടാമത്തെ വർഷം ഞാൻ മലയാളം അസോസിയേൻ സിക്രട്ടറിയായിരുന്നു. അസോസിയേഷന് തുടർപ്രവർത്തനങ്ങളൊന്നും ഉണ്ടാകില്ലെങ്കിലും കൊക്കിൽ ഒതുങ്ങാവുന്ന ഒരു സാഹിത്യകാരനെകൊണ്ടുവന്ന പേരിന് ഒരു ഉദ്ഘാടനം നടത്തും.

**എംടിയുടെ കഥകൾ, നോവലുകൾ എല്ലാം മരണതുല്യമായ ഒരു ഏകാകിതയുടെ ശൈത്യത്തിൽ ചെന്നെത്തുന്നു. അപ്പുണ്ണിയായാലും സേതുവായാലും ഓപ്പോൾ ആയാലും കുട്ട്യേടത്തിയായാലും ഭീമനായാലും എല്ലാവരും ജീവിതത്തെ തനിച്ച് നേരിടുന്നവരാണ്, പലപ്പോഴും ഒറ്റപ്പെട്ടുപോകുന്നവരാണ്. 'ആൾക്കൂട്ടത്തിൽ തനിയെ' ആകുന്ന മനുഷ്യർ. തന്റെ രചനകളിൽ ഉല്പാദിപിക്കപ്പെടുന്ന ഈ ഏകാന്തതയിലൂടെയാണ് എം ടി വായനക്കാരനോട് സംവദിക്കുന്നത്.**

അത് മലയാളം പ്രൊഫസർ തീരുമാനിക്കുന്നപോലെ നടക്കുകയാണ് പതിവ്. അസോസിയേഷൻ സിക്രട്ടറിക്ക് അതിൽ പങ്കൊന്നുമില്ല. എന്നാൽ അത്തവണ പതിവിൽ നിന്ന് വിരുദ്ധമായി മലയാളം പ്രൊഫസറായിരുന്നു എഴുത്തച്ഛൻ സാർ ഒരു ദിവസമെന്നെ വിളിച്ച്ചോദിച്ചു: 'നമുക്ക് മലയാളം അസോസിയേഷൻ ഉദ്ഘാടനം നടത്തണം. ഒന്നോ രണ്ടോ എഴുത്തുകാരെ വിളിക്കണം,അധ്യക്ഷനും ഉൽഘാടകനുമായി.

ആരെയാണ് വിളിക്കേണ്ടത്?'; അപ്രതീക്ഷിത മായിരുന്നു ആ ചോദ്യമെങ്കിലും എന്റെ ഉത്തരം തൽക്ഷണമായിരുന്നു:'എം ടി വാസുദേവൻനായർ.'

എഴുത്തച്ഛൻ സാർ എന്നെ സൂക്ഷിച്ചുനോക്കി. ', നോക്കട്ടെ.

രണ്ടാമതൊരാൾ?'അദ്ദേഹം ചോദിച്ചു. അത് സാറിന്റെ ഇഷ്ടം എന്നായിരുന്നു എന്റെ മറുപടി. രണ്ടാമതൊരു സാഹിത്യകാരന്റെ പേര് പെട്ടെന്ന് എന്റെ നാവിൽ വന്നില്ല.

രണ്ട് ദിവസം കഴിഞ്ഞപ്പോൾ എഴുത്തച്ഛൻ സാർ എന്നെ സ്റ്റാഫ് റൂമിലേക്ക് വിളിപ്പിച്ചു. ' ഞാൻ എംടിയോട് അന്വേഷിച്ചു. അദ്ദേഹം ഏറെ തിരക്കിലാണ്. ഇപ്പോൾ സിനിമയുടെ തിരക്കും ഉണ്ട്. നമുക്ക് മറ്റൊരാളെ നോക്കാം,'; സാർ അറിയിച്ചു. ആ ഇടക്കാണ് എംടി തിരക്കഥ എഴുതിയ പകൽക്കിനാവ് എന്ന സിനിമ പുറത്തിറങ്ങിയത്. ഞാൻ അറിയാതെ കരഞ്ഞുപോയി.

കാരണം എം ടി മലയാളം അസോസിയേഷൻ ഉദ്ഘാടനത്തിന് വരുമെന്ന് അപ്പോഴെക്കും ഞാൻ കോളേജിലാകെ പാടി നടന്നുകഴിഞ്ഞിരുന്നു. എന്റെ ഭാവം കണ്ട് സാർ ആശ്വസിപ്പിച്ചു:'എംടി ഇല്ലെങ്കിലും കവി കടവനാട് കുട്ടികൃഷ്ണൻ വരാമെന്ന് ഏറ്റിട്ടുണ്ട്. '; ഞാൻ അങ്ങനെ ഒരു കവിയെ കേട്ടിട്ടില്ലായിരുന്നു. അന്തം വിട്ടുനിന്ന എന്നോട് സാർ കടവനാടിനെക്കുറിച്ചും അദ്ദേഹത്തിന്റെ കവിതയെ കുറിച്ചുമെല്ലാം വിശദീകരിച്ചു. അപ്പോൾ ഒരു അവസാന ശ്രമം നടത്തി';കടവനാട് വരട്ടെ.

പ്രസംഗകനാകട്ടെ. ഉദ്ഘാടനം എംടി. സാറിന് അദ്ദേഹത്തെ അടുത്ത് പരിചയമുണ്ടല്ലോ. നിർബന്ധിച്ചാൽ വരാതിരിക്കില്ല.'ചിരിച്ചുകൊണ്ട് സാർ പറഞ്ഞു ';ഞാൻ ഒന്നുകൂടി എം ടിയോട് സംസാരിക്കാം.'

അടുത്ത ദിവസം സാർ മലയാളം ക്ലാസിൽ പ്രഖ്യാപിച്ചു:'അടുത്ത വെള്ളിയാഴ്ച മലയാളം അസോസിയേഷൻ ഉദ്ഘാടനം എം ടി വാസുദേവൻ നായർ നിർവഹിക്കും ' അങ്ങനെ ഞാൻ ജീവിതത്തിൽ ആദ്യമായി ഒരു ജേതാവായി. ഒടുവിൽ എം ടി വരികതന്നെ ചെയ്തു.

കൂടെ കവി കടവനാട് കുട്ടികൃഷ്ണനും. രണ്ടുപേരും കാറിൽ കോഴിക്കോട്ടു നിന്നും മഞ്ചേരിയിലെ കോളേജിൽ എത്തി. എഴുത്തച്ഛൻ സാർ സ്വാഗതം പറഞ്ഞു. തുടർന്ന് എം ടി യുടെ ഉദ്ഘാടന പ്രസംഗം. അതിനുശേഷം കടവനാടിന്റെ പ്രസംഗം.എല്ലാം കേട്ട് ഞാൻ സ്റ്റേജിന്റെ ഒരു മൂലയിൽ നിൽപ്പാണ്. ഒടുവിൽ നന്ദിപ്രകടനത്തിന് സാർ എന്നെ വിളിച്ചു. കിട്ടിയ ചാൻസിൽ ഞാൻ നന്ദിപ്രകടനം ഒന്ന് നീട്ടി. നന്ദി പ്രകടനം കഴിഞ്ഞ് ഞാൻ തിരിഞ്ഞുനോക്കുമ്പോഴതാ സാറും എംടിയും കട്ടവനാടും സ്റേജിറങ്ങി തിരിഞ്ഞു നടക്കുന്നു. സാർ അസോസിയേഷൻ സെക്രട്ടറിയായ എന്നെ എംടിക്ക് പരിചയപ്പെടുത്താതിരുന്നത് എനിക്ക് വലിയ ക്ഷീണമായി. അതിന്റെ പേരിൽ സഹപാഠി ജോസ് അബ്രഹാം എന്നെ കളിയാക്കുകയും ചെയ്തു.

ചടങ്ങുകഴിഞ്ഞ് വൈകുന്നേരം കോളേജിൽനിന്ന് മടങ്ങുമ്പോൾ മഞ്ചേരി- കോഴിക്കോട് റോഡിലുള്ള ബ്രാഹ്മണാൾ ഹോട്ടലിൽ ഞങ്ങൾ ദോശയും ചായയും കഴിച്ചുകൊണ്ടിരിക്കുമ്പോൾ അതാ സാറും എം ടിയും കടന്നുവരുന്നു.

കൂടെ കടവനാടില്ല. എഴുത്തച്ഛൻ സാറിന്റെ ഇഷ്ടഹോ



ട്ടലാണ് അത്. എതിരിൽ അവർ രണ്ടുപേരും ചായ കുടിക്കാനിരുന്നു. ';കയറിയങ് പരിചയപ്പെട്';  ജോസ് എന്റെ ചെവിയിൽ മന്ത്രിച്ചു. എനിക്ക് ഒന്നിനും ആകുന്നില്ല. സാർ രണ്ട് മസാല ദോശ ഓർഡർ ചെയ്തിരിക്കുന്നു. '

ദോശവരാൻ സമയമെടുക്കും. നമുക്ക് വേഗം കൈ കഴുകിവരാം. എന്നിട്ട് നീ എംടിക്ക് ഒരു ഷെയ്ക്ക് ഹാൻഡ് കൊടുക്ക്,',ജോസ് നിർബന്ധിച്ചു. മടിച്ചുമടിച്ച് ഞാൻ എഴുന്നേറ്റു. കൈ കഴുകി. എന്റെ ഖദർ മുണ്ടിൽ കൈ വീണ്ടും വീണ്ടും തുടച്ചു. ജോസ് ഉന്തിത്തള്ളി എന്നെ എം ടിക്ക് മുന്നിലെത്തിച്ചു. പക്ഷെ, വൈകിപ്പോയി! എംടി ദോശയുടെ അറ്റം മുറിച്ചെടുത്ത് ചട്ടിണിയിൽ മുക്കിക്കഴിഞ്ഞിരുന്നു. ഞാൻ നിന്ന് പരുങ്ങുന്നത് കണ്ടപ്പോൾ സാറിന് കാര്യം മനസ്സിലായി. അദ്ദേഹം എം ടി യോട് ഞാനും കൂടി കേൾക്കെ പറഞ്ഞു:

'ഇത് സുന്ദർ ദാസ്. എം ടി ഉദ്ഘാടനം ചെയ്ത അസോസിയേഷന്റെ സിക്രട്ടറി.'എം ടി  ദോശയിൽത്തന്നെ നോക്കിക്കൊണ്ട് ചെറുതായൊന്ന് ചിരിച്ചുവോ എന്ന എനിക്ക് ഇപ്പോഴും സംശയം. അലസിപ്പോയ ആ ഹസ്തദാനം സാധ്യമാകാൻ എനിക്ക് കാൽ നൂറ്റാണ്ടിലേറെ കാത്തിരിക്കേണ്ടിവന്നു.

അത് സംഭവിച്ചത് എം ടിക്ക് ജ്ഞാനപീഠ പുരസ്കാരം ലഭിച്ചപ്പോഴാണ്, അദ്ദേഹത്തെ ഇന്ത്യാടുഡെക്കുവേണ്ടി ഇന്റർവ്യൂ ചെയ്യാൻ ഞാൻ കൂടല്ലൂരിൽ ചെന്നപ്പോൾ.

കോഴിക്കോട്ടെ ഗുരുവായൂരപ്പൻ കോളേജിലായിരുന്നു എന്റെ ബിരുദപഠനം. കോഴിക്കോട്ടെ  മൂന്നുവർഷ വാസത്തിനിടയിൽ ഞാൻ ദൂരെനിന്നുമാത്രമേ എംടിയെ



**അലസിപ്പോയ ആ ഹസ്തദാനം സാധ്യമാകാൻ എനിക്ക് കാൽ നൂറ്റാണ്ടിലേറെ കാത്തിരിക്കേണ്ടിവന്നു. അത് സംഭവിച്ചത് എം ടിക്ക് ജ്ഞാനപീഠ പുരസ്കാരം ലഭിച്ചപ്പോഴാണ്, അദ്ദേഹത്തെ ഇന്ത്യാടുഡെക്കുവേണ്ടി ഇന്റർവ്യൂ ചെയ്യാൻ ഞാൻ കൂടല്ലൂരിൽ ചെന്നപ്പോൾ.**

കണ്ടിട്ടുള്ളു. രാവിലെ ഞാൻ കോളേജിലേക്ക് പോകുമ്പോൾ ചിലപ്പോൾ എംടി രണ്ടാമത്തെ ഗേറ്റ് എന്നുപറയുന്ന റെയിൽവേക്രോസ് കടന്ന് മാതൃഭൂമിയിലേക്ക് പോകുന്നത് കാണാം. പിന്നെ കണ്ടിട്ടുള്ളത് പ്രസംഗ വേദികളിലാണ്. എം ടിയുടെ സാമൂഹ്യവിമർശന ബുദ്ധി തെളിഞ്ഞുകണ്ട ഒരു സംഭവം അക്കാലത്തുണ്ടായി. ആയിടെയാണ് കോഴിക്കോട്ട് ഒരു മിസ് കേരളം മത്സരം നടന്നത്. മത്സരത്തിൽ കിരീടമണിഞ്ഞ പെൺകുട്ടിയെ നഗരത്തിലെ മിക്ക ചടങ്ങുകളിലും ആനയിച്ചിരുന്നു. കോളേജ് യൂണിയനുകൾ പോലും മിസ് കേരളം ഉദ്ഘാടനം ചെയ്തിരുന്നു എന്നുപറഞ്ഞത് മതിയല്ലോ. ഇതിനെ കളിയാക്കിക്കൊണ്ട് കോഴിക്കോട്ട് ഒരു വിരൂപറാണി–വിരൂപരാജ മത്സരം നടന്നു. ഈ പരിപാടിയുടെ മുന്നിൽ ഉണ്ടായിരുന്നില്ലെങ്കിലും പിന്നിലെ പ്രധാന ശക്തി എം ടി ആയിരുന്നു. വിരൂപറാണിയായി തെരഞ്ഞെടുക്കപ്പെട്ടത് നഗരത്തിൽ ഒരു തോട്ടിപ്പണിക്കാരിയായിരുന്ന പെരിയമ്മ ആയിരുന്നു. അക്കാലത്ത് ഞാൻ സോഷ്യോളജി വിഭാഗം രണ്ടാം വർഷ വിദ്യാർത്ഥിയായിരുന്നു.

ഞങ്ങൾ സോഷ്യോളജി അസോസിയേഷൻ ഉദ്ഘാടനത്തിതിനായി വിരൂപറാണി പെരിയമ്മയെ ക്ഷണിച്ചു. തോട്ടികളുടെ കോളനിയിൽ പോയി വളരെ വിഷമിച്ചാണ് പെരിയമ്മയെ കണ്ടുപിടിച്ചത്. ചടങ്ങിൽ പങ്കെടുക്കുന്നതിന് എംടിയെക്കൂടി ക്ഷണിക്കാൻ ഞങ്ങൾ അദ്ദേഹത്തെ ചെന്നുകണ്ടു. എന്നാൽ അദ്ദേഹം വിസമ്മതിക്കുകയായിരുന്നു. മറ്റുപല സാഹിത്യകാരന്മാരെയും പങ്കെടുപ്പിക്കാൻ ശ്രമിച്ചെങ്കിലും ആരും തയാറായില്ല. അവസാനം പല കാര്യത്തിലുമെന്നപോലെ സഹായത്തിനായി ഞാൻ മഹാകവി അക്കിത്തത്തെ സമീപിച്ചു, സംഗതി എല്ലാം കേട്ട് ഒന്ന് മുറുക്കിത്തുപ്പി പൊട്ടിച്ചി രിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:'എ ഐ ആറിൽ പോയി കക്കാടിനെ വിളിച്ചോളൂ. വരും. കൂടെ ശ്രീധരനുണ്ണിയെയും.'

രണ്ടുകവികളും ഞങ്ങളുടെ ക്ഷണം സ്വീകരിക്കുകയും ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു. കോളേജ് മാനേജ്മെന്റ് ആദ്യം ഇതിനെ എതിർത്തുവെങ്കിലും ഒടുവിൽ സമ്മതം മൂളി. എം ടിയുടെ ജ്യേഷ്ഠൻ എം ടി ബി നായരെ(ബാലേട്ടൻ) എനിക്ക് കോഴിക്കോട്ടുവച്ച് ചെറിയ പരിചയമുണ്ട്. ഞാൻ മലയാളം എം എ ക്ക് പട്ടാമ്പി കോളേജിൽ ചേർന്നപ്പോൾ അവിടെ ബാലേട്ടനെ കണ്ടുമുട്ടി.

ബ്രൂക്ക്ബോണ്ട് കമ്പനിയുടെ ഏരിയാ മാനേജരായിരുന്ന അദ്ദേഹം താമസിച്ചിരുന്ന പട്ടാമ്പിയിലെ ഒരു ലോഡ്ജിൽ അടുത്ത മുറിയിലാണ് ഞാൻ താമസിച്ചത്. പട്ടാമ്പിയിൽ പ്രീഡിഗ്രിക്ക് പഠിച്ചിരുന്ന മകൻ ദേവദാസിന്റെ സൗകര്യത്തിനാണ് ബാലേട്ടൻ അവിടെ താമസിച്ചിരുന്നത്.

അദ്ദേഹം യാത്രയിലായിരുന്നതിനാൽ ദേവദാസിന്റെ മേൽനോട്ടം എനിക്കായിരുന്നു. ഇടയ്ക്ക് രാത്രിയിൽ അവിടെ എത്തുന്ന ബാലേട്ടൻ അതിരാവിലെ തന്നെ സ്ഥലം വിടും. രാത്രിയിൽ സംസാരിച്ചിരിക്കുമ്പോൾ ഞാൻ എംടിയെപ്പറ്റി ചോദിക്കും. എംടിയുടെ കുട്ടിക്കാലത്തെക്കുറിച്ചും മറ്റും. ചോദ്യങ്ങൾ വീണ്ടും വീണ്ടും വരുമ്പോൾ അദ്ദേഹം പറയും;' മതി , പോയി കിടക്ക്. ഇനി അടുത്ത കുറി.'

പട്ടാമ്പിയിൽ ദേവദാസ് എന്നോട് ഒട്ടി ജീവിച്ചു . അവിടം വിട്ട ശേഷം ഒന്നോ രണ്ടോ തവണയേ ഞങ്ങൾ കണ്ടിട്ടുള്ളു. അവൻ ഗൾഫിൽ പോയി കുറച്ചുകാലം ജോലി ചെയ്ത് നാട്ടിൽ തിരിച്ചെത്തിയതും പിന്നീട് ഹൈദരാബാദിൽ ജോലി ചെയ്തിരുന്നതും അവിടെ വച്ച് അവനെക്കുറിച്ച് വിവരമൊന്നും ഇല്ലാതായതും വളരെക്കഴിഞ്ഞാണ് ഞാൻ



അറിഞ്ഞത്. അഭിമുഖത്തിനായി എംടി യെകണ്ടപ്പോൾ ഞാൻ ആദ്യം ചോദിച്ചത് ദേവദാസിനെക്കുറിച്ചാണ്. അദ്ദേഹത്തിനും ഒന്നും അറിയില്ലായിരുന്നു.

പട്ടാമ്പിക്കാലത്തുതന്നെ ഒരിക്കൽക്കൂടി എം ടിയെ നേരിട്ടുകാണാൻ അവസരമുണ്ടായി. കോളേജിലെ മലയാളം പ്രൊഫസ്സറായിരുന്ന എ ബാലകൃഷ്ണവാര്യരുടെ യാത്രയയപ്പ് ചടങ്ങിൽ എംടിയെ പങ്കെടുപ്പിക്കണമെന്ന് വാരിയർ സാർക്ക് തന്നെ ആഗ്രഹം. കാരണം പാലക്കാട് വിക്ടോറിയ കോളേജിൽ എം ടിയുടെ അധ്യാപകനായിരുന്നു വാരിയർ സാർ. ഒരു ദിവസം ആറ്റൂർ രവിവർമ സാർ എന്നെ വിളിച്ച് പറഞ്ഞു:


**തറവാട്ടിൽ, കാരണവരുടെ ഭരണത്തിനുകീഴിൽ അവഗണനയും കഷ്ടപ്പാടും അനുഭവിച്ച് കഴിഞ്ഞു കൂടിയ ഒരു ബാലന്റെ രൂപമാണ് എം ടി യെക്കുറിച്ച് നാലുകെട്ട് എനിക്ക് നൽകിയത്. ഏറെക്കാലം അതങ്ങനെ മനസ്സിൽ നില നിന്നു( പിന്നീട് വർഷങ്ങള്ക്കുശേഷം എം ടി തന്നെ എന്നോട് പറഞ്ഞു, നാലുകെട്ടിലേത് തന്റെ രണ്ട് തലമുറയ്ക്ക് മുമ്പു നടന്ന സംഭവങ്ങൾ പുനരാവിഷ്കരിച്ചതാണെന്ന്)**


'എം ടിയെയും സുകുമാർ അഴീക്കോടിനേയും താൻ പോയി ക്ഷണിക്കണം.' സാർ കാർ ഏർപ്പാടാക്കി തന്നു.


ഞാൻ യൂണിവേഴ്സിറ്റിയിൽ പോയി അഴീക്കോടിനെ ക്ഷണിച്ചശേഷം കോഴിക്കോട് സിത്താരയിൽ എത്തി എംടിയെ കണ്ടു. ക്ഷണിക്കുക എന്നുപറഞ്ഞാൽ ആറ്റൂർ സാറിന്റെ കത്ത് കൊടുക്കുക.

പൂമുഖത്ത് നിന്നുകൊണ്ടുതന്നെ ഞാൻ കൊടുത്ത കത്ത് വാങ്ങി എംടി വായിച്ച്:';ഞാൻ വരാൻ നോക്കാം. ഉറപ്പുപറയുന്നില്ല. എന്റെ അധ്യാപകനായിരുന്നു അദ്ദേഹം'എന്ന പറഞ്ഞു'ശരി'; എന്നുപറഞ്ഞ് എന്നെ യാത്രയാക്കി. യാത്രയയപ്പിന്റെ തലേദിവസം ആറ്റൂർ രവിവർ

മസാർ എന്നെ വിളിച്ച് ലെറ്റർഹെഡിൽ എഴുതിയ ഒരു കത്ത് തന്നു. അത് ചടങ്ങിന് എത്താനാവാത്തതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടുള്ള എംടിയുടെ മറുപടി. 'കവിത ചൊല്ലുമ്പോഴുള്ള വാരിയർ സാറിന്റെ പാതിയടഞ്ഞ കണ്ണുകളും ചെരിഞ്ഞ ശിരസ്സും ഞാൻ ഇപ്പോഴും ഓർക്കുന്നു,'എന്നു തുടങ്ങി വാരിയർ സാറിനെക്കുറിച്ചുള്ള ഓർമ രണ്ടുവരികളിൽ. ആ കത്ത് എന്റെ കൈയിൽ വെച്ചോളാൻ ആറ്റൂർ സാർ പറഞ്ഞു. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ ആ വർഷത്തെ കോളേജ് മാഗസിന്റെ ചുമതല ആറ്റൂർ സാറിന്റെ ശുപാർശപ്രകാരം പ്രിൻസിപ്പൽ എന്നെ ഏല്പിച്ചു. ഞാൻ കോളേജ് മാഗസിനിൽ എം ടിയുടെ ആ കത്ത് പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു.




**ഭാഷകൊണ്ടുള്ള എംടിയുടെ മാന്ത്രികവിദ്യയെക്കുറിച്ചും അക്കിത്തം പറഞ്ഞു ;' ഓപ്പോൾ എന്ന കഥ. നമ്മുടെ ഈ ചെറിയ ഒരു വട്ടത്തിലെ ഓപ്പോൾ എന്ന പ്രയോഗമുള്ളു. എം ടി ആ വാക്ക് ഉപയോഗിച്ചപ്പോൾ അതിന് സാർവത്രികത കൈവന്നു.'**

എം ടിക്ക് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച വേളയിൽ അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്ത കാര്യം പറഞ്ഞല്ലോ. അതിന് സമയം ചോദിച്ച് ചെന്നെയിൽ നിന്ന് ഞാൻ അദ്ദേഹത്തെ വിളിച്ചു. കോഴിക്കോട്ട് വരാൻ അദ്ദേഹം നിർദ്ദേശിച്ചപ്പോൾ ഞാൻ പറഞ്ഞു, ആ ഇന്റർവ്യൂ കൂടല്ലൂരിൽ വച്ചായാൽ നന്നായിരുന്നു എന്ന്. രണ്ട് ദിവസം കഴിഞ്ഞ് കൂടല്ലൂരിൽ വരാൻ അദ്ദേഹം പറഞ്ഞു. അന്ന് അവിടെ എംടിയുടെ ജ്യേഷ്ഠന്റെ മകളുടെ വിവാഹമായിരുന്നു. അന്നേദിവസം ഞാൻ അവിടെ എത്തിയപ്പോൾ പുനത്തിൽ കുഞ്ഞബ്ദുള്ള അടക്കം എഴുത്തുകാരുടെ ഒരു പടതന്നെ ഉണ്ടായിരുന്നു. എന്നെനെ കണ്ടതും എംടി വന്ന് കൈ പിടിച്ചുകൊണ്ട് പറഞ്ഞു: 'വരൂ , ഊണുകഴിഞ്ഞശേഷം നമുക്ക് സംസാരിക്കാം.'എം ടി യാണ് ചോറുവിളമ്പിയത്. വലിയ ഉത്സാഹത്തിലായിരുന്നു അദ്ദേഹം. ഊണുകഴിഞ്ഞ് തൊട്ടടുത്തുള്ള എം ടിയുടെ വീട്ടിൽ ഞങ്ങളിരുന്ന സംസാരിച്ചു. ഒരു ബീഡി കത്തിച്ച് അദ്ദേഹം സംസാരിച്ച് തുടങ്ങിയപ്പോൾ എന്റെ ഫോട്ടോഗ്രാഫർ ക്ലിക്ക് ചെയ്യാനൊരുങ്ങി. അപ്പോൾ തടഞ്ഞുകൊണ്ട് എം ടി പറഞ്ഞു:' വേണ്ട, ഈ ബീഡി ഒരു ക്ളീഷേ ആയിരിക്കുന്നു.'; അഭിമുഖം അവസാനിച്ചപ്പോൾ ഞാൻ ചോദിച്ചു ,'; എം ടിയുടെ തറവാടും സർപ്പക്കാവും ഒക്കെ ഒന്ന് കാണണമെന്നുണ്ട്. നമുക്ക് ഒന്ന് അവിടെ വരെ പോയാലോ?'; പോകാം എന്നുപറഞ്ഞ് എം ടി എഴുനേറ്റു. എംടി മുന്നിലും ഞാനും ഫോട്ടോഗ്രാഫർ നന്ദകുമാറും പിന്നിലുമായി പാടവരമ്പിലൂടെ നടന്നു. എതിരെ വന്ന ഒരു വൃദ്ധനെ കണ്ട് എംടി പരിചയഭാവത്തിൽ ഒന്ന് മൂളി. തറവാട്ടിൽ ഞങ്ങൾ കുറെ ഫോട്ടോകൾ എടുത്തു. ഇടക്ക് ഞാൻ നാലുകെട്ടിനെക്കുറിച്ച് ചോദിച്ചു.

ഒരു തറവാടിന്റെ തകർച്ചക്കപ്പുറം ഫ്യൂഡൽ സാമൂഹ്യ വ്യവസ്ഥിതിയുടെ തകർച്ചയും തുടർപരിണാമങ്ങളും കൂടി ആ നോവലിൽ പ്രതിഫലിക്കുന്നില്ലേ? ';ഞാൻ അങ്ങനെയൊന്നും ആലോചിച്ചിട്ടില്ല,'; എം ടി പറഞ്ഞു.

എംടിയുമായുള്ള അഭിമുഖം കഴിഞ്ഞ് മടങ്ങുമ്പോൾ ഞാൻ അക്കിത്തത്തിന്റെ വീട്ടിൽ കയറി. എം ടിക്ക് ജ്ഞാനപീഠ പുരസ്കാരം ലഭിച്ചതിനെപ്പറ്റി ചോദിച്ചപ്പോൾ അക്കിത്തം' എംടിക്ക് കഴിവും ഭാഗ്യവും വേണ്ടുവോളമുണ്ട്.'; ഭാഷകൊണ്ടുള്ള എംടിയുടെ മാന്ത്രികവിദ്യയെക്കുറിച്ചും അദ്ദേഹം പറഞ്ഞു;' ഓപ്പോൾ എന്ന കഥ. നമ്മുടെ ഈ ചെറിയ ഒരു വട്ടത്തിലെ ഓപ്പോൾ എന്ന പ്രയോഗമുള്ളൂ. എം ടി ആ വാക്ക് ഉപയോഗിച്ചപ്പോൾ അതിന് സാർവത്രികത കൈവന്നു.'

എംടിയുടെ ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാരനായിരുന്നു ഹെമിങ്‌വേ. ഹെമിങ്‌വേ-ഒരു മുഖവുര എന്ന തന്റെ കൃതിയുടെ ഉപശീർഷകമായി എംടി ഹെമിങ്‌വേയെ ഇങ്ങനെ ഉദ്ധരിക്കുന്നു: 'എല്ലാ കഥകളും നീണ്ടുപോകുമ്പോൾ മരണത്തിൽ അവസാനിക്കുന്നു. അത് മാറ്റിനിർത്തി കഥപറയുന്നയാൾ ഒരു നല്ല കഥാകാരനുമല്ല .' എംടിയുടെ കഥകൾ, നോവലുകൾ എല്ലാം മരണതുല്യമായ ഒരു ഏകാകിതയുടെ ശൈത്യത്തിൽ ചെന്നെത്തുന്നു. അപ്പുണ്ണിയായാലും സേതുവായാലും ഓപ്പോൾ ആയാലും കുട്യേടത്തിയായാലും ഭീമനായാലും എല്ലാവരും ജീവിതത്തെ തനിച്ച് നേരിടുന്നവരാണ്, പലപ്പോഴും ഒറ്റപ്പെട്ടുപോകുന്നവരാണ്.'ആൾക്കൂട്ടത്തിൽ തനിയെ' ആകുന്ന മനുഷ്യർ. തന്റെ രചനകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഈ ഏകാന്തതയിലൂടെയാണ് എം ടി വായനക്കാരനോട് സംവദിക്കുന്നത്. ഈ ഏകാന്തത സാമൂഹ്യപ്രതിബദ്ധതയില്ലായ്മയായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

ഇതിന്റെ പേരിലാണ് ഇ എം എസ് എംടിയെ വിമർശിച്ചത്. ഉദ്ധരിച്ച് സമർത്ഥിക്കാവുന്ന സാമൂഹ്യപ്രതിബദ്ധത എംടിയുടെ എഴുത്തിൽ ഇല്ലായിരിക്കാം. എന്നാൽ തന്റെ കാലഘട്ടത്തിലെ, തന്റെ ദേശത്തിലെ മനുഷ്യാവസ്ഥയെ ഇതിലും ആഴത്തിൽ മഅനുഭവിപ്പിച്ച എഴുത്തുകാർ നമുക്ക് അധികമില്ല.



അഞ്ജലി /
എം ടി വാസുദേവൻ നായർ
(1933 – 2024)

എംടി എന്ന
ഇഷ്ട നാമത്തിൽ
അറിയപ്പെടുന്ന
മാടത്ത് തെക്കെപ്പാട്ട്
വാസുദേവൻ നായർ
നമ്മുടെ ഭാഷയിലെ
വേറിട്ടൊരു പ്രതിഭ.

# മായാത്ത മഞ്ഞ്

**വിജയ് സി. എച്ച്**

എത്രയോ എഴുത്തുകാരുടെ സൃഷ്ടികളാൽ ശ്രേഷ്ഠമായിത്തീർന്ന മലയാള ഭാഷയിൽ, ഒരൊറ്റ വ്യക്തിയുടെ നാമത്തിലേ ഒരു പ്രത്യേക പ്രയോഗമുള്ളൂ -- എംടിയ്ക്കു പഠിയ്ക്കുക!

മറ്റൊരു സാഹിത്യകാരനെപ്പോലെ ആകണമെന്നോ, എഴുതണമെന്നോ ഉദ്ബോധിപ്പിയ്ക്കുന്ന ഇതുപോലെയൊരു വാക്യം മലയാളത്തിൽ വേറെയില്ലെങ്കിൽ എംടി എന്ന ഇഷ്ട നാമത്തിൽ അറിയപ്പെടുന്ന മാടത്ത് തെക്കെപ്പാട്ട് വാസുദേവൻ നായർ നമ്മുടെ ഭാഷയിലെ വേറിട്ടൊരു പ്രതിഭ. ഭാഷാപിതാവിനോ, കേരളത്തിലെ മറ്റു നാല് ജ്ഞാനപീഠ ജേതാക്കൾക്കോ, പ്രാചീന കവിത്രയങ്ങൾക്കോ, ആധുനിക കവിത്രയങ്ങൾക്കോ ലഭിയ്ക്കാത്തൊരു മാതൃകാ പദവിയാണിത്.

നിളയുടെ തീരത്ത് വർഷങ്ങൾക്കു മുമ്പെ നടന്ന ഒരു സൗഹൃദ സംഭാഷണത്തിൽ, 'പാവങ്ങൾ' വാങ്ങി



വായിക്കണമെന്ന് അദ്ദേഹം ഈ ലേഖകനെ ഓർമ്മപ്പെടുത്തി.

ഫ്രഞ്ച് സാഹിത്യകാരനും മനുഷ്യാവകാശ പ്രവർത്തകനുമായിരുന്ന വിക്ടർ യൂഗോ രചിച്ച Les Misérables എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷയാണ് 'പാവങ്ങൾ'.

തങ്ങളുടെ പുസ്തകങ്ങൾ വായിക്കൂ എന്നു പറയുകയോ, കയ്യൊപ്പിട്ട കോപ്പികൾ സമ്മാനിച്ചു വായിക്കാൻ പ്രചോദിപ്പിക്കുകയോ ചെയ്യാറുള്ള എഴുത്തുകാരിൽ നിന്ന് വിഭിന്നനാണ് എംടി എന്നറിഞ്ഞപ്പോൾ ആശ്ചര്യമല്ല, ആരാധനയാണ് തോന്നിയത്.




സ്വന്തം രചനകളായ 'നാലുകെട്ടും', 'അസുരവിത്തും', 'മഞ്ഞും', 'കാലവും', 'രണ്ടാമൂഴവും' മറ്റും ഞാൻ മുമ്പേ തന്നെ വായിച്ചുകാണുമെന്ന് കരുതിയതു കൊണ്ടായിരിയ്ക്കുമോ, മറ്റൊരാളുടെ സൃഷ്ടി വായിക്കണമെന്ന് അദ്ദേഹം എന്നോട് പറഞ്ഞത്? സാധ്യതയില്ല, 'പാവങ്ങൾ' തീർച്ചയായും ഓരോ മലയാളിയും വായിച്ചിരിക്കേണ്ടൊരു പുസ്തകമാണെന്ന് അദ്ദേഹം കരുതുന്നതിനാൽ തന്നെയാണ്.

**നൈനിറ്റാലിന്റെ പശ്ചാത്തലത്തിൽ രചിച്ച മഞ്ഞാണ് ലേഖകനെ ഏറ്റവും കൂടുതൽ ആകർഷിച്ച എംടിയുടെ നോവൽ. പ്രതീക്ഷയും വിറങ്ങലിപ്പും മനുഷ്യ മനസ്സിനെ ഒരേ അളവിൽ സ്വാധീനിയ്ക്കുന്ന മറ്റൊരു കഥയും നമ്മുടെ ഭാഷയിൽ പിറവികൊണ്ടിട്ടില്ലെന്നു തന്നെ പറയാം**

എംടി വ്യത്യസ്തനാണെന്നു കരുതാൻ എനിയ്ക്ക് ഇനിയുമേറെ കാരണങ്ങളുണ്ട്. പത്തുമുപ്പത്തഞ്ചു വർഷമായി അദ്ദേഹത്തെ അടുത്തറിയാം. വാസ്വേട്ടൻ എന്നു വിളിയ്ക്കാനുള്ള സ്വാതന്ത്ര്യം ആ ബാന്ധവത്തിൽ നിന്നു ലഭിച്ചതുമാണ്.

ഇരുപത്തിമൂന്നാം വയസ്സിലെഴുതിയ പ്രഥമ നോവലിന് കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ എഴുത്തുകാരൻ വേറിട്ടൊരു സർഗധനനെന്ന് അസന്ദിഗ്ദ്ധമായി തന്നെ പറയാം.

പാലക്കാട് വിക്റ്റോറിയ കോളേജിൽ ബിരുദത്തിനു പഠിക്കുമ്പോൾ തന്നെ 'രക്തം പുരണ്ട മൺതരികൾ' എന്ന ആദ്യത്തെ കഥാസമാഹാരവുമായെത്തിയ കൂടല്ലൂർകാരൻ, പഴയത് പുതിയത് എന്ന വ്യത്യാസമില്ലാതെ, എല്ലാ തലമുറയിൽപ്പെട്ടവരുടെയും ആരാധനാബിംബമായി മാറി. കഥാപാത്ര നിർമ്മിതിയിൽ എംടി പ്രദർശിപ്പിയ്ക്കുന്ന അത്ഭുതകരമായ ക്രാഫ്റ്റ്സ്മാൻഷിപ്പ് സ്കിൽ എന്നതൊന്നാണ് അദ്ദേഹത്തിന്റെ കഥകൾ ജനപ്രിയമാകാനുള്ള പ്രാഥമികമായ

കാരണം. 'നാലുകെട്ടി'ലെ അപ്പുണ്ണിയോ, 'മഞ്ഞി'ലെ വിമലയോ, 'ഇരുട്ടിന്റെ ആത്മാവി'ലെ വേലായുധനോ, 'പള്ളിവാളും കാൽച്ചിലമ്പി'ലെ വെളിച്ചപ്പാടോ, 'അസുരവിത്തി'ലെ ഗോവിന്ദൻകുട്ടിയോ, 'കുട്ട്യേടത്തി'യിലെ കുട്ട്യേടത്തിയോ, 'ഓപ്പോളി'ലെ ഓപ്പോളോ, 'രണ്ടാമൂഴ'ത്തിലെ ഭീമനോ വായനക്കാരുടെ ഉള്ളിൽ നിന്ന് ഓർമ്മയുള്ള ഇടത്തോളം കാലം കുടിയിറങ്ങാത്ത കഥാപാത്രങ്ങളാണ്.

നൈനിറ്റാലിന്റെ പശ്ചാത്തലത്തിൽ രചിച്ച മഞ്ഞാണ് ഈ ലേഖകനെ ഏറ്റവും കൂടുതൽ ആകർഷിച്ച എംടിയുടെ നോവൽ. പ്രതീക്ഷയും വിറങ്ങലിപ്പും മനുഷ്യ മനസ്സിനെ ഒരേ അളവിൽ സ്വാധീനിയ്ക്കുന്ന മറ്റൊരു കഥയും നമ്മുടെ ഭാഷയിൽ പിറവികൊണ്ടിട്ടില്ലെന്നു തന്നെ പറയാം. സ്വന്തം പിതാവിനെ ഒരു നോക്കു കാണാൻ കാത്തിരിക്കുന്ന തോണിക്കാരൻ ബുദ്ദുവും, ചിരി ഒരു അത്ഭുത സിദ്ധിയാണെന്ന് വായനക്കാരെ അനുസ്മരിപ്പിച്ചു അകന്നുപോയ സർദാർജിയും, നല്ലവനെങ്കിലും ഒരു സ്ത്രീക്കു വിലപ്പെട്ടതെല്ലാം കവർന്നെടുത്തു അപ്രത്യക്ഷനാകുന്ന സുധീർ കുമാർ മിശ്രയും, മേൽചുണ്ടിനുമേൽ നനുത്ത നീല രോമങ്ങളുള്ള വിമലയും തീർക്കുന്ന മഞ്ഞുലോകം നമ്മുടെ ഉള്ളിൽ ശാന്തിയുടെയും, വേദനയുടെയും, അതേ സമയം ഒളിമങ്ങാത്ത പ്രത്യാശയുടെയും അലകളാണ് ഉയർത്തുന്നത്.

ഒരിയ്ക്കലും തിരിച്ചു വരാത്ത പ്രിയപ്പെട്ടവനു വേണ്ടി കോടമഞ്ഞിന്റെ മരവിപ്പില്ലാതെ വിമല കാത്തിരിക്കുന്നു. താൻ വഞ്ചിക്കപ്പെട്ടിരിയ്ക്കുന്നുവെന്ന് തിരിച്ചറിയാൻ മനസ്സുവരാതെ അവൾ പറഞ്ഞുകൊണ്ടേയിരിയ്ക്കുന്നു, 'വരും, വരാതിരിക്കില്ല.'

വായനക്കാരുടെ ഹൃദയതാളവും വിമലയുടെ ഈ വാക്കുകളാണ്. പിതാവിന്റെ വേർപാടിൽ ഒന്നു കരയാൻ പോലും കഴിയാത്ത വിമലയുടെ വിധി,



എം ടി യുടെ കുടുംബം

ഈ സീസണിൽ അല്ലെങ്കിൽ അടുത്ത സീസണിലെങ്കിലും തന്റെ അച്ഛൻ ഇങ്ങെത്തും എന്ന് കരുതുന്ന ബുദ്ദുവിന്റേതിനേക്കാൾ പരുക്കനാണെന്ന യാഥാർഥ്യം വായനക്കാരെ ശരിക്കും അലോസരപ്പെടുത്തും. എന്നിരുന്നാലും, തോണി പുറപ്പെടാൻ സമയമായിട്ടും ഒരു യാത്രക്കാരനെ പോലും കടവത്ത് കാണാതിരുന്ന ബുദ്ദുവിന്റെയും, 'വരും, വരാതിരിക്കില്ല'യെന്ന വിശ്വാസം വിമലയുടേതു പോലെ വളരെ സുശക്തമാണ്.

**അന്നും ഇന്നും നാട്ടിൻപുറമായി നിലകൊള്ളുന്ന കൂടല്ലൂരിൽ മഹാനായൊരു സാഹിത്യകാരൻ ജന്മം കൊണ്ടതു മലയാണ്മയുടെ മാത്രമല്ല, ഈ ലോകത്തിന്റെ തന്നെ പൊതു സുകൃതമാണ്. നിരവധി എഴുത്തുകാർക്ക് പ്രചോദനമായ നിള, എംടിയ്ക്കു നൽകിയ സർഗചേതന അളവറ്റതു തന്നെയെന്നതിന്റെ സാക്ഷ്യപത്രങ്ങളാണ് അദ്ദേഹമെഴുതിയ ഒമ്പതു നോവലുകളും, പതിനെട്ടു ചെറുകഥാ സമാഹാരങ്ങളും, അറുപതോളം വരുന്ന തിരക്കഥകളും.**

യഥാർത്ഥത്തിൽ, ആ വിശ്വാസം മഞ്ഞും, നൈനിത്താലും, എംടി സൃഷ്ടിച്ച ലോകവും പിളർന്നെത്തുന്നൊരു പ്രത്യാശയുടെ കിരണം പേ റുന്ന സാർവലൗകിക സന്ദേശമായി മാറുകയാണ്.

മണ്ണെണ്ണ സുലഭമല്ലാതിരുന്ന തന്റെ കുട്ടിക്കാലത്തു, രാത്രിയിൽ അധിക നേരമിരുന്നു വായിക്കാൻ പോലും കഴിയാതിരുന്ന എംടി, ഇത്രയും ശക്തിയേറിയ കഥാപാത്രങ്ങളെ വരച്ചിടാൻ പോകുന്നൊരു എഴുത്തുകാരനായിത്തീരുമെന്നു അന്നാരും കരുതിക്കാണില്ല! പാല

ക്കാട് ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിൽ, നിളാനദിയുടെ തീരത്ത്, അന്നും ഇന്നും നാട്ടിൻപുറമായി നിലകൊള്ളുന്ന കൂടല്ലൂരിൽ മഹാനായൊരു സാഹിത്യകാരൻ ജന്മം കൊണ്ടതു മലയാണ്മയുടെ മാത്രമല്ല, ഈ ലോകത്തിന്റെ തന്നെ പൊതു സുകൃതമാണ്. നിരവധി എഴുത്തുകാർക്ക് പ്രചോദനമായ നിള, എംടിയ്ക്കു നൽകിയ സർഗചേതന അളവറ്റതു തന്നെയെന്നതിന്റെ സാക്ഷ്യപത്രങ്ങളാണ് അദ്ദേഹമെഴുതിയ ഒമ്പതു നോവലുകളും, പതിനെട്ടു ചെറുകഥാസമാഹാരങ്ങളും, അറുപതോളം വരുന്ന തിരക്കഥകളും.



മമ്മൂട്ടിക്കും മോഹൻ ലാലിനും ഒപ്പം

നിളയുടെ കഥാകാരൻ എന്നറിയപ്പെടുന്ന എംടി അഭ്രപാളിയിൽ രചിച്ച കവിതകൾ അദ്ദേഹത്തിന്റെ നോവലുകളെക്കാളോ ചെറുകഥകളെക്കാളോ മനം കവരുന്നവയാണെന്നു കരുതുന്നവരും ധാരാളം. അദ്ദേഹത്തിന്റെ തിരക്കഥയിൽ പിറന്ന 'ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ച', 'പഞ്ചാഗ്നി', 'നഖക്ഷതങ്ങൾ', 'അമൃതം ഗമയ', 'ആരൂഢം', 'ആൾക്കൂട്ടത്തിൽ തനിയെ', 'ഋതുഭേദം', 'വൈശാലി', 'ഒരു വടക്കൻ വീരഗാഥ', 'പെരുന്തച്ചൻ', 'സുകൃതം', 'പരിണയം', 'പഴശ്ശിരാജ' മുതലായ സിനിമകൾ ചലച്ചിത്രമെന്ന ആവിഷ്കാര കലയുടെ ഭാഷ്യം തന്നെ തിരുത്തിയെഴുതി!

**പാലക്കാട് വിക്റ്റോറിയ കോളേജിൽ ബിരുദത്തിനു പഠിക്കുമ്പോൾ തന്നെ 'രക്തം പുരണ്ട മൺതരികൾ' എന്ന ആദ്യത്തെ കഥാസമാഹാരവുമായെത്തിയ കൂടല്ലൂർകാരൻ, പഴയത് പുതിയത് എന്ന വ്യത്യാസമില്ലാതെ, എല്ലാ തലമുറയിൽപ്പെട്ടവരുടെയും ആരാധനാബിംബമായി മാറി**

*"ബീജം ഏറ്റുവാങ്ങുന്ന ഗർഭപാത്രങ്ങൾ, വിത്തുവിതയ്ക്കാൻ മാത്രമായ വയലുകൾ, പിന്നെ എന്തെല്ലാം! നിങ്ങൾ ഈ സ്ത്രീയെ കണ്ടില്ല. എന്റെ അമ്മയെ!" -- എംടി, രണ്ടാമൂഴം (കഥാകാരന്റെ ഏറ്റവും കൂടുതൽ ഉദ്ധരിക്കപ്പെട്ട വരികളിൽ ചിലത്).*



യുവാവായ എം ടി യും ലേഖകനും

**അഞ്ജലി / മൻമോഹൻ സിംഗ് (1932 – 2024)**



**കോടിക്കണക്കിനു പേരുടെ ജീവിതത്തിൽ പ്രകാശം ചൊരിഞ്ഞ ഒരു പ്രകാശഗോപുരമാണ് നമുക്ക് മൻമോഹൻ സിംഗിന്റെ മരണത്തോടെ നഷ്ടമായത് .**

# പുതിയ നൂറ്റാണ്ടിലേക്ക് നയിച്ച ദീർഘദർശി

ഇന്ത്യയെ ഒരു നിർണ്ണായക ഘട്ടത്തിൽ നയിക്കാൻ ഒരു നിയോഗം പോലെ എത്തിയ ടെക്നോക്രാറ്റ് ആയിരുന്നു ഡോ .മൻമോഹൻ സിംഗ് .സാധാരണക്കാരിൽ സാധാരണക്കാരന് പോലും എത്തിച്ചേരാവുന്ന പരമ പദമാണ് പ്രധാനമന്ത്രി സ്ഥാനം എന്നും ആ സ്ഥാനത്തിരുന്നു ഒരു വ്യക്തിക്ക് എന്ത് ചെയ്യാനാവുമെന്നും തെളിയിച്ച വ്യക്തി .ആ സ്ഥാനത്തിരുന്നു കൊണ്ടു അദ്ദേഹം പ്രശ്നഭരിതമായ ഒരു രാഷ്ട്രത്തെ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മികച്ച രാജ്യങ്ങളുടെ ശ്രേണിയിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു .ഇന്ത്യയിൽ ഇന്ന് ദരിദ്രർ കുറയുകയും ജനങ്ങളുടെ സാമൂഹിക സുരക്ഷിതത്വം വർദ്ധിക്കുകയും ചെയ്തതിനു നാം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു .

> **കേം ബ്രിഡ്ജിൽ പഠിക്കുന്ന കാലത്ത് നൈതികമായ സാമൂഹിക സമത്വം കെട്ടിപ്പടുക്കുന്നതിനെ പറ്റിയുള്ള ജോവാൻ റോബിന്സന്റെ ക്ലാസുകൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു . അവിടെ വെച്ചാണ് രാഷ്ട്രീയത്തിനു മനുഷ്യ ജീവിതത്തിൽ ചെലുത്താവുന്ന വലിയ സ്വാധീനത്തെ പറ്റി അദ്ദേഹം പഠിക്കുന്നത് . ഇന്ത്യയിൽ ഇന്ന് ദരിദ്രർ കുറയുകയും ജനങ്ങളുടെ സാമൂഹിക സുരക്ഷിതത്വം വർദ്ധിക്കുകയും ചെയ്തതിനു നാം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു .**

2004 –ൽ കോൺഗ്രസ് പ്രസിഡണ്ട് സോണിയ ഗാന്ധി വ്യക്തിപരമായ കാരണങ്ങളാൽ പ്രധാന മന്ത്രി പദവി നിരസിച്ചപ്പോൾ അദ്ദേഹത്തെയാണ് ആ സ്ഥാനത്തേക്ക് പാർട്ടി നിയോഗിച്ചത് .സി പി എമ്മിലെ ജ്യോതി ബസുവിനെ പോലെയുള്ള നേതാക്കൾ തുടക്കത്തിൽ അത് ചരിത്രപരമായ അബദ്ധം ആയി കണ്ടുവെങ്കിലും ഇന്ത്യ കണ്ട പ്രഗൽഭനായ ബ്യൂറോക്രാറ്റ് ആ സ്ഥാനത്തും തൻറേതായ മുദ്ര പതിപ്പിച്ചു .

അദ്ദേഹം ഒരു ജനകീയ നേതാവായിരുന്നില്ല .ജനകീയ യുദ്ധങ്ങൾ നയിക്കാനും അദ്ദേഹത്തിനു ആവുമായിരുന്നില്ല .ലോകസഭയിലേക്കുള്ള ഏക മത്സരത്തിൽ

അദ്ദേഹത്തിനു വിജയിക്കാൻ കഴിഞ്ഞില്ല . കോൺഗ്രസ് പാർട്ടിയുടെ പിൽക്കാലത്തെ ശക്തി ക്ഷയത്തിനു ഇതും ഒരു കാരണമായിരുന്നു .പക്ഷെ അദ്ദേഹം പാർട്ടിയെയോ നേതൃത്വത്തെയോ വെല്ലുവിളിച്ചില്ല.തൻറെ സ്ഥാനം ചരിത്രത്തിൽ ഭദ്രമാക്കി അദ്ദേഹം കാലയവനികക്കുള്ളിൽ മറഞ്ഞു .

ഇന്ന് പാകിസ്ഥാനിലുള്ള ഗാഹിൽ ആണ് അദ്ദേഹത്തിൻറെ ജനനം .ചെറു പ്രായത്തിലെ അമ്മ അമൃത കൌർ മരിച്ചു . വിഭജനത്തിൻറെ മുറിവുകളും പേറിയുള്ള ബാല്യകാലം. മുത്തശി കലഹത്തിൽ കൊല്ലപ്പെട്ടു .ദാരിദ്ര്യവും കഷ്ടപ്പാടും കണ്ടറിഞ്ഞ ബാല്യം .

അക്കാദമികമായി ഉന്നതമായ വിജയങ്ങൾ അദ്ദേഹത്തിൻറെതായുണ്ട് .കേം ബ്രിഡ്ജിൽ പഠിക്കുന്ന കാലത്ത് നൈതികമായ സാമൂഹിക സമത്വം കെട്ടിപ്പടുക്കുന്നതിനെ പറ്റിയുള്ള ജോവാൻ റോബിൻസന്റെ ക്ലാസുകൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു .അവിടെ വെച്ചാണ് രാഷ്ട്രീയത്തിനു മനുഷ്യ ജീവിതത്തിൽ ചെലുത്താവുന്ന വലിയ സ്വാധീനത്തെ പറ്റി അദ്ദേഹം പഠിക്കുന്നത് .ഇന്ത്യയുടെ കയറ്റുമതിയെപറ്റി ഗവേഷണം നടത്തിയാണ് അദ്ദേഹം ഓക്സ്ഫോർഡ് സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റു നേടിയത് . പിന്നിട് അദ്ദേഹം ഡൽഹി സർവ്വകലാശാലയിൽ അധ്യാപകനായി . സാമ്പത്തിക ഉപദേഷ്ടാവായി . ആർ ബി ഐ ഗവർണ്ണർ ,പ്ലാനിഗ് ബോർഡ് തലവൻ,യു ജി സി തലവൻ തുടങ്ങി പിൽക്കാലത്തെ ഭാരിച്ച ഉത്തരവാദിത്തത്തെ സഹായിക്കുന്ന വലിയ പദവികളിൽ അദ്ദേഹം സ്തുത്യർഹമായ സ്ഥാനം വഹിച്ചു .മുൻ ആർ ബി ഐ ഗവർണ്ണർ ഐ ജി പട്ടേൽ നിരസിച്ചതിനെ തുടർന്നാണ് അദ്ദേഹത്തെ ധനമന്ത്രിയായി പ്രധാനമന്ത്രി പി വി നരസിംഹറാവു നിയോഗിക്കുന്നത് .അതാകട്ടെ കടക്കെണിയിൽ പെട്ടു പോയ ഒരു രാജ്യത്തെ സാമ്പത്തികമായി മുന്നോട്ടു നയിക്കാനുള്ള കടുത്ത ദൗത്യമായിരുന്നു .വിത്ത് കുത്തിയും ജീവിക്കേണ്ട നിർണ്ണായകമായ ഒരവസരത്തിൽ സാഹചര്യങ്ങളുടെ കൂടി അതി സമ്മർദ്ദം മൂലമാണ് അദ്ദേഹം സാമ്പത്തിക ഉദാരവൽക്കരണത്തിനു ഇറങ്ങി തിരിച്ചത് . കോൺഗ്രസ്സിൽ തന്നെ അതിനെതിരെ പടയോരുക്കമുണ്ടായി .സമ്പദ് വ്യവസ്ഥ തുറന്നു കൊടുക്കുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വലിയ വാദപ്രതിവാദത്തിനു തന്നെ വഴി തെളിച്ചു .നിൽക്കക്കള്ളിയില്ലാതെ ചെയ്ത തീരുമാനം ആണെങ്കിലും അത് ക്രമേണെ വിദേശ മുതൽ മുടക്ക് വർദ്ധിക്കാനും കുടുതൽ വ്യവസായങ്ങളും തൊഴിൽ അവസരങ്ങളും ഇന്ത്യയിൽ എത്താനും സഹായിച്ചു .

**നിൽക്കക്കള്ളിയില്ലാതെ ചെയ്ത തീരുമാനം ആണെങ്കിലും ഉദാരവല്കരണം ക്രമേണെ വിദേശ മുതൽ മുടക്ക് വർദ്ധിക്കാനും കുടുതൽ വ്യവസായങ്ങളും തൊഴിൽ അവസരങ്ങളും ഇന്ത്യയിൽ എത്താനും സഹായിച്ചു . ഇന്ത്യയുടെ കരുതൽ നിക്ഷേപം ഒരു ശതകോടി ഡോളറിൽ നിന്ന് 600 ശതകോടി ഡോളറായി ഉയർന്നു. ബാംഗളൂരും ചെന്നൈയും സൈബരബാദും ലോകത്തിന്റെ ബാക്ക് ഓഫീസായി . ഇന്ത്യയുടെ ബിസിനസ് ലോക രാജ്യങ്ങളിൽ സാന്നിധ്യം ഉറപ്പിച്ചു . ലൈസൻസ് രാജ് കുറച്ചു കൂടി ഉദാരമായി മാറി . ഇന്ത്യ ഇന്ന് ലോകത്തെ അഞ്ചാമത്തെ വ്യവസായിക ശക്തിയാണ്**

ഇന്ത്യയുടെ കരുതൽ നിക്ഷേപം ഒരു ശതകോടി ഡോളറിൽ നിന്ന് 600 ശതകോടി ഡോളറായി ഉയർന്നു ബാംഗളൂരും ചെന്നൈയും സൈബരബാദും ലോകത്തിന്റെ ബാക്ക് ഓഫീസായി .ഇന്ത്യയുടെ ബിസിനസ് ലോക രാജ്യങ്ങളിൽ സാന്നിധ്യം ഉറപ്പിച്ചു .ലൈസൻസ് രാജ് കുറച്ചു കൂടി ഉദാരമായി മാറി .ഇന്ത്യ ഇന്ന് ലോകത്തെ അഞ്ചാമത്തെ വ്യവസായിക ശക്തിയാണ്. ഇന്ത്യയുടെ ജി ഡി പി 3.89 ട്രില്ലിയൻ കോടി ഡോളർ ആയിഉയർന്നിരിക്കുനു .അമേരിക്ക 29 ട്രില്ലിയനും ചൈന 19 ട്രില്ലിയനുമാണ് .ബംഗ്ലാദേശിനെ പോലെയോ ഇൻഡോനേഷ്യയെ പോലെയോ വിയറ്റ്നാമിനെ പോലെയോ ഇന്ത്യ എന്നാൽ വളർന്നില്ല

ധനമന്ത്രി എന്ന നിലയിൽ അദ്ദേഹം ഉദാരവൽക്കരണത്തിന്റെ കടുത്ത വക്താവായിരുന്നു എങ്കിൽ പ്രധാനമന്ത്രി ആയപ്പോൾ ആ സമീപനത്തിൽ മാറ്റം വന്നു ഒരു പരിധി വരെ സോണിയയുടെ നേതൃത്വത്തിൽ ഉള്ള ദേശീയ അഡൈ്വസറി കമ്മിറ്റിയുടെ നിർദേശം അദ്ദേഹത്തിനു അനുസരിക്കേണ്ടി വന്നു എന്നതാകാം കാര്യം .രണ്ടാമതായി പലരും കരുതിയത് പോലെ സർക്കാർ സ്ഥാപനങ്ങളെ അനിയന്ത്രിതമായി അദ്ദേഹം സ്വകാര്യവൽക്കരിച്ചില്ല . അല്ലെങ്കിൽ അതിൽ നിയന്ത്രണം കൊണ്ടു വന്നു. തൊഴിൽ നിയമങ്ങളിൽ കോർപ്പറേറ്റുകൾ ആശിച്ചപോലെ ഇളവുകൾ ഉണ്ടായില്ല .

ഇതിനൊക്കെ പുറമേയായിരുന്നു പൊതു തൊഴിൽ ഉറപ്പു പദ്ധതി .ദാരിദ്ര്യ നിർമ്മാർജ്ജനത്തിലുംമം സ്ത്രീ ശാക്തീകരണത്തിലും ഏറ്റവും വലിയ സ്വാധീനം ചെലുത്തിയ പദ്ധതിയായിരുന്നു ഇത് .ഇത് എല്ലാ ജില്ലകളിലേക്കും വ്യാപിച്ചതോടെ ഗ്രാമീണ മേഖലലയിലേക്ക് വൻ തോതിൽ പണമൊഴുകി .എതെങ്കിലും വിധത്തിൽ സർക്കാരിന്റെ ഈ ആനുകൂല്യത്തിൻറെ നേട്ടം അനുഭവിക്കാത്ത സാധാരണക്കാർ ഇല്ലാതായി .140 കോടി ജനങ്ങൾ ഉള്ള ഒരു നാട്ടിൽ എല്ലാവരിലേക്കും വികസനത്തിന്റെ ഗുണങ്ങൾ എത്തണമെങ്കിൽ എത്രയോ വൻ തോതിൽ അത് ജനങ്ങളിൽ എത്തണം . കേയ്

നെഷ്യൻ സാമ്പത്തിക ചിന്ത ആയാലും പ്രായോഗിക വാദം ആയാലും ആ ചിന്തയുടെ ഗുണഭോക്താക്കൾ ഇന്ത്യയിലെ സാധാരണക്കാരായിരുന്നു . അത് കോർപ്പ റേറ്റുകളെ ഹാലിളക്കി . അന്ന ഹസാരേയുടെ സർക്കാർ വിരുദ്ധ പ്രസ്ഥാനങ്ങൾക്ക് കയ്യയച്ചു സഹായം നൽ കാൻ ഇതു അവരെ പ്രേരിപ്പിച്ചു .ഇ ഡി യോ പേടിയോ കൊണ്ടു അവരെ നിയന്ത്രിക്കാമായിയിരുന്നുവെങ്കിലും മൻമോഹനിലെ മാന്യൻ അതിനു തയാറായില്ല

ഡൽഹിയിൽ പ്രഭാത ഭക്ഷണവും ലാഹോറിൽ ഉച്ച ഭക്ഷണവും കാബുളിൽ അത്താഴവും എന്ന സ്വ പ്നം മനസ്സിൽ കൊണ്ടു നടന്നയാളാണ് വിഭജനത്തിൽ തൻറെ മുത്തശി തന്നെ നഷ്ടപ്പെട്ട മൻ മോഹൻ സിംഗ് . അത് കൊണ്ടു തന്നെ ആ ഗ്രാമത്തിലേക്ക് പോകാൻ വി സമ്മതിച്ച വ്യക്തി പിന്നിട് തൻറെ ബാല്യ കാലസുഹൃ ത്തിനെ കാണാൻ അതിനു തയാറായി .പാകിസ്താനും ആയി സൌഹൃദത്തിൽ എത്താനുള്ള അദ്ദേഹത്തിൻ റെ നീക്കം 2008 ഡിസംബർ 13 ലെ മുബൈ ആക്രമണം തകർത്തു കളഞ്ഞു ,പക്ഷെ ഭീകരരെ അടിച്ചമർത്താൻ അദ്ദേഹം സൈന്യത്തെ നിയോഗിച്ചു .പാകിസ്ഥാനെ ആക്രമിക്കുന്നതിനെ പറ്റി പോലും മന്ത്രിസഭയിൽ ചർച്ച നടന്നു .പക്ഷെ പല കാരണങ്ങളാൽ അത് ഉപേക്ഷിക്കപ്പെട്ടു. ഇസ്രയേൽ ഗാസ ആക്രമിച്ചപ്പോൾ മിൽടൻ ഫ്രിഡമാൻ ഇന്ത്യയുടെ അന്നത്തെ നടപടി ഇസ്രയേൽ സ്വീകരിക്കണമെന്ന് എഴുതി .മുംബൈ ആക്രമണത്തിന്റെ മുറിവുകൾ ഉണങ്ങും മുൻപ് നടന്ന 2009 ലെ തെരഞ്ഞെടുപ്പിലും മൻമോഹൻസിംഗ് സർ ക്കാർ അധികാരത്തിൽ എത്തി .

ഒട്ടേറെ അപവാദങ്ങൾ ഉലച്ചുവെങ്കിലും സർക്കാർ മുന്നോട്ടു പോയി ഒരു പക്ഷെ അവ നേരിട്ട രീതി കോൺഗ്രസ്സിനെ ബാധിച്ചിരിക്കാം .സി പി എം സർക്കാ രിന് പിന്തുണ പിൻവലിക്കും എന്ന് ഭീഷണിപ്പെടുത്തി യിട്ടും അദ്ദേഹം ഉറച്ച മനസോടെ ഇന്ത്യ അമേരിക്ക ആണവ കരാർ നടപ്പാക്കി ആ ഉരസൽ കോൺഗ്രസി നും സി പി എമ്മിനും വലിയ വിനയായി .

ഒരു വ്യക്തി എന്ന നിലയിൽ അദ്ദേഹം പുലർത്തി യിരുന്ന ആർജവവും എളിമയും അധികാരത്തിൽ ഇരി ക്കുന്നവർക്ക് വലിയ പാഠം ആകേണ്ടതാണ് .അധികാ രം ഏറ്റയുടനെ സിഖ് കലാപത്തിന്റെ പേരിൽ ,ഇന്ത്യ എന്നാആശയത്തെ മുറി പ്പെടുത്തിയതിന്റെ പേരിൽ സിഖ് സമൂഹത്തോട് മാപ്പിരന്നു കൊണ്ടായിരുന്നു അദ്ദേഹത്തിൻറെ തുടക്കം . എല്ലാവരുടെയും അഭിപ്രാ യങ്ങൾ അദ്ദേഹം ശ്രദ്ധയോടെ കേൾക്കുമെന്നു മുൻ സുരക്ഷ ഉപദേശകൻ കെ പി എസ് മേനോൻ ജൂനിയർ പറയുന്നു .പക്ഷെ വിഡ്ഢിത്വം പുലമ്പിയാൽ അത് അദേഹം സഹിക്കില്ല . ഒരു കോർപ്പറേറ്റ് മീറ്റിൽ നക്സ ലുകൾക്ക് ഈ സംവിധാനത്തോടു എതിർപ്പ് ഉണ്ടാകാം എന്ന് പറഞ്ഞത് അവരെ അമ്പരപ്പിച്ചുവെന്നു അദ്ദേഹ



ത്തിൻറെ മാധ്യമ ഉപദേഷ്ടാവ് ഹരിഷ് ഖരെ പറയുന്നു . രാഹുൽ ഗാന്ധി ശക്തമായി പരസ്യമായി വിമർശിച്ച പ്പോൾ രാജിക്ക് അദേഹം ഒരുങ്ങി. അവസനം രാഹുൽ തന്നെ അദ്ദേഹത്തോട് മാപ്പ് പറഞ്ഞു

ഒരു മുന്നണി നേതൃത്വത്തിൽ ഒരു പ്രധാനമന്ത്രി ക്ക് ഒരു പരിധി വരെയേ സ്വാതന്ത്ര്യമുള്ളു .അതാ ണ് രണ്ടാം യു പി ഏ സർക്കാർ കാലത്ത് കണ്ടത് . അദ്ദേഹത്തെ മൌനി ബാബാ എന്ന് പ്രതിപക്ഷം വിളി ച്ചപ്പോൾ അദ്ദേഹത്തിൻറെ മറുപടി ഹൃസ്വമായിരുന്നു ''ചരിത്രം എന്നെ നന്നായി വിലയിരുത്തും'' . .മോദി സർക്കാർ നോട്ട് നിരോധനം കൊണ്ടു വന്നപ്പോൾ രണ്ടു വാചകത്തിൽ അദ്ദേഹം അവരുടെ അവകാശ വാദം തകർത്തു : ഇറ്റ് ഈസ് ലീഗലൈസ്ട് പ്ലണ്ടർ ആൻഡ് ഓർഗനൈസ്ഡ ലൂറ്റ്(നിയമപരമായ തട്ടിപ്പും കൂട്ടായ പിടിച്ചു പറിയും ) ...ഇത് മൂലം ഇന്ത്യയുടെ ജി ഡി പി രണ്ടു ശതമാനം കുറയുമെന്ന അദ്ദേഹത്തിൻറെ പ്രവചനം ഫലിച്ചു .

ഇന്ത്യ എന്ന ആശയത്തിനു വേണ്ടി അനവരതം പ്രയത്നിച്ച മഹത്തായ ഒരു ടെക്നോക്രാറ്റിനെയാണ് നമുക്ക് നഷ്ടമായത് .കോടിക്കണക്കിന് പേരുടെ ജീവി തത്തിൽ പ്രകാശം ചൊരിഞ്ഞ ഒരു പ്രകാശഗോപുരമാ ണ് നമുക്ക്അദ്ദേഹത്തിൻറെ മരണത്തോടെ നഷ്ടമായ ത് .

**-പി എസ് ജോസഫ്**

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION

& BODY WORKS LLC

# 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**

## ഇ-മലയാളി IV
## കഥാമത്സരം 2024

# നവീന ഭാവുകത്വത്തിന്റെ ശില്പികൾ

വ്യത്യസ്ത അനുഭവ പരിസരങ്ങളെ തൊടുന്ന, ജീവിതസ്പർശികളായ അപൂർവ രചനകൾ .ഇത്തവണത്തെ ഇ-മലയാളി -IV കഥാമത്സരം 2024 ൽ പുരസ്കാരം നേടിയ എഴുത്തിൻറെ ശില്പികൾ .
അവരുടെ നഖചിത്രങ്ങൾ .കഥകൾ .

പത്രാധിപർ ജോർജ് ജോസഫും മാനേജിംഗ് ഡയറക്ടർ സുനിൽ ട്രൈസ്റ്റാറുമാണ് നേതൃത്വം നൽകിയ നാലാമത് ചെറുകഥാ മത്സരം സുധീർ പണിക്കവീട്ടിൽ കോ ഓർഡിനേറ്റു ചെയ്തു. ഇ-മലയാളിയുടെ കഥാമത്സരം 2024 -ലെ ഒന്നാം സമ്മാനം സുരേന്ദ്രൻ മങ്ങാട്ടും ജെസ്മോൾ ജോസും പങ്കിട്ടു.50000 രൂപയുടെ ക്യാഷ പ്രൈസ് ഇരുവരും പങ്കിടുന്നു രണ്ടാം സമ്മാനം രാജീവ് ഇടവയും സിന്ധു റ്റി ജിയും പങ്കിടുന്നു ..25000 രൂപ ഇരുവരും പങ്കിടുന്നു മൂന്നാം സമ്മാനം ദിവ്യഞ്ജലിക്കാണ്.15000 രൂപ സ്പെഷ്യൽ ജൂറി അവാർഡ് ജോസഫ് എബ്രഹാമിനു ലഭിച്ചു. നേരത്തെ ഒന്നും രണ്ടും സമ്മാനങ്ങളും പ്രത്യേക ജൂറി സമ്മാനവും നേടിയ കാഥികനാണ് അദ്ദേഹം.12 പേർക്ക് ജൂറി അവാർഡുകളും ഉണ്ട്.5000 രൂപ വീതം ക്യാഷ് പ്രൈസ് അവർക്ക് ലഭിക്കുന്നു . . ഇരുനൂറിൽ ഏറെ പേരിൽ നിന്നാണ് ഈ തെരഞ്ഞെടുപ്പ്.

സമ്മാനങ്ങൾ ജനുവരി 11 ശനിയാഴ്ച കൊച്ചി ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യുന്നു . മുൻ വർഷങ്ങളിലെ വിജയികൾക്കും സമ്മേളനത്തിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നു . ക്യാഷ് അവാർഡ് ഇവർക്ക് നേരത്തെ സമ്മാനിച്ചിരുന്നു .

സമ്മേളനത്തിൽ മുഖ്യാതിഥി എം കെ രാഘവൻ എം പി യാണ് . ഗുരുരത്നം ജ്ഞാനതപസ്വി, എഴുത്തുകാരനും മുൻ വിദ്യാഭ്യാസ ഡയറക്ടറുമായ കെ.വി. മോഹൻ കുമാർ, എഴുത്തുകാരികളായ പ്രൊഫ. രേഖ കെ., പ്രൊഫ. ദീപ നിശാന്ത്, അനു ചന്ദ്ര തുടങ്ങിയവരും പങ്കെടുക്കുന്നു .

ഇതോടൊപ്പം ഇ-മലയാളിയുടെ ഇന്ത്യ ലോഞ്ചിംഗും ബിസിനസുകാരെ ആദരിക്കലും ഉണ്ടാകും

# വിജയ സോപാനത്തിൽ ഇവർ

## ഒന്നാം സമ്മാനം



### സുരേന്ദ്രൻ മങ്ങാട്ട്

**കാകവൃത്താന്തം**

ഒന്നാം സമ്മാനം നേടിയ സുരേന്ദ്രൻ മങ്ങാട്ട് തൃശൂർ ജില്ലയിൽ എറവ് സ്വദേശി. കോഴിക്കോട് ക്രൈം ബ്രാഞ്ചിൽ ഡി.വൈ.എസ്.പി. . എട്ട് നോവലുകളും അഞ്ച് ചെറുകഥ സമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2014 ൽ കേരള പോലീസ് ആദ്യമായി പുറത്തിറക്കിയ മുഴുനീള ചലച്ചിത്രമായ 'ഡയൽ 1091' ന് കഥ, തിരക്കഥ തയ്യാറാക്കി. ഒട്ടേറെ ബോധവത്കരണ ഷോർട്ട് ഫിലിമുകൾക്ക് തിരക്കഥ.




### ജെസ്‌മോൾ ജോസ്

**ഒറ്റപ്രാവുകളുടെ വീട്**

ഒന്നാം സമ്മാനം പങ്കിട്ട ജെസ്സ്മോൾ ജോസ് എറണാകുളം ജില്ലയിലെ പുവ്വത്തുശ്ശേരി സ്വദേശി. ഇംഗ്ലീഷിൽ മാസ്റ്റർ ബിരുദം. ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപിക. കഥയും കവിതയും യാത്രാവിവരണങ്ങളും എഴുതാറുണ്ട്.

## ഒന്നാം സമ്മാനം



### രാജീവ് ഇടവ

**വീട്**

രണ്ടാം സമ്മാനം നേടിയ രാജീവ് ഇടവ തിരുവനന്തപുരം ജില്ലയിലെ ഇടവ സ്വദേശി. പഠനത്തിനിടയിൽ ഇന്ത്യൻ ആർമിയിൽ ചേർന്നു. ഇപ്പോൾ കൊല്ലം പരവൂരിൽ താമസം. ആനുകാലികങ്ങളിൽ കഥകൾ എഴുതുന്നു. ആറ് കഥാസമാഹാരങ്ങളും എട്ട് നോവലുകളും പ്രസിദ്ധീകരിച്ചു.



### സിന്ധു ടി ജി

**ഓതം**

രണ്ടാം സമ്മാനം പങ്കിട്ട സിന്ധു ടി ജി ഇടുക്കി മുനിയറ സ്വദേശി. 2023 ൽ കുടുംബശ്രീ സംസ്ഥാന കഥാപുരസ്കാരം, എം എസ് സുരേന്ദ്രൻ സംസ്ഥാന കഥാപുരസ്കാരം, മലയാള കാവ്യ സാഹിതി സംസ്ഥാന കഥാപുരസ്കാരം തുടങ്ങിയവ ലഭിച്ചു.കുടുംബശ്രീ അടിമാലി ബ്ലോക്ക് MEC

## മൂന്നാം സമ്മാനം



### ദിവ്യാഞ്ജലി പി

**നോട്ട് റോക്കറ്റുകൾ**

മൂന്നാം സമ്മാനം ലഭിച്ച ദിവ്യാഞ്ജലി പി കോഴിക്കോട് മന്തരത്തൂർ സ്വദേശി. കണ്ണൂർ എസ്.എൻ കോളേജ്, ജി.എച്ച്.എസ്.എസ് പുറത്തൂർ എന്നിവിടങ്ങളിൽ ഗസ്റ്റ് അധ്യാപിക. ദേശാഭിമാനി എം.ടി സാഹിത്യ പുരസ്ക്കാരം, പൂർണ്ണ പബ്ലിക്കേഷൻസ് സാഹിത്യ പുരസ്ക്കാരം, അങ്കണം സാഹിത്യ പുരസ്ക്കാരം ധവിദ്യാർഥികൾക്കായുള്ള ത്പഎന്നിവ ലഭിച്ചിട്ടുണ്ട്.



### സ്പെഷ്യൽ ജൂറി അവാർഡ്

## **ജോസഫ് എബ്രഹാം:** നാരായണീയം

സ്പെഷൽ ജൂറി അവാർഡ് ലഭിച്ച ജോസഫ് എബ്രഹാം സുൽത്താൻ ബത്തേരി സ്വദേശി. നിയമബിരുദധാരി. ഇപ്പോൾ മേരിലാൻഡ് സ്റ്റേറ്റ് സർക്കാർ ഉദ്യോഗസ്ഥൻ. ഖ. അവറാൻ എന്ന തൂലികാ നാമത്തിൽ ഇംഗ്ലീഷിലും എഴുതുന്നു. 'അന്യായപ്പട്ടിക വസ്തു', 'ആണ്ടവൻ സൊൽറെൻ' എന്നിങ്ങനെ രണ്ടു കഥാസമാഹാരങ്ങൾ മലയാളത്തിലും 'കാസ ലോക്കാസ്' എന്ന ഇംഗ്ലീഷ് കഥാ സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാസ ലോക്കാസിന് 2024 ലെ FOKANA സാഹിത്യ പുരസ്കാരം ലഭിച്ചു.



### ജൂറി അവാർഡുകൾ


## **അമ്പിളി കൃഷ്ണകുമാർ :** ഒറ്റമന്ദാരം

അമ്പിളി കൃഷ്ണകുമാർ കൊല്ലം ജില്ലയിലെ ചടയമംഗലം സ്വദേശി. മുംബൈയിൽ സ്ഥിരതാമസം. കഥ, കവിത , യാത്രാവിവരണം , ഓർമ്മക്കുറിപ്പ് , ലേഖനം, പുസ്തകാസ്വാദനം, സിനിമ നിരൂപണം, ഗാന നിരൂപണം എന്നിങ്ങനെ വിവിധ മേഖലകളിൽ എഴുതുന്നു . മൂന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



## **രേഖ ആനന്ദ് :** മുല്ലപെരിയാർ തീരത്തെ മുല്ലപ്പൂക്കാരി

രേഖ ആനന്ദ് എറണാകുളത്തു താമസം .വയനാട് പ്ലാനറ്റ് ഗ്രീൻ റിസോർട്ട് ഡയറക്ടർ. സോഷ്യൽ മീഡിയയിലൂടെ നല്ല സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ കവിതകൾ എഴുതി .വൃദ്ധർക്കു ഇഷ്ടഭക്ഷണം നൽകാനുള്ള പ്രേരണ നൽകാനായി എഴുതിയ' ചങ്കിൽ കുരുങ്ങിയ ചോദ്യത്തുണ്ട് 'എന്ന കവിത സ്വയം സംവിധാനം ചെയ്തു.ഈ സൃഷ്ടി മികച്ച മ്യൂസിക്കൽ ഷോർട്ട് മൂവി ആയി സത്യജിത് റായ് ഗോൾഡൻ ആർക്ക് പുരസ്‌ക്കാരത്തിന് അർഹമായി . കേരള കലാകേന്ദ്രത്തിന്റെ ബെസ്റ്റ് ഡയറക്ടർ അവാർഡും ലഭിച്ചു .



## **ആൻസി സാജൻ:** അയത്നലളിതം

ആൻസി സാജൻ കോട്ടയം ഒളശ്ശയിലാണ് താമസം.. മലയാള മനോരമ കോട്ടയം എഡിറ്റോറിയൽ വിഭാഗത്തിൽ പരിശീലനം. 1986 – 87 – ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ വൈസ് – ചെയർ പേഴ്സൺ. കഥയും കവിതയും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ദേവകി വാര്യർ സമാജം 2022 – ലെ ചെറുകഥാ സമ്മാനം നേടി



## **സിമ്പിൾ ചന്ദ്രൻ:** ആകാശം തൊട്ട ചെറുമരങ്ങൾ

സിമ്പിൾ ചന്ദ്രൻ കോട്ടയത്ത് റബ്ബർബോർഡിൽ ജോലിചെയ്യുന്നു. ആനുകാലികങ്ങളിലും ഓൺലൈൻ പ്ളാറ്റ്ഫോമുകളിലും കഥ, കവിത, ആസ്വാദനം എന്നിവ എഴുതിവരുന്നു. കഥാസമാഹാരം 'ഇമോജി' 2023 ലും 'രണ്ടു ശത്രുരാജ്യങ്ങൾക്കിടയിലെ മതിൽ ' 2024 ലും പ്രസിദ്ധീകരിച്ചു.



## **രാജ തിലകൻ:** ബദ്റുൽ മുനീർ

തിലകൻ കാര്യാട്ടുകര എന്ന തൂലിക നാമത്തിൽ എഴുതുന്ന രാജ തിലകൻ എക്സൈസ് വകുപ്പിൽ നിന്ന് വിരമിച്ച വ്യക്തിയാണ് .ചെറുകഥക്കുള്ള ചൊവ്വല്ലൂർ കൃഷ്ണൻ കുട്ടി അവാർഡ് ,ചെറുകഥക്കുള്ള ഗോൾഡൻ പീക്കോക് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട് ഒരു കഥാ സമാഹാരം .ഒളരിക്കര ഗ്രാമീണ വായനശാലയുമായി സഹകരിച്ചു സാമൂഹിക സേവനം .ഭാര്യ ഗീത മകൾ അപർണ

## ഷാജുബുദീൻ

### ഇലച്ചാർത്തുകൾക്കിടയിലെ ഇലഞ്ഞി മരങ്ങൾ



ഷാജുബുദീൻ നെടുമങ്ങാട് സ്വദേശി. അദ്ധ്യാപകൻ. ആനുകാലികങ്ങളിലും സാമൂഹ്യ മാധ്യമത്തിലും എഴുതുന്നു. ആകാശവാണിയിൽ കഥകൾ അവതരിപ്പിക്കുന്നു. എഴുത്തുപുര കാരൂർ നീലകണ്ഠപിള്ള അവാർഡ്, പൊന്നാനി കോടമ്പിയെ റഹ്മാൻ സംസ്ഥാന തല കഥാമല്സരത്തിൽ രണ്ടാം സ്ഥാനം , തകഴി സ്മാരക കഥാമത്സരം പത്തിൽ ഒരാൾ എന്നീ പുരസ്കാരങ്ങൾ ലഭിച്ചു.



## പാർവതി ചന്ദ്രൻ: പിശാചിനി

പാർവതി ചന്ദ്രൻ കേരള കേന്ദ്ര സർവകലാശാല മലയാള വിഭാഗം അസി. പ്രൊഫസർ. കടൽക്കരയിലെ സൂര്യൻ (രണ്ടാം പതിപ്പ്) മരിച്ചവളുടെ ഫേസ്ബുക്ക് എങ്ങനെ കഥാസമാഹാരങ്ങൾ വിവർത്തനത്തിന്റെ ചരിത്രം, സൗന്ദര്യം, രാഷ്ട്രീയം; സുഗതകുമാരി: രാത്രി മഴ പെയ്യുമ്പോൾ എന്നീ പുസ്തകങ്ങൾ എഡിറ്റ് ചെയ്ത. പി.എച്ച് ഡി ഗവേഷക. കേന്ദ്ര സർവ കലാശാലയുടെ വുമൺ ഓഫ് ഡി ഇയർ 2023 അവാർഡ്

## ഹസ്ന വി പി: നോവ് പടർന്നൊരു നോമ്പോർമ്മ




ഹസ്ന വി പി കഥകളും കവിതകളും എഴുതുന്നു . തുവ്വൂർ ഹിറ പബ്ലിക് സ്കൂളിലെ ഹിന്ദി അദ്ധ്യാപിക. തനിമ നടത്തിയ കഥാ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്.



## സജിത ചന്ദ്രിക : രഹസ്യ കുടുക്ക

സജിത ചന്ദ്രിക പാലക്കാട് സ്വദേശി. പൊന്നമ്മ എന്ന കൊലപാതകി, ജ്വാലാമുഖി ( മൂന്നുപതിപ്പുകൾ) എന്നീ കഥാസമാഹാരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിരവധി കഥാസമാഹാരങ്ങളുടെയും, കവിത സമാഹാരങ്ങളുടെയും ഭാഗമായിട്ടുണ്ട്. മാഗസീനുകളിലും ആനുകാലികങ്ങളിലും സജീവമായി എഴുതുന്നു.

## ശ്രീകണ്ഠൻ കരിക്കകം: കുണ്ടമൺകടവിലെ പാലം



ശ്രീകണ്ഠൻ കരിക്കകം സാഹിതീയം തകഴി സ്മാരക പുരസ്കാരം, 2005, യുവ സാഹിത്യ പുരസ്കാരം 2008, ഡോ. സുകുമാർ അഴീക്കോട് തത്വമസി കഥാപുരസ്കാരം 2020, വൈക്കം ചന്ദ്രശേഖരൻ നായർ കഥാപുരസ്കാരം 2022, തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ നേടി . മികച്ച ഡോക്കുമെന്ററി രചനക്ക് ആകാശവാണിയുടെ ദേശീയ പുരസ്കാരവും- 2013 .. നൂറിലേറെ ഡോക്കുമെന്ററികൾക്ക് രചനയും സംവിധാനവും നിർവഹിച്ചു. ഏഴു ചെറുകഥാസമാഹാരങ്ങൾ. തിരുവനന്തപുരത്ത് താമസിക്കുന്നു.



## ശ്രീവത്സൻ പി.കെ: ഗോളാന്തരയാത്ര

ശ്രീവത്സൻ പി.കെ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലത്ത് താമസിക്കുന്നു. പ്രമുഖ ആനുകാലികങ്ങളിൽ കഥകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാല് കഥാസമാഹാരങ്ങളും ഒരു നോവലും പ്രസിദ്ധീകരിച്ചു.



## സ്വാതി കൃഷ്ണ ആർ

### നക്ഷത്രങ്ങളിൽ ഇരുൾ പരക്കുമ്പോൾ

സ്വാതികൃഷ്ണ ആ4 യൂണിവേഴ്സിറ്റി കോളേജിൽ മലയാളം ഗവേഷക.

● ചെറുകഥ

ഇ-മലയാളി IV
കഥാമത്സരം 2024
നവീന ഭാവുകത്വത്തിന്റെ ശില്പികൾ

ഒന്നാം സമ്മാനം നേടിയ കഥ





◉ സുരേന്ദ്രൻ മങ്ങാട്ട്

വര: പി ആർ രാജൻ

# കാകവൃത്താന്തം

**ഒന്നാം സമ്മാനം നേടിയ സുരേന്ദ്രൻ മങ്ങാട്ട് തൃശൂർ ജില്ലയിൽ എറവ് സ്വദേശി. കോഴിക്കോട് ക്രൈം ബ്രാഞ്ചിൽ ഡി. വൈ. എസ്. പി. എട്ട് നോവലുകളും അഞ്ച് ചെറുകഥ സമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2014 ൽ കേരള പോലീസ് ആദ്യമായി പുറത്തിറക്കിയ മുഴുനീള ചലച്ചിതമായ 'ഡയൽ 1091' ന് കഥ, തിരക്കഥ തയ്യാറാക്കി. ഒട്ടേറെ ബോധവത്കരണ ഷോർട്ട് ഫിലിമുകൾക്ക് തിരക്കഥ .**

അച്ഛൻറെ നീണ്ടുപോകുന്ന ചുമയും മുറ്റത്തേക്ക് നീട്ടിയുള്ള തുപ്പലിൻറെ ശബ്ദവും കേട്ടപ്പോൾ രമ അടുക്കളയിലെ പണി നിർത്തി പടിഞ്ഞാറേ വരാന്തയിൽ എത്തി.

'എടീ, നീ അതിന് തീറ്റ കൊടുത്തോ-' പടിഞ്ഞാറെ മുറ്റത്തിൻറെ മേലാപ്പാകെ പടർന്ന് വീടിനോട് ചാരാനായി വളഞ്ഞു നിൽക്കുന്ന ശിരങ്ങളുള്ള പ്ലാവിൻറെ ഏറ്റവും താഴെയുള്ള കൊമ്പിലിരിക്കുന്ന കാക്കയെ ചൂണ്ടിക്കാട്ടി വൃദ്ധൻ വീണ്ടും ചുമച്ചു.

'അച്ഛൻറെ പ്രാതൽ കഴിഞ്ഞിട്ടല്ലേ അവനെ കൊടുക്കാറ്.'

രമ ചിരിച്ചു.

'അവൻ എന്നെ കുറച്ചുനാളായി ഭീഷണിപ്പെടുത്തുന്നു. അവന് കാടും മലയും കടന്നു പോകണംത്രേ- എന്നെ കൂട്ടിനു വിളിക്കുന്നു.'

അച്ഛൻ വളരെ ഗൗരവത്തിലാണ്.

രണ്ടുവർഷം മുമ്പ് തെക്കേ പറമ്പിൽ നാളികേരം പെറുക്കി കൂട്ടാൻ രാവിലെ ചെല്ലുമ്പോളാണ് കാക്ക കുഞ്ഞിനെ രമ കാണുന്നത്. രാത്രി ഇടിവെട്ടി പെയ്തു തോർന്ന കർക്കിടക മഴയിൽ, തല കുരുടിച്ചു തുടങ്ങിയ തെങ്ങിൽ നിന്ന് താഴെ വീണുകുതിർന്നുകിടന്ന കൂടിനകത്ത് കാക്കക്കുഞ്ഞൻ ചിറകു നീർത്തുവാൻ ശ്രമിക്കുന്നു. സാധാരണ അപകടത്തിൽപ്പെടുന്ന കാക്ക കുഞ്ഞിനൊപ്പം കാക്കകളുടെ ഒരു പട തന്നെ ഉണ്ടാകേണ്ടതായിരുന്നു. തള്ളകാക്ക ഉപേക്ഷിച്ചതോ, എന്തോ ഇതിനെ കാത്ത് ആരുമില്ലായിരുന്നു. പണ്ട് അമ്മ വളർത്തിയിരുന്ന തത്തയുടെ കുറച്ചു വലിപ്പമുള്ള കൂട് തട്ടിൻ പുറത്തു നിന്നെടുത്ത് മാറാല നീക്കി, പൊടിതട്ടി വൃത്തിയാക്കി, അതിൽ പാർപ്പിച്ചു. കാറ്റുകാലമായപ്പോൾ പ്ലാവ് മുത്തശ്ശിയുടെ ഒരാളുയരത്തിലുള്ള താഴത്തെ ശിഖരത്തിൻറെ കവരത്തിൽ മുളക്കഷണങ്ങൾ ചേർത്ത് കെട്ടി അതിൽ മേൽ കാക്കയുടെ കൂട് ബലമായി ഉറപ്പിച്ചു.

കൂടിനകത്തും പുറത്തുമായി കറുകറുപ്പോടെ കാക്കക്കുട്ടൻ  വളർന്നു വന്നു. കൂട്ടങ്ങളില്ലാത്തതിനാൽ അവനോട് കിന്നാരം പറയാനും കലഹിക്കാനും സമയം കണ്ടെത്തിയത് അച്ഛനായിരുന്നു . പടിഞ്ഞാറെ വരാന്തയിലെ ചാരുകസേരയിൽ കിടന്ന് പാടം കടന്നു വരുന്ന കാറ്റിനോടും വരാന്തയിലും ഇരുപ്പുറപ്പിക്കുന്ന കാക്കയോടും നാട്ടുവർത്തമാനങ്ങൾ പറയുമ്പോൾ അച്ഛനിൽ കൂടുതൽ ഊർജ്ജം സംഭരിക്കപ്പെട്ടു.

**കൂടിനകത്തും പുറത്തുമായി കറുകറുപ്പോടെ കാക്കക്കുട്ടൻ വളർന്നു വന്നു. കൂട്ടങ്ങളില്ലാത്തതിനാൽ അവനോട് കിന്നാരം പറയാനും കലഹിക്കാനും സമയം കണ്ടെത്തിയത് അച്ഛനായിരുന്നു . പടിഞ്ഞാറെ വരാന്തയിലെ ചാരുകസേരയിൽ കിടന്ന് പാടം കടന്നു വരുന്ന കാറ്റിനോടും വരാന്തയിലും ഇരുപ്പുറപ്പിക്കുന്ന കാക്കയോടും നാട്ടുവർത്തമാനങ്ങൾ പറയുമ്പോൾ അച്ഛനിൽ കൂടുതൽ ഊർജ്ജം സംഭരിക്കപ്പെട്ടു.**


ചില നേരങ്ങളിൽ അച്ഛനോട് കൂടുതൽ ചേർന്ന്, ചാരുകസേരയ്ക്കടുത്ത് അമ്മയിരിക്കാറുള്ള പ്ലാസ്റ്റിക് കസേരയിലിരുന്ന് കാക്ക അച്ഛനോട് കലഹിക്കാറുണ്ട്.

അവർ തമ്മിലുള്ള യുദ്ധങ്ങളിലെ ജയ പരാജയങ്ങൾ അവൾ ശ്രദ്ധിക്കാറില്ല.

പഴയതുപോലെ പുസ്തകങ്ങൾ തുടർച്ചയായി വായിക്കുന്നതിന് കാഴ്ചതടസ്സങ്ങൾ സൃഷ്ടിക്കുന്നതു കൊണ്ടാകണം സ്വതേ ദ്വേഷ്യപ്രകൃതക്കാരനായ അച്ഛൻ തൻറെ ചുറ്റുപാടുകളോട് അസഹിഷ്ണുത കാട്ടി തുടങ്ങി. പ്രസവ സംബന്ധമായ അസുഖങ്ങൾ രണ്ടാമത്തെ മകളെ കൂടുതൽ ബുദ്ധിമുട്ടിച്ചു തുടങ്ങിയപ്പോൾ അവളുടെ നിർബന്ധപ്രകാരമാണ് ശങ്കരൻ നായർക്ക് ഭാര്യയെ മുംബൈയിലേക്ക് അയക്കേണ്ടി വന്നത് . അച്ഛൻറെ ശാരീരിക വൈഷമ്യങ്ങൾ അമ്മ മകളെ ധരിപ്പിച്ചെങ്കിലും അവൾക്ക് ഡോക്ടർമാർ നിർദ്ദേശിച്ച ബെഡ് റസ്റ്റും കൈകുഞ്ഞിൻറെ അനാരോഗ്യവും, കൂടുതൽ പരിഗണിക്കപ്പെടേണ്ട വിഷയമായിരുന്നു, അവൾക്കും ഭർത്താവിനും. അനുജത്തി അമ്മയെ കൂട്ടിക്കൊണ്ടു പോയപ്പോൾ കൊച്ചിയിൽ മോഹിനിയാട്ടവും സംഗീതവുമായി കഴിഞ്ഞിരുന്ന രമയ്ക്ക് നാട്ടിൻപുറത്തേക്ക് മടങ്ങാൻ അതൊരു നിമിത്തമായി മാറി.

ഭർത്താവിൻറെ വീട്ടിൽ നിന്നും അനിശ്ചിതമായ കാലത്തേക്ക്, തൻറെ ബാല്യം പൂത്തു കൊഴിഞ്ഞ ഗ്രാമത്തിലെ തറവാട്ടിലേക്ക് തിരികെയത്തുമ്പോൾ അവൾക്ക് വല്ലാത്ത ആശ്വാസം തോന്നി. നഗരത്തിലെ തിരക്കിൽ രാവിലെയുള്ള നൃത്ത ക്ലാസുകൾ കഴിഞ്ഞാൽ, പിന്നെയാർക്കും ആരെയും ആവശ്യമില്ലാത്ത വെറും യാന്ത്രിക ചലനങ്ങൾ മാത്രം നിറഞ്ഞ നാഗരിക ജീവിത കെട്ടുകാഴ്ചകളെ അവളെന്നേ വെറുത്തു തുടങ്ങിയിരുന്നു. വിവാഹം കഴിഞ്ഞ് പത്തു വർഷം കഴിഞ്ഞിട്ടും കുട്ടികൾ ഇല്ലാത്തതിനെക്കുറിച്ചോ, സ്വന്തമായി ഒരു വീടുവയ്ക്കാത്തതിനെക്കുറിച്ചോ അവൾ ഒഴികെ മറ്റാർക്കും വേവലാതികൾ ഉണ്ടായിരുന്നില്ല.

ഇതിനിടയിൽ തിരക്കാർന്ന നഗരവീഥികളിലൂടെ കാർ ഓടിച്ച്, താൻ ഡ്രൈവിംഗ് പഠിച്ചെന്ന് പറഞ്ഞപ്പോഴും, ഒന്നും തികഞ്ഞിട്ടില്ലെന്ന മുന്നറിയിപ്പിൽ പരിഹാസത്തിൻറെയും ഇകഴ്ത്തലിൻറെയും ചവർപ്പ് നിറഞ്ഞു. കോർപ്പറേറ്റ് മേഖലയിലെ വലിയ പേരുള്ള നിർമ്മാണ കമ്പനിയുടെ കോൺക്രീറ്റ് കെട്ടിട ഭീമാകാരങ്ങൾ ആകാശം തൊടുന്നത് സ്വപ്നം കാണുന്ന ഭർത്താവിന് താനൊരു ആവശ്യകതയോ ആസക്തിയോ അല്ലെന്ന് അവൾ നേരത്തെ കണ്ടെത്തിയിരുന്നു. തങ്ങളുടെതായ സ്വകാര്യതകളിൽ നിന്ന് ഒളിച്ചോടാൻ ആയിരുന്നു അയാൾക്ക് താല്പര്യം. ഭർതൃഗൃഹത്തിലെ മൂന്നു നാല് മനുഷ്യജീവികൾക്കിടയിൽ വെറുതെ ഒരാളായി കഴിയുന്നതിനേക്കാൾ തൻറെ ഗ്രാമത്തെ ശ്വസിക്കുന്നത് അവൾ



നഗരത്തിലെ തിരക്കിൽ രാവിലെയുള്ള നൃത്ത ക്ലാസുകൾ കഴിഞ്ഞാൽ, പിന്നെയാർക്കും ആരെയും ആവശ്യമില്ലാത്ത വെറും യാന്ത്രിക ചലനങ്ങൾ മാത്രം നിറഞ്ഞ നാഗരിക ജീവിത കെട്ടുകാഴ്ചകളെ അവളെന്നേ വെറുത്തു തുടങ്ങിയിരുന്നു. വിവാഹം കഴിഞ്ഞ് പത്തു വർഷം കഴിഞ്ഞിട്ടും കുട്ടികൾ ഇല്ലാത്തതിനെക്കുറിച്ചോ, സ്വന്തമായി ഒരു വീടു വയ്ക്കാത്തതിനെക്കുറിച്ചോ അവൾ ഒഴികെ മറ്റാർക്കും വേവലാതികൾ ഉണ്ടായിരുന്നില്ല.

സ്വപ്നങ്ങളിലൂടെ അനുഭവിക്കാറുണ്ട്.

അമ്മ തന്നെയാണ് വിളിച്ചറിയിച്ചത്, മുംബൈയിലേക്കവർ പോയാൽ

അച്ഛൻ ഒറ്റയ്ക്കാവും.....

അയിലൂരിലെ കാറ്റിന് ഓർമ്മകളുടെ സുഗന്ധം.

താൻ തന്നെ വീട്ടിലേക്ക് മടങ്ങുന്ന തീരുമാനം അറിയിക്കുകയായിരുന്നു. നിസ്സംഗമായ ഭർത്താവിൻറെ മുഖഭാവമൾക്ക് സുപരിചിതമാണ്.

രാവിലെ അയാളോട് യാത്ര പറഞ്ഞ് കാറിൻറെ ഡ്രൈവിങ്ങ് സീറ്റിലേക്ക് കയറാനൊരുങ്ങുമ്പോൾ പുച്ഛത്തോടെയായിരുന്നു ആ ചോദ്യം,

'ആ ഓണംകേറാമൂലയിൽ നീയാട്ടവും പാട്ടും കൊണ്ടു നടക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?'

വളരെ പണ്ട്, തന്നെ പെണ്ണുകാണാൻ വന്ന അയാളുടെ കണ്ണുകളിൽ, നൃത്തം വളരെ ഇഷ്ടമാണെന്ന് പറഞ്ഞ്, വിടർന്നു വന്ന മുഖതിളക്കമവൾ അറിയാതെ ഓർത്തുപോയി. എന്തെല്ലാം മാറ്റങ്ങൾ.

'ആടാനാണ് വിധിയെങ്കിൽ ആട്ടം തുടരും, അവിടെ ഇടം പ്രശ്നമല്ല' അവൾ ചിരിക്കാൻ ശ്രമിച്ചപ്പോൾ അയാളിൽ നിന്നും വെറുപ്പ് തികട്ടി,

'തേവിടിച്ചിയാട്ടം'

രമ അയാൾക്ക് നേരെ തിരിഞ്ഞു

നിന്നു .

'തേവിടിച്ചി എന്നാൽ ദേവൻറെ അടിയുടെ അച്ചിയെന്നർത്ഥം.

സംസ്കൃതത്തിൽ ദേവപാദദാസി എന്നും പറയും...'

രണ്ടായിരം വർഷം പഴക്കമുള്ള ദേവദാസി നൃത്ത കലയെക്കുറിച്ചും വൈദേശിക സംസ്കാരങ്ങളുടെ കടന്നുകയറ്റത്തിൽ ആ കലക്ക് സംഭവിച്ച അപചയങ്ങളെ കുറിച്ചും കലാസ്വാദനം ഒട്ടും ഇല്ലാത്ത ഭർത്താവിനോട് പറഞ്ഞിട്ട് ഒരു കാര്യവും ഇല്ലെന്ന് വ്യക്തമായ ബോധ്യമുള്ളതിനാൽ ഒരു തർക്കത്തിന് നിൽക്കാതെ കാറിൻറെ ഡ്രൈവിംഗ് സീറ്റിലേക്ക് ഒതുങ്ങി കയറി അവൾ സ്വയം ഒഴിഞ്ഞു.

ഈ രണ്ടര വർഷത്തിനുള്ളിൽ നൂറ്റമ്പത് കിലോമീറ്ററിനപ്പുറം സഞ്ചരിച്ച് നാലോ അഞ്ചോ തവണ മാത്രമാണ് അയാൾ ഗ്രാമത്തിലെത്തിയത്. തൻറെ തിരക്കുകൾ അവളുടെ അച്ഛനെ ബോധ്യപ്പെടുത്താൻ അവളേക്കാൾ നന്നായി അയാൾക്ക് കഴിഞ്ഞു.

കാക്ക വരാന്തയിലെ ഇളവെയിൽ ചിതറി വീഴുന്ന തിണ്ണയിലേക്ക് ചാടി വൃദ്ധനെ സാകൂതം നോക്കി.

'എന്ത് നോക്കാണ് മഹാപാപി ...

അടങ്ങി നിൽക്കില്ല..'

അച്ഛൻറെ ശകാരവാക്കുകൾ.

ചിലപ്പോഴൊക്കെ അമ്മയോടുള്ള ദേഷ്യവും കാക്കയ്ക്ക് നേരെ കുടഞ്ഞെറിയുന്നതും കേൾക്കാം.

'നിയ്ക്ക് എൺപതു കഴിഞ്ഞില്ലേ, ചത്തുപോകും വെച്ച് ഇട്ടുപോയേക്കാണ്.. സുഖിക്കട്ടെ. അയ്യേ...'

തിണ്ണയിൽ ഒരു ചെറിയ പാത്രത്തിൽ രമ കൊണ്ടുവന്നു വെച്ച ഇഡ്ലി കഷ്ണങ്ങൾ കാക്ക കൊത്തി തിന്നാൻ തുടങ്ങി. പക്ഷിയുടെ തീറ്റ ആസ്വദിച്ചുകൊണ്ട് അയാൾ കസേരയിലേക്ക് ചെരിഞ്ഞിരുന്നു.

മോഹിനിയാട്ടം അഭ്യസിക്കാൻ എത്തിയ പെൺകുട്ടികൾക്ക് മുന്നിൽ ചമ്രം പടിഞ്ഞിരുന്ന് രമ നാട്യവേദത്തെ കുറിച്ച് പറഞ്ഞു. ത്രേതായുഗത്തിൽ ബ്രഹ്മാവ് നാല് വേദങ്ങളുടെയും സാരാംശം ഉൾക്കൊള്ളുന്ന കാഴ്ചക്കും കേൾവിക്കും ആനന്ദകരമായ മറ്റൊരു വേദം സൃഷ്ടിച്ചു. അതാണ് നാട്യവേദം . വാക്കുകളുടെ ഉച്ചാരണം ഋഗ്വേദത്തിൽ നിന്നും ഗീതം സാമവേദത്തിൽ നിന്നും അംഗാഭിനയം യജുർവേദത്തിൽ നിന്നും രസഭാവങ്ങൾ അഥർവ്വവേദത്തിൽ നിന്നും സ്വീകരിച്ച നാട്യവേദം.

**വൃദ്ധൻ ചാരുകസേരയിൽ കിടന്ന് പിറുപിറുത്തു കൊണ്ടിരുന്നു. ഉച്ച കഴിഞ്ഞും പക്ഷിയെ കാണാതായപ്പോൾ രമയ്ക്ക് പരിഭ്രമമായി. കുറെക്കാലമായി തറവാട്ട് പരിസരത്ത് മറ്റ കാക്കകളെ ഒട്ടും കാണാറില്ല. കാക്കയോട് കലഹമൊഴിഞ്ഞപ്പോൾ അച്ഛൻ നിശബ്ദനായി. വിജനമായ യുദ്ധഭൂമിയിൽ ഒരൊറ്റ പോരാളി മാത്രം.**

തറവാട്ടിലെ വിശാലമായ അകത്തളത്തിലും അമ്മാവൻറെ വീട്ടിലും ഒഴിവ് ദിനങ്ങളിൽ രാവിലെ മുതൽ ഉച്ചസമയം വരെ നൃത്ത ക്ലാസ്സ് എടുക്കുന്നതിന് രമ സമയം കണ്ടെത്തി. കുട്ടികളുടെ രമ ടീച്ചറെന്ന വിളിയിൽ അവൾ സംതൃപ്തയായിരുന്നു.

'എന്നെ കൊണ്ടുപോകാൻ നീ നോക്കണ്ട മലകയറാനും മുനിയറയിൽ ഒളിക്കാനും ഞാനില്ല ..മേലങ്ങൾ തൊട്ടാൽ പിന്നെ എങ്ങാനും താഴേക്കിറങ്ങും. നശൂലം ....'

അച്ഛൻ കാക്കയുടെ നേരെ കയർക്കുകയാണ്. മറുപടിയായി കാക്കയുടെ കുറുകൽ ...

രമ ചിരിച്ചുകൊണ്ടു വരാന്തയിലേക്ക് വന്നു.

'ഇവന് ഇവിടുന്ന് പോണംത്രേ ..ഉയരെ പറന്ന് മലയായ മലകളെല്ലാം കടന്ന് പോകണംന്ന് ..

ഒരു ബലിക്കാക്ക ..'

അച്ഛൻ കലിതുള്ളി.

'അവന് പോകണംന്നുണ്ടെങ്കിൽ പോകട്ടെ അച്ഛാ...'

രമ ചിരിയടക്കി അടുക്കളയിലേക്ക് കയറി.

'നീ ഒന്നും മിണ്ടാതെടീ, എല്ലാവരും എന്നെ വിട്ടു പോകാൻ തിടുക്കം കൂട്ടുന്നു മഹാപാപികള്....'

അച്ഛൻറെ ശാപവാക്കുകൾ ...

അന്ന് രാത്രി മഴ പെയ്തു. ഇടിമിന്നലിൻറെ മുന്നൊരുക്കമുള്ള മഴ. തുലാമാസത്തിൻറെ വരവ്.

പിറ്റേന്ന് രാവിലെ കാക്കയെ കൂട്ടിൽ കണ്ടില്ല. അവൻ പതിവായിരിക്കാറുള്ള പ്ലാവിൻ കൊമ്പിലും തിണ്ണയിലും അടുക്കളപ്പുറത്തെ അമ്മിക്കൽ തിണ്ണയിലും അവനെ പരതി രമ നിരാശയായി..

' അവൻ പോകും.. എന്നെയും ആർക്കും വേണ്ടല്ലോ...'

വൃദ്ധൻ ചാരുകസേരയിൽ കിടന്ന് പിറുപിറുത്തു കൊണ്ടിരുന്നു. ഉച്ച കഴിഞ്ഞും പക്ഷിയെ കാണാതായപ്പോൾ രമയ്ക്ക് പരിഭ്രമമായി. കുറെക്കാലമായി തറവാട്ട് പരിസരത്ത് മറ്റ കാക്കകളെ ഒട്ടും കാണാറില്ല. കാക്കയോട് കലഹമൊഴിഞ്ഞപ്പോൾ അച്ഛൻ നിശബ്ദനായി. വിജനമായ യുദ്ധഭൂമിയിൽ ഒരൊറ്റ പോരാളി മാത്രം.

രണ്ടാം ദിവസം തൻറെ മുറിയിൽനിന്ന് അയാൾ വരാന്തയിലേക്ക് നടന്നു വരാൻ ബുദ്ധിമുട്ടി.

ശ്രമപ്പെട്ടുള്ള പത്രവായനയ്ക്ക് അച്ഛൻ മുതിർന്നില്ല. കാക്ക വന്നിരിപ്പുണ്ടോ എന്നറിയാൻ പ്ലാവിൻറെ കൊമ്പുകളിലേക്ക് ചാഞ്ഞും ചെരിഞ്ഞും നോക്കി വൃദ്ധൻ നിരാശനായി. വായ് നിറയെ പക്ഷിയെ വഴക്കു പറഞ്ഞവസാനം ക്ഷീണിതനായി, മിണ്ടാട്ടം കുറഞ്ഞു.




അയാൾ മുറിയ്ക്കുള്ളിൽ കട്ടിലിൽ നിന്നും താഴേക്ക് ഇറങ്ങാൻ പോലും താൽപര്യം കാണിക്കാതെ ചെരിഞ്ഞു കിടന്ന് ഉറക്കം തൂങ്ങിക്കൊണ്ടിരുന്നു.

നാലഞ്ചു ദിനങ്ങൾ കൂടി ഇഴഞ്ഞുനീങ്ങിയതിനൊപ്പം, അച്ഛൻറെ കാലുകൾ ദൃഢമാകുന്നതുപോലെ അവൾക്ക് തോന്നി. അച്ഛന് നടക്കുവാനുള്ള ശേഷി കുറഞ്ഞു വരികയാണോയെന്ന് രമ ഭയപ്പെട്ടു. അന്ന് രാത്രി അമ്മയേയും അനുജത്തിയേയും ഫോണിൽ വിളിച്ച് അച്ഛൻറെ ആരോഗ്യസ്ഥിതി മോശമായ വിവരം അവൾ അറിയിച്ചു.

കാക്കയുടെ അസാന്നിധ്യം തങ്ങൾക്കിടയിലും ശൂന്യത സൃഷ്ടിക്കുന്നതായി രമക്ക് തോന്നി. കരിഞ്ഞുണങ്ങി ദിനങ്ങൾ അടർന്നു വീഴുന്നു. അച്ഛൻറെ നീണ്ട ചുമ മുറിയിലെ നാലു

> **കാക്കയുടെ അസാന്നിധ്യം തങ്ങൾക്കിടയിലും ശൂന്യത സൃഷ്ടിക്കുന്നതായി രമക്ക് തോന്നി. കരിഞ്ഞുണങ്ങി ദിനങ്ങൾ അടർന്നു വീഴുന്നു. അച്ഛൻറെ നീണ്ട ചുമ മുറിയിലെ നാലു ചുമരുകളിൽ തട്ടി നിൽക്കുമ്പോൾ അവളുടെ നെഞ്ചിൽ വേദന കല്ലിച്ചു. സ്വപ്നങ്ങളിൽ അവൾ തൻറെ നർത്തനരൂപം മാത്രമേ കാണാറുണ്ടായിരുന്നുള്ളൂ. സമദൃഷ്ടിയിൽ കൈകൂപ്പി അരമണ്ഡലത്തിൽ രംഗപ്രവേശം. ഹസ്ത മുദ്രാഭിനയമാണ് മോഹിനിയാട്ടത്തിൽ പ്രധാനം. ഈയിടെ സ്വപ്നങ്ങൾ അകാലത്തിൽ മുറിഞ്ഞു പോകുന്നു**

ചുമരുകളിൽ തട്ടി നിൽക്കുമ്പോൾ അവളുടെ നെഞ്ചിൽ വേദന കല്ലിച്ചു.

സ്വപ്നങ്ങളിൽ അവൾ തൻറെ നർത്തനരൂപം മാത്രമേ കാണാറുണ്ടായിരുന്നുള്ളൂ. സമദൃഷ്ടിയിൽ കൈകൂപ്പി അരമണ്ഡലത്തിൽ രംഗപ്രവേശം. ഹസ്ത മുദ്രാഭിനയമാണ് മോഹിനിയാട്ടത്തിൽ പ്രധാനം. ഈയിടെ സ്വപ്നങ്ങൾ അകാലത്തിൽ മുറിഞ്ഞു പോകുന്നു.

മഴ പെയ്തുതോർന്ന ഒരു പുലർകാലത്തിൽ പ്ലാവിൻറെ താഴ്ന്ന ശിഖരത്തിലിരുന്ന കാക്കയുടെ കരച്ചിൽ, ഒരു ശിശുവിൻറെ ആദ്യ വിലാപം പോലെ.

രമ എഴുന്നേറ്റ് പടിഞ്ഞാറെ വരാന്തയിലേക്ക് വാതിൽ തുറന്നെത്തി.

പ്ലാവിൻ കൊമ്പിൽ ഇരുന്ന്, കാക്ക അവളെ ചെരിഞ്ഞു നോക്കി. പിന്നെ ശബ്ദം താഴ്ത്തി കുറുകി.

അച്ഛൻ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്ന് കാണണം. ചുമയുടെ അകമ്പടിയോടെ, അവളെ നീട്ടി വിളിച്ച അച്ഛൻറെ ശബ്ദത്തിന് ഉണർച്ചയുടെ ആരോഹണ താളമുണ്ടായിരുന്നു. അവളെ അത്ഭുതപ്പെടുത്തിക്കൊണ്ടയാൾ, അവളുടെ കൈത്താങ്ങില്ലാതെ വരാന്തയിലെ വെളിച്ചത്തിലേക്ക് നടന്നു. ധൃതി കൂടിയതുകൊണ്ട് ചാരുകസേരയിൽ ഇരിക്കുമ്പോൾ വേച്ചു വീണു പോകുന്നതിനിടയ്ക്ക് അവൾ അച്ഛനെ പിടിച്ചു. മെല്ലെ ഇരുത്തി.

' മഹാപാപി, എന്നെ വിട്ട് എവിടെപ്പോയി..'

അച്ഛൻറെ ശകാരപ്രവാഹം അണപൊട്ടി. കാക്ക പറന്ന് തിണ്ണയിലേക്ക് വന്നു. പിന്നെ പ്ലാസ്റ്റിക് കസേരയുടെ മുകളിലിരുന്ന് അച്ഛനുമാത്രം മനസ്സിലാകുന്ന രീതിയിൽ സംവാദത്തിൻറെ പോർമുഖം തുറന്നു

മലകൾ താണ്ടി, തോടുകളും പുഴകളും താണ്ടി അവൻ പറന്നു പോയ വഴികൾ. നഗര കാഴ്ചകൾ, കാട്ടുവഴിത്താരകൾ, ആദിവാസത്തിൻറെ കോളനികൾ, ആകാശത്തെ ചുംബിച്ച് നിൽക്കുന്ന ശൂലിമുടി, കാട്ടുകല്ലുകൾ അടുക്കി ശൂലാകൃതിയിൽ നിശ്ചലമായി, ഏകനായ ഭഗവാൻ, കാഴ്ചകൾ ഏറെ പിന്നെയും, മലയ്ക്കു മുകളിൽ വിശുദ്ധമായ തണ്ണീർത്തടം. ഭൂമിയിൽ നിന്ന് ആകാശമേഘങ്ങളെ തൊടാൻ ഏതാനും ചിറകടികളുടെ അകലം.

വിദൂരതയിലിരുന്ന് ഏകാകിയായ ഒരു മനുഷ്യൻ വിളിക്കുന്നത് കാക്ക കേൾക്കുന്നുണ്ട്. ബലിക്കാക്കകൾക്ക് ലാവണത്തിലേക്ക് മടങ്ങിയെത്തിയേ പറ്റൂ. പിൻവിളി കേൾക്കാതിരിക്കാനാവില്ല. കാടും കടലും കണ്ട് തിരിച്ചുള്ള പറക്കൽ.

'ഇനി വിട്ടു പോകുമോ...?'

ചുമയ്ക്കൊടുവിൽ ആഞ്ഞു മുറ്റത്തേക്ക് തുപ്പി, വൃദ്ധൻ തോളത്തിട്ടിരുന്ന തോർത്തുമുണ്ടു കൊണ്ട് മുഖം തുടച്ചു.

കാക്ക തല ചെരിച്ചു. ദൃഷ്ടി കൂർപ്പിച്ചു.

'നിനക്കിവിടെ കൂട്ടക്കാരുടെ കൂട്ടില്ലെന്നറിയാം, പക്ഷേ ൻറെ കാര്യം..'

കാക്ക ശബ്ദം താഴ്ത്തി കുറുകൽ തുടർന്നു.

'നെന്നെ നോക്കി വളർത്തുന്നത്, എന്നെ പട്ടടയിലക്കെടുക്കും

വരെയല്ല. എനിക്കായി ഒരു ഉരുള ചോറ് തീറ്റാൻ വേണ്ടിയാണ്.....

ചുമയിലിടറിയ വാക്കുകൾ മുറിഞ്ഞു വീണു.

ഈ ദേശത്ത് വേറെ ബലിക്കാക്കയില്ല...'

വൃദ്ധൻറെ കണ്ണു നിറഞ്ഞു. കാക്ക ചാരു കസേരയുടെ കൈത്തണ്ടയിലേക്ക് ചാടി. പക്ഷിയുടെ കണ്ണുകൾക്ക്, മനുഷ്യ സമാനമായ നേത്രചലനവും, ആർദ്രതയും കൈവരുന്നതുപ്പോലെ അയാൾക്ക് തോന്നി.

> വിദൂരതയിലിരുന്ന് ഏകാകിയായ ഒരു മനുഷ്യൻ വിളിക്കുന്നത് കാക്ക കേൾക്കുന്നുണ്ട്. ബലിക്കാക്കകൾക്ക് ലാവണത്തിലേക്ക് മടങ്ങിയെത്തിയേ പറ്റൂ. പിൻവിളി കേൾക്കാതിരിക്കാനാവില്ല. കാടും കടലും കണ്ട് തിരിച്ചുള്ള പറക്കൽ.

കാക്കയുടെ അടക്കം പറച്ചിൽ,

മരണപ്പെട്ടു കഴിഞ്ഞാൽ, പിന്നെ കൈകൊട്ടി തിരിച്ചു വിളിക്കലായി, കാത്തുനിൽക്കലായി, ഒരു കാക്കയെങ്കിലും കാണാൻ പ്രാർത്ഥനയായി, എന്തിന്....'

വൃദ്ധൻ നിശബ്ദനായി കേട്ടു. പിന്നെ പതുക്കെ പറഞ്ഞു,

' അതാണ് മനുഷ്യൻ. ജീവിച്ചിരിക്കുമ്പോൾ ആരുമില്ലാത്ത നിശബ്ദാവസ്ഥ. ജീവിതത്തിൻറെ കളമൊഴിഞ്ഞു പോയിക്കഴിഞ്ഞാലാണ്,അലമുറയിട്ടു തുടങ്ങുന്നത്.....'

കാക്ക വൃദ്ധൻറെ മുഖത്തേക്കുറ്റു നോക്കി.

' ശൂന്യതയ്ക്ക് വല്ലാത്ത ആഴമുണ്ട്..'

കാക്കയുടെ മിനുസമുള്ള ചിറകറ്റം അയാളെ തൊട്ടു.

രമ കട്ടൻ ചായയുമായി വരാന്തയിലേക്ക് കടന്നപ്പോൾ കാക്ക പ്ലാസ്റ്റിക് കസേരയിലേക്ക് ചാടി.

തിണ്ണയിൽ അച്ഛനെടുക്കാൻ പാകത്തിൽ ചായക്കപ്പ് വെച്ച് തിരിച്ചു നടക്കുമ്പോൾ തൊണ്ടയിടറാത്ത ശബ്ദമുയർന്നു. ' കൊറച്ചു കഴിഞ്ഞ് അവനുള്ള തീറ്റയിങ്ങെടുക്ക്, ഞാൻ കൊടുക്കാം...'

കാക്ക തിണ്ണയിലേക്ക് ചാടി, കൊക്കുകൾ കൊണ്ട് ചിറകൊതുക്കാൻ തുടങ്ങി. വൃദ്ധൻ ചായ കുടിയ്ക്കാതെ പക്ഷിയെ നോക്കി കിടന്നു. കാക്ക പതിവു പോലെ അയാളോട് സംവദിക്കാൻ തുടങ്ങി. ങ്ങൾക്ക് ചലന സ്വഭാവമുണ്ട്, അതുകൊണ്ടാണ് സംവേദനത്തിൻറെ ഉഷ്ണപ്രവാഹങ്ങളിൽ അവർ നനഞ്ഞു നിന്നത്.

ഇ-മലയാളി IV
കഥാമത്സരം 2024
നവീന ഭാവുകത്വത്തിന്റെ ശില്പികൾ

ഒന്നാം സമ്മാനം നേടിയ കഥ



# ഒറ്റപ്രാവുകളുടെ വീട്

വര:
മറിയം ജാസ്മിൻ



ജെസ്മോൾ ജോസ്

എറണാകുളം ജില്ലയിലെ പുവ്വത്തുശ്ശേരി സ്വദേശി, ആലുവാ യു. സി കോളേജ്, കോതമംഗലം എം. എ. കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഇംഗ്ലീഷിൽ മാസ്റ്റർ ബിരുദം. ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപിക. കഥയും കവിതയും യാത്രാവിവരണങ്ങളും എഴുതാറുണ്ട്.




ഒരാഴ്ച നീണ്ട അവധിക്ക് ശേഷം,പ്രാവുകൾ കുറുകുന്ന, ഇണ ചേർന്നു കൂടു വച്ചു, മുട്ടയിട്ടു പെരുകി കൂട്ടം കൂടി പാർക്കുന്ന, പള്ളിക്കൂടത്തിൽ, ഒൻപതാം തരം ബി -യിലെ ഹാജർ പട്ടിക എഴുതുവാൻ തയ്യാറെടുക്കുകയായിരുന്നു മറിയ ടീച്ചർ. പുതിയ കൂടുകൾ വയ്ക്കുന്നതിന്റെ കലമ്പലിൽ താഴേക്കു ചിതറി വീണ ചുള്ളി കമ്പുകൾ പെറുക്കി കളഞ്ഞു കൊണ്ടു ,ഇവറ്റകളെ കണ്ടു കണ്ടാണ് കുട്ടികളും കുറുകാനും കണ്ണുകളുടക്കാനും പഠിക്കുന്നത് എന്നു പിറുപിറുത്തു.


മധ്യ വേനൽ അവധിക്ക് തൊട്ടു മുൻപുള്ള മീനമാസമായിരുന്നത്. ഒരു ഇടവേളക്കു ശേഷം, വരാനിരിക്കുന്ന ശൂന്യമായ വിരസത നിറഞ്ഞ രണ്ടു മാസങ്ങളിൽ ഒരു കോറൽ പോലും വീഴാനിടയില്ലാത്ത ഹാജർ പുസ്തകം കയ്യിലെടുത്തപ്പോൾ പുറത്തു വെയിലിൽ ഭൂമി, വരണ്ട ചുണ്ടു വിടർത്തി മഴയെ ധ്യാനിച്ചുരുകുന്നുണ്ടായിരുന്നു. ഇലകളപ്പാടെ തവിട്ടു പുതച്ചിരുന്നു. മതിലിനോട് ചേർന്നൊഴുകിയിരുന്ന തോട്ടിൽ വേനലിന്റെ വിരൽപാടുകൾ പതിഞ്ഞിരുന്നു. വേനലവധികൾ ടീച്ചർക്ക് ഇഷ്ടമേയല്ലായിരുന്നു.

കുട്ടികളുടെആരവങ്ങളില്ലാത്ത ചോക്കു പൊടിയുടെ ചൂര് പടരാത്ത ഓർമിക്കാൻ ആശിക്കാത്ത ദിനങ്ങൾ. കളകൾ പറിച്ചു നീക്കും പോലെ ചില കാലങ്ങളെ,ഓർമകളെ ഒക്കെ ജീവിതത്തിൽ നിന്ന് പറിച്ചു നീക്കാനാവുമെങ്കിൽ, ടീച്ചർ ആദ്യം നീക്കം ചെയ്യുക മധ്യ വേനലവധികളെ ആയിരിക്കും. പഴയ തിരുകൊച്ചി അതിർത്തിയിലെ ഒരുൾനാടൻ ഗ്രാമത്തിലെ പള്ളിക്കൂടത്തിലേക്ക് മറിയയുടെ ജീവിതം പറിച്ചു നട്ടിട്ടു വർഷങ്ങൾ എടുപിടീന്നു കടന്നു പോയി. മുടിയിൽ മിന്നുന്ന വെള്ളി വരകൾ അൻപതിന്റെ വരവറിയിച്ചു.

പ്രായമേറും തോറും പള്ളിക്കൂടത്തിൽ നിന്നു വിടവാങ്ങാറാവുന്നു എന്ന തോന്നലാണ് മറിയയുടെ ഉള്ളു പൊള്ളിച്ചത്. ഒറ്റപ്പെടൽ വരിച്ചവർക്കു ദുഃഖിക്കാൻ അവകാശമില്ലല്ലോ. പറയാത്ത പ്രണയം ആരെയും ക്ഷണിക്കാതൊരുക്കുന്ന വിരുന്നു പോലെയാണ്. ഒരിക്കലും വരാത്ത അതിഥിക്കു വേണ്ടി മനസ്സിന്റെ, ശരീരത്തിന്റെ ,ആത്മാവിന്റെ ചില്ലു പാത്രങ്ങൾ ചഷകങ്ങൾ, കിടക്കവിരികൾ ഒക്കെ അലക്കി വെളുപ്പിച്ചു ഇസ്തിരിയിട്ടു സുഗന്ധപൂരിതമാക്കുന്ന, അവൻ രുചിക്കാൻ സാദ്ധ്യത പോലുമില്ലാത്ത രുചിക്കൂട്ടുകൾ ഉള്ളിലൊരുക്കി പിന്നെ അത് കെട്ടുപോകുമ്പോൾ കരളിലെ കനലിൽ എരിച്ചു തീർക്കുന്ന, വിടരാനിടയില്ലാത്ത പുഞ്ചിരി പൂക്കൾക്കായി പൂപാത്രമൊരുക്കുന്ന ജീവിതം ! ഒരു കാലത്ത് മറിയയുടെ മനസ്സിലും മോഹം മൊട്ടിട്ടിരുന്നു.

അറിവില്ലാ പ്രായത്തിൽ ഓലപീപ്പിയും ഓലപന്തും കൈമാറിയവനോടു ഒരിഷ്ടം. അയാൾ പോയിട്ടു ഒരേ

**വേനലവധികൾ ടീച്ചർക്ക് ഇഷ്ടമേയല്ലായിരുന്നു. കുട്ടികളുടെആരവങ്ങളില്ലാത്ത ചോക്കു പൊടിയുടെ ചൂര് പടരാത്ത ഓർമിക്കാൻ ആശിക്കാത്ത ദിനങ്ങൾ. കളകൾ പറിച്ചു നീക്കും പോലെ ചില കാലങ്ങളെ,ഓർമകളെ ഒക്കെ ജീവിതത്തിൽ നിന്ന് പറിച്ചു നീക്കാനാവുമെങ്കിൽ, ടീച്ചർ ആദ്യം നീക്കം ചെയ്യുക മധ്യ വേനലവധികളെ ആയിരിക്കും.**




ഇടവഴികൾ താണ്ടിയ കൂടപിറപ്പ് അന്നക്കുട്ടി പോ ലുമ തറിഞ്ഞില്ലെന്നുമാത്രം! ഇരുപതാം വയസ്സിൽ അർബു ദം ഇടത്തെ മുല കവർന്നപ്പോൾ പിന്നെ മിന്നുകെട്ടെന്ന മോഹം കുപ്പയിലിട്ടു. അക്കാലത്തു വേദ പുസ്തകം തു റന്ന വേളകളിൽ ''അവർ അവന്റെ തിരുവിലാവിൽ കു ന്തംകൊണ്ട് കുത്തി .അപ്പോൾ അവിടെ നിന്നു രക്തവും ജലവും പ്രവഹിച്ചു'എന്നു വായിച്ചു. ഉള്ളിൽ നിന്നു ഒഴുകിയ മോഹങ്ങളൊക്കെ ഓർമയിലെ ഒരു അറയിൽ ഭദ്രമായി പൂട്ടി വച്ചു. മുന്നിലിരിക്കുന്ന കൗമാരങ്ങളുടെ കണ്ണുകളിടയുമ്പോൾ അറിയാതെ നോവും ഘനീഭ വിച്ച മിഴിനീരും വമിപ്പിച്ചു ആ ചെപ്പു തുറന്നു പോകും..

അപ്പനും അമ്മയും മുന്നിൽ പിന്നിലായി കർത്താവി

ങ്കലെത്തി. ജീവിതത്തിലും അമ്മ അപ്പന്റെ നിഴലീന്നു മാറീട്ടില്ലായിരുന്നു.കൂടപ്പിറപ്പ് അന്ന കർത്താവിന്റെ മണവാട്ടിയാവാൻ ഉറച്ചു. തറവാടും പുരയിടവും അപ്പന്റെ പെങ്ങൾ കുഞ്ഞമ്മിണി അമ്മാടെ മേൽനോട്ടത്തിൽ അന്യാധീനപ്പെടാതെ കിടക്കുന്നു.

കാർന്നോന്മാരും കൂടപിറപ്പും കൂടെയില്ലാത്തതു കൊണ്ട് മറിയക്കു തറവാട്ടിനുള്ളിൽ ശ്വാസം മുട്ടുമായിരുന്നു.

അപ്പന്റെയും അമ്മയുടെയും വിയർപ്പിൽ പച്ച പിടിച്ച തൊടിയിലൂടെ നടക്കുമ്പോൾ ഒരു കുളിർമ യൊക്കെ തോന്നുമെങ്കിലും ഒറ്റക്ക് അവിടെ കഴിഞ്ഞു കൂടുക പ്രയാസമെന്നു തോന്നിയതിനാലാണ് സ്കൂളിനടുത്തു കന്യാസ്ത്രീകൾ നടത്തുന്ന മഠം വക സ്ഥാപനത്തിൽ ഒരു മുറി തരപ്പെടുത്തി അവിടെ കൂടിയത്. അത് പെൺകുട്ടികൾക്കായുള്ള ഒരു അനാഥമന്ദിരം കൂടി ആയിരുന്നു. അവിടുത്തെ ദൈന്യത നിറഞ്ഞ കണ്ണുകളുള്ള ഓരോ കുഞ്ഞും ഓരോ കഥയായിരുന്നു.

**ഒരിക്കലും വരാത്ത അതിഥിക്കു വേണ്ടി മനസ്സിന്റെ, ശരീരത്തിന്റെ ,ആത്മാവിന്റെ ചില്ലു പാത്രങ്ങൾ ചഷകങ്ങൾ, കിടക്കവിരികൾ ഒക്കെ അലക്കി വെളുപ്പിച്ചു ഇസ്തിരിയിട്ടു സുഗന്ധപൂരിതമാക്കുന്ന, അവൻ രുചിക്കാൻ സാദ്ധ്യത പോലുമില്ലാത്ത രുചിക്കൂട്ടുകൾ ഉള്ളിലൊരുക്കി പിന്നെ അത് കെട്ടു പോകുമ്പോൾ കരളിലെ കനലിൽ എരിച്ചു തീർക്കുന്ന, വിടരാനിടയില്ലാത്ത പുഞ്ചിരി പൂക്കൾക്കായി പൂപാത്രമൊരുക്കുന്ന ജീവിതം !**

ചോരയുടെ, ചതിയുടെ, രേതസ്സിന്റെ, ദാരിദ്യത്തിന്റെ അരക്ഷിതാവസ്ഥയുടെ ഗന്ധമുള്ള കഥകൾ. ഏറെ അകലെയല്ലാതെ സന്യാസികൾ ആൺകുട്ടികൾക്കായി നടത്തുന്ന ബാലഭവനിൽ അവയുടെ ഉപകഥകളും ഉണ്ടായിരുന്നു. മറിയ ടീച്ചറുടെ പള്ളി കൂടത്തിലെ കുട്ടികളിൽ ഏറിയ പങ്കും ഈ രണ്ടു സ്ഥാപനങ്ങളിൽ നിന്നായിരുന്നു. ജീവിതത്തിൽ അനാഥത്വം രുചിച്ചവർ സൂര്യ പ്രകാശം തേടുന്ന ചെടികൾ പോലെയാണ്. എവിടുന്നെങ്കിലും ഒരിറ്റു കനിവ് ഉറ പൊട്ടിയാൽ അങ്ങോട്ടു ചായും.

'എടി മറിയ കൊച്ചേ നിനക്കു കർത്താവിന്റെ അമ്മയുടെ പേരാണ് കേട്ടോ. ആ മണവും കൊണവും നീ എപ്പോഴും കാണിക്കണം 'അപ്പന്റെ അരുളപ്പാട് അണുവിട വിടാതെ കാത്ത് പോന്ന മറിയ അലിവിന്റെ തടാകമായി. പെറാതെ, പാല് ചുരത്താതെ മാതൃഭാവം പൂണ്ടു.

ഉള്ളിൽ കിനിഞ്ഞിരുന്ന ഒറ്റപ്പെടലിന്റെ ചാറ്റൽ പെയ്തു പെയ്തങ്ങനെ കനിവായി നിറഞ്ഞതാവാം.

ജനനം മുതൽ മരണം വരെ നമ്മുടെ ജീവിതത്തിന്റെ ഓരോ കാലഘട്ടങ്ങളും, ഓരോ ചെയ്തികളും നാമറിയാതെ എവിടെയൊക്കെയോ രേഖപ്പെടുത്തപ്പെടുന്നു. ഈ ദൈവത്തിന്റെ കണക്കു പുസ്തകം എന്നു പറയുന്നത് ഇതൊക്കെയാണ്. വീട്ടുചിലവും പുരയിടത്തിലെ വിളവെടുപ്പിന്റെ കണക്കുകളും അറ്റവും മൂലയും വിടാതെ വടിവൊത്ത അക്ഷരങ്ങളിൽ എഴുതി വക്കുമ്പോൾ മറിയയുടെ അപ്പൻ ഒല്ലൂക്കാരൻ ശവുരു ഉരുവിടാറുള്ള പല്ലവിയായിരുന്നു അത്.

ഓരോ ഇനം കുറിക്കുമ്പോളും അപ്പൻ കണ്ണടച്ചു ധ്യാനിക്കും. നെല്ലിന്റെ കണക്കു എഴുതുമ്പോൾ വിത്തും വിതയും ഞാറും തേകലും നനയും വളവും കൊയ്ത്തും മെതിയും പാറ്റലും ചേറലും പറയും പത്തായവും ഒക്കെ ഓർക്കും.

''നമ്മൾ എന്തെഴുതിയാലും അതിനു നേരും നെറിയും വേണം കേട്ടോടി മറിയ കൊച്ചേ. ഒന്നും മറക്കരുത്'' അപ്പൻ അങ്ങനെ ചെവിട്ടോർമ പോലെ പറഞ്ഞതു കൊണ്ടാവണം ഓരോ തവണ ഹാജർ പട്ടിക എഴുതുമ്പോഴും പേരുകളുടെ വിത്തും മുളയും ധ്യാനിച്ചു പീഡാനുഭവങ്ങൾക്കു സാക്ഷ്യം വഹിച്ചു കുരിശിന്റെ വഴിയേ കർത്താവിനെ അനുഗമിച്ച മാതാവിനെ പോലെയാകും മറിയ. ഒരു മഷിപ്പാട് പോലും വെറുതെയായി പോകരുതെന്ന ആലോചനയാൽ ഓരോ പേരും എഴുതുമ്പോൾ വചനപ്പെട്ടിയിൽ അടുക്കി വച്ചിരിക്കുന്ന വേദപുസ്തക വാക്യങ്ങൾ ധ്യാനിക്കും വണ്ണം അവർ ചിന്തകളുടെ കുരുക്കിൽ പിടയും. ഓരോ ഹാജർ പുസ്തകവും ഓരോ ഇതിഹാസമാണെന്ന അരുളപ്പാട് ഉള്ളിൽ ഉരുവമെടുക്കാൻ തുടങ്ങീട്ടു കാലം കുറെ ആയിരിക്കുന്നു.

ഓരോ പേരും പൊള്ളിക്കുന്ന ഓരോ കഥയോ കണ്ണു തള്ളിക്കുന്ന അവതാരമോ ഉള്ളു തൊടുന്ന തത്വശാസ്ത്രമോ മിഴിനീര് കിനിയിച്ച സിനിമയോ ഒക്കെ ഓർമിപ്പിച്ചു മുമ്പിൽ പരക്കും.

അറബി കഥകളിലെ ജിന്നുകളും മലക്കുകളും ഇതിഹാസങ്ങളിലെ കർണനും ഘടോൽകചനും അഭിമന്യുവും കൈകേയിയും പുരാണങ്ങളിലെ ധ്രുവനും അയ്യപ്പനും ബൈബിളിലെ റൂത്തും എസ്തരും സലോമിയും സാംസണും ദാനിയേലും ജോബും വടക്കൻ പാട്ടുകളിൽ, നാടോടി കഥകളിൽ കേട്ടിട്ടുള്ള ചില വീരരും ഷെക്സ്പിയറിന്റെ കഥാ പാത്രങ്ങളും എന്നു വേണ്ട കൃഷ്ണനും ബുദ്ധനും ഒക്കെ ഇങ്ങനെ മുന്നിൽ പരന്നു കിടക്കും.

മേൽ പറഞ്ഞ വിശ്വ വിഖ്യാതമായ പുസ്കങ്ങളെക്കാൾ, ചരിതങ്ങളെക്കാൾ ഒരുപടി മുകളിലാണ് ഒരു ഹാജർ പുസ്തകം എന്നാണ് മറിയ ടീച്ചറുടെ മതം. ജീവനുള്ള മനുഷ്യരെ അതും കുഞ്ഞുങ്ങളെ രേഖപ്പെ

ടുത്തുന്നത്, അപ്പൻ പറയും പോലെ ധ്യാനിച്ചോർമ്മിച്ചു കുറിക്കുന്നത് വൃഥാ കർമം അല്ല തന്നെ. ഐച്ഛിക വിഷയം ബയോളജി ആയത് കൊണ്ടാണോ എന്നറിയില്ല ഡിസക്ഷൻ ടേബിളിൽ കിടക്കുന്ന ജീവികളെ ഓർമ വരും ഹാജർ പുസ്തകം തുറക്കുമ്പോൾ.

ഒല്ലൂര് റപ്പായൽ മാലാഖയുടെ പെരുന്നാളി ന് കൂടു തുറക്കുമ്പോൾ ബാധകൾ തുള്ളിയൊഴിയുന്നത് പോലെ ,കൈ കുറ്റപ്പാടൊക്കെ ഒഴിഞ്ഞു, എഴുതുമ്പോഴും വായിക്കുമ്പോഴും ബുദ്ധി നേർവഴിക്കു തെളിക്കണേ ന്റെ മാലാഖേ; എന്ന ഒറ്റവരി പ്രാർത്ഥയോടെ മാത്രമേ മറിയ പേന കയ്യിലെടുക്കാറുള്ളൂ. പിന്നൊരു തപസ്സാണ്. ഒരു ജിന്നിനെ പോലെ വെള്ള കീറും മുന്നേ സൈക്കിളിൽ പത്രം കൊണ്ടു പായുന്ന, മോന്തിക്കു മീൻ കടയിൽ വിലപേശി വിൽക്കുന്ന പല രൂപം കെട്ടിയാടുന്ന ഒന്നാം നമ്പർകാരനിൽ നിന്നു തുടങ്ങി ഉപ്പാക്ക് ബീഡി തെറുക്കാൻ കയ്യാളാവുന്ന നാൽപതാം നമ്പർകാരിയിൽ ചെന്നെത്തുന്ന സഞ്ചാരം. ഓരോ പേരിലൂടെ ഓരോ വീട്ടിലും കയറി ഇല്ലായ്മയും, വല്ലായ്മയും, വിശപ്പും, വേദനയും അപകർഷതാ ബോധവും, പ്രതീക്ഷയും, കരച്ചിലും, ചിരിയും, പൈതൃവും, ആട്ടും തുപ്പും തെറിയും, ആധിയും വ്യാധിയും ആകുലതയും, ഇരുളും, വെളിച്ചവും,കായും, പൂവും കാവും, കുളവും കാടും, മേടും താണ്ടിയൊരേ പോക്കാണ്.

എത്ര നേരം എത്രയോ ദൂരം പോയാലാണെന്നോ പല നാടുകളിൽ പല കരിന്തലകളിൽ ചിതറി കിടക്കുന്ന ഒരു പട്ടികയിലെ കുട്ടികളെ ചിറകിനടിയിലൊതുക്കാനാവുക. അധ്യയന വർഷാരംഭത്തിൽ, പെരുമഴക്കു കൂട്ടെന്ന പോലെ ഹാജർ പുസ്തകത്തിലെ ആദ്യ എടിലെ സ്ഥിതി വിവര കണക്കുകൾ പൂരിപ്പിക്കാൻ തുടങ്ങുമ്പോൾ തന്നെ മറിയ ക്ലാസ്സിലെ കുട്ടികളുടെ സങ്കടങ്ങളുടെ രക്ഷകർതൃത്വം ഭരമേൽക്കും. ഭിന്നശേഷിക്കാരെന്ന ഓമന പേരിട്ടു വിളിക്കുന്ന നിസ്സഹായതയുടെയും നിഷ്കളങ്കതയുടെയും മനുഷ്യപകർച്ചകൾ. അഷ്ടിക്കു വേണ്ടി കഷ്ടപ്പെടുന്നതിനിടയിൽ ഒരു നേരം ഭക്ഷണം കിട്ടാൻ പള്ളിക്കൂടത്തിൽ വരുന്നവർ.

മാളികയിൽ മുതൽ ചെറ്റകുടിലിൽ തുടങ്ങി ചാരായവും ലഹരിയും മണക്കുന്ന ഇരുൾക്കു ഴികളിൽ വരെ പരന്നു കിടക്കുന്നവർ. ആഭിചാരം, അവിഹിതം, ആഢ്യത്വം, അന്ധ വിശ്വാസം, ആത്മീയത , അഹന്ത, അലസത, അക്രമം മുതൽ സംസ്കാരം, പദവി, അറിവ്, കുല മഹിമ വരെ പലതിന്റെയും പ്രതിഫലനങ്ങൾ വീഴുന്ന ഇടങ്ങളാണ് മനുഷ്യനെ രേഖപ്പെടുത്തുന്ന ഏടുകൾ. എങ്കിലും ശുഭാപ്തി വിശ്വാസത്തോടെ, വാത്സല്യത്തോടെ, മമതയോടെ മാത്രമേ മറിയ ടീച്ചർ ഹാജർ പുസ്തകങ്ങളെ സമീപിക്കാറുള്ളൂ.

അവയിലെ പേരുകൾ കാട്ടുന്ന വഴിയേ അവർ ഇടക്ക് സഞ്ചരിക്കുകയും ചെയ്യും. ഓരോ പേരുകളും ഓരോ ചൂണ്ടുപലകകളാണ്. പല ചി ന്തകളി ലേക്കു ഓർമകളിലേക്ക് വ്യക്തികളിലേക്കു ഇടങ്ങളിലേക്ക് നാമറിയാതെ നമ്മെ കൊണ്ടെത്തിക്കുന്ന വഴി കാട്ടികൾ.

ഇക്കഴിഞ്ഞ കർക്കിടകത്തിൽ നടത്തിയ അത്തരമൊരു സഞ്ചാരത്തിനിടയിലാണ് ഉറുമ്പൻ കുന്നു രണ്ട് സെന്റ് കോളനിയിലെ ചെത്തി തേച്ചിട്ടില്ലെങ്കിലും അടച്ചുറപ്പുള്ള എട്ടാം നമ്പർ ഒറ്റമുറി വീട്ടിൽ മറിയയുടെ ഉള്ളുടക്കിപോയത്. പത്ത് ബി -യിലെ തെളിഞ്ഞ ചിരിയും വിടർന്ന കണ്ണുകളുമുള്ള പതിനഞ്ചുകാരി കാർത്തികയുടെ വീ ടായിരുന്നത്. അടി വയറ്റിൽ വേദന കാളിയ ഒരു മദ്ധ്യാഹ്നത്തിലാണ് ടീച്ചർ കാർത്തികയെയും കൊണ്ട് തീപ്പെട്ടി ക്കൂടുകൾ പോലെയുള്ള വീടുകൾ തിങ്ങി നിറഞ്ഞ ആ ഇടുങ്ങിയ വഴിയുള്ള കോളനിയിലെത്തിയത്.

ആകാശം നിറയെ കാർമേഘം മൂടിയിരുന്നു. മുറ്റം നിറയെ പത്തുമണി ചെടികൾ വച്ചു പിടിപ്പിച്ചിരുന്നു. വേലിക്കൽ ചെമ്പരത്തികൾ ചോ പ്പ് ചൂടി നിന്നു. ശീമ കൊന്നകൾ പച്ച വിരിച്ചു. ടീച്ചറും കാർത്തുവും കോലായിലേക്കു കയറിയപ്പോൾ ഒരു മുപ്പതുകാരി ഓടിക്കിതച്ചു വന്നു. മുഖത്തെ ചേറും പൊടിയും വിയർപ്പും അവർ തിരക്കിട്ട പണിയിൽ ആയിരുന്നു എന്ന് വി ളിച്ചു പറഞ്ഞു. തന്റെ മകളാകാൻ പ്രായമുള്ള ഈ സ്ത്രീയാണ് കാർത്തികയുടെ അമ്മയെന്ന തിരിച്ചറിവിൽ ടീച്ചർ തരിച്ചിരുന്നു.

**അത് പെൺകുട്ടികൾക്കായുള്ള ഒരു അനാഥമന്ദിരം കൂടി ആയിരുന്നു. അവിടുത്തെ ദൈന്യത നിറഞ്ഞ കണ്ണുകളുള്ള ഓരോ കുഞ്ഞും ഓരോ കഥയായിരുന്നു. ചോരയുടെ, ചതിയുടെ, രേതസ്സിന്റെ, ദാരിദ്ര്യത്തിന്റെ അരക്ഷിതാവസ്ഥയുടെ ഗന്ധമുള്ള കഥകൾ.**

പുറത്ത് മഴ പെയ്യാൻ തുടങ്ങി. ആ ചെറു വീട്ടിൽ സങ്കടങ്ങളുടെ പെരുവെള്ള പാച്ചിലും. സീതയും ഒറ്റമകൾ ആയിരുന്നു. പതിനഞ്ചാം വയസിൽ, ലഹരിയാൽ അന്ധനായൊരാൾ പിച്ചിച്ചീന്തിയപ്പോൾ ഉള്ളിൽ കുരുത്തതാണ് കാർത്തു.

മനസ്സിന്റെ വേദനയും ഞെട്ടലും ഒട്ടു കെട്ടപ്പോളേക്കും വയറ്റിൽ ഒഴിവാക്കാനാവാത്ത ഭാരമായി. അച്ഛൻ ആറ്റിൽ ചാടി തന്റെ മാനക്കേട് ഒഴുക്കി കളഞ്ഞു. അമ്മയായി പിന്നെ തുണ. കാർത്തുന് പത്ത് വയസ്സായപ്പോൾ അമ്മയും പോയി.

‘പതിനാറു വയസ്സിൽ പാഠങ്ങളോടും കൂട്ടുകാരോടും കളിയോടും ചിരിയോടും വിട ചൊല്ലി വിയർക്കാനാരംഭിച്ചതാണ് ടീച്ചറെ. ഇനി എല്ലാ പ്രതീക്ഷയും ഇവ

ളിൽ തന്നെ. പട്ടണത്തില് കടയിൽ പണിക്കു പോയാൽ കുറച്ചൂടെ പൈസ കി ട്ടും. പക്ഷെന്റെ കുട്ടി വൈകും വരെ തനിച്ചാകുലോ. അതാ ഈ പറമ്പു പണിയും, തൊഴിലൊറപ്പും, കന്നിനെ നോട്ടവുമായി അടുത്തും പുറത്തും മാറി മാറി നടക്കുന്നെ. ഒരൊന്നൊക്കെ കേൾക്കുമ്പോ ഉള്ളിലൊരു ആധിയാ..'

സീത തന്റെ അഗ്നി പരീക്ഷകളെ അക്കമിട്ടു നിർത്തിയതും മഴയും തുള്ളിയിട്ടു. മറിയ പ്രാവുകളുടേത് പോലെ കളങ്കം ഇല്ലാത്ത കർത്തുവിന്റെ കണ്ണുകളിലേക്ക് നോക്കി. നിറം മങ്ങിയ ചുറ്റുപാടുകളിൽ നിന്ന് വരുന്ന ആ കുട്ടിയുടെ കണ്ണിലെ വെളിച്ചം അമ്പരപ്പിക്കുന്നതായിരുന്നു. ഒരമ്മയുടെ പ്രതീക്ഷയുടെ തിളക്കം ആണതെന്നു മറിയക്കു തോന്നി. ആ വൈകുന്നേരം രണ്ടു സെന്റ് കോളനി വിടുമ്പോൾ മറിയയുടെ മനസ്സു കനം കൊണ്ട് തൂങ്ങി. കാലങ്ങൾക്ക് അപ്പുറത്ത് നിന്നു മനം പിരട്ടുന്ന ഓർമകൾ, മുഖങ്ങൾ, ചിന്തകൾ എല്ലാം ഉള്ളിൽ തിങ്ങുന്ന പോലെ. എട്ടാം തരം കഴിഞ്ഞുള്ള മധ്യ വേനലവധി. പുതു ഞായറാഴ്ച,മലയാറ്റൂർ പെരുനാൾ കൂടാൻ കുഞ്ഞമ്മാമ്മയുടെ വീട്ടിലേക്കുള്ള പോക്ക് എന്നും ഹരമായിരുന്നു. മല ചവിട്ടൽ, മേളങ്ങൾ, ബലൂണുകൾ, ചുണ്ടു ചോപ്പിക്കുന്ന മുട്ടായികൾ, കുപ്പി വളകൾ. മൂന്നു നിലയുള്ള ഒരു മാളികപ്പുരയായിരുന്നു കുഞ്ഞമ്മാമ്മയുടെ പുര. എല്ലാ പുതു ഞായറിനും ചാർച്ചക്കാരെല്ലാം കൂടി ഒരു മേളം. അടുത്തതും അകന്നതുമായ പല ബന്ധക്കാർ. കുട്ടികൾക്ക് കളിച്ചിരി പൂരം.

സാറ്റ് കളിക്കുന്നതിനിടയിൽ തട്ടിന്റെ മുകളിലൊളിക്കാൻ പോയ തന്നെ അവിടുള്ള പത്തായ പുരയിലേക്ക് വലിച്ചിട്ടു ദേഹമാകെ പരതി മുലഞെട്ടുകൾ ഞരടിയ പരുക്കൻ കൈകൾ ആരുടേതായിരുന്നു. മറ്റേ കൈ കൊണ്ട്തന്റെ മൂക്കുംവായും പൊത്തിപിടിച്ചയാളുടെ വിയർപ്പിന്റെ ചൂരും കിതപ്പും ഇപ്പോളും ഉള്ളിലുണ്ട്. താൻ മരിക്കാൻ പോവുകയാണെന്ന് തന്നെ കരുതി. കാർന്നോ ന്മാരുടെ സുകൃതം.. ആ നേരം അമ്മേടെ ആങ്ങള കുഞ്ഞച്ചൻ എന്തിനോ തട്ടുമ്മേളിലെക്കു വന്നത്. മരഗോവണിയുടെ കടപട ശബ്ദം കേട്ടു ആ രൂപം തന്നെ വിട്ടു പാഞ്ഞു പോയത്.

ഉള്ളിൽ നിന്നു തന്റെ തേങ്ങൽ കേട്ടു ഓടി വന്നു .കുഞ്ഞച്ചൻ';ഇവിടെ അപ്പിടി ഇരുട്ടല്ലേ മറിയ ക്ടാവേ, ഇവിടൊന്നും ഒളിക്കരുത് ട്ടാ ' എന്നു പറഞ്ഞു കൂട്ടി കൊണ്ടു പോന്നത്. ആ രാവിൽ പനിച്ചു പിച്ചും പേയും പറഞ്ഞു ഉറക്കെ കരഞ്ഞത്. പിന്നീട് മലയാറ്റൂർ ചവിട്ടിയില്ല. എന്നിട്ടും ഇന്നും ഓർമകൾ ചവിട്ടി തേച്ചു നോവിക്കുന്നത് നിർത്തിയിട്ടില്ല.

ആരോടും പറയാനാവാത്ത വേദനകൾ, ചിതാ ഭസ്മം പോലെ പുഴയിലൊഴുക്കി കളയേണ്ടവ, ഇന്നും മനസ്സിന്റെ ഉള്ളിൽ തിണർത്തു കിടക്കുന്നു.

കാർത്തികയുടെ വീട്ടിൽ നിന്ന് വന്ന രാത്രി ഏറെ കനമുള്ളതാണെന്നു മറിയക്കു തോന്നി. ചില ഓർമ്മകൾ കാലമെത്ര കഴിഞ്ഞാലും പഴയ അതേ ഊക്കോടെ നമ്മെ വേദനിപ്പിച്ചു കൊണ്ടിരിക്കും. അന്ന് രാത്രി മറിയ ടീച്ചറിനു പനിച്ചു. ജ്വരചൂടിൽ കണ്ണിൽ പത്തായപുരയിൽ ഇരുട്ടിൽ സീതയും കാർത്തുവും ക്ലാസ്സിലെ മറ്റു കുട്ടികളും തെളിഞ്ഞു. പല കാലങ്ങളിൽ പല ദേശങ്ങളിൽ പത്തായ പുരകളിൽ ഇരുളിൽ കശക്കി എറിയപ്പെടുന്ന രൂപങ്ങൾ. ആണും പെണ്ണും. ചോര വീണു നനഞ്ഞ മണ്ണിൽ ഉരുവാകുന്ന അനേകം കുഞ്ഞുങ്ങൾ.

**അപ്പൻ അങ്ങനെ ചെവിട്ടോർമ പോലെ പറഞ്ഞതു കൊണ്ടാവണം ഓരോ തവണ ഹാജർ പട്ടിക എഴുതുമ്പോഴും പേരുകളുടെ വിത്തും മുളയും ധ്യാനിച്ചു പീഡാനുഭവങ്ങൾക്കു സാക്ഷ്യം വഹിച്ചു കുരിശിന്റെ വഴിയേ കർത്താവിനെ അനുഗമിച്ച മാതാവിനെ പോലെയാകും മറിയ. ഒരു മഷിപ്പാട് പോലും വെറുതെയായി പോകരുതെന്ന ആലോചനയാൽ ഓരോ പേരും എഴുതുമ്പോൾ വചനപ്പെട്ടിയിൽ അടുക്കി വച്ചിരിക്കുന്ന വേദപുസ്തക വാക്യങ്ങൾ ധ്യാനിക്കും വണ്ണം അവർ ചിന്തകളുടെ കുരുക്കിൽ പിടയും. ഓരോ ഹാജർ പുസ്തകവും ഓരോ ഇതിഹാസമാണെന്ന അരുളപ്പാട് ഉള്ളിൽ ഉരുവമെടുക്കാൻ തുടങ്ങീട്ടു കാലം കുറെ ആയിരിക്കുന്നു.**

തന്റെ ഉള്ളിലും ഒരു കാർത്തു... അലറി ക്കൊണ്ടു ടീച്ചർ ഞെട്ടി എണീറ്റു കിതച്ചു. പിന്നീടങ്ങോട് ഓരോ ദി വസവും ഹാജർ വിളിക്കുമ്പോൾ മറിയ ജാഗരൂകയായി.. 'ഒല്ലൂർ മാലാഖയെന്റെ കുട്ടികൾക്ക് കേടൊന്നും വരുത്തല്ലേ 'എന്നായി പിന്നീടുള്ള നാളുകളിൽ സുകൃത ജപം.

കാർത്തുവിനെ ചുറ്റി ഉഴിയും മിക്കവാറും കണ്ണുകൾ. സീതയുടെ ഒരംശം തന്നിൽ കുടി കൊള്ളുന്നുണ്ടെന്നു വെറുതെ തോന്നാൻ തുടങ്ങി. ഉറക്കം വഴി തെറ്റി കിടക്കുമ്പോൾ മറിയ ആലോചിച്ചതത്രയും അനാഥ മന്ദിരങ്ങളിൽ എന്തേ പ്രാവുകൾ കൂടു വക്കാത്തതെന്നായിരുന്നു.

കുംഭം പകുതിയായപ്പോ കുഞ്ഞമ്മിണി അമ്മായിയെ കർത്താവ് വി ളിച്ചു. തന്റെ ക്ലാസും ഹാജർ പട്ടികയും സഹപ്രവർത്തക ട്രീസ ടീച്ചറെ ഏല്പിച്ചു നാട്ടിലേക്കുള്ള വണ്ടി പിടിച്ചു.ഏറെ കാലം കൂടി തറവാടും തൊടിയും ഇടവകപള്ളിയും, നാട്ടു വഴികളും കാർന്നോന്മാരുറങ്ങുന്ന കല്ലറയും ഒക്കെ കണ്ടു. ഓർമകൾ



പൂത്തു നിന്നു. മരിച്ചടക്കിന് വന്ന അന്നകുട്ടിക്കൊപ്പം ജനിച്ചു വളർന്ന വീട്ടിൽ കുറച്ചു ദിവസങ്ങൾ. മുൻപെങ്ങും തറവാട്ടിൽ മറിയ പ്രാവുകളെ കണ്ടിട്ടില്ല.പക്ഷെ ഈ വരവിൽ മച്ചിന്റെ അരികിലും ഓടിറമ്പിലുമൊക്കെ പ്രാവിൻ കൂടുകൾ കണ്ടു. സുരക്ഷിതത്വം പോലൊന്നു തന്നെ പൊതിയുന്നത് മറിയ അറിഞ്ഞു.

അപ്പന്റെയും അമ്മയുടെയും മണവും സ്പർശവും അവിടൊക്കെ നിറഞ്ഞു നിന്നു. കുരിശുവര കഴിഞ്ഞു ഒന്നും രണ്ടും പറഞ്ഞിരിക്കുമ്പോളാണ് വല്യപ്പന്റെ മോൻ മത്തായി ചേട്ടൻ കയറി വന്നത്.

> വിശ്വ വിഖ്യാതമായ പുസ്കങ്ങളെക്കാൾ, ചരിതങ്ങളെക്കാൾ ഒരുപടി മുകളിലാണ് ഒരു ഹാജർ പുസ്തകം എന്നാണ് മറിയ ടീച്ചറുടെ മതം. ജീവനുള്ള മനുഷ്യരെ അതും കുഞ്ഞുങ്ങളെ രേഖപ്പെടുത്തുന്നത്, അപ്പൻ പറയും പോലെ ധ്യാനിച്ചോർമ്മിച്ചു കുറിക്കുന്നത് വൃഥാ കർമം അല്ല തന്നെ.

'ഏതായാലും അമ്മായീടെ കാലം കഴിഞ്ഞു. ഇനിയിപ്പോ ഇതൊക്കെ ആരുനോക്കി നടത്തുന്ന കരുതീട്ടാ... ഒരു കാര്യം ചെയ്യടി മറിയ കൊച്ചേ... ഒരു ന്യായവിലക്ക് നീയത് എനിക്ക് തന്നേരെ...

ശവുരു ഏളാപ്പന്റെ കാലം മുതലേ ഞാൻ മോഹിച്ച മണ്ണാ ഇതു... നിനക്കാ ണെ മാസാമാസം കൈ നിറയെ ശമ്പളം കിട്ടൂല്ലേ... പോരാത്തെന് പെൻഷനും... നിനക്കെന്തിനാ മണ്ണ്?' മുള പൊട്ടി വേരോടിയ മണ്ണിൽ നിന്നും പെണ്ണിനെ പിഴുതു കളയാൻ എല്ലാ വർക്കും എന്തു തിടുക്കമാണെന്നോർത്തു മൗനം പൂണ്ടു മറിയ. തിരുവ

സ്ത്രം മാടി കുത്തി അന്ന ചീറിയെണീറ്റു.

'അതേ മാത്തെട്ടോ ,ഇതേ, ഞങ്ങടപ്പന്റെ വേർപ്പ് വീണ മണ്ണാണ്.. ഏതായാലും മറിയേടെ കാലത്തോളം വിൽക്കാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല.. അതിനു വച്ച വെള്ളം അങ്ങുവാങ്ങി വച്ചേരേ.''ഉവ്വുവ്വ കാണാം 'എന്നു പിറുപിറുത്തു കൊണ്ട് അയാൾ ഇറങ്ങി പോകവെ പണ്ടൊരു ഇരുളിൽ തന്നെ വിഴുങ്ങാൻ വന്ന വിയർപ്പിന്റെ ഗന്ധം മറിയക്കനുഭവപ്പെട്ടു.

'നീയെന്തിനാ അന്നേ അയാളോട് കയർത്തെ..അല്ലേലും നമുക്കെന്തിനാ മണ്ണ്..?' 'ഓ പിന്നെ പണ്ട് ദേവാലയം കയ്യേറിയപ്പോ യേശു ക്രിസ്തു ചാട്ടവാർ എടുത്തിട്ടില്ലേ.. അതു പോലെ തന്നെ..'

'നീയെന്തിനാ പെണ്ണേ കർത്താവിന്റെ മണവാട്ടിയായെ..? നിനക്കെങ്കിലും ഒരു കുടുംബം ഉണ്ടാരുന്നെ ഇപ്പൊ മണ്ണും ചോദിച്ചു ആളു വരുമാരുന്നോ ?'

'എടി മറിയ കൊച്ചേ... കർത്താവിന്റെ ആളായോണ്ട ഇപ്പൊ നിനക്കു വേണ്ടി ഒച്ചയുണ്ടാക്കാൻ പറ്റിതു...

മനുഷ്യരുടെ കൂടെ ആരുന്നെ എന്റെ മറിയ തനിച്ചായി പോവില്ലാരുന്നോ... എശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ പറയും വണ്ണം നിനക്കായി ഒരു രക്ഷകൻ പിറക്കും. അന്നോളം നിഴലായി ഞാനുണ്ടാവും.'

**ടീച്ചറും കാർത്തുവും കോലായിലേക്കു കയറിയപ്പോൾ ഒരു മുപ്പതുകാരി ഓടിക്കിതച്ചു വന്നു. മുഖത്തെ ചേറും പൊടിയും വിയർപ്പും അവർ തിരക്കിട്ട പണിയിൽ ആയിരുന്നു എന്ന് വി ളിച്ചു പറഞ്ഞു. തന്റെ മകളാകാൻ പ്രായമുള്ള ഈ സ്ത്രീയാണ് കാർത്തികയുടെ അമ്മയെന്ന തിരിച്ചറിവിൽ ടീച്ചർ തരിച്ചിരുന്നു.**

അന്ന് ഏറെ കാ ലത്തി നു ശേഷം മറിയ ഉറങ്ങി. സ്വപ്നങ്ങളില്ലാത്ത സുഖ നിദ്ര പിറ്റേന്ന് അന്നകുട്ടി അവിടുള്ള അവരുടെ മഠത്തിൽ കൃഷി നടത്തുന്ന കുഞ്ഞുവർക്കിയെ വീടും തൊടിയും നോക്കാൻ ഏർപ്പാടാക്കി. ഇനിയുള്ള അവധികൾക്കെങ്കിലും വീട്ടിൽ വന്നു താമസിക്കാൻ മറിയയെ ചട്ടം കെട്ടി.

'ഇല്ലേ നമ്മുടെ അപ്പന്റെ വിയർപ്പിന്റെ ഫലത്തിൽ അർഹതയില്ലാത്ത കൈകകൾ വിളയാടുമെന്നു'പറഞ്ഞപ്പോൾ തന്റെ ശരീരത്തി ലൂടെ ഇരുളിൽ ഇഴഞ്ഞു നീങ്ങിയ പരുക്കൻ വിരലുകളുടെ ഓർമ്മയിൽ മറിയ പുളഞ്ഞു.

അമ്മായി മരിച്ചതിന്റെ ഏഴു കുർബാനയും ഒപ്പീസും, അന്നദായും കഴിഞ്ഞ് പള്ളിക്കൂടത്തിലെത്തിയതാണ്. ' ഇത് എന്തൊരു ഇരിപ്പാ എൻറെ മറിയ ടീച്ചറെ, രജിസ്റ്റർ എഴുതി കഴിഞ്ഞില്ലേ ?'

ട്രീസ ടീച്ചറുടെ ശബ്ദം ഓർമകളെ കുടഞ്ഞെറിഞ്ഞുപോയ മാസത്തെ ഹാജർ കണക്കു വെറുതെ മറച്ചു നോക്കി. കാർത്തുവിന് നേരെ ചുവപ്പു വീണിരിക്കുന്നു. അവർ ആകെ ഉലഞ്ഞു പോയി. പല ചതുരങ്ങളിലായി പടർന്നു കിടക്കുന്ന ചോപ്പിന് ചോരയുടെ ചൂരുണ്ടെന്നു മറിയക്കു തോന്നി. ഒരു വേള തന്റെ ശ്രദ്ധ രണ്ടു സെന്റ് കോളനിയിലെ ഒറ്റ മുറി വീട്ടിൽ നിന്ന് മാറി പോയതിൽ അവർ കുണ്ഠിതപ്പെട്ടു. ഹാജർ പുസ്തകത്തിൽ ഒരു പേര് പോലും കുറിക്കാനാവാതെ വിരലുകളിൽ തളർച്ച മുറ്റി.

കുരിശേറ്റത്തിനു മുൻപ് ഗദ്സമീനും ഒലിവ് മലയും ഉണ്ടായിരുന്നുവെന്ന് വെറുതെ ഓർത്തു.ഓരോ പേരും മനസ്സിരുത്തി ധ്യാനിച്ചു.. കഥകളും ഉപകഥകളും കനിവോടെ മനസിൽ സംഗ്രഹിച്ചു.

'ന്റെ കർത്താവേ നീയെന്നെ ഏല്പിച്ചതിൽ ഒന്നു പോലും പുഴുക്കുത്ത് എറ്റു പോകാ തിരിക്കണേ 'എന്നു ഉള്ളു നൊന്തു പ്രാർത്ഥിച്ചു.

രണ്ടു സെന്റ് കോളനിയിലെ ഒറ്റ മുറി വീട്ടിൽ വണു പോയത് കാർത്തുവല്ല സീതയായിരുന്നു. ഇനി ഒന്നും ചെയ്യാനില്ലെന്നു കൈ മലർത്തി വൈദ്യ ശാസ്ത്രം. ഒരുപാട് കുഞ്ഞുങ്ങൾക്കായി ചുരത്തേണ്ടിയിരുന്ന തന്റെ ഇടതുമാറുചീന്തിയെടുത്ത അതേ വ്യാധി തന്നെ മറ്റൊരു പെണ്ണിനേയും കീഴടക്കുന്നത് കണ്ടു മറിയ നിസ്സഹായയായി.

സമർത്ഥരെന്നും ധിഷണാ ശാലി കളെന്നും ഊറ്റം കൊള്ളുന്ന മനുഷ്യനെ ലജ്ജിപ്പിക്കാൻ തമ്പുരാൻ കണ്ടുപിടിച്ച എളുപ്പ വഴികളാണ് പല വ്യാ ധികളും എന്നു അപ്പൻ പറയാറുള്ളത് മറിയ ഓർത്തു.

'കാക്കയും പരുന്തും എറമുള്ളനും റാഞ്ചാതെ ഞാൻ കാത്ത കുഞ്ഞാണ് ടീച്ചറെ... പരീക്ഷയും അടുത്തു വരുന്നു...

ആയാസപ്പെട്ടു ശ്വാസമെടുത്തു കൊണ്ട്' സീത മന്ത്രിച്ചു.. മറിയ അതു കേട്ടില്ല. അപ്പന്റെ ശബ്ദം. അന്ന ഓതിയ പ്രവചനങ്ങൾ. അവർ സീതയുടെ വിരലിൽ തൊട്ടു.

അതൊരു ഉടമ്പടി ആയിരുന്നു. മുങ്ങി ചാവുന്നവന് കിട്ടിയ അവസാനത്തെ കച്ചി തുരുമ്പെന്ന പോലെ സീത മറിയ ടീച്ചറുടെ വിരലുകളിൽ മുറുകെ പിടിച്ചു. അന്ന് സന്ധ്യക്ക് ആ തുണ്ടു ഭൂമിയിലെ മണ്ണും വേലിക്കലെ ചപ്പണിഞ്ഞ ചെമ്പരത്തികളും ശീമകൊന്നകളെയും ഉപേക്ഷിച്ച് സീത ഒരു മൺകുടത്തിൽ വിശ്രമിക്കാനാരംഭിച്ചു.

കാർത്തു മറിയയുടെ ചിറകിൻ കീഴിലേക്കു, ശൂന്യമായ ഇടതു മാറിലേക്ക് ചേക്കേറി. മധ്യ വേനലവധികളെക്കുറിച്ചു ആകുലപ്പെടാത്ത, അധിനിവേശങ്ങളെ ഭയപെടാത്ത രാവുകളിലേക്കു, പ്രാവുകൾ കുറുകുന്ന തറവാട്ടിലേക്ക് മറിയ അവളുടെ പ്രാണനെ പറിച്ചു നട്ടു.





വര: പി ആർ രാജൻ

ഇ-മലയാളി IV
കഥാമത്സരം 2024

നവീന ഭാവുകത്വത്തിന്റെ ശില്പികൾ

രണ്ടാം സമ്മാനം നേടിയ കഥ

# വീട്



രാജീവ് ഇടവ

**രണ്ടാം സമ്മാനം നേടിയ രാജീവ് ഇടവ തിരുവനന്തപുരം ജില്ലയിലെ ഇടവ സ്വദേശി. പഠനത്തിനിടയിൽ ഇന്ത്യൻ ആർമിയിൽ ചേർന്നു. ഇപ്പോൾ കൊല്ലം പരവൂരിൽ താമസം. ആനുകാലികങ്ങളിൽ കഥകൾ എഴുതുന്നു. ആറ് കഥാസമാഹാരങ്ങളും എട്ട് നോവലുകളും പ്രസിദ്ധീകരിച്ചു**

ഒരു കൊച്ചുവീടായിരുന്നു സ്വപ്നം.അങ്ങനെയൊന്ന് ഉള്ളിൽ കുടിയേറിയത് എപ്പോഴാണെന്നറിയില്ല.ചില വായനകൾ,യാത്രകൾ,സിനിമകളൊക്കെയാകും.കൂടാരം പോലൊരെണ്ണം.നിറഞ്ഞ പച്ചപ്പിനിടയിലൊരു വീട്.നമ്മൾ അറിയാതെ ചില മോഹങ്ങൾ ഹൃദയത്തിൻറെ ഭാഗമാകും.ജോലി കിട്ടിയ കാലം മുതൽ അതിനുവേണ്ടിയുള്ള കരുതി വയ്ക്കൽ തുടങ്ങി.അച്ഛനോട് സ്വപ്നം പങ്കുവെച്ചു.

ഓഹരിവെച്ചിട്ടില്ലെങ്കിലും മറ്റൊരിടത്ത് അച്ഛൻ വാങ്ങിയിട്ടിരുന്ന പതിനഞ്ച് സെൻറ്

എഴുതി തന്ന് ഒപ്പം നിന്നു.വിവാഹം കഴിക്കും മുമ്പ് വീട് വയ്ക്കണമെന്ന സ്വപ്നം അങ്ങനെ യാഥാർത്ഥ്യമായി.

ആഗ്രഹിച്ചതുപോലെ കൊച്ചൊരു വീട്. പക്ഷേ കരുതി വെച്ചത് മതിയായില്ല വീട് പൂർത്തിയാക്കാൻ.ഒരു ലോൺ കൂടി വേണ്ടി വന്നു.സർക്കാർ ഉദ്യോഗസ്ഥനാണെന്നുള്ള ധൈര്യമായിരുന്നു അതിനു പിന്നിൽ.

വിവാഹ ശേഷമാണ് സ്വപ്നകൂടാരം ചെറുതായിപ്പോയെന്ന തോന്നലുണ്ടായത്.വൈദുവിനായിരുന്നു ആ തോന്നൽ. ചില ഉദാഹരണങ്ങളും നിരത്തി.വീട് എന്ന അവളുടെ സങ്കൽപ്പം പങ്കുവെച്ചപ്പോൾ വാ പൊളിച്ചിരുന്നു.അവൾ പറഞ്ഞത് പലതും ശരിയുമായിരുന്നു.അല്ലെങ്കിലും ജീവിതപങ്കാളിയുടെ ആഗ്രഹങ്ങൾക്കും ചെവി കൊടുക്കേണ്ടതുണ്ട്.ഒരു കളർഫുൾ മാസിക മുന്നിലേക്കിട്ടുകൊണ്ട് വൈദു പറഞ്ഞു.

വിവാഹ ശേഷമാണ് സ്വപ്നകൂടാരം ചെറുതായിപ്പോയെന്ന തോന്നലുണ്ടായത്.വൈദുവിനായിരുന്നു ആ തോന്നൽ. ചില ഉദാഹരണങ്ങളും നിരത്തി. വീട് എന്ന അവളുടെ സങ്കൽപ്പം പങ്കുവെച്ചപ്പോൾ വാ പൊളിച്ചിരുന്നു.അവൾ പറഞ്ഞത് പലതും ശരിയുമായിരുന്നു.അല്ലെങ്കിലും ജീവിതപങ്കാളിയുടെ ആഗ്രഹങ്ങൾക്കും ചെവി കൊടുക്കേണ്ടതുണ്ട്

''ഇതൊക്കെയൊന്ന് നോക്ക്'ആഡംബര വീടുകളുടെ ഒരു പ്രളയമായിരുന്നു ആ മാസിക നിറയെ. ''എന്താ തോന്നുന്നില്ലേ ഈ വീടൊരു കോഴിക്കൂടാണെന്ന്'' തിളച്ചു പൊന്തിയ ദേഷ്യം ഷിബിൽ അടക്കി നിർത്തി.തൻറെ സ്വപ്നത്തെയാണ് അവൾ പുച്ഛിച്ചത്.

''ഭാര്യ പറയുന്നതിനും ചെവി കൊടുക്കണം.ജീവിതപങ്കാളിയെന്നു പറയുന്നത് വീട്ടുജോലിക്കാരിയല്ല.അഭിപ്രായങ്ങൾ ശരിയെന്നു തോന്നിയാൽ അംഗീകാരിക്കുകയും അല്ലെങ്കിൽ തിരുത്തുകയും വേണം''

അച്ഛൻറെ ഉപദേശം ഓർത്ത് നിശ്ശബ്ദനായിട്ടും അവൾ ആവർത്തിച്ചപ്പോൾ ഒരു ദിവസം സഹനം കൈവിട്ടു.അതൊന്നും നടക്കില്ലെന്നും നിൻറെ താളത്തിനൊത്ത് തുള്ളാനാകില്ലെന്നും തുറന്നടിച്ചു. എന്നിട്ടും അവൾ വിടാൻ ഭാവമില്ലെന്നവിധം അധികാരഭാവത്തിൽ സംസാരിച്ചു.സഹിച്ചില്ല.സമനില തെറ്റി അവൾക്കുനേരെ കൈയോങ്ങി.അച്ഛൻറെ സാന്നിധ്യത്തിലായതുകൊണ്ട് ചെകിട് പുകഞ്ഞില്ല.ഒരാഴ്ച അക്കാര്യം പറഞ്ഞ് മിണ്ടാട്ടമില്ലാതെ രണ്ടിടത്തായി ഉറങ്ങി.പുറത്ത് നിന്നായി ഷിബിലിൻറെ ഭക്ഷണം.അതിനൊരു മാറ്റം വന്നത് അച്ഛനെയും കൊണ്ട് ഹോസ്പ്പിറ്റലിൽ ചെക്കപ്പിന് പോയ ശേഷം.

ഉപദേശത്തിൻറെ കെട്ടഴിച്ചു അച്ഛൻ.

അനാവശ്യമായി ഒരു കാര്യത്തിലും ഇടപെടുന്ന ആളല്ല.മക്കളായാലും അവർ ക്ക് അവരുടേതായ ജീവിതമുണ്ടെന്നും അവർ ജീവിക്കട്ടെയെന്നും കരുതുന്നൊരാൾ.എടുത്തുചാട്ടങ്ങളൊക്കെ അങ്ങനെയാണ് തിരുത്താൻ തുടങ്ങിയത്.

''വൈദുവിൻറെ വീടൊരു ബംഗ്ലാവെന്നു വേണമെങ്കിൽ പറയാം.അവിടെ വളർന്ന കുട്ടിയ്ക്ക് ഇതാരു കോഴിക്കൂടായി തോന്നിയതിൽ തെറ്റില്ല''

അപ്പോൾ തെറ്റുകാരൻ താനാണ്. ഷിബി ൽ ഉള്ളിലൂറി വന്ന ദേഷ്യം കടിച്ചിറക്കി അച്ഛനെ കേട്ടു.

ഉള്ള് കാളുന്ന കാര്യങ്ങൾ അവൾ തുടർന്നുകൊണ്ടിരുന്നു.സഹികെട്ട് ഒരിക്കൽ അച്ഛനോട് അവളുടെ സ്വഭാവത്തെക്കുറിച്ച് വേവലാതിയോടെ പങ്കുവെച്ചു.

''ആലോചിച്ച് വേണ്ടതെന്താണെന്ന് വെച്ചാ ചെയ്യുക. ദാമ്പത്യജീവിതം നല്ല രീതിയിൽ തുടരട്ടെ''

ഒഴുക്കൻ മട്ടിൽ പറഞ്ഞു നിർത്തിയ അച്ഛനെ അമ്പരപ്പിൽ നോക്കി.പതിയെ അച്ഛൻ ഇടയ്ക്കിടെ തരാറുള്ള ഉപദേശം നിർത്തി.വലിയൊരു ഞെട്ടൽ സമ്മാനിച്ചുകൊണ്ട് ഒരു സുപ്രഭാതത്തിൽ അമ്മയെയുംകൊണ്ട് അച്ഛൻ കുടുംബവീട്ടിലേക്ക് മാറി.

''ഇതെന്താ പെട്ടെന്നൊരു തിരുമാനം''

''ഒറ്റയ്ക്ക് ജീവിക്കുമ്പോഴെ ജീവിതം പഠിക്കൂ.ഞങ്ങൾക്ക് വലിയ ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലല്ലോ.മാത്രമല്ല എപ്പോ വേണമെങ്കിലും വരാം.തറവാട് ചിതലെടുത്തു തുടങ്ങി'' വീട്ടിൽ കൊണ്ടുവിട്ട് പോരുമ്പോൾ അച്ഛൻ തോളത്ത് കൈയിട്ടുകൊണ്ട് പറഞ്ഞു. ''നീ ഞങ്ങളെ ഓർത്ത് ബേജാറാകണ്ട.

നിൻറെ പെങ്ങൾ ഇവിടെ അടുത്തുണ്ടല്ലോ.അവളുടെ പരാതിയും തീരും.മോനോടാണ് സ്നേഹകൂടുതലെന്നല്ലേ പരാതി''

അല്പം ആശ്വാസമുണ്ടായിരുന്നതും ഇല്ലാതായി.അല്ലെങ്കിലും കഷ്ടകാലം വരുമ്പോൾ ഒപ്പമുള്ളവരും കളഞ്ഞിട്ട്പോകും . അവർ തമ്മിലുള്ള വാക്പ്പോരിന് സാക്ഷിയാകാനുള്ള ശേഷി അവർക്കുണ്ടാകില്ല.അവർ പോയതിനുശേഷം കൂടുതൽ സ്വതന്ത്രയായതുപോലെയായിരുന്നു അവളുടെ പെരുമാറ്റം.ഷിബിൽ അക്ഷരാർത്ഥത്തിൽ തകർന്നു.

''ഇന്നത്തെ കാലത്ത് ഇത്രയും ചെറിയ അടുക്കളയോ'' അമ്പരപ്പിൽ വൈദു ചോദിച്ചു.ഇനി അതും ഇടിച്ചുപൊളിച്ച് വലുതാക്കേണ്ടി വരുമോ.മടിശീലയിൽ കനമില്ല.അതു കൊണ്ട് വർക്കേരിയയിൽ അവൾക്ക് തൃപ്തിപ്പെടേണ്ടി വന്നു. കുറച്ചൊന്നുമായിരുന്നില്ല അതിനുപിന്നിലെ പിറുപിറുക്കൽ.സ്വന്തമായി വരച്ചുണ്ടാക്കിയ പ്ലാനിലായിരുന്നു വീട് വെച്ചത്.ചുറ്റും വൃക്ഷങ്ങൾ കൊണ്ട് നിബിഡം.അതിനുള്ളിൽ ഒരു കൂടാരം.പലരും ആ വീടിനെ കുറിച്ച് വാതോരാതെ പറഞ്ഞിടത്താണ് കോഴിക്കൂടാണോയെന്ന ചോദ്യം.രണ്ട് മുറിയും അടുക്കളയും ഹാളും.കോമണായി ഒരു ടോയ്‌ലറ്റും.ഒരു കുടുംബത്തിന് താമസ്സിക്കാൻ അതു തന്നെ ധാരാളം.ഡൈനിംഗ് ഹാളിൽ നിന്ന് ടോയ്‌ലറ്റിലേക്ക് കയറാം.

ഒരു ദിവസം അക്കാര്യം പറഞ്ഞാണ് വൈദു തുടങ്ങി

യത്. ''ഇന്ന് കോമൺ ടോയ്‌ലറ്റൊന്നുമില്ല.മുറികളിലാണ് ടോയ്‌ലറ്റ് വേണ്ടത്.രാത്രിയിൽ വാതിൽ തുറന്ന് ഇറങ്ങി പോകാനൊക്കെ എന്തോരം ബുദ്ധിമുട്ടാണ്.മുറിയിലാകുമ്പോൾ ആ ഒരു പ്രശ്നമില്ല.ഭാവിയിൽ കൂടുതൽ ഉപകരിക്കുകയും ചെയ്യും.ഒന്ന് കിടപ്പായാൽ ആരാണ് താങ്ങിയെടുത്തു കൊണ്ട് പോകാൻ''

ദൈവമേ.ഉള്ള് കാളി അവൻ വിളിച്ചു.അസഹ്യമായ വേദനകൊണ്ട് പുളഞ്ഞു.എന്തൊക്കെ അസംബന്ധമാണ് അവൾ പറയുന്നത്.

''ഇതുവരെ അങ്ങനെയൊക്കെയായിരുന്നില്ലെ.നമുക്ക് ഈ സൗകര്യങ്ങളിലൊക്കെയങ്ങ് ജീവിക്കാം''

അങ്ങനെ പറയണമെന്ന് വിചാരിച്ചിട്ട് നടന്നില്ല.ശരീരബലം ചോർന്നുപോകുന്നു.സന്ധികൾ ദുർബ്ബലപ്പെടുന്നതുപോലെ.തനിക്ക് എവിടെയൊക്കെയോ തകരാറ് സംഭവിച്ചിട്ടുണ്ടെന്ന് ഷിബിലിന് തോന്നി.അവൾക്ക് മുന്നിൽ മറുപടി പറയാനാകാത്തൊരവസ്ഥ. പറഞ്ഞാൽ വഴക്കിലെ അവസാനിക്കൂ.മരണതുല്യമാണ് സമാധാനമില്ലാത്ത ജീവിതം.സ്ത്രീധനത്തിനോട് താല്പര്യമില്ലാത്ത അച്ഛൻ പെണ്ണാണ് ഞങ്ങൾക്ക് ധനമെന്ന് പറഞ്ഞാണ് വൈദുവിനെ കൊണ്ടുവന്നത്.

പക്ഷേ അവൾ വന്നത് നിറയെ സ്വർണ്ണമിട്ടും.ആവശ്യം വന്നപ്പോൾ അതൊന്ന് പണയംവെച്ചാലോയെന്നു ചോദിച്ചു.

''പെണ്ണിൻറെ വീട്ടുകാരിട്ടത് പണയംവെച്ചും വിറ്റും ചിലവാക്കുന്നത് ആണത്തമല്ല.എന്തിനാ ഇപ്പോൾ അതിനെ കുറിച്ചൊക്കെ ചിന്തിക്കുന്നത്.നമുക്ക് അല്ലാതെ തന്നെ എല്ലാം ശരിയാക്കാമെന്നെ''കഠാരയുടെ മൂർച്ചയുണ്ടായിരുന്നു അവളുടെ വാക്കുകൾക്ക്.എത്ര ലാഘവത്തോടെയാണ് അവൾ ഒഴിഞ്ഞുമാറിയത്.

വാക്കുകൾ കൊണ്ടുള്ള ചില മർദ്ദനങ്ങൾ മാരകമാകാറുണ്ട്.ദേഷ്യത്തിൻറെ ആധിക്യത്തിൽ ഷിബിൽ വിടാൻ തയ്യാറായില്ല.

''നമ്മൾ ഇങ്ങനെ രണ്ടാള് മാത്രമായിട്ട് ജീവിക്കാനല്ലല്ലോ തീരുമാനം.നമുക്കിടയിൽ ഒന്നോ രണ്ടോപേർകൂടി വരും.ഇതൊക്കെയെടുത്ത് ഇപ്പോഴെ പണയംവെച്ചാൽ അന്നേരം എന്തു ചെയ്യും''

വിവാഹം കഴിഞ്ഞിട്ട് രണ്ടുവർഷം കഴിഞ്ഞു.ഇനിയും അക്കാര്യത്തിലൊരു തീരുമാനമായിട്ടില്ല.ഒന്ന് ഗാഢമായി പുണർന്ന ഓർമ്മപോലും ഷിബിലിനില്ല.

''കുറച്ചുകാലം അടിച്ചുപൊളിച്ച് നടന്നിട്ട് പോരെ കുഞ്ഞുങ്ങളൊക്കെ'' ആദ്യകാലത്ത് അവൾ അങ്ങനെ പറഞ്ഞപ്പോൾ ശരിയെന്നുതോന്നി.പിന്നീട് ഒരു താല്പര്യവും അക്കാര്യത്തിൽ വൈദുവിൽ നിന്നുണ്ടായിട്ടില്ല. ചിലപ്പോഴൊക്കെ തോന്നും കല്ല്യാണം കഴിക്കേണ്ടിയിരുന്നില്ലെന്ന്.പൊരുത്തപ്പെടുക കഠിനം.അസാധാരണമായ ഒച്ചയും അനക്കവും കൊണ്ട് ആ വീട് ഇപ്പോൾ അവന് അപരിചിതമായി തോന്നി തുടങ്ങി.അവളുടെ സ്വഭാവത്തിനൊപ്പം ചേർന്നു ജീവിക്കാൻ അവനെ കൊണ്ട് കഴിഞ്ഞില്ല. വിവാഹത്തിനുമുമ്പ് ജീവിതമെന്തെന്ന് മനസ്സിൽ പാകപ്പെടുത്തിയെടുത്തതൊക്കെ ഒന്ന് ആലോചിച്ചെടുക്കാനുള്ള ധൈര്യവും ആവിയായി.സമ്പത്തികമാണ് എല്ലാത്തിൻറെയും അവസാന വാക്ക്.പല ദിവസങ്ങളിലും അവന് ഉറക്കം നഷ്ടപ്പെട്ടു.

''ഇത് ഇപ്പോൾ ഭക്ഷണമേശയ്ക്കടുത്ത് ടോയ്‌ലറ്റ്.വരുന്നവർ എന്തു വിചാരിക്കും.ഗൗരവമായിട്ടൊന്ന് ആലോചിച്ചേ''

എന്ത് ആലോചിക്കാൻ.വരുന്നവരുടെ യൊക്കെ വീട്ടിൽ അങ്ങനെയൊക്കെത്തന്നെയാണ്.ആർക്കാണ് അറിയാത്തത് കോമൺ ടോയ്‌ലറ്റിനെ കുറിച്ച്.അതുതന്നെയായിരുന്നു രണ്ടുമൂന്ന് ദിവസം തലയ്ക്കകത്ത്.ഓഫീസിലെത്തിയാൽ സമാധാനമായിട്ടിരുന്ന് ജോലി ചെയ്യാൻ പറ്റാത്തൊരവസ്ഥ.ജീവിതത്തിൽ ഇതുവരെ അനുഭവിച്ചിട്ടില്ലാത്തൊരു മാനസ്സികാവസ്ഥയിലൂടെയാണ് ഷിബിൽ കടന്നുപോയത്.എപ്പോഴോ ഉള്ളിലൊരു തോന്നൽ രൂപപ്പെട്ടു.അവൾ പറയുന്നതിൽ നേരില്ലേ.ഭാവിയിൽ വയ്യായ്കയോ മറ്റോ ആയാൽ പെട്ടുപോകില്ലേ.വീട് വയ്ക്കുമ്പോൾ അങ്ങനെ ഒരു ചിന്ത ഉണ്ടായതേയില്ല.ആരും പറഞ്ഞതുമില്ല.

കോമൺ ടോയ്‌ലറ്റല്ലാതെ പുറത്തൊരെണ്ണമുണ്ട്. ശീലങ്ങൾ അത്ര പെട്ടെന്ന് മറക്കില്ലല്ലോ.കുടുംബവീട്ടിൽ നാൽപ്പത് സെൻറിൻറെ ഒരു മൂലയിലാണ് കക്കൂസ്.അത് പുരോഗമിച്ച് പുരോഗമിച്ച് കിടപ്പറയോളമെത്തി.എതിർത്ത് എന്തെങ്കിലും പറഞ്ഞാൽ പഴഞ്ചനാണെന്ന് മുദ്രകുത്തി പുച്ഛിക്കും.പുറത്തൊരെണ്ണമുണ്ടല്ലോയെന്ന് പറഞ്ഞാൽ ഭ്രാന്താണെന്നുവരെ പറഞ്ഞുകളയും.തികച്ചും അരോചകമായി തീർന്നു അവളുടെ സാന്നിധ്യം.

> **അച്ഛൻ ഇടയ്ക്കിടെ തരാറുള്ള ഉപദേശം നിർത്തി. വലിയൊരു ഞെട്ടൽ സമ്മാനിച്ചുകൊണ്ട് ഒരു സുപ്രഭാതത്തിൽ അമ്മയെയും കൊണ്ട് അച്ഛൻ കുടുംബവീട്ടിലേക്ക് മാറി.**

ആരെങ്കിലുമൊക്കെ വരുമ്പോൾ ടോയ്‌ലറ്റ് എവിടെയെന്ന് ചോദിച്ചാൽ, മുറിയിലേക്ക് ചൂണ്ടി കാണിക്കുമ്പോൾ കുതിച്ചുയരുന്ന അഭിമാനത്തെ കുറിച്ച് അവൾ പറഞ്ഞു.എന്ത് അഭിമാനമാണാ വോ ഉണ്ടാകുന്നത്? ഇതുവരെ അങ്ങനെയായിരുന്നില്ലല്ലോ.എന്നിട്ട് അഭിമാനത്തിനൊരു ക്ഷതവുമേറ്റില്ലെന്ന് പറയണമെന്നുണ്ടായിരുന്നു.പക്ഷേ സാധിച്ചില്ല. മേസ്ത്രിയെ വിളിച്ചു കാണിച്ചു.രണ്ടു മുറിയിലുമായി ടോയ്‌ലറ്റ് വേണമെങ്കിൽ നല്ലൊരു തുകയാകും.അപ്പോഴാണ് മേസ്ത്രിയോട് വൈദുവിൻറെ ചോദ്യം.

''അർജ്ജുനണ്ണാ കിഴക്ക് ഭാഗത്ത് കുറച്ച് സ്ഥലമുണ്ടല്ലോ.അവിടെ വീടിനോട് ചേർന്നൊരു മുറികൂടി പണിയാനാകില്ലേ'' ചെകിട്ടത്തൊരടിയേറ്റതുപോലെ ഷിബിൽ പിടഞ്ഞു.അക്കാര്യം പറഞ്ഞ് മുഷിഞ്ഞ് അന്ന് രണ്ട് മുറികളിലല്ല അവർ ഉറങ്ങിയത്.വൈദു തൻറെ വീട്ടിലേക്കുമടങ്ങി.ഒരു പഴഞ്ചനൊപ്പം ജീവിക്കാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞായിരുന്നു ഇറങ്ങിയത്.രണ്ടു ദിവസം കഴിഞ്ഞിട്ട് വരുമെന്ന് വിചാരിച്ചിട്ട് വന്നില്ല.ഷിബിലും അങ്ങോട്ട് ചെന്നില്ല.ഒരാഴ്ച

കഴിഞ്ഞപ്പോൾ അച്ഛൻറെ വിളി വന്നു.

''ഇങ്ങനെയൊക്കെ തന്നെയാണ് ജീവിതം.എല്ലാം ശരിയാകും.കാലത്തിനും സാഹചര്യത്തിനും അനുസരിച്ച് മാറണം. അവൾ മറ്റൊന്നുമല്ലല്ലോ പറയുന്നത്.നിങ്ങൾ താമസ്സിക്കുന്ന വീടിനെ കുറിച്ചല്ലേ'' അവളെ ന്യായികരിച്ച് അച്ഛൻ സംസാരിച്ചപ്പോൾ വിറഞ്ഞു കയറി.ഫോൺവെച്ചു.

അവളുടെ താളത്തിനൊത്ത് തുള്ളാൻ പണമാണ് വേണ്ടതെന്ന് അച്ഛന് അറിയാഞ്ഞിട്ടാണോ.സർക്കാർ ജോലിക്കാരന് കുറെ കിട്ടുമെന്നാകും വിചാരം.പിന്നീട് അച്ഛൻ പലവട്ടം വിളിച്ചിട്ടും എടുത്തില്ല.

ഉണ്ടായിരുന്ന ലോണിൻറെ കാര്യം മന:പ്പൂർവ്വം മറന്ന് മറ്റൊന്നുകൂടി തരപ്പെടുത്തി. ആരോടും ഒന്നും പറയാനോ,ചോദിക്കാനോ നിന്നില്ല.ഉള്ളിലെ അനിശ്ചിതത്വങ്ങൾ ആരും അറിയണ്ടെന്നു കരുതി.പണിതുടങ്ങി.അവൾ എങ്ങനെ അറിഞ്ഞെന്നറിയില്ല.ഒരു ഉളുപ്പുമില്ലാതെ കയറി വന്നു.വല്ലാത്തൊരു ജന്മം.പക്ഷേ ഷിബിലിൻറെ താളം തെറ്റുന്നത് ആരും കണ്ടില്ല.

കാണാൻ ശ്രമിച്ചില്ലെന്നതാണ് നേര്.ഒട്ടൊന്നുമല്ല അത് അവനെ വേദനിപ്പിച്ചത്.എല്ലാം ഉള്ളിലൊതുക്കി.അപ്പോഴും വൈദുവിൻറെ ഉള്ളിൽ പുതിയ പുതിയ ആശയങ്ങൾ കുരുപൊട്ടി. ലോണടവുകൾ കഴിഞ്ഞാൽ കൈയിൽ ഒന്നുമില്ലാത്തൊരു അവസ്ഥയോളമെത്തി.

''ഇതൊക്കെയൊന്ന് സെറ്റായിട്ട് മതി നമുക്ക് കുഞ്ഞുങ്ങൾ എന്ന് പറഞ്ഞതിൻറെ കാരണം ഇപ്പോൾ മനസ്സിലായോ.ആദ്യം നമുക്കൊരു അടിത്തറ വേണം''

മൂക്കിൽ പല്ലുമുളച്ചാലും അതുണ്ടാകുമെന്ന് തോന്നുന്നില്ല.പ്രതീക്ഷ മുഴുവൻ തന്നിൽ നിന്ന് വാർന്നുപോയ ഹതശനെപ്പോലെ അവൻ തല കുനിച്ചു.ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെ വരുമ്പോൾ പറയാറുണ്ട്.വൈദു വന്നതിനു ശേഷമാണ് വീടൊരു വീടായത്.കേൾക്കുമ്പോൾ നെഞ്ചെരിയും.അവർ കൊടുത്ത ക്രെഡിറ്റിൽ അഹങ്കാരത്തിൻറെ മേലാങ്കിയെടുത്ത് അവൾ അണിയും.

മനുഷ്യന് ഭ്രാന്ത് പിടിക്കുമ്പോഴാണ് അവളുടെ ഓരോരോ പരിഷ്ക്കാരം. എങ്ങനെയെങ്കിലുമൊക്കെ ഉന്തിത്തള്ളി പോകുമ്പോഴാണ് പുതിയൊരു ഐഡിയ യുമായി എഴുന്നള്ളി ഷിബിലിനെ തകർത്തുകളഞ്ഞത്.

''ഒരു നിലകൂടി പണിതാൽ വീട് ഗംഭീരമാകും.നമ്മുടെ നിലയ്ക്കും വിലയ്ക്കും ചേർന്നൊരു വീട്''

കുഴഞ്ഞ് വീണുപോകുമെന്ന് തോന്നി. സെറ്റിയിൽ തളർന്നിരുന്നു.ഭ്രാന്താണ് അവൾക്ക്. കൊല്ലാനുള്ള ദേഷ്യമുണ്ടായി .ധൃതിയിൽ ഇറങ്ങി നടന്നു.തിരിഞ്ഞു നോക്കിയില്ല.നോക്കിയാൽ ചിലപ്പോൾ പേടിച്ച് ശ്വാസം നിലയ്ക്കും.,ഒരു രാക്ഷസജന്മത്തെക്കണ്ട്.നഗരത്തിലൂടെ അലഞ്ഞുതിരിഞ്ഞു.,രാത്രി വൈകുവോളം.

മടങ്ങിയെത്തുമ്പോൾ അവൾ ടി വി യ്ക്ക് മുന്നിലുണ്ട്.വരവ് അറിഞ്ഞ് ടി വി ഓഫ് ചെയ്ത വൈദുവിനെ കണ്ട ഭാവം നടിക്കാതെ മുറിയിൽ കയറി വാതിലടച്ചു.

കിടന്നിട്ട് ഉറക്കം വന്നില്ല.നാല് മാസമായി ലോണടച്ചിട്ട്.ഒന്നല്ല.രണ്ടെണ്ണം.കൂടാതെ എൽ ഐ സി,ചിട്ടി.അങ്ങനെ എന്തൊക്കെ.ആലോചിച്ചിട്ട് ഒരെത്തും പിടിയും കിട്ടുന്നില്ല.അതൊന്ന് പങ്കുവയ്ക്കാൻകൂടി ആളില്ലാത്തൊരവസ്ഥ വലിയൊരു നീറ്റലായി മാറി.നെഞ്ച് വിങ്ങി.

കണ്ണുകൾ നിറഞ്ഞു.ഇന്നലെ ഓഫീസിലുള്ള സഹപ്രവർത്തകരോട് കുറച്ച് പണം കടം ചോദിച്ചു.നോക്കട്ടെയെന്ന് പറഞ്ഞ് അവർ മാറി നിന്ന് പറഞ്ഞതു കേട്ടപ്പോൾ കേൾക്കാൻ താൻ ജീവനോടെയില്ലായിരുന്നെങ്കിലെന്ന് ആഗ്രഹിച്ചു.ഓടി ബാത്റൂമിൽ കയറി കിതപ്പാറ്റി.ഭിത്തിയിൽ മുഷ്ടിചുരുട്ടി ഇടിച്ചു.ഒരിക്കലുമില്ലാത്തവിധം അവൻറെ കണ്ണുകൾ ചോർന്നൊലിച്ചു.

> **ഒന്ന് ഗാഢമായി പുണർന്ന ഓർമ്മപോലും ഷിബിലിനില്ല. "കുറച്ചുകാലം അടിച്ചുപൊളിച്ച് നടന്നിട്ട് പോരെ കുഞ്ഞുങ്ങളൊക്കെ" ആദ്യകാലത്ത് അവൾ അങ്ങനെ പറഞ്ഞപ്പോൾ ശരിയെന്നുതോന്നി. പിന്നീട് ഒരു താല്പര്യവും അക്കാര്യത്തിൽ വൈദുവിൽ നിന്നുണ്ടായിട്ടില്ല. ചിലപ്പോഴൊക്കെ തോന്നും കല്യാണം കഴിക്കേണ്ടിയിരുന്നില്ലെന്ന്.**

''പെണ്ണുംപുള്ളയുടെ താളത്തിനൊത്ത് തുള്ളുന്ന പെൺകോന്തൻ.എന്തിനാണായെന്തോ ഇങ്ങനെ ജീവിക്കുന്നത്'' അവൻറെ വികാരവിക്ഷോപങ്ങൾ നിയന്ത്രണാധീതമായി. വിതുമ്പി കരഞ്ഞു.ഒടുവിലെപ്പോഴോ ആ സങ്കടാവസ്ഥയ്ക്ക് വിരാമമായി.പതിയെ എഴുന്നേറ്റ് ജനാലയിലൂടെ പുറത്തേയ്ക്കുനോക്കി.നിലാവിനെ ഇരുട്ട് പുണരാൻ തുടങ്ങി.ഭയപ്പെടുത്തുന്നതെന്തോ സംഭവിക്കാൻ പോകുന്നതിൻറെ അപശബ്ദങ്ങൾ ഇരുട്ടിൽ നിന്നും കേട്ടു.അവൻറെ ഉള്ളിലും ഇരുട്ട് നിറഞ്ഞു.അഭിമാനത്തോടെയും സന്തോഷത്തോടെയും ജീവിക്കണമെന്നായിരുന്നു ആഗ്രഹം.കടം വാങ്ങി ജീവിക്കുക, കടക്കാരനാവുക,ലോണടയ്ക്കാതെ ജപ്തി നേരിടുക.ചിന്തകൾ ചിതലുകൾ പോലെ തലച്ചോറിൽ അരിച്ചുനടന്നു.

ചുറ്റിലും അപരിചിതത്വത്തിൻറെ,ഉത്തരമില്ലാത്ത അനേകം ചോദ്യങ്ങൾ വലയം ചെയ്തു.പിന്നെ എപ്പോഴോ അപരിചിത മായ ഒരു ഉൾപ്രേരണയിൽ മുൻ വാതിൽ തുറന്ന് ഇറങ്ങി.

ഇനിയും ഇരുട്ടിനടിപ്പെടാത്ത നിലാവ് അവനെ സ്വീകരിച്ചു.ടെറസിനുമേലേയ്ക്ക് വളർന്നു നിൽക്കുന്ന കിളിച്ചുണ്ടൻ മാവിൻറെ കൊമ്പിലേക്കു നോക്കി.രാവിലെ അവൾക്കൊരു സർപ്രൈസ്സായി ക്കോട്ടെയെന്ന വിചാരത്തിൽ ഷിബിൽ പടികൾ കയറി ടെറസിലെത്തി.അപ്പോൾ അവൻ അപാരമായി വിയർത്തു.

ചാഞ്ഞു നിൽക്കുന്ന മാവിൻറെ ശിഖരത്തിൽ കസേരയെടുത്തിട്ട് പിടിച്ചുറപ്പുവരുത്തി.അതുവരെ ചിരിച്ചു നിന്ന ചന്ദ്രബിംബം പൊടുന്നനെ, പേടിച്ചിട്ടെന്നവിധംമേഘങ്ങൾക്കിടയിലൊളിച്ചു.

ഇ-മലയാളി IV
കഥാമത്സരം 2024

**നവീന ഭാവുകത്വത്തിന്റെ ശില്പികൾ**



വര: മറിയം ജാസ്മിൻ

**രണ്ടാം സമ്മാനം നേടിയ കഥ**

# ഓതം

രണ്ടാം സമ്മാനം പങ്കിട്ട സിന്ധു ടി ജി ഇടുക്കി മുനിയറ സ്വദേശി. 2023 ൽ കുടുംബശ്രീ സംസ്ഥാന കഥാപുരസ്കാരം, എം എസ് സുരേന്ദ്രൻ സംസ്ഥാന കഥാപുരസ്കാരം, മലയാള കാവ്യ സാഹിതി സംസ്ഥാന കഥാപുരസ്കാരം തുടങ്ങിയവ ലഭിച്ചു. കുടുംബശ്രീ അടിമാലി ബ്ലോക്ക് MEC



സിന്ധു ടി ജി

**ഇടി മിന്നലിൽ പൂക്കുന്ന വാനം**

ഡോക്ടർ മഹേഷ് പ്രഭാകർ തൻെറ മകൻ വരച്ച ചിത്രത്തിൽ നോക്കി കുറെ സമയം നിന്നു. ഡേവിഡ്ഹാൾ ആർട്ട് ഗാലറിയിൽ നടക്കുന്ന ചിത്രപ്രദർശനത്തെപ്പറ്റി പത്രത്തിൽ കണ്ട വാർത്തയായിരുന്നു അപ്പോഴും മനസ്സിൽ. ഗോണ്ടുകളുടെ ചിത്രങ്ങൾ നേരിട്ടു കാണണം എന്നത് വളരെ നാളത്തെ ആഗ്രഹങ്ങളിൽ ഒന്നായിരുന്നു. ചരിത്രം ഇഷ്ടവിഷയമായി പഠിച്ചതിനാലാവാം, മനസ് പലപ്പോഴും ഭൂതകാലത്തിൻെറ മങ്ങിയ അറകളിലേക്ക് യാത്ര ചെയ്തിരുന്നു.

ചരിത്രം പഠിച്ചും അതിനെ പിൻതുടർന്നുമുള്ള ജീവിതം. ഡോക്ടറേറ്റ്. വിവാഹം. മകൻെറ ജനനം. അനായാസമായി മറിച്ചുകൊണ്ടിരുന്ന ജീവിതത്താളുകൾ മുറതെറ്റിയത് എപ്പോഴാണ്? ഒരു മാസത്തിൽ പതിനഞ്ചു ദിവസം മാത്രം കൂടെയുള്ള മകൻ. ജീവനുണ്ടെന്ന് തോന്നുന്ന ദിവസങ്ങൾ. അവൻെറ ജീവിതമെന്താണ്? അക്കാദമിക ശാഠ്യങ്ങളുമായി ജീവിതം കൂട്ടിക്കുഴച്ച് മാതാപിതാക്കൾ. അവനോട് ചോദിക്കാൻ പേടിയാണ്. ഏത് അർദ്ധമാസത്തിലാണ് നീ സന്തോഷിക്കുക.

''അച്ഛാ എങ്ങനെയുണ്ട്?'' മകൻെറ ശബ്ദം കാതുകളിൽ.

'മനോഹരം''. എന്തൊക്കെയോ ഓർമ്മകൾ പഴമയുടെ തേരേറി തനിക്കു മുൻപിൽ

ചരിത്രം നൂലേണിയിലിറങ്ങി വന്ന് പാവക്കൂത്താടുന്നു.

നിരക്കുന്നു.

പച്ചമഞ്ഞളിൻെറ നിറം മഞ്ഞ കലർന്ന ചുവപ്പാണ്. പറിച്ചെടുത്ത് ഒടിച്ചു നോക്കി മൂപ്പ് ഉറപ്പാക്കും. ചതച്ചു നീരെടുത്തു ചുണ്ണാമ്പും ചാലിക്കും. കടും നിറങ്ങളുടെ ചായക്കൂട്ടിനു പച്ചിലച്ചാറ്, നീലവും കുങ്കുമവും കൂട്ടിയിളക്കും. അതുകൊണ്ടു ഗോണ്ടുകൾ സ്വപ്നങ്ങൾ വരച്ചിടും. പഠനങ്ങളിലെവിടെയൊക്കെയോ കടന്നുവന്നിട്ടുള്ള കാര്യങ്ങൾ വീണ്ടും ഓർമ്മച്ചായം മുക്കി മനസിൻെറ ക്യാൻവാസിൽ വരയ്ക്കപ്പെടുന്നു.

**പച്ചമഞ്ഞളിൻെറ നിറം മഞ്ഞ കലർന്ന ചുവപ്പാണ്. പറിച്ചെടുത്ത് ഒടിച്ചു നോക്കി മൂപ്പ് ഉറപ്പാക്കും. ചതച്ചു നീരെടുത്തു ചുണ്ണാമ്പും ചാലിക്കും. കടും നിറങ്ങളുടെ ചായക്കൂട്ടിനു പച്ചിലച്ചാറ്, നീലവും കുങ്കുമവും കൂട്ടിയിളക്കും. അതുകൊണ്ടു ഗോണ്ടുകൾ സ്വപ്നങ്ങൾ വരച്ചിടും. പഠനങ്ങളിലെ വിടെയൊക്കെയോ കടന്നുവന്നിട്ടുള്ള കാര്യങ്ങൾ വീണ്ടും ഓർമ്മച്ചായം മുക്കി മനസിൻെറ ക്യാൻവാസിൽ വരയ്ക്കപ്പെടുന്നു.**

പത്രത്തിലെ ആ വാർത്ത ഒരായിരം ചിത്രങ്ങളായി വീണ്ടും പടർന്നിറങ്ങി. ചരിത്രത്തിൻെറ എല്ലാ ഘട്ടങ്ങളിലും ഇരകളുണ്ട്. ശബ്ദം നഷ്ടപ്പെട്ടവർ. മനസ്സിലേക്ക് ഒരു നൂറു പലായനങ്ങളും യുദ്ധങ്ങളും കടന്നുവന്നു. നീതി അന്യമായവർ. ആർക്കൊക്കെയോ വേണ്ടി മണ്ണടിഞ്ഞവർ.

കവാടചിത്രത്തിലെ ഗോണ്ട്

പിറ്റേന്ന്, കാറിൽ നിന്ന് ഇറങ്ങുമ്പോൾ ആദ്യം കണ്ണിൽ പെട്ടത് ചിത്രകാരൻ സച്ചിൻ ടോക്കറ്റിൻെറ ചിത്രമാണ്. സംഘാടകരായ വൈറ്റ് റോസ് ഫൗണ്ടേഷൻെറ പേര് കവാടചിത്രത്തിൻെറ മുകളിലായി ഭംഗിയായി ആലേഖനം ചെയ്തിരിക്കുന്നു. ബലിമൃഗങ്ങളുടെ അറ്റ തലയ്ക്കു വേരു പിടിക്കുന്നതും അതൊരു വനമായി വളരുന്നതും അയാൾ കണ്ടു. കവാടത്തിനപ്പുറം വിശാലമായ ആർട്ട് ഗാലറി.

'കടമ്മനിട്ടക്കവിതകളുടെ തർജ്ജമ പോലെ. അല്ലേ അച്ഛാ?'' മകൻ ആർട്ട് ഗാലറിയിലെ നിരന്നിരിക്കുന്ന ചിത്രങ്ങളിലൊന്നിലേക്ക് സൂക്ഷ്മതയോടെ വിരൽ നീട്ടി.

'ഇടനെഞ്ചിൽ പന്തം കുത്തിയ കാട്ടാളൻ'.

ഭൂതകാലാചാരങ്ങളുടെ ക്രൗര്യഭാവമാവാഹിച്ച് ക്യാൻവാസ് കൂടുതൽ ചുവന്നു. ചിത്രങ്ങളിൽ നിന്ന് കണ്ണെടുക്കാതെ മകൻ ചോദിച്ചു

'ഗോണ്ടുകളുടെ വരകളിൽ എന്താണിത്ര ചുവപ്പ്...

'നരബലി!' അയാൾ പിറുപിറുത്തു. ഗോത്രാചാരങ്ങളുടെ ബലിയടയാളങ്ങൾ. ആർട്ട് ഗാലറിയിലെ ചിത്രങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. മറയത്ത് ഉപേക്ഷിക്കപ്പെട്ട ഒരു മഴു പല ചിത്രങ്ങളിലും ബിംബമായി നിറയുന്നു. ആചാരമൂഢതയുടെ പാപഭാരം പേറുന്ന പുതു തലമുറയിലെ ഗോണ്ടുകളുടെ തേങ്ങലുകൾ ചിത്രങ്ങളാകുന്നു. എവിടേയും നരബലികൾ തുടരുകയാണെന്നയാൾക്ക് തോന്നി. ഒരു ദേവനേയും പ്രീതിപ്പെടുത്താനല്ലാതെ. മന്ത്രോച്ചാരണങ്ങളും ബലിക്കല്ലുകളുമില്ലാതെ!

ദേവപ്രീതിക്ക് മനുഷ്യരക്തം!

സർവൈശ്വര്യത്തിനായി മനുഷ്യബലി

വരയ്ക്കപ്പെടാതെ പോകുന്ന വർത്തമാനകാല ബലികളുടെ നടുക്കത്തിൽ ചിത്രങ്ങളിലൂടെ അയാൾ മകനെ നൂറ്റാണ്ടുകൾക്ക് പുറകിലേക്ക് കൂട്ടികൊണ്ട് പോയി.

നിന്ന്, അകത്ത

''ഇന്ത്യയിൽ ഏറ്റവുമധികം മഞ്ഞൾ കൃഷി ചെയ്യുന്ന ഗോത്ര സമൂഹമാണിത്. നർമ്മദാതടത്തിലെ ഗോണ്ടുവംശം. നല്ല മഞ്ഞൾ വിളയാനും ഐശ്വര്യത്തിനും വേണ്ടി അവർ തങ്ങളുടെ പ്രിയപ്പെട്ടവരെ നർമ്മദാമാതായ്ക്കു ബലി കൊടുക്കും.

താൻ പറയുന്നത് കേട്ടുകൊണ്ട് മകൻ ഒരു ചിത്രത്തിലേക്ക് നോക്കി മൗനിയാകുന്നത് അയാൾ കണ്ടു. സുന്ദരിയായൊരു പെൺകുട്ടിയുടെ ശിരസ്സിന് മുകളിൽ മഴു...! ഗ്രാമത്തിന് ഏറ്റവും പ്രിയപ്പെട്ട പെൺകുട്ടികൾ, പുരുഷന്മാർ, കുട്ടികൾ എല്ലാവരെയും നർമ്മദാദേവിക്ക് ബലികൊടുക്കും. ഗ്രാമമുഖ്യൻെറ മക്കളെ ഉൾപ്പെടെ...

ഏറ്റവും നല്ലത് നർമ്മദാമാതാവിനുള്ളത്. അതാണ് അവരുടെ വിശ്വാസം'.

'എത്രയെത്ര ജീവനുകൾ, അല്ലേ അച്ഛാ....

'അതെ'.

നൂറ്റാണ്ടുകൾക്കിപ്പുറം പരിഷ്കൃതർ എന്നു പറയുന്ന



വന്നു. അന്ധവിശ്വാസത്തിൻറെ ഇരുൾ നിറഞ്ഞിരുന്ന ഒരു കാലത്തിൻറെ സാക്ഷ്യമെന്നോണം ചില സംഭവങ്ങൾ ഒരു നാടകത്തിലെ രംഗങ്ങളെന്നവണ്ണം വന്ന് അയാളെ വീർപ്പുമുട്ടിച്ചു.

മിഴിവുറ്റ വാങ്മയ ചിത്രങ്ങളായത് മകന് പകർന്നു.

ചോര വീണു കുതിർന്ന മഞ്ഞൾ കൂട്ടങ്ങൾക്ക് നടുവിൽ ഉയിർക്കൊണ്ട് ഒരു കാറ്റ് മലമുകളിലെ ബ്രിട്ടീഷ് ബംഗ്ലാവിനെ കടന്നു പോയി. മുറ്റത്ത് കെട്ടിയിരുന്ന വെള്ളക്കുതിര ഒന്നിളകി നിന്നു. പ്രാർത്ഥനാമുറിയിലെ മെഴുകുതിരി നാളങ്ങളണഞ്ഞു. ബൈബിൾ മലർക്കെ തുറന്നു. ബംഗ്ലാവിൻറെ പടിഞ്ഞാറേ ചുവരിലെ കൂറ്റൻ ജനാലകൾ കാറ്റിലടഞ്ഞു. കാറ്റൊടുങ്ങിയ മലഞ്ചെരുവുകളിൽ ഇരുളിനൊപ്പം നിശ്ശബ്ദതയും കനത്തു.

നിശ്ശബ്ദതയെ മുറിച്ചു കൊണ്ട് ദൈവം വിളിച്ചു.

'അബ്രഹാം''

'ഇതാ ഞാൻ', അവൻ വിളിക്കേട്ടു.

''നീ സ്നേഹിക്കുന്ന നിൻറെ ഏകമകൻ ഇസഹാക്കിനെ മോറിയാ ദേശത്തു ഞാൻ കാണിച്ചു തരുന്ന മലമുകളിൽ എനിക്ക് ദഹനബലിയായി അർപ്പിക്കുക.

അബ്രഹാം ദഹനബലിക്കുള്ള വിറകെടുത്ത് മകൻ ഇസഹാക്കിൻറെ ചുമലിൽ വച്ചു. കത്തിയും തീയും അവൻ തന്നെ എടുത്തു. അവർ ഒരുമിച്ചു മുൻപോട്ട് നടന്നു. ഇസഹാക്ക് തൻറെ പിതാവായ അബ്രഹാമിനെ വിളിച്ചു, ''പിതാവേ...

വർ മഴു ഉയർത്തുന്നതും ഇങ്ങനെ ഓരോ ദുരാചാരങ്ങളുടെ പേരിലും സിംഹാസനങ്ങൾക്കും വേണ്ടിയാണല്ലോ എന്നയാളോർത്തു.

''''ഇപ്പോഴും അവിടെ ഇതു തുടരുന്നുവൊ?' മകൻറെ ചോദ്യം പെടുന്നനെ ഉയർന്നു.

''രഹസ്യമായി മൃഗബലികൾ ഇപ്പോഴും നടക്കാറുണ്ടെങ്കിലും നരബലികൾ ഇല്ല, കാലാകാലങ്ങളിൽ ചില പിറവികൾ ഉണ്ടാവും. അവരുടെ ജന്മനിയോഗം തന്നെ അന്ധവിശ്വാസങ്ങളെ തുടച്ചു നീക്കലാവും അയാൾ പുറത്തേക്ക് മിഴികളയച്ചു.

കാതുകളിലേക്ക് ഒരു കുതിരക്കുളമ്പടി നാദം... അനാദിയായ കാലത്തിൻറെ ചോര കിനിയുന്ന താളുകളിൽ നിന്ന്. അയാളുടെ ഉൾക്കാഴ്ചകളിലേക്ക് നർമ്മദാതടത്തിലെ തെലുങ്കാനാ മുതൽ മധ്യപ്രദേശും മഹാരാഷ്ട്രവുമുൾപ്പെടെയുള്ള ഭൂപ്രദേശവും, അവിടെ മുഴുവനായും വ്യാപിച്ചുകിടന്നിരുന്ന ഗോണ്ടു സമൂഹവും തെളിഞ്ഞു

**നരബലി!' അയാൾ പിറുപിറുത്തു. ഗോത്രാചാരങ്ങളുടെ ബലിയടയാളങ്ങൾ. ആർട്ട് ഗാലറിയിലെ ചിത്രങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. മറയത്ത് ഉപേക്ഷിക്കപ്പെട്ട ഒരു മഴു പല ചിത്രങ്ങളിലും ബിംബമായി നിറയുന്നു. ആചാരമൂഢതയുടെ പാപഭാരം പേറുന്ന പുതു തലമുറയിലെ ഗോണ്ടുകളുടെ തേങ്ങലുകൾ ചിത്രങ്ങളാകുന്നു. എവിടേയും നരബലികൾ തുടരുകയാണെന്നയാൾക്ക് തോന്നി. ഒരു ദേവനേയും പ്രീതിപ്പെടുത്താനല്ലാതെ. മന്ത്രോച്ചാരണങ്ങളും ബലിക്കല്ലുകളുമില്ലാതെ!ദേവപ്രീതിക്ക് മനുഷ്യരക്തം!സർവൈശ്വര്യത്തിനായി മനുഷ്യബലി**

‘എന്താ മകനേ... ’

അവൻ വിളികേട്ടു.

ഇസഹാക്ക് ചോദിച്ചു, ‘‘തീയും വിറകുമുണ്ടല്ലോ, എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാടെവിടെ?’’

അവൻ മറുപടി പറഞ്ഞു, ‘‘ബലിക്കുള്ള കുഞ്ഞാടിനെ ദൈവം തന്നെ തരും

ദൈവം പറഞ്ഞ സ്ഥലത്ത് എത്തിയപ്പോൾ അബ്രഹാം അവിടെ ഒരു ബലി പീഠം പണിതു. വിറക് അടുക്കി വച്ചിട്ട് ഇസഹാക്കിനെ ബന്ധിച്ചു വിറകിനു മീതെ കിടത്തി. മകനെ ബലികഴിക്കാൻ അബ്രഹാം കത്തി കൈയിലെടുത്തു. തത്ക്ഷണം കർത്താവിൻറെ ദൂതൻ ആകാശത്തു നിന്ന് അരുളിച്ചെയ്തു. ‘‘കുട്ടിയുടെ മേൽ കൈവെക്കരുത്. അവനെ ഒന്നും ചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ബോധ്യമായിരിക്കുന്നു. ദൈവം നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിൻറെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽ തീരത്തെ മണൽത്തരി പോലെയും വർധിപ്പിക്കും. ഏതോ അദൃശ്യകരങ്ങളുടെ പ്രവർത്തിയാലെന്ന പോലെ ബൈബിൾ മെല്ലെ അടഞ്ഞു. മനസ്സിൻറെ ദുരൂഹമായ ഏതോ കോണിൽനിന്നും രൂപംകൊണ്ട മായക്കാഴ്ചകളിൽ അസ്വസ്ഥനായൊരാൾ പ്രാർത്ഥന മുറിയിൽ നിന്ന് നെറ്റിയിൽ കുരിശ് വരച്ചു.

നർമ്മദാതടത്തിൽനിന്നുയർന്ന് വ്യാപിച്ച ഒരു കൂട്ടം നിലവിളികൾ തൻറെ കാതുകളിൽ മുഴങ്ങുന്നതായി അയാൾക്ക് തോന്നി. മുറ്റത്തേക്കിറങ്ങി താഴ്വാരത്തിലേക്ക് നോക്കി കുറേനേരം നിന്നു. വെള്ളക്കുതിര തല കുടഞ്ഞ് യജമാനനെ സാന്നിദ്ധ്യമറിയിച്ചു. അങ്ങ് താഴെ നർമ്മദാതടത്തിൽ

ഉത്സവമേളം.

‘‘പിതാവേ, ബലിവസ്തു എവിടെ

വിടർന്ന കണ്ണുകളിൽ കൗതുകം നിറച്ച് അവൾ ചോദിച്ചു. ജാപനീ ഗ്രാമമുഖ്യൻറെ ഒരേയൊരു പൊന്നോമന പുത്രി.

‘നർമ്മദാമാതാ തരും ’ ഗ്രാമമുഖ്യൻ ഇടനെഞ്ചു മുറിഞ്ഞു പറഞ്ഞു.

പിന്നെ ജാപനീയെ തന്നോട് ചേർത്തുനിർത്തി.

‘നോക്ക്’’ ഗ്രാമമുഖ്യൻ അവളുടെ മുഖം ആകാശത്തേക്ക് ഉയർത്തി.

ആയിരം കാന്താരി പൂത്തിറങ്ങുന്നു. ‘‘നമുക്ക് അവിടേക്ക് പറന്നാലോ?...അവിടെ ചെന്നു മോൾ ചിത്രം വരയ്ക്കണം. ആകാശം നിറയെ ഒരായിരം ചിത്രങ്ങൾ...

‘‘ഉം...അവൾ സന്തോഷത്തോടെ തല കുലുക്കി. ഗ്രാമമുഖ്യൻ അവളെ കോരിയെടുത്തു, ആ നെറുകയിൽ

“പിതാവേ, ബലിവസ്തു എവിടെ ?വിടർന്ന കണ്ണുകളിൽ കൗതുകം നിറച്ച് അവൾ ചോദിച്ചു. ജാപനീ ഗ്രാമമുഖ്യൻറെ ഒരേയൊരു പൊന്നോമന പുത്രി.'നർമ്മദാമാതാ തരും ' ഗ്രാമമുഖ്യൻ ഇടനെഞ്ചു മുറിഞ്ഞു പറഞ്ഞു. പിന്നെ ജാപനീയെ തന്നോട് ചേർത്തുനിർത്തി. 'നോക്ക്” ഗ്രാമമുഖ്യൻ അവളുടെ മുഖം ആകാശത്തേക്ക് ഉയർത്തി. ആയിരം കാന്താരി പൂത്തിറങ്ങുന്നു. "നമുക്ക് അവിടേക്ക് പറന്നാലോ?... അവിടെ ചെന്നു മോൾ ചിത്രം വരയ്ക്കണം. ആകാശം നിറയെ ഒരായിരം ചിത്രങ്ങൾ...

അന്ത്യചുംബനം പോലെ ഒരു മുത്തം കൊടുത്തശേഷം മെല്ലെ ബലിക്കല്ലിലേക്ക് കിടത്തി. ഒരു നിമിഷം അയാൾ കണ്ണുകളടച്ചു. കൈയിലിരുന്ന മഴു ആകാശത്തേക്ക് ഉയർത്തി.

‘നർമ്മദാമാതാ... ബലി സ്വീകരിച്ചു നല്ല വിളവ് തന്നാലും

ഗോണ്ടുകൾ ഒന്നടങ്കം ആർത്തുവിളിച്ചു.

‘‘അരുത്’’. ഇടിമുഴക്കം പോലൊരു ശബ്ദം അന്തരിക്ഷത്തിൽ ഉയർന്നു. ‘കുഞ്ഞിനെ ഒന്നും ചെയ്യരുത്, അവളെ വെറുതെ വിടൂ...

കുതിരപ്പുറത്തേറി, ഇരുളിനെ തോൽപിച്ചു സൂര്യതേജസുള്ള ഒരാൾ

ആർത്തുവിളിച്ചവർ പെടുന്നനെ നിശബ്ദരായി.

‘‘ഏക മകളല്ലെ ഇത്..?‘ തനിക്കു നേരേയാണ് കനത്ത ചോദ്യം എന്നറിഞ്ഞ ഗ്രാമ മുഖ്യൻ തല കുനിച്ചു. ആ കൈയിലെ തോക്ക് കണ്ട് കൂടിനിന്നവർ പുറകോട്ടു മാറി. ബലികല്ലിൽ പേടിച്ചരണ്ടു കിടക്കുന്ന പെൺകുട്ടിക്കരുകിൽ അദ്ദേഹം തൻറെ കുതിരയെ നിർത്തി.

അവളുടെ കണ്ണുകളിൽ ഒരു പുഴ നിറഞ്ഞു നിൽക്കുന്നു. വേനലിൻറെ പകുതിയിൽ നർമ്മദാനദിയിലെ വെള്ളം മുഴുവൻ ആ വിടർന്ന കണ്ണുകളിൽ തടഞ്ഞു നിൽക്കും പോലെ. ഒരു ദുസ്വപ്നം കണ്ടു ഞെട്ടിയുണർന്നപോലെ അവൾ ചുറ്റും നോക്കി. തനിക്കു പ്രിയപ്പെട്ടവരെയെല്ലാം അവൾ പരിസരത്തു കണ്ടു. ‘കാമിലി, നാഗുഷ്യ, നാരായൻ, ധനയ്യ...‘

കൂട്ടത്തിൽ തൻറെ പിതാ എവിടെ, അവൾ കിടന്നിടത്തു നിന്ന് ഒന്നു തിരിഞ്ഞു. അല്പം അകലെ കൈയിലിരിക്കുന്ന മഴുവിൽ മുഖം അമർത്തി തൻറെ പിതാ. ആകാശത്തേക്ക് തന്നെ കൂട്ടി കൊണ്ടു പോകാം എന്ന് പറഞ്ഞത് നർമ്മദാ മാതാക്ക് ബലി നൽകാൻ ആയിരുന്നല്ലോ. ആ ഓർമ്മയിൽ ജാപനീ നടുങ്ങി.

‘പേടിക്കേണ്ട, നിന്നെ ആരും ഒന്നും ചെയ്യില്ല ’, കുതിരപ്പുറത്തു നിന്നിറങ്ങി അവളെ

കൈപിടിച്ച് മെല്ലെ എഴുന്നേൽപ്പിച്ചു. ആ കണ്ണുകളിൽ നിറഞ്ഞ പുഴ ഒഴുകിപ്പരന്ന് താഴെ മഞ്ഞൾ തോട്ടങ്ങളിൽ പടരുന്നു.

‘‘സാബ്, നിങ്ങളാണോ ദൈവം ?‘ അവൾ ആ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി.

നേരിയൊരു ചിരി ഒളിപ്പിച്ചദ്ദേഹം മറുപടി പറഞ്ഞു, ‘‘അതെ,നിൻറെയും എൻറെയും ഭാഷയിൽ അതിന് ഒരേ പേര്. ‘‘ഞാൻ ലോർഡ് ഹെന്ററി, ഇവിടുത്തെ ഗവർണർ ജനറൽ.




അവൾ ചുറ്റുപാടും പേടിയോടെ നോക്കുന്നത് കണ്ടദ്ദേഹം പറഞ്ഞു,

പേടിക്കേണ്ട നിന്നെ ഇനി ആരും ഒന്നും ചെയ്യില്ല.'' ഞാനുണ്ട് കൂടെ.

അവൾ പാറി പറന്ന മുടിയിഴകൾ ഒതുക്കി തല കുനിച്ചു മെല്ലെ നടന്നു. മഞ്ഞൾ പാടങ്ങൾക്കിടയിലേക്ക് മറഞ്ഞു.

താനിവിടെ എത്തിയ നാൾ മുതൽ കേട്ടറിഞ്ഞ ഈ ആചാരത്തെപ്പറ്റിയുള്ള വാർത്തകളേക്കാൾ എത്രയോ ഭീകരമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ലോർഡ് ഹെൻറി തിരിച്ചറിഞ്ഞു.

ആ പെൺകുട്ടി രക്ഷപ്പെട്ടു. ഇനി ? മഞ്ഞളിന് നല്ല വിളവ് വേണം. അതിനു രാസവളവും ജൈവ വളവും ചേർത്തു കൃഷി ചെയ്യണം. അതിനു പകരം അന്ധവിശ്വാസത്തെ കൂട്ട് പിടിച്ച് എത്ര ജീവിതങ്ങൾ ബലി കൊടുത്തു? ലോർഡ് ഹെൻട്രിക്ക് അത് ഉറക്കമില്ലാത്ത രാത്രിയായിരുന്നു. ശിരസ്സ് മനുഷ്യ ശരീരങ്ങളുടെ ഒരു കൂമ്പാരം കൺമുന്നിൽ കാണുന്നതുപോലെ

എത്രയോ നിർഭാഗ്യരായ മനുഷ്യരാണ്'' അനാചാര

ങ്ങളുടെ ഇരുളിൽ ചോര വാർന്ന് മരിച്ചത്? ഇത് അവസാനിപ്പിച്ചേ മതിയാകൂ. എങ്ങനെ? ഇപ്പോൾ ഇവർ അവരെ നശിപ്പിക്കാൻ വന്ന സാത്താനായേ തന്നെ കാണൂ. ജപാനിയുടെ ശബ്ദത്തിൽ ഒരു പാട് കുഞ്ഞുങ്ങൾ തന്നെ വിളിച്ചു കരയുന്നതായി അദ്ദേഹത്തിന് തോന്നി.

സാബ് ... സാബ്...

ലോർഡ് ഹെൻറിയിൽ നിന്നും ഭാരമുള്ള ഒരു നിശ്വാസമുയർന്നു. ഡേവിഡ് ഹാൾ ആർട്ട് ഗ്യാലറിയിലെ തിരക്കിനിടയിൽ തങ്ങൾ അച്ഛനും മകനും പരിസരം മറന്ന് നിൽക്കുകയാണെന്ന ബോധത്തിൽ അയാൾ ചുറ്റും നോക്കി.

''പിന്നെ എങ്ങനെയാണച്ഛാ അദ്ദേഹം അവരെ മാറ്റി ചിന്തിപ്പിച്ചത് ?

''അധികാരത്തിലൂടെയും അനുനയത്തിലുടെയും വളം ലഭ്യമാക്കി. രാസവള പ്രയോഗം പഠിപ്പിച്ചു മനുഷ്യരക്തം മാത്രം കുടിച്ചു ശീലിച്ച, ചോരയുടെ ഗന്ധം പേറിയ മഞ്ഞൾ പാടങ്ങളിൽ പുതിയൊരു ഗന്ധം ഉണർന്നു. ആ കൊല്ലത്തെ വിളവ് കണ്ട് ഗോണ്ടുകൾ അമ്പരന്നു. മൂപ്പെത്തിയ പച്ചമഞ്ഞൾ അവർ ഒടിച്ചു നോക്കി.

നല്ല നിറം. മനുഷ്യ രക്തത്തിൻറെ നിറം കലരാത്ത മഞ്ഞ കലർന്ന ചുവപ്പ്.

തങ്ങളുടെ പോന്നോമനകളുടെ രക്തം വീണു കുതിർന്ന മണ്ണിൽ ഗോണ്ടുകളുടെ കണ്ണുനീർ പടർന്നു.. ചെയ്തു പോയ കൊടും പാതകങ്ങളുടെ പാപഭാരം അവരെ ചൂഴ്ന്നു. ആഭിചാരകർമ്മകൾ ചെയ്തിരുന്ന ദുർമന്ത്രവാദികളിൽ ചിലർ ബലിക്കല്ലുകളിൽ സ്വന്തം ശിരസറുത്ത് സമർപ്പിച്ച് പ്രായശ്ചിത്തം ചെയ്തു. ഗോണ്ടുകളുടെ വരകളിൽ ബലി ബിംബങ്ങൾ തെളിഞ്ഞു നിന്നു.

**തങ്ങളുടെ പോന്നോമനകളുടെ രക്തം വീണു കുതിർന്ന മണ്ണിൽ ഗോണ്ടുകളുടെ കണ്ണുനീർ പടർന്നു.. ചെയ്തു പോയ കൊടും പാതകങ്ങളുടെ പാപഭാരം അവരെ ചൂഴ്ന്നു. ആഭിചാരകർമ്മകൾ ചെയ്തിരുന്ന ദുർമന്ത്രവാദികളിൽ ചിലർ ബലിക്കല്ലുകളിൽ സ്വന്തം ശിരസറുത്ത് സമർപ്പിച്ച് പ്രായശ്ചിത്തം ചെയ്തു. ഗോണ്ടുകളുടെ വരകളിൽ ബലി ബിംബങ്ങൾ തെളിഞ്ഞു നിന്നു.**

ചുരിയസൽ വാഹ് ഗ്രാമത്തിലെ മുഖ്യൻ ആത്മഹത്യ ചെയ്യുന്നതിൻറെ ചിത്രങ്ങൾ ഗോണ്ടുക്കൾ വർഷങ്ങളോളം വരച്ചു. തങ്ങളുടെ പൂർവികരുടെ അന്ധവിശ്വാസങ്ങളിൽ പൊലിഞ്ഞ ജീവിതങ്ങളെ ഓർത്തു ഗോണ്ടുക്കൾ ഇന്നും വരയ്ക്കുന്നു.

ബലി ചിത്രങ്ങൾ...

''ലോർഡ് ഹെൻറി ഹാർഡിജ് എന്ന ബ്രിട്ടീഷ് ഗവർണർ ജനറലാണ് അക്കാലത്ത് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ബലി നടത്തിയിരുന്ന ഗോണ്ടു സമൂഹത്തിലെ നരബലി അവസാനിപ്പിച്ചത്. അച്ഛൻ പറഞ്ഞവസാനിപ്പിച്ചു..

അവരപ്പോൾ ബലിക്കല്ലിൽ ശിരസറ്റുകിടന്ന ഒരു പുരോഹിതൻറെ ചിത്രത്തിനു മുന്നിലായിരുന്നു. ശിരസ്സറ്റ് കബന്ധത്തിൽ നിന്നൊഴുകുന്ന കടും ചുവപ്പിൽ അവർ കുറച്ചു സമയം നോക്കി നിന്നു. അവരുടെ നടപ്പ് ആർട്ട് ഗാലറിയിലെ അവസാന ചിത്രത്തിനരുകിൽ എത്തി. മുല പാതി മുറിഞ്ഞവൾ അതും കുലത്തിനു വേണ്ടി

അച്ഛനും മകനും പരസ്പരം നോക്കി.

ഒരു കുതിരക്കുളമ്പടി നാദം അടുത്തു വരുന്നുണ്ടോയെന്ന് മകൻ കാതുകൂർപ്പിച്ചു ഇല്ല!

''നമ്മൾ എത്ര ദൂരം നടന്നിട്ടുണ്ടാവും? മകൻ ചോദിച്ചു.

ആയിരത്തി എണ്ണൂറ്റി നാൽപത്തിയഞ്ചു വർഷം അയാൾ മെല്ലെ പറഞ്ഞു.

'ഇനിയും പുതിയൊരു അവതാരം പിറവി എടുക്കുമോ? ലോർഡ് ഹെൻറിയേ പോലെ

മകൻ ചിത്രത്തിലെ ചുവപ്പിലേക്ക് വീണ്ടും നോട്ടമയച്ചു.

പരിഷ്കൃതർ എന്ന് പറയുന്ന നമ്മുടെ മനസ്സുകളിൽ നിന്നും വേണം ഇനിയൊരു രക്ഷകൻ ജൻമമെടുക്കാൻ ... അവസാന ചിത്രത്തിൽ നിന്ന് മിഴികൾ പിൻവലിച്ച് അയാൾ മകനേയും കൂട്ടി പുറത്തിറങ്ങി.

ആകാശമപ്പോൾ ചുവന്നു വലിയൊരു ക്യാൻവാസു പോലെ കാണപ്പെട്ടു. പടിഞ്ഞാറു മറയുന്ന അസ്തമയ സൂര്യനെ നോക്കി അവർ രണ്ടാളും ഒരുമിച്ചു പറഞ്ഞു, ആ നിറം മഞ്ഞയിൽ ചുവപ്പ് കലർന്ന മഞ്ഞളിൻറെ നിറം!

ചിത്രപ്രദർശനത്തിൽ കണ്ട ചിത്രങ്ങൾ വീട്ടിലെത്തിയിട്ടും മനസ്സിൽ നിന്നും മായുന്നില്ല. ഏറെ വൈകിക്കിട്ടിയ ഉറക്കത്തിൽ നിന്ന് പുലർച്ചെ അലാറം അയാളെ ഉണർത്തുമ്പോൾ മകൻറെ മുറിയിൽ വെളിച്ചം അണയാതെ.

അയാൾ മകൻറെ മുറിയിലേക്ക് നടന്നു. വിശാലമായ മുറിയിലെ ക്യാൻവാസുകളിൽ നിറയെ പുതിയ ചിത്രങ്ങൾ. താൻ മുൻപ് കണ്ടിട്ടില്ലാത്ത ചിത്രങ്ങൾ. രാത്രി മുഴുവൻ അവൻ വരയ്ക്കുകയായിരുന്നോ?

കടലോരത്തെ പഞ്ചാര

മണലിൽ മുഖമമർത്തി മരവിച്ചു കിടക്കുന്ന ഐലാൻ കുർദ്ദി.... പുകപടലങ്ങൾങ്ങൾക്കിടയിൽ ചോരയൊലിപ്പിച്ചു കിടക്കുന്ന ഗാസയിലെ കുരുന്നുകൾ മണിപ്പൂരിലെ തെരുവിലൂടെ തീ പിടിച്ചോടുന്ന പെണ്ണുങ്ങൾ... ഫുട്പാത്തിലുറങ്ങുന്ന പിഞ്ചു ബാലികയേയെടുത്ത് ഇരുളിലേക്ക് നീങ്ങുന്ന മധ്യവയസ്ക്കൻ, അയാളുടെ പല്ലുകളിൽ ചുവന്ന രക്തം. ഒടുവിൽ,

ഒരു കണ്ണീർ തുള്ളിയുടെ ഫ്രെയ്മിനുള്ളിൽ മാത്രമവൻ പതിവില്ലാതെ പേരിട്ടിരിക്കുന്നു.

''പാനീ

അവനെവിടെ? അയാൾ മകനെ അവിടെയെല്ലാം നോക്കി. കാണുന്നില്ല...മാസത്തിൻറെ രണ്ടാം പകുതിയിലെ അമ്മച്ചൂടിലേക്ക്? ഒന്നും പറയാതെ!

അവൻറെ മടക്കം എന്നും അങ്ങനെയാണല്ലോ.

ഇ-മലയാളി IV
കഥാമത്സരം 2024
നവീന ഭാവുകത്വത്തിന്റെ ശില്പികൾ



മൂന്നാം സമ്മാനം നേടിയ കഥ

വര: മറിയം ജാസ്മിൻ

# നോട്ട് റോക്കറ്റുകൾ



ദിവ്യാഞ്ജലി പി

മൂന്നാം സമ്മാനം ലഭിച്ച ദിവ്യാഞ്ജലി പി കോഴിക്കോട് മന്തരത്തൂർ സ്വദേശി. കണ്ണൂർ എസ്. എൻ കോളേജ്, ജി. എച്ച്. എസ്. എസ് പുറത്തൂർ എന്നിവിടങ്ങളിൽ ഗസ്റ്റ് അധ്യാപിക. ദേശാഭിമാനി എം. ടി സാഹിത്യ പുരസ്ക്കാരം, പൂർണ്ണ പബ്ലിക്കേഷൻസ് സാഹിത്യ പുരസ്ക്കാരം, അങ്കണം സാഹിത്യ പുരസ്ക്കാരം ധവിദ്യാർഥികൾക്കായുള്ളത്പഎന്നിവ ലഭിച്ചിട്ടുണ്ട്.

കളി തുടങ്ങാൻ ഇനി പത്ത് മിനുട്ടേ ബാക്കിയുള്ളൂ. കസേരകൾ എന്നത്തേയും പോലെ ഇന്നും നിറഞ്ഞിട്ടുണ്ടാവണം. കഴിഞ്ഞ കുറേ മാസങ്ങളായി കളി വിജയകരമാണെന്നാണ് ഡിക്രൂസിന്റെ അഭിപ്രായം.

നഷ്ടത്തിൽ കൂപ്പുകുത്തിത്തുടങ്ങിയ കമ്പനിയെ ഇന്നത്തെ നിലയിൽ പരിപോഷിപ്പിച്ചതിന് പിന്നിൽ ഡിക്രൂസ് എന്ന കുശാഗ്ര ബുദ്ധിക്കാരനാണെന്ന് എല്ലാവർക്കും അറിയാം. റിംങ്ങുകൾ ഉയരത്തിൽ ഉറപ്പിച്ചും, മൃഗങ്ങളെ അടിച്ചു മെരുക്കി പുത്തൻ അഭ്യാസങ്ങൾ പഠിപ്പിച്ചും, പെൺകുട്ടികൾ അണിയുന്ന വസ്ത്രങ്ങളുടെ നീളം വീണ്ടും വീണ്ടും കുറച്ചും... അങ്ങനെ നീളുന്നു ഡിക്രൂസിന്റെ പരിഷ്ക്കരണങ്ങൾ.

അടുത്ത വിസിൽ മുഴങ്ങേണ്ട താമസം ; ഞാനുൾപ്പെടുന്ന പതിനഞ്ചംഗ പെൺപട ഒന്നിച്ച് വേദിയിലെത്തും. പച്ച നിറത്തിലുള്ള കുഞ്ഞുടുപ്പുകൾ ധരിച്ച്, മുഖത്ത് മുഴുവൻ ചായം തേച്ച്, മുടി വലിച്ച് നെറുകയിൽ കെട്ടി ഞങ്ങളെത്തുമ്പോഴേക്കും കരഘോഷങ്ങളും, വിസിലടികളും മുഴങ്ങാൻ തുടങ്ങും.

**റിംങ്ങുകൾ ഉയരത്തിൽ ഉറപ്പിച്ചും, മൃഗങ്ങളെ അടിച്ചു മെരുക്കി പുത്തൻ അഭ്യാസങ്ങൾ പഠിപ്പിച്ചും, പെൺകുട്ടികൾ അണിയുന്ന വസ്ത്രങ്ങളുടെ നീളം വീണ്ടും വീണ്ടും കുറച്ചും... അങ്ങനെ നീളുന്നു ഡിക്രൂസിന്റെ പരിഷ്ക്കരണങ്ങൾ.**

''നിങ്ങൾക്കുമാത്രമേയുള്ളൂ ഇത്ര വലിയ കൈയ്യടി.''കിഷോർദാ എപ്പോഴും പരിഭവം പറയും.

മുൻനിരയിലെ രണ്ടുപേരും മണിപ്പൂരികളാണ്. വെളുത്ത് തുടുത്ത് മംഗോളിയൻ മുഖങ്ങളുള്ള, ഉരുണ്ട് മിനുസപ്പെട്ട കുറിയ കാലുകളും, നിറം തേച്ച, നിവർന്ന തലമുടിയുമുള്ള ചെറുപ്പക്കാരികൾ. വെളുപ്പും തുടിപ്പും ഫലം കാണും എന്ന ഡിക്രൂസിന്റെ കണ്ടെത്തലാണ് ഇരുപത് തികയാത്ത ഇരുവരേയും മുൻനിരക്കാരാക്കിയത്.

തീഷ്ണയൗവ്വനം പുരുഷ സിരകളെ ചൂടുപിടിപ്പിക്കുമെന്ന് പറയുമ്പോഴൊക്കെ അയാളുടെ തടിച്ച് വസൂരിക്കലകളുള്ള മുഖം ഒരു കുറുക്കന്റേതുപോലെ കൂർത്ത് ചുരുങ്ങുമെന്നാണ് ബെൽവന്ദ് പറയാറ്.

അവർക്ക് തൊട്ടുപിന്നിലായി സർക്കസ് പതാകയും പിടിച്ച് അരക്കെട്ടിന് താഴോട്ട് അഞ്ചിഞ്ച് കഷ്ടിച്ച് ഇറക്കമുള്ള പാവാട ഇടയ്ക്കിടെ വലിച്ചു താഴ്ത്താൻ ശ്രമിച്ചു കൊണ്ട് കമലയുമുണ്ടാകും.

എള്ളുനിറമുള്ള അവളുടെ തടിച്ച ശരീരത്തെ ഒതുക്കിനിർത്താനാവാത്ത വിധം ഉടുപ്പ് പല ഭാഗങ്ങളേയും തള്ളി നിർത്തുന്നുണ്ട്.

''കിടപ്പിലായ അമ്മയേയും, മനോനില തെറ്റിയ ചേട്ടനേയും, വിഷം കൊടുത്തുകൊല്ലാൻ മനസ്സ് വരാഞ്ഞിട്ടാണ് ചേച്ചി... അല്ലെങ്കിൽ...''

ഒഴിവ് സമയങ്ങളിൽ മുഴുമിപ്പിക്കാനാവാതെ വിങ്ങിക്കരഞ്ഞുകൊണ്ട് ആ വാചകം എത്രയോ തവണ അവൾ എന്നോടുതന്നെ ആവർത്തിച്ചിരിക്കുന്നു.

ഒറ്റമുറി വീട്ടിൽ നടുതളർന്നുകിടപ്പായ അമ്മയുണ്ടാക്കുന്ന വേദനയുടെ ഞരക്കങ്ങളും അനുജൻ ചെക്കന്റെ ഭ്രാന്തിന്റെ ബഹളങ്ങളും അവളെ വിടാതെ പിന്തുടരുകയാണ്.

ഇവിടെ ഓരോരുത്തർക്കും ഓരോ കഥകളുണ്ട്. പറഞ്ഞുകേട്ടാൽ ഒരു നിമിഷം വിശ്വസിക്കാൻപോലും മടിക്കുന്ന കഥകൾ. വേദനയും, വിശപ്പും വേട്ടയാടുന്ന കുറേ മനുഷ്യർ. കടബാധ്യതകൾ കഴുത്തറ്റം മൂടുമ്പോൾ അവസാന രക്ഷയെന്നോണം ഓടിവന്ന് അഭയം പ്രാപിച്ചവർ. ഒടുവിൽ കടവും, ബാധ്യതയും ഒക്കെ വീട്ടി കുടുംബത്തിലേക്ക് തിരിച്ചുചെല്ലുമ്പോൾ അതുവരെയില്ലാത്ത സദാചാരം കഴുത്തിന് പിടിച്ചു പുറന്തള്ളി ഈ കൂടാരത്തിലേക്ക് തന്നെ തിരിച്ചു കയറിയവരും എണ്ണത്തിലേറെയുണ്ട്.

രണ്ടു വരിയിലായി നിൽക്കുന്ന പതിനാല് പേരുടേയും നടുവിലായി ഏറ്റവും വലിയ പതികയുമുയർത്തി നടക്കേണ്ട മധ്യസ്ഥാനക്കാരിയാണ് ഞാൻ. ഈ സർക്കസ് കൂടാരത്തിൽ ഇന്നുള്ളതിൽ ഏറ്റവും പ്രായം ചെന്ന സ്ത്രീ. തൊലിയുടെ നിറവും , ശരീരത്തിന്റെ വഴക്കവും കുറയാത്തതിനാൽ നാല്പത്തിയഞ്ചാം വയസ്സിലും ഞാനിവിടെ ബാക്കിയാവുന്നു.

''വണ്ടർ സർക്കസിന് അഴകും, ആത്മാവും തന്ന ഭാഗ്യദേവതയാണ് ഗിരിജ.'' എന്ന് ജോൺ സാർ നിരന്തരം പറയാറുണ്ടായിരുന്നു. ആറുവർഷം മുമ്പ് ഡിക്രൂസ് സർക്കസ് കമ്പനി ഏറ്റെടുക്കുന്നതിന് മുമ്പ് വരെ ജോൺ സാറായിരുന്നു വണ്ടർ സർക്കസിന്റെ ഉടമ. അയാളുടെ കാലശേഷമാണ് മരുമകനായ ഡിക്രൂസ് ഉടമയായി വരുന്നത്.

ഞാനെപ്പോഴാണ് ഇവിടെ വന്നെത്തിയതെന്നോ എങ്ങനെയാണ് എത്തിയതെന്നോ എനിക്കറിയില്ല. ഓർമ്മകളിൽ നിറമുള്ള നാടോ, വീടോ ഒന്നുമില്ല. കാഴ്ചകളും, കേൾവികളും തുടങ്ങുന്നതും, ഒടുങ്ങുന്നതും ഈ കൂടാരത്തിനകത്താണ്. ഒന്ന് മുതിർന്നപ്പോൾ ഈ കൂടാരത്തിലുണ്ടായിരുന്ന പലരോടുമന്വേഷിച്ചിരുന്നു എന്റെ അസ്തിത്വത്തെക്കുറിച്ച്. വല്ലയിടത്തുനിന്നും വന്നതാണോ, ഇവിടെത്തന്നെ ആർക്കെങ്കിലുമുണ്ടായതാണോ എന്നറിയാനുള്ള കൗതുകം കൊണ്ട് മാത്രം. വേലുമാമയ്ക്കും, ഇന്ദിരാമ്മയ്ക്കുമൊക്കെ അറിയാമായിരുന്നിരിക്കണം. പക്ഷേ ആരുമൊന്നും



പറഞ്ഞില്ല.

അന്ന് കൂടാരത്തിൽ ഒരു വയസ്സിത്തള്ള ഉണ്ടായിരുന്നത് ഓർമ്മയുണ്ട്. ജോൺസാർ ഉൾപ്പെടെ എല്ലാവരും വലിയ ബഹുമാനത്തോടെയായിരുന്നു അവരോട് സംസാരിച്ചത്.

'ചിന്നത്താ' എന്നോ മറ്റോ ആണ് എല്ലാവരും അവരെ വിളിക്കാറ്.

**വേദനയും, വിശപ്പും വേട്ടയാടുന്ന കുറേ മനുഷ്യർ. കടബാധ്യതകൾ കഴുത്തറ്റം മൂടുമ്പോൾ അവസാന രക്ഷയെന്നോണം ഓടിവന്ന് അഭയം പ്രാപിച്ചവർ. ഒടുവിൽ കടവും, ബാധ്യതയും ഒക്കെ വീട്ടി കുടുംബത്തിലേക്ക് തിരിച്ചുചെല്ലുമ്പോൾ അതുവരെയില്ലാത്ത സദാചാരം കഴുത്തിന് പിടിച്ചുപുറന്തള്ളി ഈ കൂടാരത്തിലേക്ക് തന്നെ തിരിച്ചുകയറിയവരും എണ്ണത്തിലേറെയുണ്ട്.**

എന്തുകൊണ്ടാണെന്നറിയില്ല, എന്റെ നിഴൽ വെട്ടം കണ്ടാലുടൻ തള്ള പ്രാക്ക് തുടങ്ങും.ഇനി എന്നെ കണ്ടില്ലെങ്കിൽത്തന്നെ എണ്ണിപ്പെറുക്കലുകൾക്കിടയിൽ മലയാളം കലർന്ന തമിഴിൽ അവരെന്നെ മുടങ്ങാതെ ചീത്ത വിളിക്കുമായിരുന്നു.

കഷായത്തിന്റെ മണമുള്ള ഇരുണ്ട മുറിയിൽ

നിന്ന്'നശൂലമേ.. നശൂലമേ..'എന്നവർ കൂവി വിളിച്ചു. ആരെന്ത് വിളിച്ചാലും എനിക്കൊരുപോലെയായിരുന്നു. വാക്കായിരുന്നില്ല, ആ വാക്ക് ഉച്ചരിക്കപ്പെടുന്ന ശബ്ദമായിരുന്നു എന്നെയെന്നും അലട്ടിയത്. പച്ചയ്ക്ക് കത്തിക്കാനുള്ളത്രയും വെറുപ്പ് വിളമ്പിയ ആ ശബ്ദം എന്നെ ഭയപ്പെടുത്തി ; കാരണം എന്തെന്നറിയാഞ്ഞിട്ടുകൂടി.

അവർ മരിച്ചപ്പോൾ അന്നിവിടെയുണ്ടായിരുന്ന എല്ലാവരും കരഞ്ഞു, ഞാനൊഴികെ. നശൂലമേ എന്ന ശബ്ദം എന്നന്നേക്കുമായി അവസാനിച്ചതിന്റെ സമാധാനമായിരുന്നു എനിക്ക്. അന്നുമുതൽ ഞാൻ ഗിരിജ മാത്രമായി. എല്ലാവരുമെന്നെ ഗിരിജ എന്നുമാത്രം വിളിച്ചു. ഞാനതിന് വിളികേട്ടു.

'മണിയപ്പാ'.. എന്ന് വിളിക്കുമ്പോൾ ഇവിടുത്തെ കുരങ്ങൻ കുട്ടൻ ഓടിവരും.'ബ്ലാക്കീ..' എന്ന് വിളിക്കുമ്പോൾ പട്ടി ഉറക്കെ കുരയ്ക്കും.'ഗിരിജാ...' എന്ന് വിളിക്കുമ്പോൾ ഞാൻ വിളികേൾക്കും. റിങ്ങിലോട്ട് വിളിക്കുമ്പോൾ എന്നെയാണെന്ന് തിരിച്ചറിയണം. വേദിയിലെത്തിയിരിക്കണം. അത്രമാത്രം.

നയീസയുടെ പേര് കേൾക്കുമ്പോൾ മാത്രമാണ് പേരുകളുടെ അർത്ഥങ്ങളെക്കുറിച്ചും, സൗന്ദര്യത്തെക്കുറിച്ചും ഞാനോർക്കാറ്. നയീസയോട് എനിക്കെപ്പോഴും അസൂയ തോന്നിയിട്ടുണ്ട്. അവളുടെ ഓർമ്മകളിൽ കണ്ണെത്താദൂരത്തോളം മഞ്ഞുമൂടികിടക്കുന്ന വലിയ മലഞ്ചെരിവുകളും, അമ്മയുണ്ടാക്കിയ പലഹാരങ്ങളുടെ മധുരവും ഇപ്പോഴും ബാക്കിയുണ്ട്.

**ഓർമ്മകളിൽ നിറമുള്ള നാടോ, വീടോ ഒന്നുമില്ല. കാഴ്ചകളും, കേൾവികളും തുടങ്ങുന്നതും, ഒടുങ്ങുന്നതും ഈ കൂടാരത്തിനകത്താണ്. ഒന്ന് മുതിർന്നപ്പോൾ ഈ കൂടാരത്തിലുണ്ടായിരുന്ന പലരോടുമന്വേഷിച്ചിരുന്നു എന്റെ അസ്തിത്വത്തെക്കുറിച്ച്. വല്ലയിടത്തുനിന്നും വന്നതാണോ, ഇവിടെത്തന്നെ ആർക്കെങ്കിലുമുണ്ടായതാണോ എന്നറിയാനുള്ള കൗതുകം കൊണ്ട് മാത്രം**

'യംതാങ് താഴ്‌വരകളിൽ മഞ്ഞ പോപ്പി പൂക്കളും, ഓർക്കിഡ് പൂക്കളും പൂത്തുനിൽക്കുന്നത് കണ്ടിട്ടുണ്ടോ ഗിരിജാക്കാ?'

ലാചൂങ്ങിലെ ഞങ്ങളുടെ കൊച്ചുവീട്ടിൽ നിന്ന് ഞാനും ദായും , ബാബയും, ആമയും കൂടി വർഷത്തിലൊരിക്കൽ അതു കാണാൻ വേണ്ടി പോകുമായിരുന്നു. എന്തൊരാഘോഷമാണെന്നോ അന്ന്!

തലേന്ന് രാത്രി ഞാനും ദായും സന്തോഷം കൊണ്ട് ഉറങ്ങാറേയില്ല. യാത്രാമധ്യേ കഴിക്കാൻ ആമ ഇളം മധുരമുള്ള, കടിക്കുമ്പോൾ'കറുമുറു' എന്ന് ഒച്ചയിടുന്ന സേൽ റൊട്ടികളും, ഷാഫലേയും ഉണ്ടാക്കുമായിരുന്നു. യാത്രയ്ക്കിടയിൽ പാലിക്കേണ്ട മര്യാദകളുടെ ഒരു നീണ്ട ലിസ്റ്റ് രണ്ടുനാൾ മുമ്പേ ബാബ ഓർമ്മിപ്പിച്ചിരിക്കും.

'അനുസരണക്കേട് കാട്ടിയാൽ യാത്ര അവസാനത്തേതാകും'. ബാബയുടെ താക്കീതാണിത്.

ഓർമ്മകളിലൂടെ നയീസ കുസൃതിയോടെ ചിരിക്കും... പിന്നെ പതിയെ ചിരി മായും...അവൾ നിശ്ശബ്ദയാകും.

'നയീസാ..'എന്ന് വിളിച്ചാൽ അവൾ പതിയെ തിരിച്ചുവരും. മഞ്ഞുമൂടി കിടക്കുന്ന താഴ്‌വരയും, ഓർക്കിഡ് പൂക്കളുടെ ഗന്ധവുമില്ലാത്ത മുഷിഞ്ഞ ഈ സർക്കസ് കൂടാരത്തിലേക്ക്.

'ഗിരിജാക്കായിക്കറിയോ.. നയീസാ എന്ന പേരിന്റെ അർത്ഥം?

ദൈവത്തിന്റെ സമ്മാനമെന്നാണ്. ബാബ കണ്ടുപിടിച്ചിട്ടതാണ്. ബാബയുടെ ഒരുപാടുനാളത്തെ പ്രാർത്ഥനയ്ക്കൊടുവിലാണ് ഞാനുണ്ടായതെന്ന് ഹസുർബുവ എന്നും പറയുമായിരുന്നു.'

വീണ്ടും നിശ്ശബ്ദത. പിന്നെ ഒന്നും മിണ്ടാതെ അവൾ എഴുന്നേറ്റുപോവും.

കൂടുതലൊന്നും പറഞ്ഞില്ലെങ്കിലും എനിക്ക് തോന്നിയിട്ടുണ്ട്, നയീസയുടെ മനസ്സ് ഇപ്പോഴും ഇളം പർപ്പിൾ നിറമുള്ള ഓർക്കിഡ് പൂക്കളിലെവിടെയോ കുരുങ്ങികിടപ്പാണെന്ന്.

ഞങ്ങളെ പൊതിഞ്ഞ് പുഴുങ്ങി നിൽക്കുന്ന ചൂടിലും മൈലുകൾക്കപ്പുറത്ത് നിന്നും അവളെ മാത്രം തലോടുന്ന ഒരു തണുത്ത കാറ്റ് ഈ കൂടാരത്തിലേക്ക് എത്തിനോക്കുന്നുണ്ടെന്ന്.

വിസിൽ മുഴങ്ങി. കളിയിതാ ആരംഭിക്കുന്നു. റിങ്ങിന്റെ നാല് ഭാഗത്തുനിന്നും കുള്ളൻ ക്ലൗണുകൾ റിങ്ങിലേക്ക് ഓടിക്കയറി. അവരുടെ മണ്ടൻ ചേഷ്ടകൾക്കിടയിലൂടെ ആനയും, കരടിയും ഒട്ടകവുമൊക്കെ കടന്നുവരുമ്പോഴേക്കും വണ്ടർ സർക്കസ്സിന്റെ കൊടി ആഞ്ഞുവീശി ഞങ്ങൾക്ക് ഉള്ളിലേക്ക് പോകാൻ സമയമായി.

ഇനി ഇൻഡിവിഡ്വൽ പെർഫോർമൻസാണ്. ഫൈസൂക്കായുടെ കരടിഷോ കഴിഞ്ഞേ എനിക്ക് വേദിയിൽ എത്തേണ്ടു.

'ദീദീ...'

'ഓൾ ദ ബെസ്റ്റ് ബേട്ടാ.'

പായലാണ്. ഈ കൂടാരത്തിലെ ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരി. ആദ്യത്തെ ഷോ എന്നും അവളുടേതാണ്. കുഞ്ഞുടുപ്പിട്ട് സൈക്കിളിൽ അവളെത്തുമ്പോഴേക്കും ആരവം തുടങ്ങും.

'ജാക്ക്പോട്ട്'. അവളെചൂണ്ടിക്കൊണ്ട് ഡിക്രൂസ് ആവേശം കൊള്ളും. എട്ടുവർഷം മുമ്പ് ഒരു കോട



> **എട്ടുവർഷം മുമ്പ് ഒരു കോടമഴയത്ത് തിരുനെൽവേലിയിലെ ടെന്റിലാണ് ചെറിയച്ഛൻ അവളെ വിറ്റുപോയത്. ആ രാത്രി മുഴുവൻ പെയ്തുകൊണ്ടിരുന്ന മഴയെ കീറിമുറിച്ചുകൊണ്ട് 'ചാച്ചൂ' എന്ന് വിളിച്ചവൾ അലറിക്കരഞ്ഞു. അയാൾ ഒന്ന് തിരിഞ്ഞുനോക്കുകപോലും ചെയ്തിരുന്നില്ല. കണ്ണുകളിൽ ഒടുങ്ങാത്ത ഭീതിയും, മേലാസകലം വിരൽനഖപ്പാടുകളും, രക്തക്കല്ലിപ്പുകളും ബാക്കിയാക്കിയ ഒരെട്ടുവയസ്സുകാരി.**

മഴയത്ത് തിരുനെൽവേലിയിലെ ടെന്റിലാണ് ചെറിയച്ഛൻ അവളെ വിറ്റുപോയത്. ആ രാത്രി മുഴുവൻ പെയ്തുകൊണ്ടിരുന്ന മഴയെ കീറിമുറിച്ചുകൊണ്ട് 'ചാച്ചൂ' എന്ന് വിളിച്ചവൾ അലറിക്കരഞ്ഞു. അയാൾ ഒന്ന് തിരിഞ്ഞുനോക്കുകപോലും ചെയ്തിരുന്നില്ല. കണ്ണുകളിൽ ഒടുങ്ങാത്ത ഭീതിയും, മേലാസകലം വിരൽനഖപ്പാടുകളും, രക്തക്കല്ലിപ്പുകളും ബാക്കിയാക്കിയ ഒരെട്ടുവയസ്സുകാരി. കരഞ്ഞു തളർന്ന് ടെന്റിന്റെ മൂലയിൽ പതുങ്ങികിടന്ന അവളെ ഞാനാണ് എന്റെയരികിലേക്ക് മാറ്റികിടത്തിയത്. പിന്നീടവളെനിക്ക് പ്രിയപ്പെട്ടവളായി. അപരിചിതമായ രണ്ടു ലോകങ്ങളിൽ ഭാഷകളറിയാതിരുന്നിട്ടും ഞങ്ങൾ സംസാരിച്ചു. മറ്റേതു ഭാഷയേക്കാളും പരിചിതമായിരുന്നു എനിക്കവളുടെ സ്നേഹത്തിന്റെ ഭാഷ.

വൈകിയെത്തി എന്നെ ചേർന്നുകിടന്ന ഏതോ ഒരു രാത്രി അവൾക്ക് ഡിക്രൂസിന്റെ ദുഷിച്ച മണമുണ്ടെന്ന് തിരിച്ചറിയും വരെ അവളെനിക്ക് മകളായിരുന്നു.

നിവൃത്തിയില്ലായ്മയാവാം. പക്ഷേ എനിക്ക് പൊറുത്തുകൊടുക്കാൻ കഴിഞ്ഞില്ല. എങ്കിലും ഓരോ കളിക്ക് മുമ്പും ആശീർവാദത്തിനായി ഓടിയെത്തുമ്പോൾ എനിക്ക് മുഖം തിരിക്കാനായില്ല. അപ്പോൾ അവൾ ഒരിക്കൽകൂടി എന്റെ പഴയ എട്ടു വയസ്സുകാരിയാകും.

'ഗിരിജാദീ.. ക്യാ ഹുവാ? അകലാ പെർഫോർമൻസ് ആപ്കീ ഹെ.....

'ഹാം..മെ, ബസ് ദോ മിനുട്ട്'.

ബെൽവന്ദ് ഓർമ്മിപ്പിച്ചത് നന്നായി. അല്ലെങ്കിൽ ബഹളം വെയ്ക്കാൻ ഡിക്രൂസിന് ഒരു കാരണം കിട്ടിയേനെ.

ഡ്രസ്സിങ്ങ് റൂമിലേക്ക് ഓടുമ്പോൾ ഫൈസൂക്കാ മെയ്ക്കപ്പ് കഴിഞ്ഞ് സ്റ്റേജിലേക്ക് പോകുന്നേ ഉണ്ടായിരുന്നുള്ളൂ.

'ഉസ് ബില്ലു കോ സമ്പാൽനാ ഫൈസൂക്ക'.

അയാൾ ചിരിച്ചുകൊണ്ട് തലയാട്ടി. രണ്ടാഴ്ച മുമ്പത്തെ കളിയിൽ അപ്രതീക്ഷിതമായി കരടി ഒന്നു വിറപ്പിച്ചതാണ്.

ഫൈസൂക്ക കാര്യങ്ങൾ നിയന്ത്രിച്ചെങ്കിലും വലം കൈയ്യിലെ ആഴത്തിലുള്ള നഖപ്പാട് ഉണങ്ങാൻ സമയമെടുത്തു. എങ്കിലും ഫൈസൂക്കയ്ക്ക് ബാദുഷയോട് പരിഭവങ്ങളൊ ന്നുമില്ല.

'മനുഷ്യരേക്കാൾ ഭേദമാണ് ഗിരിജാ മൃഗങ്ങൾ. ശരീരം നോവിച്ചാലും മനസ്സ് നോവിക്കില്ല.'

ഫൈസൂക്ക പലപ്പോഴും ആവർത്തിക്കാറുള്ള വചനങ്ങൾ.

എത്ര തിരഞ്ഞിട്ടും ഹാംഗറിൽ തൂക്കിയിട്ട വസ്ത്രം കാണുന്നില്ല. ഡ്രസ്സിങ്ങ് റൂമിൽ നിന്നും ഓടിയിറങ്ങുമ്പോൾ ഡിക്രൂസ് മുമ്പിൽ നിൽക്കുന്നു.

'എന്നമ്മാ..എന്നാച്ച്...'

'സർ, കോസ്റ്റ്യൂം കാണാനില്ല. കുറച്ചുമുമ്പ് വരെ ഹാംഗറിലുണ്ടായിരുന്നു'.

വെപ്രാളമൊന്നുമില്ലാതെ ഡിക്രൂസ് എനിക്ക് മുമ്പേ മുറിയിലേക്ക് കയറി.

'ദോ. അങ്കയിറ്ക്ക്, പാക്കമുടിയാതാ'?

അയാൾ ചൂണ്ടിയ വിരലിനിപ്പുറം ഞാൻ സംശയിച്ചുനിന്നു.

'കൊഞ്ചം ഷോട്ടാർക്ക്. ആനാ ഹോട്ടാർക്കും'.

കട്ടിമീശയ്ക്ക് കീഴെ പുകയിലക്കറ പറ്റിയ വലിയ പല്ലുകൾ കാട്ടി അയാൾ അട്ടഹസിച്ചു.

'ഡിക്രൂസ്'

'എന്നാച്ച് ഗിരിജാ...പുടിക്കലയാ..? പുടിക്കലന്നാ വിട്ട്ട്. ട്രപ്പീസ് പണ്ണർത്ക്ക് സിന്ന പൊമ്പുളേങ്കൾ കെടക്കാതാ..?'

എത്ര പെട്ടെന്നാണ് ഡിക്രൂസിന്റെ ചിരി മാഞ്ഞത്.

**ഒന്നുറക്കെ ശ്വസിച്ചാൽ പൊട്ടാൻ പാകത്തിൽ ഇലാസ്തികതയിൽ പൊതിഞ്ഞ വസ്ത്രം ശരീരത്തെ അവിടേയും ഇവിടേയും മാത്രം മറച്ചുവെച്ചു. ഇത്തവണ ഗിരിജ കണ്ണാടിയിൽ നോക്കിയില്ല. വാതിൽ തുറന്ന് പുറത്തേക്ക് കടക്കുമ്പോൾ തുടകളിലടിച്ച് താളം പിടിച്ചുകൊണ്ട് ഡിക്രൂസ് കാത്തുനിൽപ്പുണ്ടായിരുന്നു.**

ഇത്രയും കാലത്തിനിടയ്ക്ക് ഡിക്രൂസിനെ നന്നായി മനസ്സിലാക്കിയതാണ്. പുഴുത്ത പല്ലുകളേക്കാൾ വൃത്തികെട്ട മനസ്സ് അയാൾ ഇരുമ്പ് പോലുള്ള ശരീരത്തിനകത്ത് ഒളിച്ചുവെച്ചിട്ടുണ്ട്.

പരാതികളേതുമില്ലാതെ ഞാൻ സ്വയമേവ ഒഴിഞ്ഞുപോകലാണ് അയാൾക്കാവശ്യം. പറഞ്ഞുവിട്ടെന്നുള്ള പഴി ഒഴിവാക്കുകയാണ്.

പക്ഷേ എങ്ങോട്ട്? ഇവിടം വിട്ടാൽ ചെന്നുകയറാൻ മറ്റൊരിടമില്ല. ഏതെങ്കിലും വേശ്യാലയത്തിന്റെ പ്രകാശം മങ്ങിയ മുറി. അല്ലെങ്കിൽ ആത്മഹത്യ.

കടം വാങ്ങിയ വിധേയത്വം ചുണ്ടുകളിൽ തേച്ച് ഒന്നും സംഭവിക്കാത്ത മട്ടിൽ ഡ്രസ്സിങ്ങ് റൂമിലേക്ക് നടന്നു.

ഒന്നുറക്കെ ശ്വസിച്ചാൽ പൊട്ടാൻ പാകത്തിൽ ഇലാസ്തികതയിൽ പൊതിഞ്ഞ വസ്ത്രം ശരീരത്തെ അവിടേയും ഇവിടേയും മാത്രം മറച്ചുവെച്ചു. ഇത്തവണ ഗിരിജ കണ്ണാടിയിൽ നോക്കിയില്ല. വാതിൽ തുറന്ന് പുറത്തേക്ക് കടക്കുമ്പോൾ തുടകളിലടിച്ച് താളം പിടിച്ചുകൊണ്ട് ഡിക്രൂസ് കാത്തുനിൽപ്പുണ്ടായിരുന്നു.

'അടടാ...എന്നാ ഒരഴക്..സിന്ന പൊണ്ണ് മാതിരിയിറ്ക്ക്.'

അയാളുടെ കണ്ണുകൾ ആദ്യാവസാനം ശരീരത്തിലൂടെ നിരങ്ങി നീങ്ങുകയാണ്.

ഒച്ചിഴഞ്ഞതുപോലെ അയാളുടെ കണ്ണുകൊണ്ടിടങ്ങളിലെല്ലാം ശരീരം വഴുവഴുക്കുന്നു.

വീണ്ടും വിസിൽ മുഴങ്ങുകയായി. റിങ്ങിലേക്ക് കാലെടുത്തുവെയ്ക്കുമ്പോഴേക്കും ഇന്നേവരെ കേട്ടിട്ടില്ലാത്ത ശബ്ദത്തിൽ കാണികൾ കൂകിക്കൊണ്ടിരുന്നു. മാറിടത്തിന്റെ മധ്യത്തിൽ തുണിയേറെ

ഇറങ്ങിനിന്നിട്ടും അസ്വസ്ഥത കാണിച്ചില്ല.

'ഇവിടുന്നിറങ്ങിയാൽ ചെന്നുകയറാൻ മറ്റിടങ്ങളില്ല ഗിരിജാ..'മനസ്സ് വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചു.

ജാസിന്റെ താളം മുറുകുകയായി. ആദ്യത്തെ അഞ്ച് മിനുട്ട് അക്രോബാറ്റിക്സ് നൃത്തച്ചുവടുകളാണ്. ഉടുപ്പിന്റെ അറ്റം ഓരോ തവണ ഉയരുമ്പോഴും ആസ്വാദകരുടെ അട്ടഹാസം ടെന്റിനെ പ്രകമ്പനം കൊള്ളിച്ചു.

ഒന്നും തോന്നരുത്. ഓരോ വേദിയിലും ഇതൊക്കെ പതിവാണ്. റിങ്ങിലേക്ക് പണമെറിഞ്ഞ് കൂടെ കിടക്കാൻ ക്ഷണിക്കുന്ന സർദാർജികളും ഗൗഡകളും മുതൽ ബാക്ക് സ്റ്റേജിൽ ലക്ക് കെട്ട് കടന്നുവന്ന് പണം നൽകി ഫോട്ടോ എടുക്കാനെന്ന വ്യാജേന തോളിലിടുന്ന കൈ ഉടുപ്പിനുള്ളിലേക്ക് തഞ്ചത്തിലിറക്കുന്ന മാർവാടികളെ വരെ എത്ര കണ്ടതാണ്. ഈ കാലമത്രയും എന്തൊക്കെ സഹിച്ചിരിക്കുന്നു.

മാറുന്നത് വ്യക്തികൾ മാത്രമാണ്.

താളം കനക്കുകയാണ്. ചുവടുകളൊന്നുകൂടി അയഞ്ഞു. കാണികൾ ഇളകിമറിഞ്ഞ മട്ടാണ്. ഡിക്രൂസിന്റെ കറപിടിച്ച പല്ലുകൾ ഇപ്പോൾ ഇക്കിളിപ്പെട്ട് ചിരിക്കുന്നുണ്ടാകും. കാണുന്നില്ലെങ്കിലും ഊഹിക്കാവുന്ന തേയുള്ളൂ. മുകളിൽ ഉയർത്തികെട്ടിയ ട്രപ്പീസുകൾ ഇപ്പോൾ ഗിരിജയ്ക്ക് വ്യക്തമായി കാണാം. ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് ഒരു മായാജാലക്കാരിയെപ്പോലെ പാറിനടക്കാൻ സമയമാവുന്നു.

നിരത്തിയിട്ട കസേരകൾക്കിടയിലൂടെ മുന്നോട്ടുവരുന്ന പയ്യനെ അവൾ അപ്പോഴാണ് ശ്രദ്ധിച്ചത്. പൗരുഷത്തിന്റെ ചിഹ്നങ്ങൾ മുഖത്ത് മുളച്ചുതുടങ്ങിയിട്ടേയുള്ളൂ. തിക്കും തിരക്കും കൊണ്ട് കളികാണാൻ മുന്നോട്ടുവന്നതാണെന്നാണ് ആദ്യം തോന്നിയത്. രണ്ട് കടലാസുകഷ്ണങ്ങൾ റോക്കറ്റ് രൂപത്തിൽ റിങ്ങിലേക്ക് പറന്നു വന്നപ്പോൾ തോന്നലുകൾ തെറ്റാണെന്ന് ബോധ്യമായി. വലതുതുടയിൽതട്ടിവീണത് വെറും കടലാസുകഷ്ണങ്ങളായിരുന്നില്ല. ഗാന്ധിതലയിൽ പച്ചകലർന്ന രണ്ട് അഞ്ഞൂറു രൂപ നോട്ടുകൾ.

ഒരു നിമിഷം ചലനങ്ങളഴിഞ്ഞു.

കുട്ടിത്തം മാറാത്ത മുഖത്ത് അവന്റെ ആർത്തി നിറഞ്ഞുതുളുമ്പുകയാണ്. ബോംബെയിലും കൽക്കത്തയിലും ഇതിലും മോശപ്പെട്ടത് പലതും കണ്ടിട്ടും അനുഭവിച്ചിട്ടുമുണ്ട്.

**മുന്നിലെ കാഴ്ചകൾ പോലും അവ്യക്തമാകും വിധം റിങ്ങിപ്പോൾ റോക്കറ്റുകൾകൊണ്ട് മൂടിയിരിക്കുന്നു. താഴെ വീഴാത്ത, എണ്ണിതിട്ടപ്പെടുത്താനാവാത്ത നോട്ടുകൾക്കിടയിൽ താൻ മാത്രം ബാക്കിയായിരിക്കുന്നു.**

ഒരു മകനുണ്ടായിരുന്നെങ്കിൽ ഇതിലും മുതിർന്നേനെ. ഒരിക്കലുമില്ലാത്തവിധം സ്ത്രീത്വം വ്രണപ്പെടുകയാണ്. ഒരു നിമിഷം... മറ്റ് ശബ്ദങ്ങളും കാഴ്ചകളും അപ്രത്യക്ഷമായി.

തൊട്ടുമുമ്പിൽ ആർത്തിയോടെ ഉറ്റുനോക്കുന്ന ഒരൊറ്റ കാണിമാത്രം.

അടിവയറ് വേദനിക്കുന്നു. തൊണ്ടക്കുഴിയിൽ ചവർപ്പ് തികട്ടുന്നു.

വൈകാതെ അവന്റെ ചുണ്ടുകളിൽ സിഗരറ്റ് എരിയാനും , കണ്ണുകളിൽ കാമാഗ്നി പടരാനും തുടങ്ങി. അവന്റെ പല്ലുകൾ ഡിക്രൂസിന്റേതുപോലെ കറപിടിച്ചവയാണോ.?

ഇവിടുന്നിറക്കി വിട്ടാൽ പ്രകാശം മങ്ങിയ മുറികളിൽ ഇരപിടിക്കാനിറങ്ങുന്നവരിൽ ഇവനുമുണ്ടാകുമോ?

അവൻ റോക്കറ്റുകൾ റിങ്ങിലേക്ക് വീണ്ടും വീണ്ടും പറത്തുകയാണ്. മുന്നിലെ കാഴ്ചകൾ പോലും അവ്യക്തമാകും വിധം റിങ്ങിപ്പോൾ റോക്കറ്റുകൾകൊണ്ട് മൂടിയിരിക്കുന്നു. താഴെ വീഴാത്ത, എണ്ണിതിട്ടപ്പെടുത്താനാവാത്ത നോട്ടുകൾക്കിടയിൽ താൻ മാത്രം ബാക്കിയായിരിക്കുന്നു.

ജാസിന്റെ താളം വീണ്ടും മുറുകി. ആകാശത്തിലേക്ക് ഉയർത്തിക്കെട്ടിയ ഊഞ്ഞാലുക ളിലേക്ക് കയറേണിയിലൂടെ അവൾ വലിഞ്ഞുകയറി. റോക്കറ്റുകളിപ്പോൾ അവളേക്കാൾ ഉയരത്തിൽ പറന്നു പൊങ്ങുകയാണ്.

കാണികൾ കൈയ്യടിക്കുന്നു. കൂകി വിളിക്കുന്നു.

ഗിരിജ ഒരിക്കൽകൂടി അവനെനോക്കി. കൈവിരലുകൾ വായിൽ തിരുകി ലക്കുകെട്ട് അവൻ വീണ്ടും ഉച്ചത്തിൽ വിസിലടിക്കുകയാണ്.

ശബ്ദകോലാഹലങ്ങൾക്കിടയിലും ആ ശബ്ദം വേറിട്ട് കേൾക്കുന്നുണ്ട്.


ഓർമ്മകളിൽ ചിന്നത്തയുടെ പ്രാക്കിന്റെ ശബ്ദം ഒരിക്കൽകൂടി മുഴങ്ങി. ജാസിന്റെ താളം നിലയ്ക്കുമ്പോൾ അദൃശ്യമായി ആടിക്കൊണ്ടിരുന്ന ട്രപ്പീസിന്റെ കൈകളിലേക്കവൾ എടുത്തുചാടികഴിഞ്ഞിരുന്നു.

ഒരിക്കലും കണ്ടിട്ടില്ലാത്ത യംതാങ് താഴ്‌വരയിലെ ഓർക്കിഡ് പൂക്കളിലേക്ക് താഴ്ന്ന് പറക്കുമ്പോൾ, തന്നെ ലക്ഷ്യമാക്കി പറന്നുനടക്കുന്ന നോട്ടുറോക്കറ്റുകളിൽ സ്പർശിക്കാതിരിക്കാൻ അവൾ കിണഞ്ഞു ശ്രമിച്ചു.


HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com


സ്പെഷ്യൽ ജൂറി സമ്മാനം നേടിയ കഥ

ഇ-മലയാളി IV
കഥാമത്സരം 2024
നവീന ഭാവുകത്വത്തിന്റെ ശില്പികൾ



വര: ദിനേഷ് പി ജി

# നാരായണീയം



സ്പെഷൽ ജൂറി അവാർഡ് ലഭിച്ച ജോസഫ് എബ്രഹാം സുൽത്താൻ ബത്തേരി സ്വദേശി. നിയമബിരുദധാരി. ഇപ്പോൾ മേരിലാൻഡ് സ്റ്റേറ്റ് സർക്കാർ ഉദ്യോഗസ്ഥൻ. J. അവറാൻ എന്ന തൂലികാ നാമത്തിൽ ഇംഗ്ലീഷിലും എഴുതുന്നു. 'അന്യായപ്പട്ടിക വസ്തു', 'ആണ്ടവൻ സൊൽറെൻ' എന്നിങ്ങനെ രണ്ടു കഥാസമാഹാരങ്ങൾ മലയാളത്തിലും 'കാസ ലോക്കാസ്' എന്ന ഇംഗ്ലീഷ് കഥാ സമാഹാരവും പ്രിസിദ്ധീകരിച്ചിട്ടുണ്ട്. കാസ ലോക്കാസിന് 2024 ലെ FOKANA സാഹിത്യ പുരസ്കാരം ലഭിച്ചു.

ജോസഫ് എബ്രഹാം



“ഗുരോ ജയിലീന്നു ഇറങ്ങിയെപ്പിന്നെ നാരായണിയെ വീണ്ടും കണ്ടിരുന്നോ?”

ചോദ്യം കേട്ടുവെങ്കിലും അദ്ദേഹമൊന്നും മിണ്ടിയില്ല.

അണ്ഡകടാഹത്തെ ഇരുട്ടിലാഴ്ത്താൻ ആസ്തപ്പാട് കൂട്ടുന്ന സൂര്യനെ നോക്കി പരിഹാസത്തോടെ ഗുരു ചിരിച്ചു.

‘ഇത്ര തിരക്കിട്ട് പോയിട്ടെന്താ കാര്യം? രാവിലെ വീണ്ടും വരാനുള്ളതല്ലേ.

ഇമ്മിണി കഴിഞ്ഞിട്ട് അസ്തമിച്ചാലും ഇച്ചിരെ നേരം താമസിച്ചു ഉദിച്ചാലും ഈ അണ്ഡകടാഹത്തിനോ അതിലെ നിവാസികളായ കോടാനുകോടി ജനങ്ങൾക്കോ, പക്ഷിമൃഗാദികൾക്കോ, കടുവാക്കുഴിയിലെ പ്രജകൾക്കോ എന്തെങ്കിലും കുഴപ്പം വരാനുണ്ടോ എന്നായിരിക്കണം ഗുരു ചിന്തിച്ചത്’

**കലമാൻകൊമ്പിൻറെ പിടിവെച്ച യമണ്ടൻ കഠാര ഗുരുവിന്റെ എളിയിൽ മുഴച്ചുനിൽക്കുന്നതു നേരിയ ജൂബയ്ക്ക് അകത്തൂടെ നിഴലിച്ചു കാണാമായിരുന്നു. കുറച്ചു കാലംമുൻപ് ഒന്നു രണ്ടു പ്രാവശ്യം ഗുരുവിനെ ആക്രമിക്കാനായി ജിന്നുകൾ വന്നിരുന്നുപോലും. അപ്പോഴൊക്കെ ആ യമണ്ടൻ കഠാര കൊണ്ടായിരുന്നുവെത്രേ ഗുരു ജിന്നുകളുടെ തലകൾ വെട്ടിയറുത്തു മാറ്റിയത്.**

കലമാൻകൊമ്പിൻറെ പിടിവെച്ച യമണ്ടൻ കഠാര ഗുരുവിന്റെ എളിയിൽ മുഴച്ചുനിൽക്കുന്നതു നേരിയ ജൂബയ്ക്ക് അകത്തൂടെ നിഴലിച്ചു കാണാമായിരുന്നു. കുറച്ചു കാലംമുൻപ് ഒന്നു രണ്ടു പ്രാവശ്യം ഗുരുവിനെ ആക്രമിക്കാനായി ജിന്നുകൾ വന്നിരുന്നുപോലും. അപ്പോഴൊക്കെ ആ യമണ്ടൻ കഠാര കൊണ്ടാ




**ഗുരു ഒരു സർവസ്വതന്ത്ര വിപ്ലവകാരിയാണ്. തൻറെ ന്യായമായ സ്വാതന്ത്ര്യത്തെ തടയാൻ ആരെയും അനുവദിച്ചിരുന്നില്ല. അതിനായി ഒരു മ്പെട്ടുവന്ന മൂരാച്ചികളോടൊക്കെ ഘോരഘോരം എതിരടിച്ചുവെന്നാണ് ഗുരു പറഞ്ഞിട്ടുള്ളത്. ചിലതൊക്കെ ഈ ശിഷ്യനും നേരിട്ട് അറിവുള്ളതു മാകുന്നു.**

യിരുന്നുവെത്രേ ഗുരു ജിന്നുകളുടെ തലകൾ വെട്ടിയറുത്തു മാറ്റിയത്.

ജിന്നുകളോട് ഘോരയുദ്ധം ചെയ്യാൻ മാത്രമല്ല ഏതെങ്കിലും കശ്മലന്മാർ പോക്രിത്തരം കാണിക്കാൻ വന്നാൽ അവരുടെ കൈവെട്ടിക്കളയാൻ വേണ്ടിയുമാണ് ഗുരു കഠാര എളിയിൽതിരുകി നടക്കുന്നത്.

ഗുരു ആനന്ദശീലനും ഒപ്പം ക്ഷിപ്രകോപിയുമാണ്.

ഗുരുവിന്റെ മുഖത്തേക്കും കഠാരയിലേക്കും മാറിമാറി നോക്കിക്കൊണ്ട് മടിച്ചു മടിച്ചു വീണ്ടും ചോദിച്ചു.

''അല്ല, ചോദിച്ചത് ഗുരു കേട്ടില്ലായിരുന്നോ ?''

''കേട്ടടോ ബഡക്കൂസേ, അതൊക്കെ പറയാം''

ഗുരു ജൂബയുടെ പോക്കറ്റിൽകയ്യിട്ടു പനാമ സിഗരറ്റിൻറെകൂട് പുറത്തെടുത്തു തുറന്നു. അതിൽനിന്നും ഒരണ്ണമെടുത്തു കത്തിച്ചു പുകവിട്ടു. പുകയെടുത്തതോടെ ചുമയും വന്നു. എന്നാലും ചുമച്ചുകൊണ്ടുതന്നെ സിഗരറ്റ് വലിച്ചു. വലിനിർത്താൻ ഡോക്ടർ എപ്പോഴും പറയാറുണ്ട് പക്ഷെ ഗുരു അതൊന്നും അനുസരിക്കാറില്ല. ഒരിക്കൽ പുകവലി നിർത്തണമെന്നു കർശനമായി തന്നെ ചെറുപ്പക്കാരനായ ഡോക്ടർ പറഞ്ഞു.

അതുകേട്ടതോടെ ഗുരുവിനു ദേഷ്യംവന്നു.

ഡോക്ടർ മൂരാച്ചിയുടെ നേരേ കഠാര നീട്ടിക്കൊണ്ടു ചോദിച്ചു.

''ബഡക്കൂസേ, കള്ള ഹിമാറെ, നിൻറെ വാപ്പ പുകവലിച്ചിരുന്നോ?''

'' ഇല്ല... ഇക്കാ''

കഠാരയിലേക്ക് നോക്കിക്കൊണ്ട് ഡോക്ടർ പേടിയോടെ പറഞ്ഞു

''അവൻ, നിൻറെ വാപ്പ എത്രാമത്തെ വയസിലാണ് മരിച്ചത് ?''

''അമ്പത്തഞ്ചു വയസിൽ''

''ഇപ്പോൾ എനിക്കെത്ര വയസായി ബലാലെ ?''

''ഇക്കയ്ക്ക് ഇമ്മിണി വയസായി''

''ഉം''

ഗുരു ഡോക്ടറുടെ മുഖത്തുനോക്കി ഒന്നമർത്തി മൂളി.

ഡോക്ടർ പേടിച്ചു മിണ്ടാട്ടം മുട്ടി നിൽപ്പായി.

നീട്ടിപ്പിടിച്ച കഠാര എളിയിൽ തിരുകി ഗുരു അവിടെനിന്നും ഇറങ്ങിപ്പോന്നപ്പോഴാണ് ഡോക്ടറുടെ ശ്വാസം നേരെ വീണത്.

ഗുരു ഒരു സർവസ്വതന്ത്ര വിപ്ലവകാരിയാണ്.

തൻറെ ന്യായമായ സ്വാതന്ത്ര്യത്തെ തടയാൻ ആരെയും അനുവദിച്ചിരുന്നില്ല. അതിനായി ഒരുമ്പെട്ടുവന്ന മൂരാച്ചികളോടൊക്കെ ഘോരഘോരം എതിരടിച്ചുവെന്നാണ് ഗുരു പറഞ്ഞിട്ടുള്ളത്. ചിലതൊക്കെ ഈ ശിഷ്യനും നേരിട്ട് അറിവുള്ളതുമാകുന്നു.

സിഗരറ്റു വലിച്ചു കഴിഞ്ഞപ്പോൾ ഗുരു ചോദിച്ചു.

''നിനക്കറിയാമോ മൂരാച്ചി ദിവാൻ, സർസിപ്പിയെ വെട്ടിയത് ആരാണെന്നു?''

''അത്, ഏതോ ഒരു മണിയനല്ലേ. ഒരു കമ്മ്യൂണിസ്റ്റുകാരൻ?''

''ആരു പറഞ്ഞു നിന്നോടു ഈ മഠയത്തരം? അതൊക്കെ കമ്മ്യൂണിസ്റ്റു മൂരാച്ചികളുടെ ഒരു ഡാവാണ്.

''മണിയനെന്ന വിദ്വാൻ സോഷ്യലിസ്റ്റായിരുന്നു.

നിന്നെപ്പോലെ അവനും എൻറെ ശിഷ്യനായിരുന്നു. പോലീസ് മൂരാച്ചികളുടെ തൊപ്പികണ്ടാൽ പേടിച്ചോടുന്ന അവൻ വിദേശസർക്കാരിൻറെ ദിവാനെ വെട്ടിയെന്നാരു പറഞ്ഞു?

‘‘ബഡക്കൂസേ, പിന്തിരിപ്പൻ സാമ്രാജ്യത്വ വാദി ദിവാനെവെട്ടി മൂക്ക് മുറിച്ചെടുത്തത് വിപ്ലവകാരിയായ ഞാനായിരുന്നു. മനസ്സിലായോ?’’

‘‘പക്ഷെ ഗുരു, അങ്ങിനെയൊരു ചരിത്രം ഇതുവരെ കേട്ടില്ലല്ലോ. ആരുംതന്നെ ആ ധീരകൃത്യം ചെയ്തത് ഗുരുവാണെന്ന് എഴുതുകയും ചെയ്തിട്ടുള്ളതായി ഈ വിനീത ശിഷ്യനു അറിയുകയുമില്ല’’

‘‘സർവസ്വതന്ത്രവിപ്ലവകാരിയായ ഞാനാണ് മൂരാച്ചി ദിവാനെ വെട്ടിയതെന്നു പലർക്കും അറിയാം. സർസിപ്പിക്കും പോലീസുകാർക്കും അറിയാം. അതല്ലേ പട്ടർ രായ്ക്കുരാമാനം പേടിച്ചു നാടുവിട്ടത്.

കമ്മ്യുണിസ്റ്റുകാരെയോ, സോഷ്യലിസ്റ്റുകാരയോ ദിവാനോ വിദേശസർക്കാരിനോ വല്ല പേടിയുമുണ്ടോ? ഇല്ല.

അവരെയൊക്കെ അവർ തല്ലിയൊതുക്കുകയും ചെയ്തില്ലേ?

കമ്മ്യുണിസ്റ്റുകാരെ പേടിയുണ്ടെങ്കിൽ അവർ അങ്ങിനെ ചെയ്യുമോ?

ആരെയും പേടിയില്ലാത്ത സർസിപ്പി എന്തേ നാടുവിട്ടത് ?

ചിന്തിച്ചിട്ടുണ്ടോ?

സർസിപ്പിയുടെ കയ്യിൽ പോലീസും പട്ടാളവും ഇല്ലായിരുന്നോ?

എല്ലാം ഉണ്ടായിരുന്നു.

എന്നിട്ടും പട്ടർ ഒളിച്ചോടി. എന്താ സംഗതിയെന്നു പിടികിട്ടിയോ?’’

‘‘അറിയില്ല ഗുരോ’’

‘‘സംഗതി എന്താന്നുവച്ചാൽ മൂരാച്ചി ദിവാൻറെ മേശപ്പുറത്തു വൈസ്രോയി മൌണ്ട്ബാറ്റൻ അയച്ച ഒരു കത്തുണ്ടായിരുന്നു. ദിവാനും വിദേശസർക്കാരും ഭയപ്പെടേണ്ടത് കമ്യൂണിസ്റ്റുകാരെയും ദേശീയവാദികളെയുമല്ല. സർക്കാരിനെ മൂരാച്ചിസർക്കാരെന്നും പോലീസുകാരെ മൂരാച്ചി വിദേശപക്ഷവാദി പോലീസുകാരെന്നു ഘോരഘോരം ആക്ഷേപിക്കുന്ന സർവസ്വതന്ത്ര വിപ്ലവകാരിയായ ഒരു എഴുത്തുകാരനുണ്ട് തിരുവിതാംകൂറിൽ. അയാളെയും അയാളുടെ എഴുത്തിനെയും സൂക്ഷിക്കണം. അയാളൊരു അതിഘോര വിപ്ലവകാരിയാകുന്നു.

"സംഗതി എന്താന്നുവച്ചാൽ മൂരാച്ചി ദിവാൻറെ മേശപ്പുറത്തു വൈസ്രോയി മൌണ്ട്ബാറ്റൻ അയച്ച ഒരു കത്തുണ്ടായിരുന്നു. ദിവാനും വിദേശസർക്കാരും ഭയപ്പെടേണ്ടത് കമ്യൂണിസ്റ്റുകാരെയും ദേശീയ വാദികളെയുമല്ല. സർക്കാരിനെ മൂരാച്ചിസർക്കാരെന്നും പോലീസുകാരെ മൂരാച്ചി വിദേശപക്ഷവാദി പോലീസുകാരെന്നു ഘോരഘോരം ആക്ഷേപിക്കുന്ന സർവസ്വതന്ത്ര വിപ്ലവകാരിയായ ഒരു എഴുത്തുകാരനുണ്ട് തിരുവിതാംകൂറിൽ. അയാളെയും അയാളുടെ എഴുത്തിനെയും സൂക്ഷിക്കണം. അയാളൊരു അതിഘോര വിപ്ലവകാരിയാകുന്നു. അതായിരുന്നു വൈസ്രോയിയുടെ കത്തിലെ ഉള്ളടക്കം.

അതായിരുന്നു വൈസ്രോയിയുടെ കത്തിലെ ഉള്ളടക്കം.

‘‘ഇപ്പോൾ മനസ്സിലായോ ദിവാൻ പട്ടർ എന്തിനാണു രായ്ക്കുരാമാനം തഞ്ചാവൂർക്കു കടന്നതെന്ന്?’’

‘‘എങ്കിലും ഗുരോ ...‘

‘നിൽക്കൂ ബഡക്കൂസേ ഞാൻ പറയട്ടെ.

സർവസ്വതന്ത്രവിപ്ലവകാരിയായ ഞാനാണ് മൂരാച്ചി ദിവാൻറെ മൂക്കുചെത്തി ഉപ്പിലിട്ടതെന്നു പറഞ്ഞാൽ സോഷ്യലിസ്റ്റുകാർക്കും കമ്മ്യൂണിസ്റ്റുകാർക്കും എന്തെങ്കിലും നേട്ടമുണ്ടോ? ഇല്ല.

ഇനി അതു ചെയ്തത് ഞാനല്ലന്നവർ പറഞ്ഞാൽ എനിക്കെന്തെങ്കിലും കോട്ടമുണ്ടോ? അതുമില്ല.

സർവസ്വതന്ത്ര വിപ്ലവകാരിയായ ഞാൻ ജീവിക്കുന്നത് പേരും പ്രശസ്തിയും നേടാനാണോ? അതുമല്ല.

ഈ മണിയനെക്കുറിച്ച് അതിനു മുൻപ് ആരെങ്കിലും കേട്ടിട്ടുണ്ടോ? ഇല്ല.

അതു പോകട്ടെ അതിനു ശേഷമോ? അതുമില്ല.

അതാണ് ഞാൻ പറഞ്ഞത്....’’

‘‘പിന്നെങ്ങിനെയാണു ഗുരോ മണിയന്റെ പേര് എല്ലാവരും പറയുന്നത് ?’’

‘‘അതല്ലേ ആദ്യമേ പറഞ്ഞത് അതൊക്കെ അവരുടെ ഡാവും ഡുക്കുടുവും ആണെന്ന കാര്യം.

സംഗതി ശരിയാണ്.

മണിയനായിരുന്നു എനിക്കുവേണ്ടി വെട്ടുകത്തി കൊണ്ടുവന്നത്. മൂരാച്ചി ദിവാൻറെ മൂക്ക് മുറിച്ചെടുത്തശേഷം കത്തി ഞാൻ അവൻറെ കയ്യിൽ തിരിച്ചു കൊടുത്തിട്ടു പുറത്തേക്കുപോയി ഒരു ബീഡിവലിച്ചു കൊണ്ടിരുന്നപ്പോഴേക്കും കള്ള ബഡക്കൂസുകൾ കഥയാകെ മാറ്റിക്കഴിഞ്ഞിരുന്നു.

‘‘കമ്മ്യൂണിസ്റ്റുകാർക്കും സോഷ്യലിസ്റ്റുകാർക്കും മാത്രമേ വിപ്ലവം നടത്താനും സുന്ദര സുരഭിലമായ ഒരു സ്റ്റൈലൻ ലോകത്തെ ഉണ്ടാക്കാനും കഴിയുകയുള്ളൂ എന്നൊക്കെയിരുന്നു അക്കാലത്ത് ഭൂഗോളത്തിലെ മുഴുവൻ ആണുങ്ങളും പെണ്ണുങ്ങളും വിച്ചാരിച്ചിരുന്നതും.’’

‘‘അല്ല ഗുരുവൊരു അഹിംസാ വിപ്ലവവാദിയായിരുന്നില്ലേ.

പിന്നെങ്ങിനെ ഇമ്മാതിരി ആയുധമെടുത്തുള്ള അതിക്രമം നടത്തിയത് ?’’

‘‘അഹിംസകൊണ്ട് വെട്ടിയതുകൊണ്ടാണ് കശ്മലൻ ദിവാൻറെ മൂക്ക് മാത്രം മുറിഞ്ഞത്. അല്ലാതെ ആ മൂരാ

ച്ചി പട്ടരുടെ ഉണ്ണിപ്പിണ്ടിപോലുള്ള കഴുത്ത് മുറിയാനുള്ള മൂർച്ച വാക്കത്തിക്കില്ലാതെ പോയതൊന്നുമല്ല.''

''എന്തായാലും ഗുരോ അങ്ങൊരു സംഭവം തന്നെ.

ഇന്ദ്രനെയും ചന്ദ്രനേയും പോലും തനിക്കു പേടിയില്ലന്നായിരുന്നല്ലോ സർസിപ്പി പറഞ്ഞോണ്ടിരുന്നത്. പോലീസിനെയും പട്ടാളത്തെയും ഉള്ളം കൈയ്യിൽവെച്ചുകൊണ്ട് തിരുവിതാംകൂർ അടക്കിഭരിച്ച സർസിപ്പിയെയും നീട്ടിപ്പിടിച്ച വാരിക്കുന്തങ്ങൾക്ക് ഇടയിലൂടെ തലയുയർത്തിപ്പിടിച്ചു നടന്നുവെന്നു വീമ്പടിക്കുന്ന സർസിപ്പിയെയും തിരുവിതാംകൂറുകാർ കണ്ടതാണ്.

പക്ഷെ സർവതന്ത്രസ്വതന്ത്ര വിപ്ലവകാരിയായ ഗുരുവിൻറെ ഒറ്റവെട്ടുകൊണ്ട് തിരിവിതാംകൂർ ഉപേക്ഷിച്ചു രായ്ക്കുരാമാനം ദിവാൻ നാടുവിട്ടു.''

''ഹ... ഹ ബുദ്ദൂസേ അപ്പോൾ നിൻറെ തലയിൽ നിലാവെളിച്ചം മാത്രമല്ല കുറച്ചു തലച്ചോറും കൂടിയുണ്ട്''

''അപ്പോൾ ദിവാനെ നാടുകടത്താനായിരുന്നു ഗുരുവിൻറെ സമരം?

''ഹേയ് ദിവാനെ നാടുകടത്തൽ എൻറെ ലക്ഷ്യമായിരുന്നില്ല''

''ഒറ്റവെട്ടിനു ദിവാനെ നാട്ടിൽനിന്നും ഓടിച്ച അങ്ങയുടെ സമരത്തിനോളം ഉശിരുള്ള സ്വാതന്ത്ര്യ സമര സംഭവം തിരുവിതാംകൂർ ചരിത്രത്തിൽ എന്നല്ല കൊച്ചിയുടെയോ മലബാറിന്റെയോ ചരിത്രത്തിൽ പോലുമില്ല.

''ഗുരോ, ശരിക്കും പറഞ്ഞാലൊണ്ടല്ലോ ഒറ്റയേറിന് മാവിലെ മുഴുവൻമാങ്ങയും വീണപോലുണ്ട്. കമ്മ്യൂണിസ്റ്റുകാരും ദേശീയവാദികളും കിണഞ്ഞുനോക്കിയിട്ടും നടക്കാതിരുന്ന കാര്യമല്ലോ അങ്ങ് ഒറ്റയ്ക്ക് നടത്തിയത്.

സത്യത്തിൽ നമ്പൂരിപ്പാടായിരുന്നില്ല ഗുരുവായിരുന്നു മുഖ്യമന്ത്രി ആകേണ്ടിയിരുന്നത്.''

''ഒന്നു പോടാ ബുദ്ധൂസേ.

വൈ ഷുഡ് ഐ നീഡ് പവർ.

ഹു വാണ്ടട്സ് പവർ?

ദി മോസ്റ്റ് പവർഫുൾ ഈസ് പവർലെസ്സ് കോമൺ മാൻ.

''അധികാരമെന്നാൽ മറ്റുള്ളവരുടെ സ്വാതന്ത്ര്യം കവർന്നെടുക്കാനുള്ള ബൂർഷാ ഇക്കുമത്തുകളാണ്. വിദേശസർക്കാരായാലും സ്വദേശസർക്കാരായാലും അതെല്ലാം മൂരാച്ചിസർക്കാരാണ്. മൂരാച്ചിസർക്കാരുകൾ തുലയട്ടെ. സുന്ദരസുരഭിലമായ ഗ്രാമസഭകൾ സുന്ദരമായ അണ്ഡകടാഹത്തെ ഭരിക്കട്ടെ''

''അല്ല ഗുരോ എന്നാലും അങ്ങെന്തിനാണ് ആയുധമെടുത്തുള്ള അതിക്രമത്തിനു പോയതെന്ന് എനിക്കു മനസ്സിലായില്ല''

''അതിൻറെ ഡുൻഡുലാക്കു എന്താണെന്നു പറയാം.

നീ ആദ്യം ചോദിച്ചത് എന്താണ്. നാരായണിയുടെ കാര്യമല്ലേ?''

'' അതേ''

നാരായണിയെക്കുറിച്ച് കേൾക്കാനുള്ള ഉത്സാഹത്തോടെ നിവർന്നിരുന്നുകൊണ്ട് ഞാൻ പറഞ്ഞു.

ഗുരു ജൂബയുടെ പോക്കറ്റിൽ നിന്നും ഒരു ബീഡിയെടുത്തു. ഒരു സിഗരറ്റു കഴിഞ്ഞാൽ അടുത്തത് ഒരു ബീഡി അതാണ് അദ്ദേഹത്തിൻറെ സ്റ്റൈൽ. ബീഡി കത്തിച്ചു പുകയെടുത്തയുടനെ ചുമയും വന്നു. ചുമയെ അതിൻറെ പാട്ടിനു വിട്ടുകൊണ്ട് ഗുരു ബീഡി ആസ്വദിച്ചു വലിച്ചു.

> "കമ്മ്യൂണിസ്റ്റുകാർക്കും സോഷ്യലിസ്റ്റുകാർക്കും മാത്രമേ വിപ്ലവം നടത്താനും സുന്ദര സുരഭിലമായ ഒരു സ്റ്റൈലൻ ലോകത്തെ ഉണ്ടാക്കാനും കഴിയുകയുള്ളൂ എന്നൊക്കെയിരുന്നു അക്കാലത്ത് ഭൂഗോളത്തിലെ മുഴുവൻ ആണുങ്ങളും പെണ്ണുങ്ങളും വിച്ചാരിച്ചിരുന്നതും."

കടലിൽ നന്നായി തിരയിളകിക്കൊണ്ടിരുന്നു. പതഞ്ഞുവരുന്ന കടൽ കാലുകളെ ഇടയ്ക്കിടെ നനച്ചുകൊണ്ടിരുന്നു. തിരയിൽ കയറിയയെത്തിയ ഒരു കുഞ്ഞൻ ഞണ്ട് ഗുരുവിൻറെ കാലിൽ പറ്റിപിടിച്ചു കയറി കാൽപാദത്തിൽ സ്വസ്ഥമായി ഇരുപ്പുറപ്പിച്ചു. എനിക്കാണെങ്കിൽ അതുകണ്ടപ്പോൾ മേത്ത് ചൊറിച്ചിൽവന്നു. അതെങ്ങാനും അദ്ദേഹത്തിന്റെ കാലിൽ ഇറുക്കുമോന്നു ഞാൻ പേടിച്ചു. എന്നാൽ ഗുരുവിൻറെ മുഖത്തു ഭാവഭേദമൊന്നും ഇല്ലായിരുന്നു. ഈ അണ്ഡകടാഹത്തിനു തുല്യഅവകാശിയായ ഞണ്ട് തൻറെ കൂടെപ്പിറപ്പിനെ കണ്ടപ്പോൾ ലോഹ്യം ചോദിക്കാൻ വന്നതാണെന്നമട്ടിലായിരുന്നു രണ്ടുപേരുടെയും ഇരുപ്പ്.

''ഡാ... കള്ളയൂദാസേ, ഞാൻ പറയുന്നത് കേട്ട് നാരായണിയുടെ കഥയെഴുതി വല്ല മൂരാച്ചിപത്രത്തിൻറെയും വിവരദോഷിയായ എഡിറ്റർക്ക് അയച്ചുകൊടുത്തു പത്തുചക്രം പിടുങ്ങാനാണ് നിൻറെ ഉള്ളിലിരുപ്പ് എന്നെനിക്കറിയാം''

''അയ്യോ, ഞാൻ ഗുരുവിനെ വിറ്റ് തിന്നുകയോ, അതു ഗുരുത്വദോഷമാവില്ലേ?''

''അങ്ങിനെ ചെയ്താൽ നായിൻറെ മോനെ നിൻറെ കുടലു ഞാനെടുക്കും''

ഗുരു എളിയിലെ കഠാരപ്പിടിയിൽ കൈ പിടിച്ചുകൊണ്ട് പറഞ്ഞു.

കാലിലിരുന്ന ഞണ്ട് ഒന്നിളകി. അതു ഗുരുവിൻറെ മുണ്ടിൽ പിടിമുറുക്കിക്കൊണ്ട് മുകളിലേക്ക് കയറാൻ ശ്രമിച്ചു. അദ്ദേഹമാകട്ടെ ഞണ്ടിന്റെ അടുക്കലേക്കു

കൈത്തലം നീട്ടിക്കൊടുത്തു. ഉള്ളം കയ്യിലേക്ക് ഞണ്ട് കയറി. ഗുരു നനഞ്ഞ മണലിലേക്ക് കൈത്തലം ചേർത്തുവച്ചു. ഞണ്ട് അവിടെ കണ്ട മടയിലേക്ക് സാവധാനം കയറിപ്പോയി.

സന്ധ്യയായതോടെ ഉശിരുകൂടി കരകയറിവരുന്ന തിരകളിലേക്ക് നോക്കി ഗുരു പറഞ്ഞു തുടങ്ങി.

''രാജദ്രോഹ കുറ്റത്തിന് കസബ പോലീസ് സ്റ്റേഷനിലെ മൂത്രം മണക്കുന്ന ലോക്കപ്പിൽ ഒന്നര കൊല്ലത്തോളം വിചാരണ കാത്തു കിടന്നു. ദുഷ്ടന്മാരും കശ്മലന്മാരും ഇടിയന്മാരും മുഴുത്തെറിയന്മാരുമായ പോലീസുകാരുടെ കൂടെ ഇരുപത്തിനാലുമണിക്കൂറും കഴിഞ്ഞുകൂടേണ്ട വരിക...!

ഇടയ്ക്കിടെ പിടിച്ചുകൊണ്ടുവരുന്ന കള്ളൻമാരെ ഇടിച്ചു കൂമ്പ് കലക്കുന്നത് നോക്കി നിൽക്കേണ്ടി വരിക....

ഹോ...കഠിന കഠോരമായിരുന്നു ആ നാളുകളൊക്കെ.

അത്രയും കാലമൊക്കെ അങ്ങിനെ കഴിയേണ്ടിവന്നാൽ മനസ്സിൽനിന്നും പ്രേമവും പെണ്ണുങ്ങളെക്കുറിച്ചുള്ള സുന്ദരമായ ചിന്തകളും മാഞ്ഞിട്ടുണ്ടാകും. അവരുടെ സുന്ദരസുരഭിലമാദകഗന്ധവും നമ്മൾ മറന്നിട്ടുണ്ടാകും.

'' ഒരു പെണ്ണിൻറെ മാദക ഗന്ധമെന്താണന്നു നിനക്കറിയാമോ?''

''അതു കാച്ചിയ വെളിച്ചണ്ണയുടെയും ചന്ദ്രികാ സോപ്പിൻറെയും മണമല്ലേ. എനിക്കു ഭയങ്കര ഇഷ്ടമാണ്''

''ഹോ... വിഡ്ഢി കൂശ്മാണ്ഡമേ മിണ്ടാതിരി. ഇനി നീ വല്ലതും മിണ്ടിയാൽ നിൻറെ നാവരിഞ്ഞു കളയും ഞാൻ.

''ലോകത്തിലെ ഏറ്റവും സുന്ദരസുരഭില മാദകഗന്ധമേതെന്നു തിരിച്ചറിയാത്ത നീ പുരുഷലോകത്തിനു അപമാനമാണ്. മദനപുഷ്പ സൌരഭ്യമെന്തെന്നറിയാത്ത മണ്ടശിരോമണി''

എളിയിലെ കത്തിയിൽ കൈവെച്ചു കൊണ്ട് ഗുരു വെന്നെ വഴക്കുപറഞ്ഞു.

ഒരുനിമിഷം കഴിഞ്ഞു പിന്നെയും ഗുരു ചരിത്രം പറയൽ തുടർന്നു.

''അങ്ങിനെയിരിക്കെയാണ് എന്നെ കോടതി ശിക്ഷിച്ചു പൂജപ്പുരജയിലിലേക്ക് അയച്ചത്.

രാഷ്ട്രീയതടവുകാരുടെ ബ്ലോക്കിലെ ജയിൽ മുറിയിലേക്കുള്ള നടപ്പിനിടയിൽ തന്നെ ഒരു മതിലിനപ്പുറമുള്ള പെൺജയിലിൽ നിന്നും പെണ്ണിൻറെ മാദകമണമെനിക്കു കിട്ടി. പെൺജയിലിൽ വിരിഞ്ഞു നിൽക്കുന്ന നൂറുകണക്കിനു മദനപുഷപങ്ങളിൽ നിന്നുള്ള സുന്ദരസുരഭിലപരിമളത്തിനു വന്മതിലിനെ ഭേദിക്കാനുള്ള കരുത്തുണ്ടായിരുന്നു. പതിനഞ്ചടി മാത്രം പൊക്കമുള്ള മതിലിനിപ്പുറമുള്ള ആൺജയിലിലേക്ക് ആ മാദകഗന്ധം പരന്നൊഴുകിയിരുന്നുവെങ്കിലും അതൊന്നും വേറെയാർക്കും പിടികിട്ടിയിരുന്നില്ല.

അരസികന്മാർ. ബഡക്കൂസുകൾ...!

''അന്നു രാത്രിമുതൽ ഏകാന്തമായ ജയിൽമുറിയിൽ ഞാൻ പെണ്ണുങ്ങളെക്കുറിച്ച് ചിന്തിച്ചു. പകലും ചിന്തിച്ചു. ജീവിതത്തിൽ അതുവരെ കണ്ടുമുട്ടിയ പെണ്ണുടലുകളെക്കുറിച്ച് ചിന്തിച്ചു. തലച്ചോറിൻറെ അറകളിൽ സുരഭിലഓർമ്മകളായി സൂക്ഷിച്ചിട്ടുള്ള അവരുടെ മാദകമായ മണത്തെ മൂക്കിലേക്ക് വീണ്ടും ആവാഹിച്ചു. രാത്രിയിലും പകലും പെണ്ണുങ്ങളെ കിനാവുകണ്ടു. പെണ്ണുടലിന്റെ പ്രത്യയശാസ്ത്രത്തിൽ അഭിരമിച്ച രാവുകൾ ,നാളുകൾ!.

**ദി മോസ്റ്റ് പവർഫുൾ ഈസ് പവർലെസ്സ് കോമൺമാൻ. "അധികാരമെന്നാൽ മറ്റുള്ളവരുടെ സ്വാതന്ത്ര്യം കവർന്നെടുക്കാനുള്ള ബൂർഷാ ഇക്കുമത്തുകളാണ്. വിദേശസർക്കാരായാലും സ്വദേശസർക്കാരായാലും അതെല്ലാം മൂരാച്ചിസർക്കാരാണ്. മൂരാച്ചിസർക്കാരുകൾ തുലയട്ടെ. സുന്ദരസുരഭിലമായ ഗ്രാമസഭകൾ സുന്ദരമായ അണ്ഡകടാഹത്തെ ഭരിക്കട്ടെ"**

''പെൺജയിലിൻറെ മതിലിനോട് ചേർന്നു നടക്കുമ്പോൾ ആലോചിച്ചുനോക്കി. എത്രമാത്രം സുന്ദരികളും മാദകതിടമ്പുകളും ആ സ്റ്റൈലൻ നെടുവിരിയൻ മതിലിനപ്പുറം ജീവിക്കുന്നുണ്ടാവും. ജയിൽ വളപ്പിലെ മരത്തിനു മുകളിൽ കയറിയിരുന്നു മതിലിനപ്പുറത്തേക്കു നോക്കി. മുന്നൂറോളം മീറ്റർ അപ്പുറമായി പെൺജയിൽ കെട്ടിടം.

മതിലിനോട് ചേർന്ന ഭാഗം തരിശായി കിടക്കുന്നു.

സുന്ദരിക്കോതകൾ... എങ്കിലും മടിച്ചിക്കോതകൾ.

അവർക്കാ തരിശുഭൂമിയിൽ ഒരു പൂങ്കാവനം തീർക്കാൻ പാടില്ലായിരുന്നോ? എങ്കിൽ ആൺജയിലിലെ പൂങ്കാവനത്തിൽ നിന്നും പൂമ്പാറ്റകളും വണ്ടുകളും പെൺജയിലിലെ പൂങ്കാവനത്തിലെ പുഷ്പങ്ങളിലെ തേൻകുടിച്ചു സന്തോഷിക്കുമായിരുന്നില്ലേ?

തലയിൽ നിലാവെളിച്ചം നിറച്ച ബഡക്കൂസുകൾ!

എങ്കിലും എനിക്കു പ്രേമിക്കാനുള്ള മാദക സുന്ദര പനിനീർപൂവുകൾ.

ഏതെങ്കിലും ഒരു സുന്ദരിയെ ദൂരെ നിന്നെങ്കിലും കാണുവാൻ കഴിയുമോന്നു നോക്കി. ആരെയും കാണാൻ പറ്റിയില്ലെങ്കിലും അവരെയൊക്കെ മനസ്സിൽ കണ്ടു.

അവരിൽ കിളവിമാരെത്ര, ചെറുപ്പക്കാരെത്രയെന്നു കൃത്യമായി മനസ്സിൽ തരംതിരിച്ചു.

എൻറെ രാത്രികളിലെ സുന്ദരകിനാവുകളെ നിങ്ങൾക്കു സെലാം.



പകലിൻറെ സൌരഭ്യമേ നിങ്ങൾക്കു നന്ദി.

''ചെറുപ്പകാരികളിൽ സുന്ദരികളെത്ര അല്ലാത്തവരെത്രയെന്നു തരംതിരിച്ചു.

ഓരോ സുന്ദരിക്കും മനോഹരമായ പേരുകൾ നൽകി.

മതിലിനോട് ചേർന്നുനിന്നുകൊണ്ട് അവർ ഓരോരുത്തരെയും പേരുചൊല്ലി ഉറക്കെ വിളിച്ചു.

''അവിടുത്തെ ഏറ്റവും വലിയ സുന്ദരിക്ക് നൽകിയ പേരായിരുന്നു നാരായണി.

ഒരു ദിവസം നാരായണിയെന്നു പേർ ചൊല്ലി ഉറക്കെ വിളിച്ചുകൊണ്ടിരുന്നു.

'നാരായണി എൻറെ പ്രിയ പ്രേമഭാജനമേ,
നാരായണി എൻറെ തങ്കക്കുടമേ'.

ഞാൻ പ്രണയത്തോടെ ഉറക്കെയുറക്കെ വിളിച്ചു.

അങ്ങിനെ പലപ്രാവശ്യം വിളിച്ചപ്പോൾ ഒരു അശരീരി കേട്ടു.

'അതാരാ അവിടെ എൻറെ പേരു വിളിക്കുന്നത്?'

സുന്ദരമായ പെൺശബ്ദം അപ്പുറത്തു നിന്നും കേട്ടു.

ദൈവമേ...

ഹൃദയം കോരിത്തരിച്ചു.

എന്തെന്നില്ലാത്തവിധം ഹൃദയമിടിപ്പ് ഉച്ചത്തിലായി.

വർഷങ്ങൾക്കുശേഷം ഒരു പെണ്ണിൻറെ മാദകസുന്ദരശബ്ദം കാതിൽ കേൾക്കുന്നു.

അഖിലാണ്ഡമണ്ഡലത്തിലെ ഏറ്റവും സുന്ദരമായ സ്വരമേതാണ്?

ഏറ്റവും വിശിഷ്ടമായ സംഗീതമേതാണ് ?

പ്രേമിക്കാനായി കൊതിക്കുന്ന പെണ്ണിൻറെ ശബ്ദമാണ് ഏറ്റവും സുന്ദരമായ സംഗീതം.

ആരുടെ പ്രേമത്തെ കൊതിക്കുന്നുവോ അവളുടേതാണ് ലോകത്തിലെ ഏറ്റവും സുന്ദരമായ ശബ്ദം.

'എൻറെ തങ്കക്കുടമേ നീ എൻറെ വിളികേട്ടുവോ നാരായണീ'

'അയ്യോ ആരാണത് ? എന്നെ എങ്ങിനെ അറിയും?'

'എൻറെ സുന്ദരസുരഭില മാദക സ്വപ്നമേ.

അഖിലാണ്ഡേശ്വരി.

ജന്മങ്ങൾക്ക് മുൻപേ നിന്നെ ഞാൻ അറിയുമല്ലോ'

'അതെയോ, എങ്ങിനെ? എൻറെ ദൈവമേ.'

ഗുരു കഥപറച്ചിൽ അവിടെ നിറുത്തി.

സിഗരറ്റ് കൂട് തുറന്നു ഒരു പനാമയ്ക്ക് കൂടി തീ കൊളുത്തി പുകവിട്ടു.

''ശിഷ്യാ ബാക്കി ചരിത്രമൊക്കെ നിനക്കറിയാമല്ലോ.

നാരായണിയെ നേരിൽ കാണാനായുള്ള ദിവസത്തിനായി ഹൃദയം പ്രേമസുരഭിലമായി കാത്തിരിക്കവേയാണല്ലോ എന്നെ ജയിലിൽനിന്നും മോചിപ്പിക്കാനുള്ള ഉത്തരവുമായി *'അനിയൻ ജയിലർ' വന്നത്.

'സെലാം പ്രപഞ്ചമേ, സെലാം കരിങ്കൽ മതിലുകളെ,'

ജയിൽ വേഷം മാറി അനിയൻ ജയിലറിനൊപ്പം ജയിൽ മുറിയിൽ നിന്നും പുറത്തേക്കു നടക്കവേ ഞാൻ പെൺജയിലിൻറെ ഭാഗത്തേക്ക് നോക്കി.

ആ സമയം നാരായണി അവൾ വന്നതിൻറെ അടയാളമായി ഒരു ഉണങ്ങിയ കമ്പ് മതിലിനുമീതെ എറിയുന്നുണ്ടായിരുന്നു......''

ഗുരുവിൻറെ കഥയിൽ എവിടെയോ എന്തോ ഒരു പിശകുണ്ടല്ലോന്നു ഞാൻ ആലോചിച്ചു.

ചില കാര്യങ്ങൾ മോരും മുതിരയും പോലെ പിണങ്ങിക്കിടക്കുന്നു.

ഇനി ഇതൊക്കെ ഗുരുവിൻറെ ഒരു ഡംഭും ഡുൻഡുലാക്കും ആയിരിക്കുമോ?

അല്ലെങ്കിൽ ജിന്നുകളെ കാണുന്നത് പോലുള്ള കാഴ്ചയായിരിക്കും.

ചിലപ്പോൾ നാരായണി വല്ല പെൺജിന്നും ആയിരിക്കും.

അങ്ങിനെയൊക്കെ ചിന്തിക്കാൻ പാടില്ലാന്നറിയാം എന്നാലും ഞാൻ ഗുരുവിനെ സംശയിച്ചു.

ഞാൻ ആലോചിച്ചു. ഗുരുവിനു വേണമായിരുന്നെങ്കിൽ എന്തും പറയാനുള്ള സ്വാതന്ത്ര്യവും അടുപ്പമുള്ള അനിയൻ ജെയിലറോട് പറഞ്ഞിട്ടു മതിലിനരികിൽ പോയി നാരായണിയോടു യാത്ര പറയാമായിരുന്നു. അല്ലെങ്കിൽ സ്വതന്ത്രനായ ഗുരുവിനു ജയിലിൽചെന്നു നാരായണിയെ സന്ദർശിക്കാമായിരുന്നു.

പക്ഷെ എന്തുകൊണ്ട് നേരിട്ട് കാണാൻ പോയില്ല?

അപ്പോൾ ഇതൊക്കെ അദ്ദേഹം വെറുതെ നിരൂപിച്ചു ഉണ്ടാക്കിയതായിരിക്കും.

**ഒരു കുഞ്ഞൻ ഞണ്ട് ഗുരുവിൻറെ കാലിൽ പറ്റിപിടിച്ചു കയറി കാൽപാദത്തിൽ സ്വസ്ഥമായി ഇരുപ്പുറപ്പിച്ചു. എനിക്കാണെങ്കിൽ അതുകണ്ടപ്പോൾ മേത്ത് ചൊറിച്ചിൽവന്നു. അതെങ്ങാനും അദ്ദേഹത്തിന്റെ കാലിൽ ഇറുക്കുമോന്നു ഞാൻ പേടിച്ചു. എന്നാൽ ഗുരുവിൻറെ മുഖത്തു ഭാവഭേദമൊന്നും ഇല്ലായിരുന്നു. ഈ അണ്ഡകടാഹത്തിനു തുല്യ അവകാശിയായ ഞണ്ട് തൻറെ കൂടെപ്പിറപ്പിനെ കണ്ടപ്പോൾ ലോഹ്യം ചോദിക്കാൻ വന്നതാണെന്നമട്ടിലായിരുന്നു രണ്ടുപേരുടെയും ഇരുപ്പ്.**

''നായിൻറെ മോനെ....

അല്ലറചില്ലറ മോഷണവും ചെറ്റപൊക്കുമായി നടന്ന കള്ളൻ തോമായെന്ന നിന്നെ ഭൂഗോളം മുഴുവനും അറിയുന്ന 'പൊൻകുരിശ്ശു തോമായെന്ന' തത്വചിന്തകനാക്കി മാറ്റിയതു ഞാനാണ്.

എന്നെ നീ തോമാശ്ലീഹാ ചമഞ്ഞു സംശയിക്കുകയാണോ?

പള്ളയ്ക്കു കേറ്റും ഞാൻ... കഴുവേറി '

മനസ്സു വായിക്കുന്നവനായ ഗുരു കോപകുലനായി കഠാരയൂരി എനിക്കുനേരെ വീശി. തക്കസമയത്ത് ഇരുന്ന ഇരുപ്പിൽ നിന്നും ചാടിമറിഞ്ഞു ഒഴിഞ്ഞുമാറിയതു കൊണ്ട് അപായമൊന്നും പറ്റിയില്ല.

ഗുരു പറഞ്ഞതു വാസ്തവമാണ്. അന്നു പൊൻകുരിശു കളവുകേസിൻറെ സമയത്ത് എന്തോ ഒരു ധൈര്യത്തിനു ഇൻസ്പെക്ടർ കടുവാ മാത്തനോട് ഈയുള്ളവൻ മനസറിയാതെ പറഞ്ഞുപോയതായിരുന്നു.

''കർത്താവായ യേശുമിശിഹാതമ്പുരാനെ ക്രൂശിച്ചത് മരക്കുരിശ്ശിലല്ലേ? പള്ളിക്കെന്തിനാ പൊൻകുരിശ്''

എന്ന വാചകം

ഗുരു ആ വാക്കിനെയൊരു വിപ്ലവ ആഹ്വാനമായി ചരിത്രത്തിൽ രേഖപ്പെടുത്തിയതോടെ സംഗതി ലോകമറിഞ്ഞു. അക്കാര്യം സെമിനാരികളിലെ ദൈവശാസ്ത്രക്ലാസുകളിൽ പഠിപ്പിക്കാൻ തുടങ്ങി. അങ്ങിനെ പൊൻകുരിശ്ശു തോമായെന്ന ഈ എളിയ ദാർശനികനെ ലോകമറിഞ്ഞു.

കോളേജിലെ കുട്ടികളും മുതിർന്നവരും കടുവാക്കുഴിയിൽ വരികയും അങ്ങിനെയൊരു ചരിത്ര പ്രധാനമായ വിപ്ലവാഹ്വാനം ചെയ്യേണ്ടിവന്ന സാഹചര്യങ്ങളെയും ചരിത്രസംഭവങ്ങളെയും പഠിക്കുകയും എൻറെ പടം പിടിച്ചോണ്ട് പോവുകയും ചെയ്തുകൊണ്ടിരിക്കുന്നു.

എല്ലാം ഗുരുവിൻറെ എഴുത്തിന്റെ പവർ.

അതെല്ലാം ഓർത്തപ്പോൾ ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ് ശ്ലീവായെപ്പോലെ ഞാൻ അനുതപിച്ചു. തോമാ ശ്ലീവായെപ്പോലെ എൻറെ ഗുരോ എന്നു ഏറ്റുപറഞ്ഞു.

ക്ഷിപ്രകോപിയും ക്ഷിപ്രപ്രസാദിയുമാണ് ഗുരു.

തെല്ലിട കഴിഞ്ഞപ്പോൾ കോപ മടങ്ങിയ ഗുരു പറഞ്ഞു തുടങ്ങി.

''എടാ ബുദ്ധൂസേ കള്ളൻ തോമാച്ചാ, മണ്ടൻ പൊൻകുരിശ്ശെ, എല്ലാദിവസവും എനിക്കീ വിശാലലോകത്തി

ലെ നീണ്ടുകിടക്കുന്ന വഴികൾ താണ്ടി പൂജപ്പുരയിൽ ചെന്നു നാരായണിയെ കണ്ടുമിണ്ടാൻ പറ്റുമോ?

അതിനുള്ള പാങ്ങുണ്ടോ?

ഇനിയതിനു പോലീസ് മൂരാച്ചികൾ സമ്മതിക്കുമോ?

എന്നാൽ ജയിലിൽ തിരിച്ചെത്തിയാലോ?

എല്ലാദിവസവും നാരായണിയോട് മിണ്ടുകയും ചെയ്യാം ഒത്താൽ വല്ലപ്പോഴും കാണുകയും ചെയ്യാം''

''ബലഭേഷ് ഗുരോ ബലഭേഷ് . അങ്ങയുടെ ബുദ്ധി ഇമ്മിണി വലിയതു തന്നെ''

''പോലീസ് മൂരാച്ചികളുമായി ഘോരഘോരമായി സമരം നടത്തിയതിനാണ് ഞാൻ ജയിലിൽപോയതു.

സർവസ്വതന്ത്ര വിപ്ലവകാരിയായ എനിക്ക് നിന്നെപ്പോലെ മോഷണമോ പിടിച്ചുപറിയോ നടത്തി ജയിലിൽ പോകാനാവുമോ?

''ദിവാൻ പട്ടരെ വെട്ടിയത് ഞാനാണെന്ന് സ്റ്റേഷനിൽ കയറിച്ചെന്നു പോലീസ് മൂരാച്ചികളോട് പറഞ്ഞെങ്കിലും ആരും വിശ്വസിച്ചില്ല. ഇൻസ്പെക്ടർ കടുവാമാത്തൻ മുതൽ അഞ്ചുരൂപാ പൊലീസായ സകല വിദേശസർക്കാർ പക്ഷക്കാരായ ബഡക്കൂസു പോലീസുകാരോടും തെളിവുസഹിതം പറഞ്ഞെങ്കിലും ആരും വിശ്വസിച്ചില്ല.

അപ്പോഴേക്കും അവരെല്ലാം കമ്മ്യൂണിസ്റ്റു മൂരാച്ചികൾ പറഞ്ഞ കഥകൾ അപ്പാടെ വിഴുങ്ങിയിരുന്നു.

''വിദേശസർക്കാർ പക്ഷക്കാരായ ചില പോലീസുകാർ ഞാൻ പറഞ്ഞതു കേട്ടു പൊട്ടിച്ചിരിച്ചു. ചിലർ ചായവും ബീഡിയും തന്നു സൽക്കരിച്ചു പറഞ്ഞയച്ചു.

അലച്ചിൽ നിർത്തി നേരെ വീട്ടിൽപോയി കുറച്ചുകാലം വിശ്രമിച്ചാൽമതി എല്ലാം ശരിയാകുമെന്നു ചിലർ പറഞ്ഞു.''

''ഗുരോ ആ കഠാര ഇങ്ങുതരൂ. എനിക്കാ പോലീസ് മൂരാച്ചികളെ കുത്തിക്കുടലെടുക്കണം. എന്താണവർ ഗുരുവിനെക്കുറിച്ച് പറഞ്ഞതെന്ന് എൻറെ ഇച്ചിരിബുദ്ധിയിൽ എനിക്കു മനസ്സിലായി. അവർ പറഞ്ഞത് ഗുരുവിനു വട്ടെന്നും അങ്ങു പറഞ്ഞതു മുഴുവൻ ഭ്രാന്തെന്നുമല്ലേ?

ലോക്കപ്പും ജയിലും ഈ തോമായ്ക്ക് പുത്തരിയല്ലന്നു അറിയാല്ലോ''

നെഞ്ചിൽ അടിച്ചുകൊണ്ട് ഞാൻ ഗുരുവിനോട് ആത്മാർത്ഥമായി പറഞ്ഞു.

''എടാ പൊൻകുരിശ്ശെ, ശിഷ്യാ അവർ പറഞ്ഞോട്ടടാ.

എനിക്കു നല്ല സുന്ദരസുരഭിലമായ വട്ടുണ്ട്.

പക്ഷെ അതു നല്ല സ്റ്റൈലൻ ഒറിജിനൽ വട്ടാണ്. ഹ ...ഹ''

ചിരിച്ചുവെങ്കിലും ഗുരുവിൻറെ കണ്ണിൽ സങ്കടം നിറയുന്നതു കാണാമായിരുന്നു. അന്തിക്കു തിരിച്ചുപറക്കുന്ന കടൽപക്ഷികളെ നോക്കി അദ്ദേഹം കുറച്ചു നേരം മൌനമായിരുന്നു. എന്തായിരിക്കും ഗുരുവിൻറെ മനസ്സിനെ വല്ലാതെ അലട്ടിക്കൊണ്ടിരിക്കുന്നത്?

ലോകത്തെ മുഴുവനും സ്നേഹിക്കുന്ന വലിയ മനസ്സിലും കൊച്ചുകൊച്ചു കാര്യങ്ങൾ സങ്കടം ഉണ്ടാക്കുമോ?

കടുവാക്കുഴിയുടെ കുന്നുകൾക്കുമീതെ ഇരുൾ പരന്നുതുടങ്ങിയിരുന്നു.

കടൽക്കരയിൽ അപ്പോഴും കുട്ടികൾ കളിക്കുന്നുണ്ടായിരുന്നു. അവർ മണൽപൊത്തിവെച്ചു കളിവീടുകൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. അവരുണ്ടാക്കിയ മണൽവീടുകൾ ഉഗ്രമെന്നു പറഞ്ഞവർ ഊറ്റം കൊള്ളുകയും പരസ്പരം അനുമോദിക്കുകയും ചെയ്തു.

ഗുരു എഴുന്നേറ്റ് കൈകുമ്പിളിൽകൊണ്ട് കടൽകാറ്റിനെ നിശ്ചലമാക്കി ഒരു ബീഡി കത്തിച്ചു പുകവിട്ടു. എളിയിലെ പിച്ചാത്തിയുടെ പിടിയിൽ തപ്പിനോക്കി യഥാസ്ഥാനത്തുണ്ടെന്നു ഉറപ്പും വരുത്തി.

> വർഷങ്ങൾക്കുശേഷം ഒരു പെണ്ണിൻറെ മാദക സുന്ദരശബ്ദം കാതിൽ കേൾക്കുന്നു. അഖിലാണ്ഡമണ്ഡലത്തിലെ ഏറ്റവും സുന്ദരമായ സ്വരമേതാണ്? ഏറ്റവും വിശിഷ്ടമായ സംഗീതമേതാണ് ? പ്രേമിക്കാനായി കൊതിക്കുന്ന പെണ്ണിൻറെ ശബ്ദമാണ് ഏറ്റവും സുന്ദരമായ സംഗീതം. ആരുടെ പ്രേമത്തെ കൊതിക്കുന്നുവോ അവളുടേതാണ് ലോകത്തിലെ ഏറ്റവും സുന്ദരമായ ശബ്ദം.

പാഞ്ഞെത്തിയ ഒരു ഊക്കൻ തിരയിൽ കുട്ടികളുടെ മണൽമന്ദിരങ്ങൾ കടലെടുത്തുപോയി. കരയിലേക്ക് അടിച്ചുകയറുന്ന തിരയിൽ നനയാതിരിക്കാൻ മുണ്ട് മടക്കികുത്തിക്കൊണ്ട് ഗുരു കിഴക്കു ഭാഗത്തേക്കു പതിയെ നടന്നു. ഞാൻ നോക്കിനിൽക്കെ അദ്ദേഹം ഇരുളിൽ മറഞ്ഞു കാണാതായി.

കുറച്ചുനേരം ഞാനവിടെ തനിയെയിരുന്നു.

ഞാനപ്പോൾ ഓർമിച്ചതു മുഴുവൻ ഗുരു പറഞ്ഞ ചരിത്രങ്ങളായിരുന്നു.

സ്വപ്നമോ നടന്നതോ എന്നൊന്നും ഇഴപിരിക്കാനാവില്ലെങ്കിലും അതെല്ലാം ആ മനസ്സിലെ സത്യങ്ങൾ തന്നെയാവും.

ഗുരു നടന്നുമറഞ്ഞ വഴിയെ ഞാനും നടന്നു.

കടൽ നക്കിത്തോർത്തിയ ചൊരിമണലിൽ ഗുരുവിൻറെ കാൽപ്പാടുകൾ മായാതെ തെളിഞ്ഞു നീണ്ടു നീണ്ടു പോകുന്നത് കാണാമയിരുന്നു.

കടലിനും കാലത്തിനും മായ്ക്കാനാവാത്ത കാൽപ്പാടുകൾ.

*അനിയൻ ജയിലർ – മതിലുകൾ എന്ന കഥയിലെ ചെറുപ്പക്കാരനായ ജയിൽ ഉദ്യോഗസ്ഥൻ

Blue Ocean
Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL
### 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

30 Years of Service

Financial Services Representative Financial Advisor

O: (516) 326-7028 | C: (516) 312-2902

psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



വര:
മറിയം ജാസ്മിൻ

ജൂറി അവാർഡ് നേടിയ കഥ

# ഒറ്റ മന്ദാരം

അമ്പിളി കൃഷ്ണകുമാർ കൊല്ലം ജില്ലയിലെ ചടയമംഗലം സ്വദേശി. മുംബൈയിൽ സ്ഥിരതാമസം. കഥ, കവിത , യാത്രാവിവരണം , ഓർമ്മക്കുറിപ്പ് , ലേഖനം, പുസ്തകാസ്വാദനം, സിനിമ നിരൂപണം, ഗാന നിരൂപണം എന്നിങ്ങനെ വിവിധ മേഖലകളിൽ എഴുതുന്നു . മൂന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.




അമ്പിളി കൃഷ്ണകുമാർ


'പാതിരാ പൂ ചൂടി വാലിട്ടു കണ്ണെഴുതി
പൂനിലാ മുറ്റത്തു നീ വന്നല്ലോ പൂ തുമ്പീ .....'

താളം തെറ്റാതെ മറ്റുള്ളവർക്കൊപ്പം ചുവടു വയ്ക്കുമ്പൊഴും ആടി ക്കളിക്കുമ്പോഴും നിമിഷയുടെ കണ്ണുകൾ ആരെയോ തേടുന്നുണ്ടായിരുന്നു. നല്ല നല്ല റീ ൽസ് എടുക്കുകയും അതു തന്റെ ചാനലിലൂടെ പുറത്തുവിട്ട് റീച്ച് നേടുകയുമാണു രതീഷിന്റെ ലക്ഷ്യം . അതുകൊണ്ടുതന്നെ നന്നായി ആടിക്കളിക്കുന്നവരെ

യും മെയ്യഴകുള്ളവരെയും നോക്കി വച്ച് അങ്ങോട്ട് ഫോക്കസ് ചെയ്യും . അതറിയാവുന്നതിനാൽ അവൾ ഇടംകണ്ണി ട്ട് അവനെ തിരയുന്നുണ്ടായിരുന്നു ..

കുമ്മിയടിയുടെ ചടുലതയി ൽ മാറി മാറി കയ്യടിച്ച് കറങ്ങി വന്ന നേരത്തു കണ്ണും മനസ്സും തെറ്റിയിടഞ്ഞ് സ്റ്റേജിന്റെ അരികിലേക്കു കാൽവച്ചതും തെന്നി താഴേക്കു വീണു . കാണികൾ ഒരു നിമിഷം സ്തംഭിച്ചിരുന്നു. നിമിഷ വായുവിൽ കൈ കാലുകൾ പരതി എഴുന്നേൽക്കാൻ ശ്രമിച്ചു. എന്തൊക്കെയോ അവ്യക്തശബ്ദങ്ങൾ അവളുടെ നാവിൽ നിന്നു പുറത്തു വന്നുകൊണ്ടിരുന്നു.

എന്തോ വീ ഴുന്ന ഒച്ചകേട്ട് ഗിരിജ മുറിയിലേക്കു വന്നു നോക്കുമ്പോ ൾ നിമിഷ കട്ടിലിൽ നിന്നു താഴെ വീണുകിടന്ന് എഴുന്നേൽക്കാൻ വിഫലശ്രമം നടത്തുന്നു. ആ കാഴ്ചകണ്ട് വെപ്രാളത്തോടെ ഓടി വന്നു മകളെ കോരിയെടുത്ത് കട്ടിലിൽ കിടത്തി അരികിലിരുന്നു. അവളുടെ കൺകോണിൽ ഊറിക്കൂടിയ നീർക്കണങ്ങളെ ബഡ്ഷീറ്റിന്റെ തുമ്പു പിടിച്ചു തുടച്ചു കൊടുത്തു.

‘ ഇന്നും തിരുവാതിര കളിച്ചാണോ താഴെ വീണത്‘ ?

വീണ്ടുമിരുണ്ടു കൂടിയ നീ ർക്കണങ്ങൾ അതേയെന്ന ഉത്തരം നൽകി .

‘സാരമില്ല. കണ്ണടച്ചുറങ്ങിക്കോളൂ ‘

ക്ലോക്കിലേക്കു പാളി നോക്കി മനോഗതം പോലെ :

‘മൂന്നു മണിയേ ആയിട്ടുള്ളൂ.. പുലരാനിനിയും സമയമുണ്ട്.‘

നിമിഷയുടെ കണ്ണുകൾ വീണ്ടുമൊരരുവി സൃഷ്ടി ച്ചു.

‘ അമ്മേ ഇന്നിനി എനിക്കുറക്കം വരി ല്ല. കുറച്ചുനേരം എന്നെ മുറ്റത്തു കൊണ്ടുപോയി ഇരുത്താമോ ..?‘

മകളുടെ ഇത്തരം നിസ്സാര ആവശ്യങ്ങളെ തനിക്കിനി സാധിച്ചു കൊടുക്കാൻ കഴിയു എന്നതിനാൽ മുറിയുടെ ഒരരികിൽ ഒതുക്കി വച്ചിരുന്ന വീൽചെയർ ഉരുട്ടി കൊണ്ടുവന്ന് മകളെ സാവകാശം അതിൽ പിടിച്ചിരുത്തി വെളിയിലേക്കു കൊണ്ടുപോ യി .

‘നല്ല മഞ്ഞുണ്ടെന്നു തോന്നുന്നു ‘

ഗിരിജ അകത്തേക്കു പോയി ഒരു പുതപ്പെടുത്തുവന്നു മകളെ പുതപ്പിച്ചിരുത്തി . മുറ്റത്തിരിക്കണം എന്നു പറഞ്ഞാൽ ഒറ്റയ്ക്കിരിക്കണം എന്നാണെന്നവർക്കറിയാമായിരുന്നു .

പാതിരാവിൽ വിരിയുന്ന ഏതൊക്കെയൊ പൂക്കൾ എവിടൊക്കെയൊ വിരിഞ്ഞിട്ടുണ്ട്.

കാറ്റ് തന്നോടതു പറയുന്നുണ്ട്.

**കുമ്മിയടിയുടെ ചടുലതയിൽ മാറി മാറി കയ്യടിച്ച് കറങ്ങി വന്ന നേരത്തു കണ്ണും മനസ്സും തെറ്റിയിടഞ്ഞ് സ്റ്റേജിന്റെ അരികിലേക്കു കാൽവച്ചതും തെന്നി താഴേക്കു വീണു . കാണികൾ ഒരു നിമിഷം സ്തംഭിച്ചിരുന്നു. നിമിഷ വായുവിൽ കൈ കാലുകൾ പരതി എഴുന്നേൽക്കാൻ ശ്രമിച്ചു. എന്തൊക്കെയോ അവ്യക്തശബ്ദങ്ങൾ അവളുടെ നാവിൽ നിന്നു പുറത്തു വന്നുകൊണ്ടിരുന്നു.**

രണ്ടു കൈ കൊണ്ടും തനിയെ വീൽചെയറുരുട്ടി മുറ്റത്തിന്റെ അരികിലേക്കുപോയി തന്റെ മുറ്റത്തും ഏതൊക്കെ പൂക്കൾ വിടരാൻ വെമ്പി നിൽക്കുന്നുണ്ടെന്നു നോക്കി .

എന്നും ആരും കാണാതെ വിടരുന്ന അവർക്കിന്നു താൻ കാണ്കെ വിടരാൻ ലജ്ജ തോന്നുന്നുവോ ? അങ്ങനെ തോന്നിയവൾക്ക്.

മഞ്ഞിൻ കണങ്ങൾ പറ്റിപ്പിടിച്ചിരുന്ന പിച്ചകമൊട്ടിൽ ചെറുതായി ഒരു കാറ്റുവന്നു തൊട്ടുണർത്തിയപ്പോൾ അതു കൺതുറന്നു തന്നെ നോക്കിയോ ..?

അവൾക്കു ചിരി വന്നു. വീൽചെയറിലായ കാരണം മറ്റുള്ളവർ കാണാത്ത എന്തോരം കാഴ്ചകളാണു തനിക്കു കാണാൻ കഴിയുന്നത്?

താനും മറ്റുള്ളവരെ പോലെയായിരുന്നെങ്കിൽ ഇപ്പോൾ മൂടിപ്പുതച്ച് ഉറങ്ങിയേനെ . ഇനി എഴുന്നേറ്റാലും ഇതുപോലെ വന്നിരുന്നു പൂവിരിയുന്നതു കാണുമോ ..?

പക്ഷികളെല്ലാം തന്നെ എന്നുമിതേ സമയത്ത് ഉണരും . ആളുകൾ ഉണരും മുന്നേ തന്നെ തീറ്റ തേടാനിറങ്ങും .

തലേ ദിവസത്തെ ഭക്ഷണാവശിഷ്ടങ്ങൾ മുറ്റത്തോ തൊടിയിലോ ഉണ്ടോയെന്നു നോക്കാനാകണം ആ കാക്ക വന്നത്. അത് എന്തോ കൊത്തിത്തിന്നുന്നതിനിടയിൽ കൂടക്കൂടെ തന്നെ ചെരിഞ്ഞു നോക്കുന്നുണ്ട്. താ ൻ ഉപദ്രവകാരിയല്ലെന്നു മനസ്സിലായതിനാലാവണം അതു മുഴുവൻ തിന്നുതീർത്തിട്ടു തന്നെ നോക്കി കുറെ നേരമിരുന്നു.

അത് ഉടൻതന്നെ പറന്നുപോകുമെന്നാണു വിചാരിച്ചത്.

പക്ഷേ ...അതും ...

അതും തന്നെ പോലെ ..?

ഏയ്..തന്നെ പോലെയല്ല.

ഒരു കാലിന് എന്തോ പറ്റിയിട്ടുണ്ടെന്നേയുള്ളൂ, മറ്റേ കാലു കൊണ്ടു മുടന്തി മുടന്തി നീങ്ങുന്നു. ചിറകിനും കേടു പറ്റിയിട്ടുണ്ടെന്നു തോന്നുന്നു.

പറക്കാൻ കഴിയുന്നില്ല.

ഒരു ചാഞ്ഞ ചില്ലക്കൊമ്പിൽ കയറിപ്പറ്റി അതിലിരിക്കുന്നു.

പാവം ..

അതിനെയും ആരെങ്കിലും ഉപദ്രവിച്ചതായിരിക്കുമോ ..?

അമ്മവീട്ടിലേക്കു വിരുന്നു പോകുമ്പോഴൊക്കെ

എട്ടു വയസ്സുള്ള തന്നെ അടുത്തു കിട്ടുമ്പോഴെല്ലാം അമി ത സ്നേഹപ്രകടനം നടത്തുന്ന വല്യമ്മയുടെ മകനെ അവൾക്കു പേടിയായി തുടങ്ങി . ആരോടെങ്കിലും പറഞ്ഞാലോ എന്ന് പലവട്ടമോർത്തു .

എന്താണ് പറയേണ്ടത്?

എങ്ങനെ പറയും ..?

ആരാണു തന്റെ വാക്കുകൾക്കു ചെവിയോർക്കാനും സാ ന്ത്വനമോതാനുമുള്ളത്?

ഒന്നുമറിയില്ല. വല്യമ്മയുടെ മകൻ എന്നാൽ സ്വന്തം ചേട്ടനല്ലേ .. ?

ചേട്ടൻമാർ ഇങ്ങനാണോ അനിയത്തിമാരോടു പെരുമാറുന്നത്?

ഉത്തരം കി ട്ടാത്ത സമസ്യയും ഭയവിഹ്വലമായ മനസ്സുമായി ചില പ്പോഴൊക്കെ കൃത്യം ചേട്ടന്റെ മുന്നിൽ തന്നെ ചെന്നു പെടുമായിരുന്നു.

ചേട്ടൻ സൂത്രത്തിൽ'ഡ്രോയിംഗ് ബുക്കിൽ പടം വരച്ചു തരാം എടുത്തോണ്ട് വാ 'പറയുമ്പോൾ അനുസരിക്കാതിരിക്കുന്നതെങ്ങനെ ?

അന്ന്, ആളൊഴിഞ്ഞ പറമ്പിൽ വച്ച് എന്താണു സംഭവിച്ചത്?

ബോധം വരുമ്പോൾ അനങ്ങാൻ കഴിയാതെ ആശുപത്രി കിടക്കയിൽ ..

'കാവിലെ തെയ്യം വരുന്നതു കണ്ട് കുട്ടി പേടിച്ചോടിയതാ . അമ്പലക്കുളത്തിൽ വീണു. ആരും കണ്ടില്ല.

കുറേ സമയത്തിനു ശേഷം കഴകക്കാർ ആ വഴി വന്ന കാരണം ജീവൻ തിരിച്ചുകി ട്ടി . '

ആരോ ആരോടൊ പറഞ്ഞ വാക്കുകൾ ചെവിയിൽ വന്നു തുളച്ചുകയറി .



കണ്ണുകൾ ഇറുകെയടച്ചു. കൺകോണിലൂടെ ഒലിച്ചിറങ്ങിയ നീർക്കണങ്ങൾ സത്യം വിളി ച്ചുപറയാൻ കഴിയാതെ കവിളുകളിൽ പറ്റി ച്ചേർന്നുണങ്ങി .

ആശുപത്രി കിടക്കയിൽ നിന്നു നേരെ വീൽ ചെയറിലേക്കു വീണു പോയ താൻ വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ തടവിലാ യപ്പോൾ അവൻ ..

അവനെന്നേ ഇനി നാവി ൽ വരൂ.

അവൻ രാ ജ്യം കാക്കുന്ന ഒരു പട്ടാളക്കാരനായി ജോലിയിൽ പ്രവേശിച്ചിരുന്നു.

കുഞ്ഞി പ്പെങ്ങളെ കാക്കയ്ക്കും കഴുകനും കൊടുക്കാതെ കാക്കേണ്ടവൻ രാജ്യത്തെ കാക്കുന്നതെങ്ങനെ ?

ഒരു കണക്കിന് അതു നന്നായി . അല്ലെങ്കിൽ കൂടക്കൂടെ കാണേണ്ടി വന്നേനെ . ഇതിപ്പോ ആണ്ടിലൊരിക്കൽ വന്നു പോകുമ്പോൾ കണ്ണടച്ചു കിടന്നാൽ മതിയല്ലോ .

മനസ്സിലൊരു ദ്വന്ദ്വ

**അമ്മവീട്ടിലേക്കു വിരുന്നു പോകുമ്പോഴൊക്കെ എട്ടു വയസ്സുള്ള തന്നെ അടുത്തു കിട്ടുമ്പോഴെല്ലാം അമിത സ്നേഹപ്രകടനം നടത്തുന്ന വല്യമ്മയുടെ മകനെ അവൾക്കു പേടിയായി തുടങ്ങി . ആരോടെങ്കിലും പറഞ്ഞാലോ എന്ന് പലവട്ടമോർത്തു . എന്താണ് പറയേണ്ടത്? എങ്ങനെ പറയും . . ?**

യുദ്ധം തന്നെ നടന്നു. തന്നെക്കാളും മുതിർന്നതെങ്കിലും പക്വതയെത്താത്ത പ്രായമായിരുന്നല്ലോ അന്ന്. പ്രായത്തിന്റെ എടുത്തുചാട്ടവും വിവേകമില്ലായ്മയും അറിവില്ലായ്മയും കാരണം സംഭവിച്ചുപോയതിൽ കുറ്റബോധമുണ്ടാകുമായിരിക്കും . ശരി തെറ്റുകൾ ബോധ്യം വരുമ്പോൾ ആരും കാണാതെ തന്റെ മുന്നിൽ പശ്ചാത്താപവുമായി നിൽക്കുന്ന രംഗം ഓർത്തു . അവനു മാപ്പുകൊടുക്കാൻ എനിക്കു കഴിയുമോ ..?

എന്നെ ഈ ജന്മമിങ്ങനെ തളച്ചിട്ടതിന് എന്തു ശി ക്ഷ നൽകും ..?

എന്തു ശിക്ഷ മതിയാകും ..?

അതോ പശ്ചാത്താപത്തോളം വലിയ ശിക്ഷ വേറെയില്ല എന്നോർത്തു ക്ഷമിക്കുമോ ..?

അറിയില്ല.

പക്ഷേ , ആദ്യ ലീവിനു വന്നപ്പോ ൾ പ്രതീക്ഷിച്ച പോലൊന്നും അവന്റെ മുഖത്ത് ഒരു ഭാവഭേദവുമില്ലായിരുന്നു . കുറ്റബോധത്തിന്റെ ഒരു ചെറു കണിക പോലും അവശേഷിച്ചിട്ടില്ലെന്നു മാത്രമല്ല തന്നെ തെറ്റുകാരിയെ പോലെ നോക്കുകകൂടി ചെയ്യുന്നു . തന്റെ അവസ്ഥയറിഞ്ഞ് അച്ഛന്റെ ഹൃദയം നി ലച്ചുപോയതിനാലും ആശുപത്രി ചെലവുകളും നിത്യ ചെലവുകളും കഴിയുന്നത് അവരുടെ ആശ്രയത്തി ലാണെന്ന വലിയ സത്യത്തിനു മുന്നിൽ എന്റെ സത്യം മുനിഞ്ഞുകത്തി ആശയറ്റ് കരിന്തിരി കത്തി അണഞ്ഞേ പോയി .

**അന്ന്, ആളൊഴിഞ്ഞ പറമ്പിൽ വച്ച് എന്താണു സംഭവി ച്ചത്?ബോ ധം വരുമ്പോ ൾ അനങ്ങാൻ കഴി യാ തെ ആശുപത്രി കിടക്കയിൽ .. 'കാവി ലെ തെ യ്യം വരുന്നതു കണ്ട് കുട്ടി പേ ടി ച്ചോടി യതാ . അമ്പലക്കുളത്തി ൽ വീ ണു. ആരും കണ്ടി ല്ല. കുറേ സമയത്തി നു ശേ ഷം കഴകക്കാരൻ ആവഴി വന്ന കാ രണം ജീ വൻ തി രി ച്ചുകിട്ടി. 'ആരോ ആരോ ടൊ പറഞ്ഞ വാ ക്കുകൾ ചെ വി യി ൽ വന്നു തുളച്ചുകയറി**

അന്നൊരു ഏപ്രിൽ മൂന്നായിരുന്നു. സ്കൂൾ പൂട്ടിയ സമയം . കാവിലെ തെയ്യം എല്ലാ വർഷവും അന്നാണ്.

മൂന്നുവർഷം വിവിധ ആശുപത്രികളിൽ കയറിയിറങ്ങി . വീഴ്ചയിൽ നട്ടെല്ലിന്റെ എതോ കശേരുവിനു ക്ഷതം സം ഭവിച്ചുവത്രെ ...

ആയുർവേദം , ഉഴിച്ചിൽ, പിഴിച്ചിൽ, ..

എല്ലാം അവസാനം ഈ വീൽചെയറിൽ ഒതുങ്ങി .

ഈ മൂന്നു വർഷത്തിനുള്ളി ൽ അവൻ ടെസ്റ്റെഴുതി 18 വയസ്സിൽത്തന്നെ ജോലിക്കു കയറി . മി ടുക്കൻ

എന്നെല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. അടുത്ത രണ്ടു വർഷത്തിനു ശേഷം അവൻ കല്യാണവും കഴിച്ചു.

അവനെക്കാ ൾ നാലു വയസിനിളയ ഒരു സുന്ദരിക്കുട്ടി . രണ്ടുവർഷം ജോ ലി സ്ഥലത്തു കൂടെ കൂട്ടി . അടുത്ത വർഷം പ്രസവത്തിനു നാട്ടിൽ വന്നു പിന്നെയവൾ പോയിട്ടില്ല. തന്റെ കാര്യത്തിൽ മാ റ്റങ്ങളൊന്നുമില്ലാത്തതിൽ ഓർത്തു വയ്ക്കാൻ ഇതൊക്കെയല്ലേ ഉള്ളൂ.

പത്തു വർഷത്തിനു ശേഷം വീണ്ടുമൊരു ഏപ്രിൽ മൂന്ന്. എല്ലാ കൊല്ലവും തെയ്യത്തിനു കൃത്യമായി നാട്ടിലെത്തുമവൻ. ഇക്കൊല്ലവും എത്തിയിട്ടുണ്ടെന്നറിഞ്ഞു. ഈയിടെയായി തന്നെ ചുറ്റി പറ്റിയൊരു വശപിശക് നോട്ടമുള്ളപോലെ തോന്നാൻ തുടങ്ങിയ കാരണം അമ്മയോട് 'എനിക്കൊരു പനിക്കോള് പോലെ . അമ്മയിന്ന് തെയ്യത്തിനു പോകണ്ട ' പറഞ്ഞു കൂടെയിരുത്തി .

അവൻ അമ്മയെ കൂട്ടാൻ ഇവിടെ കയറിയപ്പോ ൾ

' ഞാനിന്ന് വരുന്നി ല്ല മോനേ ... നിമ്മിക്കൊരു സുഖമില്ലായ്മ മോൻ പൊയ്ക്കോ ..'

തന്റെ നേരെയൊന്നു പാളി നോക്കിയ ആ നോട്ടം കാണാത്ത മട്ടിൽ മച്ചിലേക്ക് കണ്ണുനട്ടു.

എന്തായാലും പോകാൻ കഴിഞ്ഞില്ല. എന്നാൽ രതീഷിന്റെ ചാനലിൽ തെയ്യം ലൈവുണ്ടല്ലോ എന്നോർത്ത് ഗിരിജ റിമോട്ടെടുത്ത് നമ്പർ മൂന്ന് അമർത്തി. തെയ്യം ക്ലോസ്സപ്പിൽ !

'ഇത്തവണത്തെ തെയ്യത്തിന് എന്തോ വ്യത്യാസം തോന്നുന്നില്ലേ അമ്മേ .. ?

നോക്കിക്കേ ..'

പിറകേ u Tuber രതീഷിന്റെ ചടുല സംഭാഷണങ്ങൾ ..

വർഷങ്ങളായി തെയ്യം കെട്ടുന്ന ശങ്കരനു പെട്ടെന്നൊരു വയ്യായ്ക. ആശുപത്രിയിൽ അഡ്മിറ്റായി . തെയ്യം മുടങ്ങുമല്ലോന്നോർത്ത് ആളുകൾ ആധി പിടിച്ചു. ആൺമക്കളില്ലാത്ത കാരണം ആരെയും അതു പഠിപ്പിച്ചിരുന്നില്ല.

പെട്ടെന്നാണ് ശങ്കരന്റെ ഒരേയൊരു മകൾ ശിശിര 'ഞാൻ തെയ്യം കെട്ടാം ' എന്നു പറഞ്ഞു മുന്നോട്ടുവന്നത്.

' പെ ൺകുട്ടി തെയ്യം കെട്ടേ ...?

ശിവ ശിവ ..

കേട്ടുകേൾവിയില്ല. '

'നാടു മുടിയും ... നിശ്ചയം . അതും കൗമാരക്കാരി ..!'

' അച്ഛൻ ചെയ്യുന്നതെല്ലാം ഞാൻ ചെറുപ്പത്തിലെ കൂടെ നടന്നു നോക്കി വച്ചിട്ടുണ്ട്. എനിക്കെല്ലാമറിയാം . ചമയങ്ങളിട്ടു തന്നാൽ മതി .'

പാരമ്പര്യ വാദികൾ എതിർത്തെങ്കിലും ചി ല പുരോഗമനവാദികൾ പൂർണ്ണ പിന്തുണയുമായി മുന്നോട്ടു വന്നു.

' ആരാണ് തെയ്യം കെട്ടുന്നതെന്ന കാര്യത്തിൽ അധികം പബ്ലിസിറ്റി കൊടുക്കണ്ട. തെയ്യം മുടങ്ങരുത്.

തത്കാലം അതുമതി .'



ചമയങ്ങളിട്ടു കഴിയുമ്പോൾ അല്ലെങ്കിലും ആളിനെ മനസ്സിലാവില്ല .

പറഞ്ഞപോലെ തന്നെ തെയ്യം കെട്ടിയിറങ്ങിയപ്പോൾ ശങ്കരനല്ലെന്ന് ആർക്കും മനസ്സിലായില്ല. ബ്യൂട്ടീഷൻ ആയ ഫ്രണ്ട് ഉള്ളതിന്റെ മെച്ചം എന്ന് നിമിഷ മനസ്സിലോർത്തു . അല്ലെങ്കിൽ വയറിന്റെ വലിപ്പമൊക്കെ എങ്ങനെ ശരിയാക്കുമായിരുന്നു. 'മേക്കോവർ 'എന്നൊക്കെ പറയുന്നത് ഇതിനാണ്. ആർട്ടിഫി ഷ്യൽ വയർ ഫിറ്റ് ചെയ്ത് അതിന്റെ മീതെ സ്കിൻ കളർ തുണി വച്ച് ഹോ ..

ഇവൾക്ക് സിനിമയിൽ മേക്കപ്പ് ആർട്ടിസ്റ്റായി പോയാൽ നല്ല ഭാവിയുണ്ട്. .

കാതിലും കൈ കാലുകളിലും വലിയ തോടകളും കുരുത്തോലയും ചെമ്പട്ടും വലം കൈയിൽ വെട്ടി ത്തിള ങ്ങുന്ന വാളുമായി അവൾ ഒരൊത്ത ആണിന്റെ ശരീര ഭാഷ്യത്തോടെ ഓരോരുത്തരെ പേരുവിളിച്ചു ചിലതു പറയാൻ തുടങ്ങിയതോടെ കഥ മാറി .

അതുവരെ കുട്ടിക്കളിയോ തമാശയോ പേരിനൊരു ചടങ്ങ് എന്ന് മാത്രം കരുതി നിസ്സാരമാക്കിയവരൊക്കെ

അന്തം വിട്ടു കണ്ണുമിഴിച്ചു. !

ചിലരെയൊക്കെ പേരുവിളിച്ച് ചില താക്കീതുകൾ നൽകി വിട്ടയച്ചു.

' ഉണ്ണീ '

എന്ന് വിളിച്ചത് ഒരലർച്ചയോടെ പ്രതിധ്വനിച്ച് നിമിഷ യുടെ ചെകി ട്ടിൽ തട്ടി പ്രതിധ്വനിച്ചു. അവൾ

ഞെട്ടിപ്പിടഞ്ഞ് ചരിഞ്ഞുനോ ക്കി .

ഗി രി ജ

'ന്റ ഭഗോതീ .. '

ന്നൊരു നീട്ടി വിളിയോടെ ടി വി യുടെ മോണിട്ടറിലേക്ക് കണ്ണു നട്ട് താടിയിൽ കൈ കൊടുത്തിരുന്നു.

ഉണ്ണിയെ അടുത്തേക്കു വരാൻ ആംഗ്യം കാട്ടുന്നു.

അവൻ പുച്ഛഭാവത്തിൽ ചുമൽ ചലിപ്പിച്ച് എന്തോ പിറുപിറുത്ത് അലസമായി അടുത്തേക്കു പോകുന്നു.

അവൾ എന്തോ അവന്റെ ചെവിയിൽ മന്ത്രി ച്ചു. അവന്റെ മുഖഭാവം മാറുന്നതു കൃത്യമായി ക്ലോസ്സപ്പി ൽ കാണിക്കുന്നു. എന്തോ ആപത്തു വരാൻ പോകുന്നതിന്റെ സൂചന കൊടുത്ത പോലെ എല്ലാവർക്കും തോന്നി . തെയ്യം മടിക്കുത്തിൽ നിന്ന് ഒരു ചെറുപഴമെടുത്ത് കൈയ്യിൽ വച്ചുകൊടുക്കുന്നു.

' ഇത് കഴിച്ചോ .. ഒന്നും വരി ല്ല.'

അവനാശ്വാസമായി . പഴം ഒറ്റ വായ്ക്ക് അകത്താക്കി തോലുരിഞ്ഞ് അലക്ഷ്യമായെങ്ങോട്ടോ എറിഞ്ഞ് ഒരു മൂളിപ്പാട്ടും പാടി പോയി . പിന്നെയും ഓരോരുത്തരെ വിളിക്കുകയും എന്തൊക്കെയോ കഴിക്കാനും ഉപദേശങ്ങളും കൊടുത്തു കൊണ്ടിരുന്നു..

പിറ്റേന്ന് ഒരു ബ്രേക്കിംഗ് ന്യൂസോടെയാണു ഗ്രാമമുണർന്നത്. അമ്പലക്കുളത്തിനടുത്തേക്ക് ആളുകൾ

ഒഴുകിയെത്തി . അവിടെ ഒരു നീലിച്ച ശവശരീ രം ! . അത് ഉണ്ണിയുടേതായിരുന്നു. സർപ്പദംശനം ഉണ്ടായതാത്രേ ...!

ചാനലുകാർ തിരക്കിട്ട് ഫോട്ടോയും വീഡിയോയും എടുക്കുന്നു. സ്ഥലവാസികളെ ഇന്റർവ്യൂ ചെയ്യുന്നു. രതീ ഷ് മൈക്കും പിടിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. കഴകക്കാരൻ സർപ്പത്തെ നേരിൽ കണ്ടതായി മൊഴി കൊടുത്തു.

ഇടതു കാൽവണ്ണയിൽ ഒരു ചെറിയ മുറിവുണ്ടായിരുന്നതും ചാനലുകാർ കണ്ടുപിടിച്ചു. രതീഷിന് ചാകര കിട്ടിയ സന്തോഷം . അവൻ ശിശിരയെയും വിളിപ്പിച്ചു.

'എന്തായിരുന്നു ഇന്നലെ ഉണ്ണീടെ ചെവിയിൽ പറഞ്ഞത് ?'

ആ രംഗങ്ങൾ ഇപ്പോൾ ടി .വി യിൽ റിപ്പീറ്റ് കാണിക്കുന്നു.

'തെയ്യം കെട്ടിയപ്പോൾ എനിക്കെന്തോ അദൃശ്യ ശക്തി കിട്ടിയെന്നും ഉണ്ണിക്ക് എന്തോ അപകടം സംഭവിക്കാൻ പോകുന്നത് ദേവി മുന്നറിയിപ്പ് തന്നതായി തോന്നിയെന്നും അതാണു പറഞ്ഞതെന്നും അവൾ പറഞ്ഞു. '

പക്ഷേ എന്നിട്ടും വേഗം വീട്ടിൽ പോകാതെ പാതിരാത്രി വരെ അവിടൊക്കെ കറങ്ങി നടന്നിട്ടല്ലേ ..

**ശിശിര അപ്പോൾ അന്നാദ്യമായി നിമിഷയെ കാണാൻ പോയി . എന്തിനെന്നറിയാതെ ആ കൈ പിടിച്ചു വെറുതെ തലോടി . 10 വർഷത്തിനു മുമ്പത്തെ ആ ഏപ്രിൽ മൂന്ന് ചൊവ്വാഴ്ചയെ ഓർത്തെടുത്തു . അന്ന് ഞാൻ അച്ഛനു തെയ്യം കെട്ടാൻ കവുങ്ങിൻ പാളയെടുക്കാൻ അവിടെ വന്നതായിരുന്നു. അപ്പോഴാണ് ചേച്ചിയെ ആ ചേട്ടൻ .... ഞാൻ പേടിച്ചോടി ..**

'വരാനുള്ളത് വഴീൽ തങ്ങില്ലല്ലോ ' ..

ക്യാമറ അടുത്ത പ്രദേശവാസിയിലേക്ക് ...

ശിശിര അപ്പോൾ അന്നാദ്യമായി നിമിഷയെ കാണാൻ പോയി . എന്തിനെന്നറിയാതെ ആ കൈ പിടിച്ചു

വെറുതെ തലോടി .

10 വർഷത്തിനു മുമ്പത്തെ ആ ഏപ്രിൽ മൂന്ന് ചൊവ്വാഴ്ചയെ ഓർത്തെടുത്തു .

അന്ന് ഞാൻ അച്ഛനു തെയ്യം കെട്ടാൻ കവുങ്ങി ൻ പാളയെടുക്കാൻ അവിടെ വന്നതായിരുന്നു. അപ്പോഴാണ്

ചേച്ചിയെ ആ ചേട്ടൻ ....

ഞാൻ പേടിച്ചോടി ..

ഒന്നും ആരോടും ഇതുവരെ പറഞ്ഞിട്ടില്ല.

പക്ഷേ ...

ഇന്നലെ ഞാൻ പറയുകയും ചെയ്തു, പരിഹാരവും ചെയ്തു.

അതും പറഞ്ഞവൾ ഇറങ്ങി നടന്നു..

നടന്നു നടന്നവൾ വീടിന്റെ പിന്നാമ്പുറത്ത് ഒരു ചെറിയ കുപ്പിയും സിറിഞ്ചും കുഴിച്ചിട്ട് പൈപ്പിൽ കൈ കാൽ കഴുകി ടി .വി ഓൺ ചെയ്ത് ബാക്കി വിവരങ്ങൾക്കായി കാ തോ ർത്തു .

അപ്പോഴേക്കും ടി .വി യിൽ വിവിധ തരം പാമ്പുകളെക്കുറിച്ചും പാമ്പിന്റെ പ്രതികാരകഥയും ഉപകഥകളും അനുഭവ സാക്ഷ്യങ്ങളും പൊടിപ്പും തൊങ്ങലും വച്ച ചർച്ചകളും വാ വാ സുരേഷിന്റെ പാമ്പുപിടുത്ത രീതികളെ ക്കുറിച്ചുള്ള അഭിപ്രായങ്ങളും പുരോഗമിച്ചു കൊണ്ടിരുന്നു

ജൂറി അവാർഡ് നേടിയ കഥ




വര:
പി ആർ രാജൻ

ഇ-മലയാളി TV
കഥാമത്സരം 2024

നവീന ഭാവുകത്വത്തിന്റെ ശില്പികൾ



രേഖ ആനന്ദ്

# മുല്ലപ്പെരിയാർ തീരത്തെ മുല്ലപ്പൂക്കാരി

**രേഖ ആനന്ദ് എറണാകുളത്തു താമസം . വയനാട് പ്ലാനറ്റ് ഗ്രീൻ റിസോർട്ട് ഡയറക്ടർ. സോഷ്യൽ മീഡിയയിലൂടെ നല്ല സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ കവിതകൾ എഴുതി . വൃദ്ധർക്കു ഇഷ്ടഭക്ഷണം നൽകാനുള്ള പ്രേരണ നൽകാനായി എഴുതിയ' ചങ്കിൽ കുരുങ്ങിയ ചോദ്യത്തുണ്ട്'എന്ന കവിത സ്വയം സംവിധാനം ചെയ്തു. ഈ സൃഷ്ടി മികച്ച മ്യൂസിക്കൽ ഷോർട്ട് മൂവി ആയി സത്യജിത് റായ് ഗോൾഡൻ ആർക്ക് പുരസ്ക്കാരത്തിന് അർഹമായി . കേരള കലാകേന്ദ്രത്തിന്റെ ബെസ്റ്റ് ഡയറക്ടർ അവാർഡും ലഭിച്ചു .**

'ഇനിയും മഴപെയ്താൽ അണക്കെട്ടുപൊട്ടുമോ മോളെ'.. ?

രണ്ടു ദിനങ്ങൾ കടന്നുപോയിട്ടും ഇപ്പോളും കാതിൽ അലയടിക്കുന്ന ആ തളർന്ന ചോദ്യത്തിന് മുന്നിൽ എന്ത് പറയണം എന്നറിയാതെ പകച്ചു നിന്നതോർക്കുകയായിരുന്നു ഞാൻ.

ഒന്ന് ഷട്ടർ തുറന്നാൽ പോലും പ്രളയത്തിൽ മുങ്ങി പോകാൻ സാധ്യതയുള്ള , അരുവിയുടെ തീരത്തുള്ള പുറമ്പോക്ക് ഭൂമിയിലെ, കൊച്ചു കുടിലിൽ കഴിയുന്ന ലക്ഷ്മിയമ്മയുടെ ആ തളർന്ന സ്വരത്തിൽ, ഉറക്കമി

ല്ലാതെ തള്ളിനീക്കിയ, അനേകം രാത്രികളുടെ നിദ്രാഭാരം കനത്തു നിന്നിരുന്നു.

അണക്കെട്ടിൽ നിന്നും ഒരുപാട് ദൂരെ നഗരത്തിൽ , ഫ്ലാറ്റ് സമുച്ചയത്തിന്റെ പതിനെട്ടാം നിലയിൽ ജീവിയ്ക്കുന്ന എനിയ്ക്ക് ഒരിക്കലും അങ്ങനൊരു ചിന്ത ഇത്രയേറെ ആകുലത നൽകിയിരുന്നില്ല എന്ന് ഞാൻ വേദനയോടെ ഓർത്തു.

ഈ അണക്കെട്ടു ഒരിക്കലും പൊട്ടില്ല എന്ന് ആരെങ്കിലും ഒന്ന് ഉറപ്പിച്ചു പറഞ്ഞിരുന്നു എങ്കിൽ സമാധാനത്തോടെ ഒന്ന് ഉറങ്ങാമായിരുന്നു എന്നൊരു പ്രതീക്ഷ അവരുടെ തളർന്ന കണ്ണുകളിൽ കത്തി നിന്നിരുന്നു .

മൂന്ന് ദിവസങ്ങൾക്കു മുൻപാണ് ഞാൻ ആദ്യമായി ഇടുക്കിയിലെ ആ ഗ്രാമവും അവിടെ അമ്പലത്തിനു മുൻപിൽ മുല്ലപ്പൂ വിൽക്കുന്ന ലക്ഷ്മിയമ്മയെയും കാണുന്നത് .

അപ്രതീക്ഷിതമായി ഔദ്യോഗിക ആവശ്യത്തിന് ചേട്ടന് ഡൽഹിയിൽ പോകേണ്ടി വന്നപ്പോൾ ,ഫ്ലാറ്റിൽ ഞാൻ തനിച്ചായി പോകുമെന്നു പേടിച്ച അവസരത്തിലാണ് ,പ്രിയ കൂട്ടുകാരി മായ അവളുടെ നാട്ടിലേക്കു പോകുമ്പോൾ എന്നെയും ക്ഷണിച്ചത്.

അവളുടെ ഗ്രാമം കാണാൻ എനിയ്ക്കും ആഗ്രഹമായിരുന്നു .സമ്മതം കിട്ടില്ല എന്ന് ഉറപ്പുള്ളതുകൊണ്ടു ആ ആഗ്രഹം ഉള്ളിൽ ഒതുക്കിയപ്പോളാണ് എന്നെ ഞെട്ടിച്ചു കൊണ്ട് ,മായ ആ സന്തോഷ വാർത്ത പറഞ്ഞത് .

അവൾ ചേട്ടനോട് സംസാരിച്ചു സമ്മതം വാങ്ങി എന്ന് ! ആ വാക്കുകൾ ഒരു കാറ്റുപോലെയായിരുന്നു .

വെക്കേഷൻ തുടങ്ങിയ മുതൽ കുട്ടികൾ നാട്ടിൽ എന്റെ മാതാപിതാക്കളുടെ കൂടെ.ചേട്ടൻ ഡൽഹിയിൽ മീറ്റിംഗിനും ,മായ നാട്ടിലും പോയാൽ ഫ്ലാറ്റിന്റെ ഉള്ളിൽ ഒറ്റയ്ക്കു കടുത്ത ഏകാന്തതയിൽ കഴിയേണ്ടിവരുന്ന ദിവസങ്ങളെ ഓർത്തു ഭാരപ്പെട്ട എന്റെ മനസ്സ്, മണ്ണിൽ നനഞ്ഞു കുതിർന്നു കിടന്ന അപ്പൂപ്പൻ താടി ,ഒരു കാറ്റുകൊണ്ടു പറന്നപോലെ ഉയർന്നു പറന്നു .

മായയുടെ വീട്ടിലേയ്ക്കുള്ള യാത്ര.വിവാഹ ശേഷം ആദ്യമായാണ് ചേട്ടന്റെ കൂടെയല്ലാതെ ഒരു ദൂരയാത്ര.

കാർ മുന്നോട്ടു കുതിയ്ക്കുമ്പോൾ പുറകോട്ടു മറയുന്ന മൾബറി തോട്ടങ്ങൾ. പട്ടുനൂൽ നെയ്തു കൂടുണ്ടാക്കി, അതിനുള്ളിൽ ഉറങ്ങുന്ന പാവം പട്ടുനൂൽപുഴുക്കളെ ഓർത്തു മനസ്സ് വേദനിച്ചു ...ശലഭമായി പറക്കാൻ കൊതിച്ചു പട്ടുനൂലു നെയ്തു കൂട്ടുന്നു . കൂടു മെനയുന്നു . ആർക്കോ പട്ടുവസ്ത്രത്തിൽ തിളങ്ങാൻ വേണ്ടി കഠിനപ്രയത്നം ചെയ്തു പിടഞ്ഞു ഒടുങ്ങുന്നവർ .ആദ്യത്തെ ദിവസത്തെ യാത്ര ക്ഷീണം മാറിയപ്പോൾ, സന്ധ്യാസമയത്താണ് മായ അവളുടെ കുട്ടികളെ, അച്ഛന്റെയും അമ്മയുടെയും കൂടെ നിർത്തി ,ആ കൊച്ചു ക്ഷേത്രം കാണാൻ എന്നെ കൊണ്ടുപോയതും ലക്ഷ്മിയമ്മയെ കണ്ടതും .

മുടിയിൽ ചൂടി വാടി കരിഞ്ഞ പൂക്കൾ കാണുന്നത് സങ്കടമായതു കൊണ്ട് പൂ ചൂടുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെട്ടിരുന്നത് അവ വിരിഞ്ഞു നിൽക്കുന്നത് കാണാനായിരുന്നു . എങ്കിലും ദേവിയുടെ നടയിൽ വെയ്ക്കാൻ ഒരു മുഴം വാങ്ങാം അവർക്കും അതൊരു സഹായമാകുമല്ലോ എന്നോർത്താണ് അവരുടെ അടുത്തെത്തിയത്.

നഗരത്തിൽ മുഴത്തിന് നൂറുരൂപ പറയുന്ന സുഗന്ധമില്ലാത്ത മുല്ലപ്പൂ കണ്ടു ശീലിച്ച എനിയ്ക്ക്അതിശയവും സ്നേഹവും തോന്നിയത് അത്രയും സുഗന്ധം പൊഴിക്കുന്ന മുല്ലപ്പൂക്കൾ ഇരുപതുരൂപയ്ക്ക് തന്നപ്പോളായിരുന്നു.ഇരുനൂറു രൂപയുടെ ഒറ്റനോട്ടു കൊടുത്തു , ബാക്കി വേണ്ട എന്ന് പറയുമ്പോൾ അവർ വിശ്വസിക്കാനാവാത്ത എന്തോ കേട്ടപോലെ എന്നെ നോക്കി.

ബാക്കി പണം തരാൻ അവരുടെ കൈയിൽ മുഷിഞ്ഞ ചില പത്തു രൂപ നോട്ടുകൾ അല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല എന്ന് കണ്ണിൽ നിന്നും പൊഴിഞ്ഞിറങ്ങി തിളങ്ങിയ ,കണ്ണുനീർ തുള്ളികൾ മനസ്സിനോട് പറഞ്ഞു. മായ അൽപ്പം ദൂരെ മാറിനിന്ന് വിദേശത്തു നിന്ന് വിളിച്ച അവളുടെ ഭർത്താവിനോട് സംസാരിയ്ക്കുകയായിരുന്നു.

സംസാരസമയം കൂടും തോറും ലക്ഷ്മിയമ്മയോടു കൂടുതൽ സംസാരിക്കാൻ എനിയ്ക്കു സമയം കിട്ടുകയായിരുന്നു. ആ മുല്ലപ്പൂക്കൾ അവരുടെ വീട്ടുമുറ്റത്തെ മുല്ലവള്ളികളിൽ നിന്നും ഇറുത്തെടുത്തതാണെന്നു പറഞ്ഞപ്പോൾ അവ വിരിഞ്ഞു നില്കുന്നത് കാണാൻ,അതിയായ മോഹം തോന്നി.

എന്റെ മനസ്സ് വായിച്ചിട്ടെന്നപോലെ അടുത്ത നിമിഷം അവർ പറഞ്ഞു 'മോളുവരുമോ..എന്റെ വീടുകാണാൻ? സംസാരം കഴിഞ്ഞു അടുത്തേക്ക് വന്ന മായ, 'അപ്പോഴേയ്ക്കും നിങ്ങൾ പരിചയമായോ ! 'എന്ന് പറഞ്ഞപ്പോളാണ് മായയ്ക്ക് അവരെ ആദ്യമേ അറിയാം എന്ന് എനിയ്ക്കു മനസ്സിലായത്.

ഞാൻ പ്രതീക്ഷയോടെ ധർമ്മ സങ്കടത്തോടെ മായയുടെ കണ്ണുകളിൽ നോക്കി. മാസങ്ങൾക്കു ശേഷമാണു മായ അവളുടെ വീട്ടിൽ എത്തുന്നത്.

അതുകൊണ്ടു ഓരോ നിമിഷവും വിലപ്പെട്ടതാണ് ..

ആ സമയം എങ്ങനെ ചിലവഴിക്കണം എന്ന് അവൾ പറയുന്നപോലെ ഞാൻ അനുസരിയ്ക്കും.

എറണാകുളം നഗരത്തിലെ ഫ്ലാറ്റിൽ നിന്നും കോഴിക്കോടുള്ള എന്റെ വീട്ടിലേയ്ക്കുള്ള യാത്രകൾ ഓർത്തുപോയി ഞാൻ .

ചെറിയ ചെറിയ മോഹങ്ങൾ ഉള്ളിൽ നിറച്ചുകൊണ്ടാണ് യാത്ര ആരംഭിക്കുന്നത്. അച്ഛനും അമ്മയ്ക്കും അനിയനും ഒക്കെ ഇഷ്ടമുള്ളതൊക്കെ വെച്ചുണ്ടാക്കികൊടുക്കണം, അമ്മയുടെ ചുളിവുവീണു തുടങ്ങിയ കൈയിലും കാലിലും ക്രീം പുരട്ടി മിനുക്കണം..നഖങ്ങളിൽ നെയിൽ പോളിഷ് ഇട്ടു കൊടുക്കണം.

വേദനയുള്ള കാലുതടവി അടുത്തിരുന്നു കുറെ സംസാരിയ്ക്കണം.അനിയന്റെ ഇരട്ട പെൺകുഞ്ഞുങ്ങളെ

കൊതിതീരെ ഓമനിയ്ക്കണം.അങ്ങനെ കുഞ്ഞു കുഞ്ഞു മോഹങ്ങൾ .

പക്ഷെ ഉയർന്ന ഉദ്യോഗം ഉണ്ടായിട്ടും കുട്ടികളുടെ ഭാവി ഭദ്രമാക്കാൻ എന്നു പറഞ്ഞു അനേകം ബിസിനസ്സ് സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കാൻ,സ്വന്തം ജീവിതം ജീവിയ്ക്കാൻ മറന്നു, നെട്ടോട്ടമോടുന്ന ചേട്ടന്റെ ഒപ്പം, അതിവേഗം ഓടുന്ന കാറിൽ, ഒരു നിമിഷം കണ്ണടച്ചാൽ മുന്നിലെ വാഹനത്തിൽ,തട്ടിതകരുമോ എന്ന്പേടിച്ചു കണ്ണിമയ്ക്കാതെ, ജീവൻ കൈയിൽ പിടിച്ചപോ
ലെയുള്ള യാത്രകൾ..അർധരാത്രി വീട്ടിൽചെന്ന്കയറുമ്പോൾ അടുത്ത ദിവസം തല ഉയർത്താൻ പോലും ആകാത്ത വിധം മനസ്സും ശരീരവും തളർന്നു പോയിട്ടുണ്ടാകും.ക്ഷീണവും കൊച്ചു മോഹങ്ങളും തീരാതെ ഭർത്തൃഗൃഹത്തിലേക്കു യാത്രതുടരാൻ കാറിൽ കയറുമ്പോൾ ഉള്ളു പൊടിയുന്നുണ്ടാവും പലപ്പോളും.

ഭർതൃമാതാവിനും പി
ന്നെ പരിചയത്തിൽ ഉള്ള ഏതു പ്രായമായ സ്ത്രീകളെ കാണുമ്പോളും അവർക്കു കാലുവേദനിയ്ക്കുന്നുണ്ടാകുമോ എന്ന് ഓർത്തു തടവികൊടുക്കാൻ തോന്നുന്നതും, അമ്മയുടെ അടുത്തിരിയ്ക്കാനോ കാലുതടവാനോ ആഗ്രഹിച്ചിട്ടും അവസരം കിട്ടാത്ത മകളുടെ ആഗ്രഹസഫലീകരണമാണ് എന്ന് തോന്നാറുണ്ട് ..

വിവാഹശേഷം സ്വന്തം വീട്ടിൽവിരുന്നുകാരിയെ പോലെ എത്തി തിരിച്ചുപോകാൻ ,വിധിക്കപ്പെട്ട ഓരോ സ്ത്രീയുടെയും മനസ്സിന്റെ പിടച്ചിൽ..

ആ പിടച്ചിൽ ആരംഭിക്കുന്നതു വിവാഹദിനത്തിലാണ് . ചിപ്പിയിൽ നിന്നും അടർന്നുപോയ മുത്തുപോലെ, ഉള്ളം മുറിഞ്ഞുകൊണ്ടുള്ള പടിയിറക്കം .

ആ പടിയിറക്കത്തിന്റെ ആവർത്തനമാകും പിന്നീടുള്ള ഓരോ ഹ്രസ്വ സന്ദർശനങ്ങളുടെയും ഒടുവിൽ യാത്രപറഞ്ഞു ഇറങ്ങുമ്പോൾ. .ലോകത്തിലെ ഏറ്റവും വലിയ അഭിനേത്രിയാണെന്നു തോന്നിപ്പോകുന്ന രീതിയിൽ അമ്മ ഉള്ളിലെ സങ്കടം മറച്ചു പുഞ്ചിരിക്കും. തന്റെ കണ്ണുകൾ കലങ്ങിയാൽ മകളുടെ ഹൃദയം കലങ്ങും എന്ന് നന്നായി അറിയുന്ന അച്ഛനും, ചിരിയുടെ മുഖംമൂടി അണിയുകയും കണ്ണുകൾ ചതിക്കയാൽ ,വല്ലാതെ തോറ്റുപോകുകയും ചെയ്യും.

അതുകൊണ്ടുതന്നെ മായ അവളുടെ ഗൃഹസന്ദർശനത്തിലെ മുഴുവൻ സമയവും ,അവളുടെ അച്ഛനെയും അമ്മയെയും സ്നേഹിച്ചു കൂടെ തന്നെ നിൽക്കണം എന്നും ഞാൻ ആഗ്രഹിച്ചിരുന്നു .

എന്റെ ചിന്തകൾ ശരിയ്ക്കും മനസ്സിലാക്കിയ അവൾ പറഞ്ഞു, 'നാളെ അച്ഛനും അമ്മയും അച്ഛന്റെ കൂട്ടുകാരന്റെ,മകളുടെ,വിവാഹത്തിന് പോകും.കുട്ടികളും കൂടെ പോകും. അവർ പോയിട്ടു നമ്മുക്ക് ലക്ഷ്മിയമ്മയുടെ വീടുകാണാൻ പോകാം.

എന്റെ നാട്ടിൽ വന്നിട്ടു, മുല്ല പൂത്തു നില്കുന്നത് കാണാൻ പറ്റിയില്ല എന്നോർത്തു നീ ,ഫ്ലാറ്റിൽ പോയി സങ്കടപ്പെട്ടു കിടക്കാൻ സാധ്യത കാണുന്നുണ്ട് .അതിനു ഞാൻ ഇടവരുത്തില്ല .'

അടുത്ത ദിവസം മായയുടെ അമ്മ വിളമ്പിയ പതുപതുപ്പുള്ള ഇഡ്ഡലിയും സാമ്പാറും കഴിക്കുമ്പോളും മനസ്സ് ആൽത്തറയിൽ ഞങ്ങളുടെ ആഗമനം പ്രതീക്ഷിച്ചു ,പൂവിറ്റുതീർക്കുന്ന, ലക്ഷ്മിയമ്മയായിരുന്നു.

പത്തുമണി ആകുമ്പോളേയ്ക്കും അവിടെ എത്താം. പൂവിൽപ്പന മുടക്കേണ്ട എന്ന് ഞങ്ങൾ പറഞ്ഞിരുന്നു. അവരുടെ ഒഴിഞ്ഞ പൂക്കൂട കണ്ടപ്പോൾ ഞങ്ങൾക്കും സന്തോഷമായി..എല്ലാം വിറ്റു തീർന്നിരിയ്ക്കുന്നു..

**പലതരം വഞ്ചനകളുടെയും ആക്രമണങ്ങളുടെയും വാർത്തകൾ വായിച്ചു ഉള്ളിന്റെ ഉള്ളിൽ തളംകെട്ടി നിന്നിരുന്ന ഭീതി പൊടുന്നനെ ഞങ്ങളെ വലയം ചെയ്തു. ഓടാൻപോലും ആകാത്ത വണ്ണം പാദങ്ങൾ പെട്ടന്ന് കനം വെച്ചതുപോലെ. നടുങ്ങിവിറച്ചു ഞങ്ങൾ. പെട്ടന്ന് കനത്ത മഴ ആർത്തലച്ചുപെയ്തു. ധൈര്യശാലിയായ മായ പോലും ഒന്ന് നടുങ്ങി എന്ന് തോന്നി .**

ഞങ്ങളെ കണ്ടപ്പോൾ അവരുടെ മുഖം അമ്പലത്തിനു മുന്നിലെ കൽവിളക്കുപോലെ പ്രകാശിച്ചു.

അവർക്കു വീട്ടിൽ അതിഥിയായി പോകാൻ ആരും തന്നെ ഇല്ലായിരുന്നു എന്ന് ആ പ്രകാശത്തിന്റെ തീവ്രത വെളിപ്പെടുത്തുന്നുണ്ടായിരുന്നു .

വേഗം തൊഴുതു വന്നു ഞങ്ങൾ .അമ്പലത്തിന്റെ എതിരെയുള്ള മൺപാതയിലൂടെ പത്തു മിനിറ്റ് നടക്കാൻ ഉണ്ടെന്നു അറിഞ്ഞപ്പോൾ കാറിന്റെ പിൻസീറ്റിൽ കയറാൻ മായ അവരോടു പറഞ്ഞു.

വിശ്വസിക്കാനാകാത്തതുപോലെ മായയെ നോക്കികൊണ്ട് അബോധാവസ്ഥയിൽ എന്നപോലെ, ഒരു കുട്ടിയുടെ അനുസരണയോടെ, ഒരു കൊട്ടാരത്തിലേക്കു പ്രവേശിയ്ക്കുന്നതുപോലെ ശ്രദ്ധയോടെ കാലെടുത്തു വെച്ചതു കണ്ടപ്പോൾ ,അവർ ആദ്യമായിട്ടാണ് കാറിൽ കയറുന്നതെന്നു ഞങ്ങൾക്ക് തോന്നി.

കാർ മുന്നോട്ടു നീങ്ങവേ അവരുടെ മുഖം കൗതുകം കൊണ്ടും ,സന്തോഷം കൊണ്ടും തിളങ്ങുന്നുണ്ടായിരുന്നു. മുന്നിലെ കണ്ണാടിയിൽ ആ ദൃശ്യം കാൺകെ എന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു തുളുമ്പി .

ഒരിക്കലും കാറിൽ കയറാത്ത പാവങ്ങളെ കാറിൽകയറ്റി അവർക്കു എത്തേണ്ടിടത്തു എത്തിച്ചു കൊടുക്കുന്നത് , മനസ്സിൽ സന്തോഷം നിറയ്ക്കാനുള്ള എളുപ്പവഴിയാണെന്നു ആ യാത്രയിലാണ് ഞാൻ തിരിച്ചറിഞ്ഞത് .

'മോളെ ഈ മരത്തിനു താഴെ കാർ നിർത്താം.ഇനി

യുള്ള വഴി വീതിയില്ല'എന്നവർ പറഞ്ഞപ്പോൾ മായ കാർ ഒതുക്കി നിർത്തി.

മുന്നിൽ പുൽമെത്ത വിരിച്ചപോലെ ഇടവഴി.അവയിൽ കുഞ്ഞു രത്നങ്ങൾ വിതറിയപോലെ മഴത്തുള്ളികൾ തിളങ്ങിനിന്നിരുന്നു..

അരികെ പടർന്നു നിന്ന ഒരു ചെടിയുടെ തണ്ടു പൊട്ടിച്ചു ലക്ഷ്മിയമ്മ ഊതികാണിച്ചു.ഉത്സവപറമ്പിൽ വിൽപ്പനക്കാർ ഊതിപ്പറപ്പിക്കുന്ന സോപ്പുകുമിളകൾ പോലെ നിരവധി മനോഹര കുമിളകൾ ഉയർന്നു പറന്നു. അങ്ങനെയൊരു ചെടി ആദ്യമായി കാണുകയായിരുന്നു അപ്പോൾ മാത്രം യാത്രയിൽ മക്കൾ കൂടെ വേണമായിരുന്നു എന്നൊരു വേദന ഞങ്ങൾക്ക് തോന്നി...

മായ ആദ്യമേ പറഞ്ഞിരുന്നു ലക്ഷ്മിയമ്മയുടെ വീട്ടിൽ പോകാൻ അനുവാദം ചോദിക്കാൻ ചേട്ടനെ ഫോൺ ചെയ്തിട്ട് , ചേട്ടൻ സമ്മതിച്ചില്ലാന്നു പറഞ്ഞു കരഞ്ഞിട്ട് എന്റടുത്തു വന്നാൽ എന്റെ വിധം മാറും .
പോയി വന്നിട്ടു പറഞ്ഞാൽ മതി എന്ന്..

പതിനഞ്ചു മിനിറ്റ് മാത്രം കണ്ടു പരിചയം ഉള്ള സ്ത്രീയുടെ വീട്ടിൽ പോകുക എന്ന ആഗ്രഹം ബാലിശമായതും, ഒരിക്കലും അനുവദിക്കേണ്ടാത്തതുമായ ഒരു ആവശ്യമാണെന്നു തീരുമാനിയ്ക്കാൻ ചേട്ടന് ഒരു നിമിഷം പോലും വേണ്ട എന്ന് നന്നായി അറിയാമായിരുന്നു.

അവർ പാവം സ്ത്രീയാണെന്ന് പറഞ്ഞു വാദിച്ചാൽ, ഇതുപോലെ ഞാൻ മുൻപു പാവമാണെന്നു പറഞ്ഞു സഹതാപം തോന്നി സഹായിച്ച അനേകം സ്ത്രീകൾ ചെയ്ത തട്ടിപ്പിന്റെ കഥകളുടെ ഒരു ലിസ്റ്റ് തിരിച്ചു പറഞ്ഞു എന്നെ തോൽപ്പിച്ചു കളയും ചേട്ടൻ. അതുകൊണ്ട് മായയെ അനുസരിക്കുകയാണ് നല്ലതെന്നു ഉറപ്പിച്ചു .

രാവിലെ വിളിച്ചപ്പോൾ ചേട്ടൻ മീറ്റിംഗിന് പോകാനുള്ള ധൃതിയിൽ പെട്ടന്ന് ഫോൺ വെച്ചത് ഭാഗ്യമായി.രണ്ടു മിനിറ്റ് എങ്കിലും സംസാരിച്ചിരുന്നെങ്കിൽ പറഞ്ഞുപോകുമായിരുന്നു.ങ്കിൽ ഈപോക്ക് നടക്കില്ലെന്നു മാത്രമല്ല ഉടനെ എറണാകുളത്തേക്കു തിരിച്ചു
പോകാനും പറയുമായിരുന്നു.

മരിച്ചു പോകുന്നതിനു മുൻപ് ഒരു ദിവസം എങ്കിലും സ്വന്തം ജീവിതം സ്വന്തം ഇഷ്ടത്തിന് അനുസരിച്ചു ജീവിയ്ക്കണം എന്ന് മായ എപ്പോളും വഴക്കുപറയും .മായയുടെ കൂട്ടുകിട്ടിയതിൽ പിന്നെ എന്നെ വരച്ചവരയിൽ നിർത്താൻ പറ്റാതായിട്ടുണ്ട് ചേട്ടന്..

എനിയ്ക്കു ഓർത്തിട്ടു ചിരി വന്നു . മായ ഇല്ലായിരുന്നു എങ്കിൽ ഇങ്ങനെ ഒരു യാത്ര ഒരിക്കലും സാധ്യമാകുമായിരുന്നില്ല. എന്നെപോലെയല്ല മായ .അവൾ പെട്ടന്നൊന്നും ആരെയും വിശ്വസിയ്ക്കില്ല ആ ധൈര്യത്തിലാണ് ചേട്ടൻ അവളുടെ കൂടെ അയയ്ക്കാൻ ധൈര്യപ്പെട്ടതും.അരികിൽ പടർന്നിരിയ്ക്കുന്ന തൊട്ടാവാടിയെ തൊട്ടു പിണക്കി വാടിച്ചപ്പോൾ കുട്ടിക്കാലത്തേക്ക് തിരിച്ചു കൊണ്ട് പോകുന്ന, ഒരു മാന്ത്രിക ഇടവഴിയിലൂടെയാണ് ഞങ്ങളിപ്പോൾ പോയി കൊണ്ടിരിയ്ക്കുന്നതെന്നൊരു സന്തോഷം ഉള്ളിൽ നിറഞ്ഞു. അരികിൽ മുക്കുറ്റി ചെടി മഞ്ഞ മൂക്കുത്തി ഇട്ടു ചിരിച്ചു നില്കുന്നു. നിന്റെ സ്വർണ്ണ മുക്കുത്തിയേക്കാൾ മനോഹരം എന്റെ വജ്ര മുക്കുത്തിയാണെന്ന ഭാവത്തിൽ അരികിൽ പുൽക്കൊടിത്തുമ്പുകൾ മഞ്ഞുകണങ്ങൾ ചൂടി നിന്നു.

ഇടവഴി വീതി കുറഞ്ഞു വന്നു .അരികിൽ ചാഞ്ഞു നിന്നിരുന്ന ചില്ലയിൽ വലിയ ചിലന്തിവല.

എത്ര മനോഹരമായാണ് ,ഇഴകൾ തമ്മിലുള്ള അകലം പോലും എത്ര കൃത്യമായാണ്, ക്ഷമയോടെ അളവുകോലുപോലും ഇല്ലാതെ അത് നെയ്തിരിക്കുന്നത് .

മഴത്തുള്ളികൾ വെയിൽ തട്ടി വജ്രംപോലെ അതിൽ തിളങ്ങി നില്കുന്നു. പെട്ടന്ന്ഒരു കമ്പെടുത്തു വെറുപ്പോടെ ചിലന്തിവല എന്ന് പറഞ്ഞു മായ അത്പൊട്ടിച്ചു കളഞ്ഞു .. മുറിഞ്ഞപോലെ എന്റെ മനസ്സ് വേദനിച്ചു . ആ ചിലന്തി ഒരു കലാകാരിയാണെന്നും അതിന്റെ വല അതി മനോഹരമായ കലാസൃഷ്ടിയാണെന്നും, ഒരു നല്ല വാക്ക് കേൾക്കാൻ കൊതിച്ചു അഭിമാനത്തോടെ നിൽക്കവേ, വെറുപ്പോടെ അത് പൊട്ടിച്ചു കളയുമ്പോൾ അതിന്റെ മനസ്സ് ഒരു ചില്ലുപാത്രം പോലെ ഉടഞ്ഞുപോകും എന്ന് തോന്നി .

വളരെ ദിവസങ്ങൾ കഠിനാധ്വാനം ചെയ്തു മനോഹരമായ ഗ്ലാസ്പെയിന്റിംഗ് ചേട്ടനെ കാണിച്ചപ്പോൾ അതിലേക്കു നോക്കുകപോലും ചെയ്യാതെ, ചുമരിൽ ആണി തറച്ചു വൃത്തികേടാക്കാൻ പറ്റില്ല , ചുമരിൽത്തൂക്കാൻ പറ്റില്ല എന്ന് കർശന സ്വരത്തിൽ പറഞ്ഞപ്പോൾ തന്റെ മനസ്സ് തകർന്നപോലെ ആ ചിലന്തിയുടെ മനസ്സും തകർന്നു കാണും .

ഞാൻ തിരിഞ്ഞു നോക്കി .തകർന്നു തൂങ്ങിയ തന്റെ സൃഷ്ടിയുടെ നൂലിൽ തൂങ്ങി കൊച്ചു ചിലന്തി പിടയുന്നു . എനിയ്ക്കു മായയോട് ദേഷ്യം വന്നു .

'എന്ത് ഭംഗിയായിരുന്നു .നീ എന്തിനാ അത് പൊട്ടിച്ചത്?പാവം എത്ര കഷ്ടപ്പെട്ട് ഉണ്ടാക്കിയതാ '

ദേഷ്യത്തോടെ ഞാൻ ചോദിച്ചു .ഭ്രാന്തുപറയാതെ ഒന്ന് വേഗം നടന്നേ വലിയ മഴ വരാൻ പോകുന്നു .മായ നടത്തത്തിനു വേഗം കൂട്ടികൊണ്ടു പറഞ്ഞു .ആരും ചിന്തിക്കാത്ത കാര്യങ്ങൾ ചിന്തിപ്പിക്കുന്ന എന്റെ മനസ്സിനെ പഴിച്ചുകൊണ്ടു ഞാൻ നടത്തത്തിനു വേഗം കൂട്ടി . പെട്ടന്ന് കാർമേഘം വന്നു മൂടി വല്ലാതെ ഇരുട്ട് പരന്നു.

ഇപ്പോൾ ദൂരെയായി കൊച്ചു കുടിൽ കാണാം.അടുത്ത നിമിഷം അനേകം,മുല്ലപ്പൂ മൊട്ടുകൾ ഒരുമിച്ചു വിരിഞ്ഞപോലെ സുഗന്ധം ചുറ്റും പരന്നു... ഒരു കൊച്ചു കുടിലിലേക്കല്ല ഒരു സ്വർഗ്ഗ ലോകത്തേക്കാണ് ഞങ്ങൾ പ്രവേശിക്കുന്നതെന്നുതോന്നി. അവർ കാറിലേക്ക് കാലെടുത്തുവെച്ച അതെ അതിശയത്തോടെ ഞങ്ങൾ പതിയെ ഓരോ കാലടികളും മുന്നോട്ടു വെച്ചുതുടങ്ങി..

അനേകം മുല്ല വള്ളികൾ ചുറ്റും പടർന്നു നിന്നു സുഗന്ധം പൊഴിച്ചു വരവേറ്റു. കൂടാതെ പനിനീർചെടികൾ,കു




റ്റിമുല്ലകൾ,മന്ദാര ചെടികൾ തീകത്തിനിൽക്കുന്നതു പോലെ തെച്ചിപ്പൂ കുലകൾ .എല്ലാം മത്സരിച്ചു വർണ്ണവിസ്മയം തീർക്കുന്നു . ചാണകം മെഴുകിയ തറയിൽ നിന്നും അൽപ്പം ഉയർന്ന അരമതിലിൽ സാരിതുമ്പു കൊണ്ട് തുടച്ചിട്ട് ഞങ്ങളോട് ഇരിയ്ക്കാൻ പറഞ്ഞിട്ടു അവർ തിടുക്കപ്പെട്ടു അകത്തേക്കുപോയി.

നേരെ മുന്നിലായി അരുവി ആർത്തലച്ചു ഒഴുകുന്നു... ദൂരെ കോട്ട പോലെ അണക്കെട്ടിന്റെ മുകൾഭാഗം കനത്ത കാർമേഘതൊപ്പിവെച്ചു നില്കുന്നത് കാണാം.

പെട്ടന്ന് ഞങ്ങൾ ഇരിക്കുന്ന വരാന്തയുടെ അരമതിലിനു അരികിലായി കൈയിൽ ഒരു വാക്കത്തിയുമായി അവർ.

പലതരം വഞ്ചനകളുടെയും ആക്രമണങ്ങളുടെയും വാർത്തകൾ വായിച്ചു ഉള്ളിന്റെ ഉള്ളിൽ തളംകെട്ടി നിന്നിരുന്ന ഭീതി പൊടുന്നനെ ഞങ്ങളെ വലയം ചെയ്തു. ഓടാൻപോലും ആകാത്ത വണ്ണം പാദങ്ങൾ പെട്ടന്ന് കനം വെച്ചതുപോലെ. നടുങ്ങിവിറച്ചു ഞങ്ങൾ. പെട്ടന്ന് കനത്ത മഴ ആർത്തലച്ചുപെയ്തു.

ധൈര്യശാലിയായ മായപോലും ഒന്ന് നടുങ്ങി എന്ന് തോന്നി . അടുത്ത നിമിഷം മഴയെ വകവെയ്ക്കാതെ സാരിത്തലപ്പു തലയിലേയ്ക് ഇട്ടു അവർ അരികിൽ നിൽക്കുന്ന വാഴയിൽ നിന്നും രണ്ടു ഇളം നാക്കില വെട്ടിയെടുക്കുന്നു.കുറ്റംബോധത്തോടെ ഞാനും മായയും പരസ്പരം നോക്കി പുഞ്ചിരിച്ചു . ഞങ്ങൾ പതിയെ അകത്തേയ്ക്കു കയറി. ഒരു മുറിയും ഒരു അടുക്കളയും മാത്രമുള്ള കൊച്ചുകൂരയായിരുന്നു അത്..

അടുക്കളയിൽ വിറകടുപ്പിൽ തിളയ്ക്കുന്ന വെള്ളത്തിൽ കാപ്പിപ്പൊടി ഇടുകയായിരുന്നു അവർ..

'ഇതൊന്നും വേണ്ട,ലക്ഷ്മിയമ്മേ ഞങ്ങൾ പൂന്തോപ്പും അരുവിയും ഒക്കെ ഒന്ന് കണ്ടിട്ടു പോകാൻ വന്നതാ'ഞാൻ പറഞ്ഞു .

അവർ കൊച്ചുഭരണിയിൽ നിന്നും ഏതാനും ശർക്കര എടുത്തു കാപ്പിയിലേയ്ക് ഇട്ടുകൊണ്ട് നെഞ്ചുപൊട്ടിയപോലെ പറഞ്ഞു ' മോൻ കുവൈറ്റിൽ പോയതിൽ പിന്നെ ഈ വീട്ടിൽ ആരും വന്നിട്ടില്ല.

സന്തോഷമാണ് മോളെ വീട്ടിൽ വരുന്നവർക്ക് എന്തെങ്കിലും വെച്ചുണ്ടാക്കി കൊടുക്കുന്നത് .' എത്രയോ കാലങ്ങളായി ആരെയെങ്കിലും സ്നേഹിയ്ക്കാൻ കാത്തിരിയ്ക്കുകയായിരുന്നു അവർ എന്ന് തോന്നി..

മോനെ കുറിച്ച് വാതോരാതെ പറയുന്നതിനിടയിൽ അവർ കുറച്ചു ചെറിയഉള്ളി തൊലികളഞ്ഞു ,കഴുകി ഒരു കൊച്ചു കൽ ഉരലിൽ ഇട്ടു, എന്നിട്ടു ആ ഉള്ളിത്തൊലിയുമായി പിൻവാതിലിലൂടെ പുറത്തിറങ്ങി .കൂടെ ഞങ്ങളും.

അവിടെ അനേകം പച്ചക്കറി തൈകൾ കായ്ച്ചു,നിന്നി

രുന്നു. വെണ്ടയും,വഴുതനയും,ചുവന്ന ചീരയും, മഞ്ഞ കൊളംബി പൂക്കൾ വിടർത്തികൊണ്ടു മത്തൻ വള്ളികളും പടർന്നു നിന്നിരുന്നു..

അതിനു അരികിൽ അരികുപൊട്ടിയ വലിയ മൺകല ത്തിൽ പടർന്നു നിന്നിരുന്ന കാന്താരി ചെടിയുടെ ചുവട്ടിൽ ഒരു പൂജ പുഷ്പം അർപ്പിയ്ക്കുന്ന ബഹുമാനത്തോടെ ആ ഉള്ളിത്തൊലിയിട്ടു, കമ്പുകൊണ്ടു മണ്ണൊന്നു ഇളക്കി കൊടുത്തു .

അശ്രദ്ധയോടെ നമ്മൾ വേസ്റ്റ് ബാസ്കറ്റിലേക്കു എറി യുന്ന ഉള്ളിത്തൊലിയോട് പോലും അവർക്ക് സ്നേഹമാ ണ് എന്ന് തോന്നിപോയി .

ശേഷം മൗനമായി അനുവാദം ചോദിച്ചിട്ടെന്ന പോ ലെ നിറയെ കായ്ച്ചു നിൽക്കുന്ന കാന്താരി ചെടിയിൽ നിന്നും ഏതാനും കാന്താരി മുളക് പറിച്ചെടുത്തു. ഭരണി യിൽ നിന്ന് അൽപ്പം ഉപ്പുകല്ലെടുത്തു കഴുകി ഞങ്ങളോട് പറഞ്ഞു 'ഉപ്പുകല്ലുപോലും കഴുകണം.എവിടെയൊക്കെ കൂട്ടിയിട്ടിട്ടാണ് കവറിൽ ആക്കുന്നതെന്നു അറിയില്ലല്ലോ'.

അതുകേട്ടപ്പോൾ ഞങ്ങൾ ഓർത്തത്ലക്ഷ്മിയമ്മയുടെ വീടുകാണാൻ പോകുകയാണെന്നു അറിഞ്ഞപ്പോൾ മായ യുടെ അയൽവീട്ടിലെ പണക്കാരി കൊച്ചമ്മ പു ച്ഛത്തോടെ പറഞ്ഞതാണ്..'അവിടെന്നു വെള്ളം പോലും കുടിയ്ക്കാൻ നിൽക്കണ്ട.അവറ്റകൾക്കൊന്നും വൃത്തിയും വെടിപ്പും ഒന്നും ഉണ്ടാകില്ലെന്നേ'..ആ കൊച്ചമ്മയോടു എനിയ്ക്കു അതിയായ ദേഷ്യം തോന്നി..

തിരികെപോയിട്ടു ഇത് അവരോടു പറയണമെന്നും മന സ്സിൽ ഉറപ്പിച്ചു..

നിമിഷനേരം കൊണ്ട്കാന്താരി ചമ്മന്തി ഇടിച്ചുണ്ടാ ക്കി അൽപ്പം വെളിച്ചെണ്ണ അതിലേയ്ക്ക്പ കർന്നുകൊ ണ്ട് അവർ പറഞ്ഞു, 'ഇരിയ്ക്കാനൊന്നും ഇല്ല മക്കളെ, തറയിൽ ഇരുന്നു ശീലം കാണില്ല..വരാന്തയിലെ അരമ തിലിൽ ഇരുന്നോളു .അവിടെ ആകുമ്പോൾ അരുവിയും മഴയും കണ്ടു കൊണ്ട് കഴിക്കാലോ'...നേരത്തെ വെട്ടിയ ഇളം നാക്കില ആ തിണ്ണയിൽ വെച്ചു രണ്ടു ചെറിയ ചില്ലു ഗ്ലാസ്സിലേക്ക് ചൂടുള്ള ശർക്കരക്കാപ്പി പകർന്നു.അകത്തു പോയി തിരിച്ചു വന്നപ്പോൾ കൈയിൽ രണ്ടു കൊച്ചു മൺ കലങ്ങൾ.

ഒന്നിൽ പുഴുങ്ങിയ മരച്ചീനി.മറ്റേതിൽ കുഞ്ഞൻ അയല മുളകിട്ടത്.ചുവന്ന പട്ടുസാരിയിൽ വെള്ളിക്കസവ് പോലെ, ആ ചുവന്ന കറിയിൽ വെള്ളിനിറത്തിൽ അയല കിടന്നു തിളങ്ങുന്നു...

രണ്ടുപേർക്കും ഇലയിൽ വിളമ്പിയ ശേഷം ഇലത്തു മ്പിൽ കാന്താരി ചമ്മന്തി കൂടെ വിളമ്പി.നല്ല പപ്പടംചുട്ട ഗന്ധം പരന്നപ്പോളാണ് അറിഞ്ഞത് കാപ്പിയുണ്ടാക്കിയ അടുപ്പിന്റെ കനലിൽ,പപ്പടം ഇട്ടിട്ടാണ് അവർ മരച്ചീനി വി ളമ്പാൻ തുടങ്ങിയതെന്ന്.

ധൃതിയിൽ വീണ്ടും ഉള്ളിൽ പോയി വന്നപ്പോൾ ഒരു തട്ടിൽ നാല് പപ്പടം ചുട്ടതും ഉണ്ടായിരുന്നു കൈയിൽ.

ഇവിടെ നിന്ന് പറിച്ച മരച്ചീനിയാ മക്കളെ ,വെണ്ണ പോലെ വെന്തുകിട്ടും.മോൻ പോയതിൽ പിന്നെ മീനൊ ന്നും വാങ്ങാറേയില്ല.ഒറ്റയ്ക്കു ഇരുന്നു എന്ത് കഴിച്ചാലും ഇറങ്ങില്ല.ഇന്നിപ്പോൾ നിങ്ങൾ വരുന്ന സന്തോഷത്തിൽ വെളുപ്പിനെ മീൻവാങ്ങി മുളകിട്ടുവെച്ചതാണ്.

'മോന് അവിടെ ഇതൊക്കെ കിട്ടുമോ ആവൊ..?

പോയതിൽപിന്നെ രണ്ടു പ്രാവശ്യം വിളിച്ചു..അങ്ങോ ട്ടൊരു വിശേഷവും തിരക്കാൻ സമയം ഇല്ലായിരുന്നു. കൂട്ടുകാരന്റെ നമ്പറിൽ നിന്നായിരുന്നു വിളിച്ചത്.ശമ്പളം കിട്ടിയിട്ടു, എന്നും വിളിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. വേദനനി റഞ്ഞ സ്വരത്തിൽ അവർ പതിയെ പറഞ്ഞു .

ചില്ലു മുഴുവൻ പൊട്ടി ,റബ്ബർബാൻഡ് ചുറ്റിയ കൊച്ചു ഫോൺ എടുത്തു കാണിച്ചു കൊണ്ട് അവർ പറഞ്ഞു ഇതിൽ രണ്ടു നമ്പർ ആക്കിത്തന്നിട്ടാണ് അവൻ പോയത് .ഇതിൽ ഒന്നിൽ ഞെക്കിയാൽ കൂട്ടുകാരൻ രമേശന്റെ രണ്ടിൽ ഞെക്കിയാൽ അവൻ കൂലിപ്പണിക്ക് പോയ ഒരു വീട്ടിലെ മാഷിന്റെ നമ്പറാണ്.അത്യാവശ്യം എന്തെങ്കിലും ഉണ്ടെങ്കിൽ മാത്രം അവരെ വിളിച്ചാൽ മതിയെന്ന് അവൻ പറഞ്ഞിട്ടുണ്ട്..അവരൊക്കെ ഓരോ തിരക്കിൽ ആയിരി ക്കും എന്നോർത്ത് ഇതുവരെ വിളിച്ചിട്ടില്ല.മോന് നല്ല ഒരു ഫോൺ ഉണ്ടായിരുന്നു.വിമാനകൂലിയ്ക്കു കാശുതികയാ തെ വന്നപ്പോൾ വിറ്റു .

പെയിന്റിംഗ് പണിക്കു പോയപ്പോ രണ്ടുനില വീടിന്റെ മുകളിൽ ഒക്കെ നിന്ന്പണിയുന്നതറിഞ്ഞപ്പോ സഹിച്ചി ല്ല.അവിടെ ആകുമ്പോ,പേടിയ്ക്കാനില്ല.ശമ്പളം കിട്ടും വരെ അമ്മ എങ്ങനെയെങ്കിലും പിടിച്ചു നിൽക്കണേ എന്ന് പറഞ്ഞു ഫോൺവെച്ചതാ. അങ്ങോട്ടൊന്നും ചോദിയ് ക്കാൻ പറ്റിയില്ല മക്കളെ.. അത് പറഞ്ഞിട്ടു അവർ മോന്റെ ഫ്രെയിം ചെയ്ത ഫോട്ടോ എടുത്തുകാണിച്ചു.

അമ്മയെപ്പോലെ നന്മയും കാരുണ്യവും നിറഞ്ഞു തു ളുമ്പുന്ന കണ്ണുകൾ..പഠിയ്ക്കാൻ സാഹചര്യം ഉണ്ടായിരു ന്നു എങ്കിൽ ഏതോ വലിയ നിലയിൽ എത്തുമായിരുന്നു എന്ന് ആ മുഖം വിളിച്ചു പറയുന്നുണ്ടായിരുന്നു .

മഴ അൽപ്പം തോർന്നിട്ടുണ്ട് .ഞങ്ങൾ പുറത്തിറങ്ങി..അ രുവിയുടെ തീരത്തു പോയി..കലങ്ങി മറിഞ്ഞു ഒഴുകുക യാണത്..

ആ അമ്മയുടെ മനസ്സുപോലെ. അൽപനേരം കൂടെ അവിടമൊക്കെ കണ്ടിട്ടു ഇറങ്ങണമെന്നു പറഞ്ഞപ്പോൾ , സമ്മതിക്കാതെ അവർ അടുപ്പിൽ കലത്തിൽ ഞങ്ങൾക്ക് കൂടെ ഊണിനു അരി കഴുകിയിട്ടിരുന്നു.

അരുവിയിൽനോക്കി ഇരിക്കുന്ന ഞങ്ങളെ നോക്കി അവർ പറഞ്ഞു.കഴിഞ്ഞ വർഷം മഴ കൂടിയപ്പോൾ അണ ക്കെട്ടിന്റെ ഷട്ടർ തുറന്നു അവിടമൊക്കെ പ്രളയത്തിൽ മുങ്ങിപോയെന്നും ,ആ ദിവസം മകന്റെ കൂട്ടുകാരന്റെ വിവാഹം കൂടാൻ ദൂരെ ഒരു ഗ്രാമത്തിൽ പോയതുകൊണ്ട് ജീവൻ രക്ഷപെട്ടു. രണ്ടാഴ്ച ഒരു സ്കൂളിന്റെ വരാന്തയിൽ കഴിഞ്ഞെന്നും വെള്ളമിറങ്ങിയപ്പോഴേക്കും ആകെ നശി

ച്ചു പോയ കൊച്ചുവീട് വീണ്ടും മകൻ കൂലിപ്പണിയ്ക്കു പോയി കിട്ടിയ പണം കൊണ്ട്, നന്നാക്കി എടുത്തതാണെന്നും പറഞ്ഞപ്പോൾ അന്ന്അനുഭവിച്ച വേദനയുടെ ആഴങ്ങൾ ഒരു കാർമേഘംപോലെ ആ മുഖത്തു പടർന്നിരുന്നു.

ഞങ്ങൾക്ക് വേണ്ടി കുറെ ചീര പറിച്ചു അരുവിയിലെ തെളിഞ്ഞ വെള്ളത്തിൽ ഉലച്ചു കഴുകി അവർ അരിയാൻ തുടങ്ങി. എത്ര വേഗമാണവർ ഒരു കൂമ്പാരം ചീര അരിഞ്ഞു കൂട്ടിയത് .

അവർ ചീര തോരൻ ഉണ്ടാകുന്ന തിരക്കിൽ സ്വയം മറന്നു നിൽകുമ്പോൾ ആ പൊട്ടിയ മൊബൈലിൽ നിന്നും, അവസാനം വിളി വന്ന കൂട്ടുകാരന്റെ നമ്പർ, ഞങ്ങൾ എന്റെ മൊബൈലിൽ സേവ് ചെയ്തു. പൂന്തോട്ടം കണ്ടു വരാമെന്നു പറഞ്ഞു പുറത്തിറങ്ങി.

വെള്ളിയാഴ്ചയാണ്.ഭാഗ്യം ഉണ്ടെങ്കിൽ കിട്ടും.

ആദ്യ ബെല്ലിൽ തന്നെ തളർന്ന സ്വരത്തിൽ ഹലോ കേട്ടു..വിനയന് കൊടുക്കാൻ പറഞ്ഞ ഉടൻ അതിശയത്തോടെ അയാൾ ഫോൺ കൈമാറി .മായയുടെ സുഹൃത്താണെന്നു പറഞ്ഞു സ്വയം പരിചയപ്പെടുത്തി. മായയുടെ വീട്ടിൽ പെയിന്റിംഗ് പണിയ്ക്കുപോയപ്പോൾ വിനയൻ കൊണ്ട് കൊടുത്ത ചുവന്ന ചീരയുടെ രുചി ഇപ്പോളും നാവിലുണ്ടെന്നു രാവിലെ മായയുടെ അമ്മ പറഞ്ഞിരുന്നു .

അവിടത്തെ വിശേഷം ചോദിച്ചപ്പോൾ അമ്മ എന്റെ അടുത്തില്ല എന്ന് ഉറപ്പുവരുത്തി ,ഇടറിയ സ്വരത്തോടെ അവൻ പറഞ്ഞു ,

'ചേച്ചി ഇരുപതുനിലയൊക്കെ ഉള്ള ,കെട്ടിടത്തിനു മുകളിൽ ,കയറിൽ തൂങ്ങിയാണ് പൊരിവെയിലിൽ പണിചെയേണ്ടത്.അമ്മയോടെങ്ങനെ പറയും ഞാൻ.മാവിന്റെ മുകളിൽ പോലും കയറാൻവിടാതെ വളർത്തിയതാ എന്നെ.

സ്വരം നേർത്തു കരച്ചിൽ ആയി.

ഏതു നിമിഷവും ഷട്ടർ തുറന്നാൽ കുത്തിയൊലിച്ചു പോകാവുന്ന കൂരയിൽ എന്റെ അമ്മ ഒറ്റയ്ക്ക് .

ഇവിടെ ചുട്ടു പൊള്ളുന്ന വെയിലിലും അവിടെ മഴയാണെന്നു കേൾക്കുമ്പോൾ നെഞ്ചിൽ തീയാണ് ചേച്ചി . സ്വന്തമായി ഒരു അടച്ചുറപ്പുള്ള സുരക്ഷിതമായ ഒരു ഇടത്തിൽ പേടിയ്ക്കാതെ എന്റെ അമ്മ ഉറങ്ങാൻ ആഗ്രഹിച്ചാണ് ഞാൻ വന്നത് .അമ്മ സ്നേഹത്തോടെ അടുത്തിരുന്നു വിളമ്പി തരുമ്പോൾ, ഉപ്പില്ല, എരിവില്ല ,എന്നൊക്കെ പറഞ്ഞു കുററപ്പെടുത്തുമായിരുന്നു ഞാൻ.വീണ്ടും കഴിക്കാൻ നിർബന്ധിക്കുമ്പോൾ ദേഷ്യപ്പെടുമായിരുന്നു .

ഇപ്പോൾ ..ഇവിടെ വന്നപ്പോൾ.. പൊള്ളുന്ന ചൂടിൽ , ഒരുപാട് നേരം വരിയിൽ കാത്തുനിന്നിട്ടു, ദേഷ്യവും വെറുപ്പും ഒക്കെ ചേർന്ന മുഖഭാവത്തോടെ വലിച്ചെറിഞ്ഞ പോലെ തരുന്ന കുബ്ബൂസ് ,ആർത്തിയോടെ കഴിക്കേണ്ടി വരുമ്പോൾ..അമ്മയെ ഓർത്തിട്ടു സഹിയ്ക്കാൻ പറ്റുന്നില്ല ചേച്ചി ..നോവിന്റെ എല്ലിൻ കഷ്ണം ചങ്കിൽ കുരുങ്ങിയപോലെ അവന്റെ വാക്കുകൾ മുറിഞ്ഞു പോകുന്നു...

അവിടെ ഇടുങ്ങിയ ലേബർ ക്യാമ്പിൽ നരകതുല്യമായി ജീവിയ്ക്കുമ്പോൾ താൻ പോയത് സ്വർഗ്ഗത്തിലേക്കല്ല,

മറിച്ചു ഒരു സ്വർഗ്ഗം ഉപേക്ഷിച്ചിട്ടായിരുന്നു യാത്രയായത് എന്ന് തിരിച്ചറിഞ്ഞ സങ്കടം നിറഞ്ഞു തുളുമ്പുന്ന വാക്കുകൾ .

ആ കൊച്ചുകൂരയും, പൊന്നുപോലെ നോക്കി വളർത്തുന്ന തന്റെ ചെടികളെയും വിട്ടു അവസാനശ്വാസം വരെ അവർ എങ്ങോട്ടും പോകില്ല എന്നെനിയ്ക്കു തോന്നി .എങ്കിലും ഷട്ടർ തുറക്കുന്ന സാഹചര്യം വന്നാൽ എത്രയും പെട്ടന്ന് മായയുടെ അച്ഛന്റെ ഡ്രൈവറെ അയച്ചു അമ്മയെ സുരക്ഷിതമായി മായയുടെ വീട്ടിൽ എത്തിയ്ക്കാം എന്നൊരു വാക്കുകൊടുത്തപ്പോൾ അങ്ങേത്തലയ്ക്കൽ നിശബ്ദത.

വേദന നിറഞ്ഞു കവിഞ്ഞു ഏതു നിമിഷവും പൊട്ടിത്തകരാൻ പോകുന്ന ഒരു അണക്കെട്ടാണ് എന്റെ ഹൃദയം എന്നു തോന്നി . പ്രളയത്തിൽ പെട്ട് അവരാണോ ,ഹൃദയം പൊട്ടി ഞാനാണോ ആദ്യം പിടഞ്ഞു മരിക്കുക എന്ന് ഓർത്തുപോകവേ നെഞ്ചിന്റെ ഇടതു വശത്തു കൊത്തിവലിക്കുന്ന വേദന . കണ്ണിൽ ഇരുട്ട് കയറുന്നു ശരീരം തളരുന്നു . . നാവുകൾ വരളുന്നു . .

ആ മനസ്സിൽ ആശ്വാസത്തിന്റെ കുളിർമഴ പെയ്യുന്നതു ആ മൗനത്തിലും എനിയ്ക്കു കേൾക്കാമായിരുന്നു .

'ഇങ്ങനെ ഒരു അമ്മ കൂടെയുണ്ടല്ലോ.നാട്ടിൽ വരേണ്ടി വന്നാലും ഭൂമി പാട്ടത്തിനു എടുത്തിട്ടായാലും അവിടെ പൂക്കളും പച്ചക്കറികളും പഴങ്ങളും നിറഞ്ഞൊരു സ്വർഗ്ഗം തീർക്കാം എന്നൊരു ചിന്തയിൽ ധൈര്യമായി ഇരിയ്ക്കു .

ഒട്ടും വയ്യെങ്കിൽ തിരിച്ചു വരാൻ വേണ്ട സഹായം ചെയ്യാം .'വലിയ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ സഹായിയ്ക്കാൻ അവിടെ നല്ല മനസ്സുള്ളവരുടെ സംഘടനയൊക്കെ ഉണ്ടെന്നും, അവരുടെ നമ്പർ അയച്ചുതരാമെന്നുപറഞ്ഞു,ആശ്വസിപ്പിച്ചു .

നല്ല ജോലിയില്ല,ഉള്ള ജോലി പോകും എന്നൊക്കെ ഓർത്തു വേദനിയ്ക്കാതെ,അധ്വാനിച്ചു വലിയ നിലയിൽ എത്തും, ഒത്തിരി പേർക്ക് ജോലി കൊടുക്കാൻ പറ്റുന്ന നിലയിൽ എത്തിച്ചേരും എന്ന് മനസ്സിൽ ഉറപ്പിച്ചാൽ മനസ്സിന് ഇതൊക്കെ നേരിടാൻ ശക്തി കിട്ടും എന്ന് പറഞ്ഞപ്പോൾ, വലിയ ധൈര്യത്തോടെ വിനയൻ പറഞ്ഞു 'ഞാൻ വലിയ നിലയിൽ എത്തും ചേച്ചി ..എന്റെ അമ്മയെ പൊന്നുപോലെ നോക്കാൻ. ഇതുപോലെ കഷ്ടപ്പെടുന്ന ഒരുപാട് പേരെ രക്ഷിയ്ക്കാനും .'

ഒരിക്കലും കണ്ടിട്ടില്ലാത്ത ആ ചെറുപ്പക്കാരന്റെ മനസ്സു നോവിന്റെ പെരുമഴയിൽ, ആശങ്കകളുടെ ചളി പുരണ്ടു കിടക്കുകയായിരുന്ന കൊച്ചു പക്ഷിയായിരുന്നു

എന്നും, എന്റെ ആശ്വാസവാക്കുകൾ സൂര്യപ്രകാശം പോലെ അതിന്റെ നനഞ്ഞ ചിറകുകൾ ഉണക്കി എന്നും , അതിപ്പോൾ ചിറകു കുടഞ്ഞു പുതിയൊരു ശക്തിയോടെ ഉയർന്നു പറക്കുകയാണെന്നും തോന്നി.

അമ്മയ്ക്കു ഫോൺ കൊടുക്കാമെന്നു പറഞ്ഞപ്പോൾ , സ്വർഗ്ഗം കിട്ടിയ സന്തോഷത്തോടെ അവൻ അമ്മയുടെ സ്വരത്തിനു കാതോർത്തു . ഞങ്ങൾ ഓടി
പോയി, അടുപ്പിൽ തീ ഊതുകയായിരുന്ന ലക്ഷിയമ്മയ്ക്കു ഫോൺ കൊടുത്തു .മകനാണെന്ന് പറഞ്ഞപ്പോൾ അവർ അടക്കാനാവാത്ത സന്തോഷത്തോടെ എന്തു പറയണമെന്നു അറിയാതെ ഫോൺ കാതോട് ചേർത്ത് മൂളിക്കൊണ്ടിരുന്നു.ദൂരേയ്ക്ക് വിളിച്ചു എന്റെ പണം നഷ്ടമാകേണ്ട എന്നൊരു ആധിയോടെ , ശരിമോനെ എന്ന് പറഞ്ഞു, ഫോൺ കൈയിൽ തന്നിട്ടു പറഞ്ഞു .'ഇപ്പോൾ നെഞ്ചിൽ നിന്നും ഒരു ഭാരം ഇറങ്ങിയപോലെ തോന്നുന്നു മക്കളെ..

അവനു അവിടെ സുഖമാണെന്ന്. കപ്പയും മീനും ഒക്കെ ഇഷ്ടം പോലെ കിട്ടുന്നുണ്ടെന്ന്.ഇത്ര നേരം ഇതൊക്കെ ഉണ്ടാക്കുമ്പോളും അവനു ഇതൊക്കെ അവിടെ കിട്ടുമോ എന്നോർത്തിട്ട്, നെഞ്ചിൽ തീയായിരുന്നു മക്കളെ..

നല്ല ജോലിയാ വലിയ നിലയിലാ..

അടുത്ത ആഴ്ച ഫോൺ വാങ്ങിയിട്ട് എന്നും വിളിക്കാമെന്ന് പറഞ്ഞു..

കൂട്ടുകാരന്റെ ഫോണിലും പണമില്ലാത്തതുകൊണ്ടു വിളിയ്ക്കാൻ പറ്റാതെ വിഷമിച്ചു ഇരുപ്പായിരുന്നു പാവം .'

നിഷ്കളങ്കമായി അവർ അത്രയും പറഞ്ഞപ്പോൾ, ഇരുപതാം നിലയിൽ കയറിൽ തൂങ്ങിയാടി ഭിത്തിക്ക് നിറം പകരുന്ന ചെറുപ്പക്കാരന്റെ മുഖമോർത്തു എന്റെ മനസ്സിൽ വേദനയുടെ കൊള്ളിയാൻ മിന്നി ...

വീട്ടുകാർക്ക് വേണ്ടി സ്വർഗ്ഗം പണിയാൻ, നരകത്തീയിൽ ഉരുകുമ്പോളും സ്വർഗ്ഗത്തിലാണെന്നു ഭാവിയ്ക്കുന്നവരാണ് ഓരോ പ്രവാസിയും എന്ന് തോന്നിപോയി .

മുല്ലപൂക്കളുടെ ഇടയിൽ സമയം ചിലവഴിയ്ക്കാൻ ഞങ്ങളെ വിട്ടിട്ടു അവർ വീണ്ടും വാക്കത്തിയുമായി ഇറങ്ങി ,അൽപ്പം അകലെയുള്ളൊരു തേൻവരിക്ക പ്ലാവ് ലക്ഷ്യമാക്കി നടന്നു.മൂത്തുപഴുത്ത ഒരു ചക്കയുമായി അകത്തു,കയറിപ്പോയി. ആ മുല്ലപൂക്കളുടെ സുഗന്ധത്തിൽ,..

അവ പൂത്തുലഞ്ഞു നിൽക്കുന്ന ആ കാഴ്ചയിൽ ,..സന്തോഷിയ്ക്കാൻ കഴിയാതെ മനസ്സ് കരഞ്ഞുകൊണ്ടിരുന്നു

ഉണക്ക കുബ്ബൂസ് മാത്രമേ കിട്ടാറുള്ളു..

അമ്മയുടെ ഭക്ഷണത്തിന്റെ വില ഇപ്പോളാണ് അറിഞ്ഞത് ചേച്ചി, എന്ന തളർന്ന സ്വരം ചെവിയിൽ അലയടിയ്ക്കുന്നു .

എത്രനേരം കടന്നുപോയി എന്നറിഞ്ഞത് അവർ ചോറുണ്ണാൻ വിളിച്ചപ്പോൾ മാത്രമാണ്. വീണ്ടും അരത്തിണ്ണയിൽ നാക്കില.കുത്തരിചോറ് ചുവന്ന ചീരതോരൻ,കുടിലിനു പുറകിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന നാട്ടുമാവിൽ നിന്നും പറിച്ചു മുൻപേ ഉണ്ടാക്കി ഭരണിയിൽ നിറച്ചു വെച്ച ,നാവിൽ വെള്ളമൂറുന്ന കണ്ണിമാങ്ങാ അച്ചാർ,നട്ടു നനച്ചു ഉണ്ടാക്കിയ വലിയ വഴുതന ,വട്ടത്തിൽ അരിഞ്ഞു ഉപ്പും മുളകും മഞ്ഞളും പുരട്ടി വറുത്തത് .

രാവിലെ തന്ന മീൻമുളകിട്ടത് ,കൂടാതെ ഒരിക്കലും ജീവിതത്തിൽ കഴിച്ചിട്ടില്ലാത്ത മീൻപൊരിച്ചതുപോലെ ഉള്ള എന്തോ ഒന്ന് ഇലത്തലയ്ക്കൽ .

'അത് കഴിച്ചുനോക്കു മക്കളെ'.അവർ സ്നേഹത്തോടെ പറഞ്ഞു . ചക്കയുടെ കൂഞ്ഞ ഒരു ചെറുമീനിന്റെ വലുപ്പത്തിൽ അരിഞ്ഞു,ഉപ്പും ,മുളകും മഞ്ഞളും പുരട്ടി വെളിച്ചെണ്ണയിൽ വറുത്തുകോരിയതായിരുന്നു അത് ..

അത്രയും രുചികരമായി ജീവിതത്തിൽ ഒരിക്കലും ഊണ് കഴിച്ചിട്ടില്ലായിരുന്നു എന്ന് തോന്നി . ഗ്യാസ് അടുപ്പും മിക്സി യും ഒന്നും ഇല്ലാതെയും വിഭവ

സമൃദ്ധമായ ഭക്ഷണം ,ഒരുക്കി നൽകാൻ കഴിയും എന്നും, അതിനു മനസ്സിൽ സ്നേഹത്തിന്റെ ഇന്ധനം മാത്രം മതി എന്നും അവർ ഞങ്ങൾക്ക് തെളിയിച്ചു തന്നു .

അവരുടെ സ്നേഹപൂർണമായ നിർബന്ധത്തിനു വഴങ്ങി ,ഓരോ ഉരുള വായിൽ വെയ്ക്കുമ്പോളും, ദൂരെ ഒരു ലേബർ ക്യാമ്പിൽ, അമ്മയുണ്ടാക്കിയ ചോറിന്റെ ഓർമ്മയിൽ കണ്ണീർ വാർക്കുന്ന ആ മകന്റെ ഓർമ്മ ,മീൻമുള്ളു പോലെ എന്റെ ചങ്കിൽ തറയ്ക്കുന്നുണ്ടായിരുന്നു .

ഊണ് കഴിഞ്ഞു കഴിയ്ക്കാൻ ,സ്വർണ്ണവർണ്ണമാർന്ന തേൻവരിയ്ക്ക ചുളകൾ ഒരു നാക്കിലയിൽ നിരത്തി വെച്ചിരിയ്ക്കുന്നു . രണ്ടു ഇലപൊതിയിൽ ഞങ്ങൾക്ക് കൊണ്ടുപോകാൻ കുറെ ചുളകൾ പൊതിഞ്ഞു വാഴനാരുകൊണ്ടു കെട്ടി വെച്ചിരിയ്കുന്നു .കൂടാതെ വലിയ രണ്ടു കെട്ടു ചുവപ്പു ചീര ,കുറെ വാഴകുടപ്പൻ,രണ്ടു ഇലപൊതിയിൽ കുറെ കാന്താരിമുളക്, പച്ചമുളക് വഴുതന,വെണ്ടയ്ക്ക, കപ്പ രണ്ടു ചില്ലു കുപ്പിയിൽ കണ്ണിമാങ്ങ അച്ചാർ, എല്ലാം ഒരു കൂടയിലാക്കി ഒരുക്കി വെച്ചിരിയ്കുന്നു .

ചക്കചുളയിൽ നിന്നും കുരുകളഞ്ഞു മാറി മാറി ഞങ്ങളുടെ കൈയിൽ വെച്ചു തരുമ്പോൾ , സ്നേഹിയ്ക്കാൻ ആരെയെങ്കിലും കിട്ടാൻ കാത്തിരിയ്ക്കുകയായിരുന്നു ആ പാവം എന്ന് തോന്നി.

അവരുടെ മനസ്സ് സ്നേഹം നിറഞ്ഞൊരു അണക്കെട്ടാണെന്നും അതിപ്പോൾ കരകവിഞ്ഞു ഒഴുകുകയാണെന്നും, ഞങ്ങൾ അതിൽ നീന്തിതുടിയ്ക്കുന്ന മീൻ കുഞ്ഞുങ്ങൾ ആണെന്നും എനിയ്ക്കു തോന്നി .

ലോകത്തു എത്രയോ പേർ ഒത്തിരി പണമുണ്ടായിട്ടും, ഇത്തിരി സ്നേഹത്തിനു കൊതിച്ചു ,കിട്ടാതെ വേദനിയ്ക്കുമ്പോൾ ,വേറെ ചിലർ മനസ്സ് നിറച്ചു സ്നേഹവുമായി അത് പകർന്നു നല്കാൻ ആളില്ലാതെ കാത്തിരിയ്ക്കു

ന്നു.! ഇറങ്ങാറായപ്പോൾ കുറെ റോസാക്കമ്പുകളും , പച്ചക്കറിവിത്തും എല്ലാം ഓടി നടന്നുശേഖരിച്ചു പച്ചക്കറി കൂടയുമായി  കാറിന്റെ അടുത്തുവരെ വന്നു .

ആ മുല്ലപ്പന്തലിൽ നിന്ന് പുറത്തു കടന്നപ്പോൾ സ്വർഗ്ഗത്തിൽ  നിന്നും മരുഭൂമിയിലേയ്ക്കു എറിയപെട്ടപോല മനസ്സ് വേദനിച്ചു..

മോന്റെ പണം എത്തുംവരെ ഇത് കൈയിലിരിക്കട്ടെ ഒരു ആശ്വാസത്തിന്,എന്ന് പറഞ്ഞു ഞാനും മായയും കൈയിൽ വെച്ചു കൊടുത്ത രണ്ടായിരം രൂപ അവർ വാങ്ങിയില്ല..

ഞങ്ങൾ വന്നതിൽ കൂടുതൽ മറ്റൊരു സന്തോഷം അവർക്കില്ല എന്ന് ,അപ്പോൾ പൊഴിഞ്ഞ രണ്ടു നീർമുത്തുകൾ വെളിപ്പെടുത്തി .

കണ്ണീർ പൊഴിച്ചു യാത്ര പറയവെയാണ്  ഉള്ളിലൊതുക്കിയ ആ ചോദ്യം അവർ ചോദിച്ചത്....

'ഇനിയും മഴപെയ്താൽ അണക്കെട്ടുപൊട്ടുമോ മോളെ '??

കുതിച്ചു വരുന്ന വെള്ളത്തിൽ പെട്ടു മരിച്ചുപോകുമോ എന്ന ഭീതിയേക്കാൾ, ഞങ്ങളെയും മോനെയും ഇനി കാണാൻ പറ്റുമോ എന്ന ആധിയാണ് ആ ചോദ്യം അവരെ കൊണ്ട് ചോദിപ്പിച്ചതെന്നു ഉള്ളുപൊള്ളിപ്പോയി എനിയ്ക്ക് .

ഇന്നലെ തിരിച്ചെത്തിയ മുതൽ  ആ ചോദ്യം തന്നെയായിരുന്നു മനസ്സിൽ  .

നന്മ നിറഞ്ഞ അപൂർവ്വ ദിനത്തിന്റെ സന്തോഷവും വേദനയും എല്ലാം ഉള്ളിൽ കിടന്നുവീർപ്പുമുട്ടുന്നു..

എല്ലാം ചേട്ടനോട് പറയാൻ ആഗ്രഹിച്ചു,പലവട്ടം പറയാൻ ശ്രമിച്ചെങ്കിലും പറയാൻ ധൈര്യം കിട്ടാതെ ,ചേട്ടന്റെ ഡൽഹി യാത്ര ക്ഷീണം മാറിയിട്ട് പറയാം എന്ന് ഉറപ്പിച്ചിരുന്നു ഞാൻ.

ആ യാത്രയുടെ ഓർമ്മകൾ സന്തോഷം നിറഞ്ഞ ഒരു ചില്ല്  കൊട്ടാരമാണെന്നും ,ആ യാത്രയെക്കുറിച്ചു, മുഴുവൻ കേൾക്കാൻ പോലും നിൽക്കാതെ ,ഒരു ഉഗ്രശാസന കൊണ്ട് ,എന്നെ നിശ്ശബ്ദയാക്കിയാൽ

ആ സന്തോഷ കൊട്ടാരം തകർന്നു പോകുമെന്ന് ഭയന്ന മനസ്സ് ,ഉടനെ എല്ലാം പറയാൻ ധൈര്യം തന്നില്ല എന്നതാണ് സത്യം .

ചേട്ടനെയും കൂട്ടി ഒരിയ്ക്കൽ കൂടെ അവിടെപോകണം..എന്നേക്കാൾ കൂടുതൽ സഹായങ്ങൾ ചെയ്യാൻ ഉള്ള അറിവും സ്വാധീനവും ചേട്ടന് ഉണ്ട്.ചെയ്യുകയും ചെയ്യും . പെട്ടന്നൊന്നും ആരെയും വിശ്വസിയ്ക്കില്ല എന്നേയുള്ളു...

എത്ര അപേക്ഷിച്ചിട്ടാണെങ്കിലും ,എന്നെങ്കിലും ഒരിക്കൽ ചേട്ടനെയും കുട്ടികളെയും കൂട്ടി അവരെ കാണാൻ പോകും എന്നും ,അപ്പോൾ അവർക്കു  ഏതു നിറത്തിലുള്ള സാരിയാണ് സമ്മാനം നൽകേണ്ടതെന്നും ,ഞങ്ങളെ കാണുമ്പോൾ അവരുടെ മുഖം നിലവിളക്കുപോലെ തെളിയുമെന്നും ഓർത്തു മനസ്സിൽ മോഹങ്ങളുടെ പട്ടുനൂല്നെയ്തുകൊണ്ടു , വിനയനെ സഹായിയ്ക്കാൻ കുവൈറ്റിൽ ഉള്ള  സുഹൃത്തുക്കളുടെ നമ്പർ  മൊബൈലിൽ തിരയുകയായിരുന്നു ഞാൻ . മുന്നിൽ ടിവിയിൽ വാർത്ത.

അതിശക്തമായ മഴയെ തുടർന്ന് മുല്ലപ്പെരിയാറിൽ ജലനിരപ്പുയരുന്നു. ഏതു നിമിഷവും ജലസംഭരണിയുടെ ഷട്ടർ തുറന്നു വിടാൻ സാധ്യത ഉള്ളതിനാൽ തീരത്തുള്ളവർ കരുതിയിരിയ്ക്കുക .  മരച്ചീനിയോടൊപ്പം ലക്ഷ്മിയമ്മ വിളമ്പി ഊട്ടിയ, നാവിൽ രുചിമഴപെയ്യിച്ച അതേ കാന്താരി ചമ്മന്തി, ഹൃദയത്തിൽ പുരണ്ടപോലെ ,ഹൃദയംനീറി .

ഞെട്ടിപിടഞ്ഞു കൊണ്ട്  മായയുടെ അച്ഛന്റെ നമ്പർ തിരയവേ , ചേട്ടന്റെ ഉഗ്ര ശാസനം .കുറെ നേരമായി മൊബൈലിൽ കുത്തികൊണ്ടിരിക്കുന്നു .പോയി ചോറു വിളമ്പ് . ആ യാത്രയെ കുറിച്ച് ചേട്ടനോട് ആദ്യമേ പറയാൻ സമ്മതിക്കാതിരുന്ന മായയോട്  എനിക്ക് ദേഷ്യം തോന്നി .

ഇത്രയും ധർമ്മസങ്കടം  അനുഭവിക്കേണ്ടി വരില്ലായിരുന്നു  ഉടനെ ഓർത്തു, പറഞ്ഞിരുന്നു എങ്കിൽ ഇങ്ങനൊരു യാത്രയെ ഉണ്ടാകുമായിരുന്നില്ല ..

അവർക്ക് നല്ലൊരു ദിവസം സമ്മാനിക്കാനും മോനോട് സംസാരിക്കാനും സാധിച്ചുവല്ലോ എന്നോർത്ത്, എല്ലാം ചേട്ടനോട്  ഒറ്റ ശ്വാസത്തിൽ പറയാൻ ശ്രമിക്കുമ്പോൾ, കടുത്ത ശാസന കേൾക്കാൻ തനിക്കു വയ്യ എന്ന് തീരുമാനിച്ച കാതുകൾ രഹസ്യമായി നാവിനോട് പറഞ്ഞിട്ടെന്നപോലെ സംസാരിക്കാൻ കൂട്ടാക്കാതെ അത് തളർന്നുപോയിരിക്കുന്നു .

തളർന്നുപോകുന്ന നാവുകൊണ്ട് എങ്ങനെ ഞാൻ അവരുടെ നന്മ വിവരിക്കും എന്നറിയാതെ തിളച്ച വെള്ളത്തിൽ കിടന്നു പിടയുന്ന പട്ടുനൂൽപുഴുവിനെ പോലെ മനസ്സ് കിടന്നു പിടയുന്നു .

വിവരമറിയാൻ ടിവിയോ റേഡിയോ പോലുമില്ലാതെ ആ പ്രളയതീരത്തു മകന്റെ  ഓർമയിൽ ഉറങ്ങാതിരിയ്ക്കുന്ന അവരെ ഓർത്തു എന്റെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞൊഴുകി . വേദന നിറഞ്ഞു കവിഞ്ഞു ഏതു നിമിഷവും പൊട്ടിത്തകരാൻ പോകുന്ന ഒരു അണക്കെട്ടാണ് എന്റെ ഹൃദയം എന്നു തോന്നി .

പ്രളയത്തിൽ പെട്ട് അവരാണോ ,ഹൃദയം പൊട്ടി ഞാനാണോ ആദ്യം പിടഞ്ഞു മരിക്കുക  എന്ന് ഓർത്തു പോകവേ നെഞ്ചിന്റെ ഇടതു വശത്തു കൊത്തിവലിക്കുന്ന വേദന .കണ്ണിൽ ഇരുട്ട് കയറുന്നു ശരീരം തളരുന്നു ..

നാവുകൾ വരളുന്നു..മായയുടെ വാക്കുകൾ കാതിൽ മുഴങ്ങുന്നു .മരിക്കും മുൻപു ഒരു ദിവസം എങ്കിലും ആരെയും പേടിക്കാതെ സ്വന്തം ഇഷ്ടത്തിന് ജീവിക്ക് .

ചുറ്റും മുല്ലപ്പൂ ഗന്ധം പരക്കുന്നു ..

ആ വാക്കുകൾ കാതിൽ മുഴങ്ങുന്നു .

' ഇനിയും മഴപെയ്താൽ അണക്കെട്ട് പൊട്ടുമോ മോളെ ....'




# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

State Farm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

ആൻസി സാജൻ



വര:
മറിയം ജാസ്മിൻ

ഇ-മലയാളി IV
കഥാമത്സരം 2024
*നവീന ഭാവുകത്വത്തിന്റെ ശില്പികൾ*

ജൂറി അവാർഡ് നേടിയ കഥ

# അയത്ന ലളിതം , കഥകൾ ..!

ആൻസി സാജൻ കോട്ടയം ഒളശ്ശയിലാണ് താമസം.. മലയാള മനോരമ കോട്ടയം എഡിറ്റോറിയൽ വിഭാഗത്തിൽ പരിശീലനം. 1986 – 87 – ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ വൈസ് – ചെയർ പേഴ്സൺ. കഥയും കവിതയും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ദേവകി വാര്യർ സമാജം 2022 – ലെ ചെറുകഥാ സമ്മാനം നേടി

പ്രകാശനെ ശോഭ കണ്ടിട്ടുണ്ട്. ഇതിനു മുൻപൊരിക്കൽ . സുകുമാരന്റെ നാട്ടുകാരനാണ്. വായനശാലയിൽ പുസ്തകമെടുക്കാൻ ചെല്ലുമ്പോഴാണ് അവർ തമ്മിൽ കണ്ടു പരിചയമെന്ന് സുകുമാരൻ അവളോട് പറഞ്ഞിട്ടുമുണ്ട്.

അതൊക്കെ കുറെയേറെ നാളുകൾക്ക് മുമ്പായിരുന്നു.

ശോഭ സുകുമാരനെ ആദ്യം കാണുന്നതും ഒരു പുസ്തക പ്രദർശന സ്ഥലത്തുവച്ചായിരുന്നു. മുടിയും താടിയും വളർത്തി ഒരു കക്ഷത്തിലും മറ്റേ കയ്യിലുമായി വാരികകളും പുസ്തകങ്ങളുമൊക്കെ വാരിപ്പിടിച്ചൊരു നിൽപ്പും നടത്തയുമൊക്കെയായിരുന്നു അന്നയാൾക്ക് . തമ്മിൽ കാണുമ്പോഴൊക്കെയും അയാൾ സിഗററ്റ് വലിക്കുകയും ചെയ്തിരുന്നു.

പറഞ്ഞു വന്നത് ശോഭ ആ ധൂമപടലങ്ങൾക്കിടയിൽ കുടുങ്ങിപ്പോയി എന്ന മഹാ കാര്യമാണ്.

സിനിമാ നടൻ ജയൻ മരിച്ച വാർത്തയറിഞ്ഞ് വാവിട്ട് കരഞ്ഞവളാണ് ശോഭ.

പിന്നെയും കുറെക്കാലം കഴിഞ്ഞപ്പോൾ നോക്കെത്താ ദൂരത്ത് കണ്ണും നട്ട് സിനിമയിലെ നാദിയാ മൊയ്തുവിന് ശോഭ കത്തെഴുതുക പോലുമുണ്ടായി.

**സിനിമാ നടൻ ജയൻ മരിച്ച വാർത്തയറിഞ്ഞ് വാവിട്ട് കരഞ്ഞവളാണ് ശോഭ. പിന്നെയും കുറെക്കാലം കഴിഞ്ഞപ്പോൾ നോക്കെത്താ ദൂരത്ത് കണ്ണും നട്ട് സിനിമയിലെ നാദിയാ മൊയ്തുവിന് ശോഭ കത്തെഴുതുക പോലുമുണ്ടായി.**

ആയിടെ , സുകുമാരന്റെ രണ്ട് ചെറുകഥകൾ അല്പകാലം ഇടവിട്ട് മെച്ചപ്പെട്ട ഒരു സാഹിത്യ മാസികയിൽ പ്രസിദ്ധീകരിച്ചു വന്നു. അത്രയും അത്ഭുതകരമായ സംഭവം നടന്നു കഴിഞ്ഞപ്പോഴേക്കും എല്ലാംകൊണ്ടും ലോലഹൃദയയായ ശോഭ സുകുമാരന്റെയൊപ്പം ഓടിപ്പോയി എന്നു പറയുന്നില്ല. തീവണ്ടിയാപ്പീസിലേക്ക് ചെല്ലണമെന്നു സുകുമാരൻ പറഞ്ഞ സമയത്ത് ശോഭ അവിടെയെത്തി. അപ്പോഴേക്കും അന്ന് നല്ല കൃത്യനിഷ്ഠയൊക്കെയുണ്ടായിരുന്ന സുകുമാരൻ കൈയിൽ രണ്ട് ടിക്കറ്റുമായി അവളെ കാത്തു നില്പുണ്ടായിരുന്നു.

പത്തു മിനിട്ടിനകം കൂകി വിളിച്ചു വന്ന തീവണ്ടിയിൽ കയറി അവർ ഒന്നിച്ച് യാത്ര തുടങ്ങി.

വടക്ക് കടലുള്ള നഗരംവിട്ട് ഉൾവലിഞ്ഞ ഗ്രാമത്തിലുള്ള അയാളുടെ വീട്ടിലേക്കാണവർ ആദ്യം പോയത്.

മുറ്റം കടന്നു ചെന്നപ്പോൾ തന്നെ കശപിശയായി.

വീട്ടിനുള്ളിൽ ഉണ്ടായിരുന്നവരെല്ലാം ചേർന്ന് അവരുടെ ഗൃഹപ്രവേശം തടഞ്ഞു.

ഏട്ടനൊരാൾ കൊടുത്ത ആദ്യത്തെ അടിയിൽ തന്നെ സുകുമാരൻ മുറ്റത്ത് വേച്ചുവീണു.

ഉരുണ്ടു പിരണ്ടെണീറ്റ് അടിച്ച ആൾക്ക് നേരെ പുലിയായിച്ചീറിയെങ്കിലും വിരണ്ടു വിറച്ചു നിന്ന ശോഭയുടെ കരച്ചിൽ കണ്ടയാൾ പതറി..

പിന്നെ മുരണ്ടു കൊണ്ട് അവളുടെ കയ്യുംപിടിച്ച് ആവുന്നത്ര ആഞ്ഞു വലിഞ്ഞ് അയാൾ ആ വീടും വീട്ടുമുറ്റവും കടന്ന് പെരുവഴിയിലേക്ക് നടന്നു.

ആ നടത്ത അങ്ങനെ നീണ്ടുപോയി. രാത്രിയോളമെത്തിയപ്പോൾ , താനിറങ്ങിത്തിരിച്ച യാത്രയത്ര പന്തിയായില്ലെന്നു ശോഭയ്ക്കു തോന്നിത്തുടങ്ങി. അപ്പോഴാണ് അവരുടെ മുന്നിലേക്ക് ഏറെ പ്രകാശവുമായെന്ന പോലെ പ്രകാശൻ വന്നുദിച്ചത്.

കാര്യങ്ങളറിഞ്ഞ പ്രകാശൻ വാടകക്കാരൊഴിഞ്ഞു പോയ അയൽപക്കത്തെ വീടിന്റെ ചായ്പ്മുറി അവർക്ക് സംഘടിപ്പിച്ചു കൊടുത്തു. അങ്ങനെ സുകുമാരന്റെയും ശോഭയുടെയും കല്യാണരാത്രി ആ ചായ്പിനുള്ളിലാണ് ഇരുണ്ടു വെളുത്തത്.

അത് എത്രത്തോളം അലങ്കോലപ്പെട്ട രാത്രിയായിരുന്നോ അതിലുമധികം തകിടം മറിഞ്ഞ ഒരു ജീവിതമായിരുന്നു പിന്നീടിതുവരെയും അവരുടേത്.

കമലാലയം എന്ന് ഇരുമ്പ് ഗേറ്റിൽ തന്നെ വാർത്തെടുത്ത എഴുത്തുള്ള വീട്ടിലെ ശോഭ സുകുമാരന്റെയൊപ്പം ജീവിതത്തിന്റെ ഞെരിയാണികളിൽ കുരുങ്ങിക്കിടപ്പായി പിൽകാലമെല്ലാം.

വർഷങ്ങൾക്കു മുമ്പ് എവിടെ അന്തിയുറങ്ങും എന്നറിയാതെ ഉഴറിയ നേരമെത്തിയ ആ പ്രകാശനും അയാളുടെ ഭാര്യയുമാണ് ആകെ രണ്ടു മുറിയും അടുക്കളയുമുള്ള അവരുടെ ഇപ്പോഴത്തെ വാടക വീടിന്റെ ഒരു മുറിയിലേക്ക് ഉറങ്ങാൻ പോയിരിക്കുന്നത്.

അവർ നേരം വൈകിയതോടെ നാട്ടിലേക്ക് പോകാനാകാതെ നഗരത്തിലകപ്പെടുകയായിരുന്നു.

കാലങ്ങൾക്കിപ്പുറം സുകുമാരന്റെ കൂട്ടുകാരൻ പ്രകാശനെ വീണ്ടും ശോഭ കണ്ടുമുട്ടുന്നതും ഏറെ വൈകിയ ഒരു രാത്രിയിലാണെന്നത് എന്തെങ്കിലും യാദൃച്ഛികതയാണോ? ഏയ്, അങ്ങനെയൊന്നുമില്ല .

ഇപ്പോഴാണ് വീണ്ടും കാണാനിട വന്നത്; അത്രേയുള്ളു. എല്ലാം അത്രയൊക്കെയേ ഉള്ളു ശോഭയ്ക്കിപ്പോൾ.

ലൈറ്റണച്ച് കിടന്നിട്ടും ശോഭയ്ക്ക് ഉറക്കം വന്നില്ല..

സുകുമാരന്റെ കൂർക്കം വലിയോടൊപ്പമുയരുന്ന മദ്യഗന്ധമടിച്ച് അവൾക്ക് ചെടിച്ചു. ചത്ത പോലെയാണ് സുകുമാരന്റെ കിടപ്പെന്ന് അവൾക്ക് തോന്നി. കൂർക്കം വലിച്ചു കൊണ്ട് ആരും ചത്തു കിടക്കില്ല എന്നൊരു വ്യത്യാസം മാത്രം.

അപ്പുറത്തെ മുറിയിൽ പ്രകാശനും ഭാര്യയും ഇല്ലായിരുന്നെങ്കിൽ പതിവു പോലെ ശോഭ അവിടെക്കിടന്നുറങ്ങിയേനെ. താമസിയാതെ , പ്രകാശന്റെ ഭാര്യ ഉറങ്ങിക്കാണുമോ എന്നൊരു സംശയചിന്ത ശോഭയിൽ ഉടലെടുക്കാൻ

തുടങ്ങി. സാധാരണഗതിയിൽ ഒട്ടും സാധ്യതയില്ല.

തീർത്തും അപരിചിതമായൊരു സാഹചര്യത്തിൽ അവൾ വന്നുപെട്ടത് വൈകിയ രാത്രിയിലും.

വന്നു കയറിയപ്പോഴേ പ്രകാശൻ എളിയിൽ താഴ്ത്തി വച്ചിരുന്ന മദ്യക്കുപ്പിയെടുത്ത് സുകുമാരനെ ഏൽപ്പിച്ചു. നിരത്തിവച്ച ഗ്ലാസ്സുകളിൽ വീണ്ടും വീണ്ടും പകർന്ന് വെള്ളമൊഴിച്ചും ഒഴിക്കാതെയുമൊക്കെയായി രണ്ടു പേരും ചേർന്നത് കാലിയാക്കി. എന്നിട്ടവർ ഇഴഞ്ഞിഴഞ്ഞ് ഏതാണ്ടൊക്കെ സംസാരിച്ചുകൊണ്ടിരുന്നു.

പിന്നെയവർ പതിയെ പാട്ടു തുടങ്ങി..



വരികളില്ലാതെ കുഴഞ്ഞുപോയ പാട്ടുകൾ.

ശോഭയ്ക്ക് ഇതെല്ലാം കണ്ട് വല്ലാത്ത അരിശം വന്നതുകൊണ്ട് പ്രകാശന്റെ ഭാര്യയോട് ഒരുപാടൊന്നും മിണ്ടാൻ കൂടി നിന്നില്ല. സത്യത്തിൽ അവളുടെ പേരെന്താണെന്ന് ചോദിക്കാൻ പോലും മറന്നു.

ഉണ്ടായിരുന്ന കഞ്ഞിയും കറിയും ശോഭയും സുകുമാരനും കഴിച്ചു കഴിഞ്ഞാണ് പ്രകാശൻ പടിക്കലെത്തി എന്നും പറഞ്ഞ് ഫോൺ വിളിച്ചത്.

വന്നു കേറിയപാടെ, ഹോട്ടലീന്ന് അത്താഴം കഴിച്ചിട്ടാണ് വരവെന്ന് പ്രകാശന്റെ ഭാര്യ പറഞ്ഞു.

ശോഭയെ ബുദ്ധിമുട്ടിക്കുന്നതിൽ ആകെ വിഷമിച്ചെന്ന പോലെയായിരുന്നു അവളുടെ നിൽപ്പ്.

സുകുമാരനും പ്രകാശനും തമ്മിൽ ഇടയ്ക്കെപ്പോഴൊക്കെയോ കാണാറുണ്ടെന്നും ഒരിക്കൽ അവരുടെ വീട്ടിൽ സുകുമാരൻ ചെന്നിരുന്നെന്നും ഇത്തിരി സംസാരിച്ചപ്പോഴേക്കും ശോഭ മനസ്സിലാക്കി.

നിർബന്ധിച്ച് നിർബന്ധിച്ച് ശോഭ കൊടുത്ത ഏത്തപ്പഴവും ഒരു പാത്രത്തിൽ കുടിക്കാൻ വെള്ളവുമായാണ് കുഴഞ്ഞു നടന്ന പ്രകാശനെയും കൂട്ടി അവൾ മുറിയിലേക്ക് പോയത്.

ജോലിയന്വേഷിച്ച് ചെന്നൈയിലേക്ക് പോയിരിക്കുകയാണ് ശോഭയുടെയും സുകുമാരന്റെയും മകൻ . സൈദാപെട്ടിലുള്ള കൂട്ടുകാരൻ വിളിച്ചിട്ട് ചെന്നൈക്ക് പോയതാണവൻ.

വിഘ്നേഷിന്റെ മുറിയാണത് .

മോൻ വരുമ്പോൾ വിരിക്കാൻ വച്ചിരുന്ന അലക്കിയ ഷീറ്റ് ശോഭ കിടക്കയിൽ വിരിച്ചിരുന്നു. പുതയ്ക്കാൻ

അവന്റെ പുതപ്പും .

ഈ ആണുങ്ങളൊക്കെ എന്താ ഇങ്ങനെ? ഭാര്യയെ കൂട്ടി രാത്രി വൈകി ഒരു വീട്ടിലേക്ക് കേറിവരിക. മൂക്കറ്റം കുടിക്കുക.

വെളിവില്ലാതെ കിട്ടിയയിടത്ത് കിടന്നുറങ്ങുക.

ഇതിനിടയിൽ സ്വബോധമുള്ള ആ പെണ്ണ് എങ്ങനെയുറങ്ങും ?

ശോഭയ്ക്കും ഉറങ്ങാൻ കഴിഞ്ഞില്ല. വെറുതെയങ്ങ് കിടന്നുറങ്ങാൻ പറ്റുമോ ?

സുകുമാരൻ കൂർക്കം വലിയോടെ ചലനമറ്റ് കിടക്കുന്നു.

അയാൾക്കും എന്ത് ?

പെട്ടെന്ന് സുകുമാരന്റെ പണ്ട് പ്രസിദ്ധീകരിച്ച രണ്ട് കഥകളിലൊന്ന് ശോഭയ്ക്ക് ഓർമ്മ വന്നു. നഷ്ടപ്പെട്ടുവെന്ന് കരുതിയ കാമിനി വീണ്ടും പ്രണയംപൂണ്ട് ക്ഷണിച്ചപ്പോൾ ആനന്ദാതിരേകനായ കാമുകൻ അവളുടെ വാസസ്ഥലം അന്വേഷിച്ചെത്തി സൽക്കരിച്ച കഥ. ചുംബിച്ച് താരാട്ട് പാടി അവളോട് ഉറങ്ങിക്കൊള്ളാൻ പറഞ്ഞു അവൻ . മേൽത്തരം ആവോലിക്കറിയും തരാതരം പച്ചക്കറികൾ വേവിച്ച് ഒരുപാട് തേങ്ങയൊക്കെയിട്ട അരപ്പ് ചേർത്ത് പച്ച വെളിച്ചെണ്ണയൊഴിച്ച അവി

**ആ നടത്ത അങ്ങനെ നീണ്ടുപോയി. രാത്രിയോളമെത്തിയപ്പോൾ , താനിറങ്ങിത്തിരിച്ച യാത്ര യത്ര പന്തിയായില്ലെന്നു ശോഭയ്ക്കു തോന്നിത്തുടങ്ങി. അപ്പോഴാണ് അവരുടെ മുന്നിലേക്ക് ഏറെ പ്രകാശവുമായെന്ന പോലെ പ്രകാശൻ വന്നുദിച്ചത്. കാര്യങ്ങളറിഞ്ഞ പ്രകാശൻ വാടകക്കാരൊഴിഞ്ഞു പോയ അയൽപക്കത്തെ വീടിന്റെ ചായ്പ്മുറി അവർക്ക് സംഘടിപ്പിച്ചു കൊടുത്തു. അങ്ങനെ സുകുമാരന്റെയും ശോഭയുടെയും കല്യാണരാത്രി ആ ചായ്പിനുള്ളിലാണ് ഇരുണ്ടു വെളുത്തത്. അത് എത്രത്തോളം അലങ്കോലപ്പെട്ട രാത്രിയായിരുന്നോ അതിലുമധികം തകിടം മറിഞ്ഞ ഒരു ജീവിതമായിരുന്നു പിന്നീടിതുവരെയും അവരുടേത്.**

യലും മുട്ട പൊരിച്ചതുമൊക്കെ കൂട്ടി ഒന്നാന്തരമൊരൂണ് അയാളൊരുക്കി. കാമുകിക്ക് ഒന്നോ ഒന്നരയോ മണിക്കൂറത്തെ സമൃദ്ധമായ ഉറക്കം സമ്മാനിച്ചിട്ട് അവളും ഒന്നിച്ചിരുന്ന് ഊണ് കഴിച്ച് അയത്നലളിതമായി പുന:സമാഗമം അയാൾ ആഘോഷിച്ചു.

ശോഭ ഇരുട്ടിൽ കിടന്ന് ചിരിച്ചു.

അപരിചിതമായ അടുക്കളയിൽ കാമുകനെ മേയാൻ വിട്ട് സുഖമായുറങ്ങിയത്രെ കഥയിലെ പെണ്ണ്.

അയാളാവട്ടെ യാതൊരു സന്ദേഹവുമില്ലാതെ കുറച്ചു സമയത്തിനുള്ളിൽ രുചികരമായ കറികളും ചോറുമൊരുക്കി വച്ചു. അന്യ അടുക്കളേൽ കേറി ഒറ്റയ്ക്ക് ഒരു ചായ പോലും ഉണ്ടാക്കുന്നത് എത്രമേൽ ദുഷ്കരമെന്നത് ആർക്കാണ് അറിഞ്ഞു കൂടാത്തത് !

ഈ സുകുമാരനൊക്കെ എന്തേലും അറിഞ്ഞിട്ടാണോ ഇതൊക്കെ എഴുതി വച്ചത് !

ഇനി എന്തുറങ്ങാനാണ് ?

മണി അഞ്ചായിട്ടുണ്ടാവും.

പ്രകാശനും ഭാര്യയ്ക്കും രാവിലെ കഴിക്കാനെന്തു കൊടുക്കും ?

തലേന്ന് വാങ്ങിയ ഏത്തപ്പഴം രണ്ടെണ്ണം ബാക്കിയുണ്ട്. കുറച്ച് റവയും കാണും .

കൂർക്കംവലി നിർത്തി ചുരുണ്ടു കിടന്ന് സുകുമാരനുറങ്ങുന്നു.

ശോഭ എണീറ്റ് അടുക്കളയിലേക്ക് പോയി..

ഏത്തപ്പഴം പുഴുങ്ങി റവയുപ്പുമാവും ഉണ്ടാക്കി അടച്ചു വച്ചു.

ചായയ്ക്ക് വച്ച വെള്ളം തിളയ്ക്കാൻ തുടങ്ങിയപ്പോഴേക്കും പ്രകാശന്റെ ഭാര്യ അടുക്കളയിലേയ്ക്ക് വന്നു.

ചേച്ചി എന്താ നേരത്തെ എണീറ്റത്?

ഞാനും ഉറങ്ങിയില്ലായിരുന്നു..

അവളുടെ കണ്ണുകളിൽ ഉറക്കം കിട്ടാതെ കറുപ്പ് പിടിച്ചിരുന്നത് കണ്ട് ശോഭയ്ക്ക് ചെറിയ സങ്കടം വന്നു.

തലേന്ന് പേര് ചോദിക്കാഞ്ഞതിനാൽ അവളെ എന്തു വിളിക്കണമെന്നോർത്ത് ശോഭയൊന്നു പതറി.

പ്രകാശൻ ഉറങ്ങുവല്ലേ..?

അങ്ങേരിനി പത്തു മണിയെങ്കിലുമാവും ഉണരാൻ. നേരത്തെ പോകാമെന്നു കരുതി വിളിച്ചിട്ട് അനക്കം പോലുമില്ല.

അവൾ നാണംകെട്ടന്ന പോലെ പറയുന്നത് കേട്ടു ശോഭ പറഞ്ഞു.

സാരമില്ല കെടന്നോട്ടെ ,

സുകുമാരൻ എണീക്കുമ്പം എന്തായാലും ഉച്ചയാകും. അല്ലെങ്കിലും ഇന്ന് ഞായറാഴ്ചയല്ലേ.

നിങ്ങൾ ഏതായാലും ഊണ് കഴിച്ചിട്ട് പോയാൽ മതി.

പ്രകാശന്റെ ഭാര്യ ഒന്നും മിണ്ടാതെ നിന്നു.

തിളച്ച വെള്ളത്തിൽ തേയിലയിട്ട് പഞ്ചസാരയും ചേർത്ത് അവൾക്ക് കൊടുത്തിട്ട് ശോഭ പറഞ്ഞു.

ചായ കുടിച്ചിട്ട് പോയി ഉറങ്ങിക്കോ.

രാവിലെ എനിക്ക് ഒരിടം വരെ പോകാനുണ്ട്. ഒരൊന്നര മണിക്കൂറിനുള്ളിൽ തിരിച്ചു വരും. അഥവാ വൈകിയാൽ ഭക്ഷണം എടുത്തു കഴിക്കണേ.

ശോഭ പറയുന്നത് കേട്ടതും ചായയും കൊണ്ട് പ്രകാശന്റെ ഭാര്യ തിരികെ മുറിയിലേക്ക് പോയി. അവൾക്ക് പറയാൻ ഒരു മറുപടിയും ഉണ്ടായിരുന്നില്ല. കാര്യങ്ങൾ മാത്രം കൃത്യമായി പറയുന്ന ഒരു കാർക്കശ്യം ശോഭയുടെ ശബ്ദത്തിലുണ്ടെന്ന് അവൾ മനസ്സിലാക്കിയിരുന്നു.

സുകുമാരന്റെ കൂടെ ജീവിച്ചു കൈവന്ന സിദ്ധിയായിരിക്കുമതെന്നും പ്രകാശന്റെ ഭാര്യയ്ക്ക് തോന്നി.

ബീച്ചിനടുത്ത ഫ്ളാറ്റിൽ തനിച്ച് താമസിക്കുന്ന ഒരു സ്ത്രീയെ സഹായിക്കാൻ പോകുന്നതാണ് കുറച്ചു നാളായി ശോഭയുടെ ജോലി.

ഞായറാഴ്ച ഒഴിവാണെങ്കിലും ഇന്ന് പോകാതെ വയ്യ. പ്രകാശനും ഭാര്യയ്ക്കും ഊണ് കൊടുക്കണമെങ്കിൽ ഒരു വക സാധനങ്ങളില്ല വീട്ടിൽ. കയ്യിൽ ആകെ പത്തമ്പത് രൂപയും മാത്രം.

സുകുമാരനോടൊപ്പം കമലാലയം വിട്ട് ഇറങ്ങിപ്പോന്നതിൽ പിന്നെ ശോഭ ഒരു പാട് ജോലികൾ ചെയ്തു. രണ്ട് കഥകൾ പ്രസിദ്ധീകരിച്ചു വന്നതിന്റെ കനം വിട്ടൊഴിയാത്ത ശിരസ്സുമായി ഇക്കാലമത്രയും സുകുമാരൻ ജ്വലിച്ച് നടക്കുകയായിരുന്നു. കള്ളുകുടിച്ച് ചങ്ങാതികളെയുണ്ടാക്കിചുറ്റിനടന്നൊരു ജീവിതം. ഭോഷൻ .

ബീച്ചിലേക്കുള്ള ആദ്യ ബസ്സിൽ തന്നെ ശോഭ കയറി. ഇരുപത് മിനിട്ട് യാത്രയേ ഉള്ളു .എന്നും കടല് കാണാം എന്നതാണ് അവിടുത്തെ ജോലിയോട് ശോഭയ്ക്കുള്ള ഇഷ്ടം. തോന്നുമ്പോഴൊക്കെ ശോഭ കടലിലേക്ക് നോക്കി നിൽക്കും. ആദ്യമായി കാണുമ്പോലെ.

ഫ്ളാറ്റിലെത്തി അഞ്ഞൂറ് രൂപയും മേടിച്ച്,പോയ ബസ് തിരികെ വരുമ്പോഴേക്കും ശോഭ അതിൽ ഓടിക്കയറി .

സീറ്റിലിരുന്നതും വിഘ്നേഷിന്റെ ഫോൺ വിളി.

അമ്മാ ..ഇന്നലെ രാത്രി വിളിച്ചിട്ട് കിട്ടിയില്ലല്ലോ.

എന്താ മോനേ..

ഇന്നൊരിന്റർവ്യൂ ഉണ്ട്. മിക്കവാറും കിട്ടും..

നല്ല ജോലിയാ ...

നമ്മൾ രക്ഷപെടും അമ്മാ..

പോയിട്ട് വാ മോനേ..

> **ഈ ആണുങ്ങളൊക്കെ എന്താ ഇങ്ങനെ? ഭാര്യയെ കൂട്ടി രാത്രി വൈകി ഒരു വീട്ടിലേക്ക് കേറിവരിക. മൂക്കറ്റം കുടിക്കുക. വെളിവില്ലാതെ കിട്ടിയയിടത്ത് കിടന്നുറങ്ങുക. ഇതിനിടയിൽ സ്വബോധമുള്ള ആ പെണ്ണ് എങ്ങനെയുറങ്ങും ?**



ശരിയമ്മാ..

ദൈവമേ... വിഘ്നേഷിനെ രക്ഷിക്കണേ ..

സന്തോഷത്തിന്റെ ഒരാന്തലുണ്ടായി ശോഭയ്ക്ക് .

വീട്ടിലേയ്ക്കുള്ള വഴി തിരിയുന്നിടത്ത് കടകളുണ്ട്.

ഞായറാഴ്ചയായതുകൊണ്ട് എല്ലാം തുറന്നിട്ടില്ല.

മീൻകാരൻ അലിയുടെയടുത്ത് പെണ്ണുങ്ങൾ കൂടിനിൽക്കുന്നു. ശോഭയും ചെന്ന്

മീൻപെട്ടിയിലേക്ക് നോക്കി.

നല്ല പെടയ്ക്കുന്ന മത്തിയുണ്ട് ചേച്ചീ ..

വില ചോദിയ്ക്കാൻ ശോഭ ഭയന്നു..

മത്തി മേടിച്ചോ ചേച്ചീ .. ഇച്ചിരി വയറ് പൊട്ടീതാ. നൂറ് രൂപ മതി കിലോയ്ക്ക് .

> **സുകുമാരനോടൊപ്പം കമലാലയം വിട്ട് ഇറങ്ങിപ്പോന്നതിൽ പിന്നെ ശോഭ ഒരുപാട് ജോലികൾ ചെയ്തു. രണ്ട് കഥകൾ പ്രസിദ്ധീകരിച്ചു വന്നതിന്റെ കനം വിട്ടൊഴിയാത്ത ശിരസ്സുമായി ഇക്കാലമത്രയും സുകുമാരൻ ജ്വലിച്ച് നടക്കുകയായിരുന്നു. കള്ളുകുടിച്ച് ചങ്ങാതികളെയുണ്ടാക്കിചുറ്റിനടന്നൊരു ജീവിതം. ഭോഷൻ .**

അരക്കിലോ എടുക്ക്..

ഒരു കിലോ ഇരിക്കട്ടെന്നും പറഞ്ഞ് അലി മത്തി വാരി പ്ലാസ്റ്റിക് കവറിലിടാൻതുടങ്ങി...

അരി ഒരുകിലോ

ഒരു കവറ്പാല്

ഒരു തൈര്

പച്ചമുളക്

ഉള്ളി

കുറച്ചു വെളിച്ചെണ്ണ

പിന്നെയും ഓരോന്നോരോന്ന് ഓർത്തുകൊണ്ട് മീൻകാരൻ അലി ബാക്കി കൊടുത്ത നാല് നൂറു രൂപകളുമായി ശോഭ തുറന്നിരുന്ന പലചരക്കുകടയിലേക്കു നടന്നു.

കഥകളുമായൊന്നും ബന്ധമില്ലാത്ത അയത്നലളിതമല്ലാത്ത മാർഗ്ഗങ്ങളിലൂടെ ഒരുവളങ്ങനെ തുടരുകയാണ് ..

# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**









**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches. We Service all over USA, Canada & India**



വര:
പി ആർ രാജൻ

ജൂറി അവാർഡ് നേടിയ കഥ

ഇ-മലയാളി IV
കഥാമത്സരം 2024

നവീന ഭാവുകത്വത്തിന്റെ ശില്പികൾ

# ആകാശം തൊട്ട ചെറുമരങ്ങൾ



സിമ്പിൾ ചന്ദ്രൻ

**സിമ്പിൾ ചന്ദ്രൻ കോട്ടയത്ത് റബ്ബർബോർഡിൽ ജോലിചെയ്യുന്നു. ആനുകാലികങ്ങളിലും ഓൺലൈൻ പ്ളാറ്റ്ഫോമുകളിലും കഥ, കവിത, ആസ്വാദനം എന്നിവ എഴുതിവരുന്നു. കഥാസമാഹാരം 'ഇമോജി' 2023 ലും 'രണ്ടു ശത്രുരാജ്യങ്ങൾക്കിടയിലെ മതിൽ' 2024 ലും പ്രസിദ്ധീകരിച്ചു.**

പെട്ടിയോട്ടോ റോഡിലേക്കിറങ്ങാൻ പാകത്തിൽ തിരിച്ചിട്ട് തലയിലൊരു തോർത്തും കെട്ടി വാഴവിത്ത് പെറുക്കിക്കേറ്റാൻ തുടങ്ങുമ്പോഴാണ് ജയിംസിനെക്കണ്ട് ബാറ്റും കക്ഷത്തിൽ വച്ച് മൈതാനം ലക്ഷ്യമാക്കി റോഡേപോയ ബാബുക്കുട്ടൻ കേറിവന്നത്.

'നീയെപ്പ വന്നെടാവ്വേ? ഇതെവിടാര്ന്ന് രണ്ടുമൂന്നുമാസം? നിന്റെ ഒരു വിവരോമില്ലാരുന്നല്ലോ? അതെങ്ങനാ, ഇക്കാലത്തും ഫോണില്ലാത്ത ഒരുത്തൻ നീയല്ലാതെ വേറെ വല്ലോരുമുണ്ടോ?'

'അതുകൊണ്ട് മനുഷേനു സ്വൈര്യമൊണ്ട്. ഒറ്റാന്തടിയായി നടക്കുന്നോന് എന്നാ

വിവരം അറിയാനാടാ? ഇന്നലെയാ വന്നത്. വട്ടവടേലാരുന്നു. ഇനീം പോണം. അവിടിച്ചിരെ പരിപാടിയൊണ്ട്.'

'അവ്ടെന്നാടാ പരിപാടി? മറ്റോൻ വല്ലോവാണോ? സൂക്ഷിച്ചോണം കേട്ടോ! പിടിച്ചാൽ ജാമ്യം കിട്ടാത്ത എടപാടാ..'

'പോടാ പുല്ലേ, ഇച്ചിരെ കെഴക്കോട്ടു പോയാലൊടനെ മറ്റോനാത്രേ! എടാ കട്ടും പാത്തും കഞ്ചാവൊണ്ടാക്കി ജീവിക്കണ്ട കാര്യമൊന്നും ജയിംസിനില്ല. അങ്ങനെ മറിച്ചൊണ്ടാക്കി വളർത്താൻ എനിക്ക് കുടുംബോം പരാധീനോം ഒന്നുമില്ലല്ല്. ഒരു തള്ളക്കെളവിക്കും എനിക്കുമൊള്ളത് അന്തസ്സായി പണിയെടുത്തൊണ്ടാക്കുന്നൊണ്ട്. നീ ചെല്ല്. ഞാനാ എടത്തറേലെ മൂപ്പിലാന് അമ്പത് ഏത്തവാഴവിത്ത് ചോദിച്ചിട്ടൊള്ളത് കൊണ്ടുക്കൊടുക്കട്ടെ.'

'മൂപ്പിലാനും വാഴവിത്തും അവിടെ നിക്കട്ടെ, എടാ ജയിംസേ, നീ ലവടെ കാര്യം അറിഞ്ഞാരുന്നോ?'

'ഏതവടെ? എന്തു കാര്യം?'

'എടാ നിന്റെ ജന്മശത്രു രജനീടെ, അല്ലാതാരുടെയാ?'

'അവക്കെന്നാ?'

വാഴവിത്തുകൾ ഓരോന്നായി വണ്ടിയുടെ പെട്ടിയിലേക്കിടുന്നതിനിടയിൽ ജയിംസ് ചോദിച്ചു

'എടാ അവക്ക് കാൻസറാന്ന്. ബ്രെസ്റ്റ് കാൻസർ! അറിയാതെ വെച്ചോണ്ടിരുന്നുപോലും. ഇപ്പം മിഷനാശുത്രീലാ. ഓപ്പറേഷൻ കഴിഞ്ഞു.'

ലക്ഷ്യം തെറ്റി പുറത്തേക്കു പോയൊരു വാഴവിത്തിനെ, അപ്രതീക്ഷിതമായി ഉയർന്നുപൊങ്ങി ബൗണ്ടറി കടക്കാനൊരുങ്ങിയ ബോൾ അതിസമർത്ഥമായൊരു ക്യാച്ചിലൂടെ കയ്യിലൊതുക്കുന്ന വൈദഗ്ദ്ധ്യത്തോടെ പിടിച്ചെടുത്ത് താലോലിച്ചുകൊണ്ട് ബാബുക്കുട്ടൻ ഒരു വഷളൻചിരി ചിരിച്ചു.

'നീ ഞെട്ടിയില്ലേ? അതാണ്!

പോയി മോനേ! ഇനിയിപ്പം അവക്ക് കാണിച്ചു ഞെളിയാനും നിന്നെ ചീത്ത പറയാനും ഐറ്റമില്ല. നിനക്കു സന്തോഷമായിക്കാണുമെന്ന് എനിക്കറിയാം. അതു നേരിട്ടുകാണാനാ ഞാൻ വന്നുപറഞ്ഞത്. ഹോ! എന്തൊരഹങ്കാരമാരുന്നവക്ക്! ആണുങ്ങളെ കാണിക്കുവേം വേണം എന്നാലൊട്ടാരും നോക്കാനും പാടില്ല!'

ജയിംസപ്പോൾ പെരുമ്പേച്ചിക്കുന്നിന്റെ മുകളിലായിരുന്നു. ഇരുപത്തെട്ടു കൊല്ലം മുമ്പത്തെ ഒരുച്ചവെയിൽ ചാഞ്ഞനേരത്ത്! പെരുമ്പേച്ചിപ്പാറയിലെ കാറ്റിന് ചൂളം വിളിക്കുന്ന ഒച്ചയാണ്. ആ പ്രലോഭനമായിരുന്നു കുട്ടിക്കൂട്ടത്തിന്റെ യാത്രാഹേതു. ഒന്നോരണ്ടോ വർഷത്തിന്റെ മൂപ്പിളമക്കാരായ ജെയിംസും ബാബുക്കുട്ടനുമായിരുന്നു സംഘത്തിന്റെ നേതാക്കൾ. തൊട്ടുതാഴെ രമേശൻ. പത്തുപേരുടെ സംഘത്തിൽ രജനിയടക്കം മൂന്നു പെൺപിള്ളേർ. പെരുമ്പേച്ചിക്കുന്നിനെക്കുറിച്ചുള്ള കൂട്ടുകാരുടെ നിരന്തരവർണ്ണനകളിൽ വശപ്പെട്ടിരുന്നകൊണ്ട് അച്ഛൻ വീട്ടിലില്ലാതിരുന്ന അവസരം നോക്കി പോന്നതാണ് അവൾ. അകലെനിന്നു കാണുമ്പോൾ മലമുകളിൽ അങ്ങിങ്ങായി ആകാശം തൊട്ടു നിൽക്കുന്ന മരങ്ങളായിരുന്നു അവളുടെ കൗതുകം. അവയെല്ലാംതന്നെ വൻമരങ്ങളാണെന്നായിരുന്നു അവളുടെ ധാരണ. അടുത്തു കണ്ടപ്പോഴാണ് ആകാശം തൊടാൻ ഭാഗ്യം ചെയ്ത ആ മരങ്ങളെല്ലാം ചെറുമരങ്ങളാണെന്നറിഞ്ഞത്.

പെരുമ്പേച്ചിക്കുന്നിനെക്കുറിച്ചുള്ള കൂട്ടുകാരുടെ നിരന്തരവർണ്ണനകളിൽ വശപ്പെട്ടിരുന്നകൊണ്ട് അച്ഛൻ വീട്ടിലില്ലാതിരുന്ന അവസരം നോക്കി പോന്നതാണ് അവൾ. അകലെനിന്നു കാണുമ്പോൾ മലമുകളിൽ അങ്ങിങ്ങായി ആകാശം തൊട്ടുനിൽക്കുന്ന മരങ്ങളായിരുന്നു അവളുടെ കൗതുകം. അവയെല്ലാംതന്നെ വൻമരങ്ങളാണെന്നായിരുന്നു അവളുടെ ധാരണ. അടുത്തു കണ്ടപ്പോഴാണ് ആകാശം തൊടാൻ ഭാഗ്യം ചെയ്ത ആ മരങ്ങളെല്ലാം ചെറുമരങ്ങളാണെന്നറിഞ്ഞത്.

ഒന്നൊന്നര മണിക്കൂറിലെ കയറ്റം എല്ലാരെയും ക്ഷീണിപ്പിച്ചുകളഞ്ഞിരുന്നു. പ്രത്യേകിച്ച് പെൺകുട്ടികളെ. ക്ഷീണം മാറ്റാൻ പാറപ്പുറത്ത് അവിടവിടെയായി ഇരുന്ന് ചിലരൊക്കെ വീട്ടിലാരും കാണാതെ കയ്യിൽ കരുതിക്കൊണ്ടുപോന്ന കപ്പലണ്ടിയും നെല്ലിക്കയുമൊക്കെ പങ്കുവച്ചുതിന്നു. കുടിക്കാനുള്ള വെള്ളം ബാബുക്കുട്ടന്റെയും ജയിംസിന്റെയും വകയായിരുന്നു. പോരാനെഴുന്നേറ്റപ്പോൾ അതുവരെ കൂട്ടുകൂടാത്തേന്റെ കൊതിക്കെറുവിന് രജനിയുടെ പുള്ളിപ്പാവാടത്തുമ്പിൽ രമേശൻ മന:പൂർവ്വമൊന്ന് ചവിട്ടിപ്പിടിച്ചു. അവൾ ഒറ്റവീഴ്ച. കാൽമുട്ടിലെയും കൈവെള്ളയിലേയും ലേശം തൊലിപോയി. ആശ്വസിപ്പിക്കാനും പേടിയും കരച്ചിലും മാറ്റാനും നിന്നവരുടെ കൂട്ടത്തിൽ ജയിംസില്ലായിരുന്നു. കുന്നിറങ്ങുമ്പോൾ പത്തുപേരും ഉണ്ടായിരുന്നെങ്കിലും തിരിച്ചെത്തിയപ്പോൾ കൂട്ടത്തിൽ രമേശനുണ്ടായിരുന്നില്ല. കാലിന്റെ എല്ലും പൊട്ടി ഇടവഴിയിൽക്കിടന്ന അവനെ നേരം വൈകിയിട്ടും കാണാഞ്ഞ് തിരക്കി ച്ചെന്ന വീട്ടുകാർ തപ്പിയെടുത്തു കൊണ്ടുപോന്നിട്ടും, വീട്ടിൽ പറയാതെ പോയതിന് കണക്കറ്റു വഴക്കു കേട്ടിട്ടും അവൻ ജയിംസിന്റെ പേരുപറഞ്ഞില്ല.

പെട്ടിയടച്ച് ലോക്കിട്ട് ജയിംസ് വണ്ടി ഒതുക്കിയിട്ടു. തലയിലെ തോർത്തഴിച്ചു കുടഞ്ഞ് അഴയിലിട്ട് മുറ്റത്തരുകിൽ വച്ചിരുന്ന ബൈക്കു സ്റ്റാർട്ടാക്കിയപ്പോൾ ബാബുക്കുട്ടൻ ചോദിച്ചു. 'നീ വാഴവിത്തും കൊണ്ട് പോണില്ലേ? ഇതെങ്ങോട്ടാ?'

ഒരക്ഷരവും മറുപടി പറയാതെ ജയിംസ് വണ്ടിയെടു

ത്തു പോയി.

പ്രൈവറ്റ് ബസ്സ്റ്റാൻഡിനു മുമ്പിൽ കുടുംബശ്രീക്കാർ നടത്തുന്ന ടീഷോപ്പിലായിരുന്നു രജനി ജോലിചെയ്തിരുന്നത്.

ടൗണിൽ എന്തിനെങ്കിലും പോകുമ്പോൾ ഒരു ചായ കുടിക്കാൻ തോന്നിയാൽ ജയിംസ് അവിടെയേ കയറൂ. ചിലപ്പോൾ വഴിയിൽ വച്ചും കാണാറുണ്ട്. ഒറ്റക്കോ മറ്റു കുടുംബശ്രീക്കൂട്ടുകാരായ ഷീബ യുടെയോ ബെറ്റി യുടെയോ ഒപ്പമോ ആകും. എന്തായാലും എവിടെ കണ്ടാലും അവൻ അവളെ വിസ്തരിച്ചു നോക്കും. അവളുടെ കണ്ണിലെ നീരസമോ ഉച്ചരിക്കാറുള്ള ഏതെങ്കിലുമൊരു ചീത്തവാക്കോ ഒന്നും കണക്കാക്കാറില്ല. വർഷങ്ങളിത്ര കഴിഞ്ഞിട്ടും അതിനൊന്നും ഒരു മാറ്റവുമില്ല. നാല്പതുകളുടെ ഓരത്തു കൂടി നടന്നിട്ടും ആ നിറകുടങ്ങൾ കാഴ്ചയ്ക്കു വിരുന്നായി തലയുയർത്തി ത്തന്നെ നിന്നു.

പട്ടാളം പാക്കരന്റെ മകൾക്ക് കോഴിപ്പാപ്പന്റെ മകനോടുള്ള ഉരസൽ ഇന്നുമിന്നലെയും തുടങ്ങിയതല്ല. മുറിപ്പാവാടയിട്ട് പള്ളിക്കൂടത്തിൽ പോണകാലത്തേയുള്ളതാണ്. പട്ടാളം പാക്കരനെന്നാൽ രജനിയുടെ അപ്പൻ. ഭാസ്കരൻ പട്ടാളക്കാരനൊന്നുമായിട്ടല്ല, പണ്ടെങ്ങാണ്ട് കുറേക്കാലം വടക്കേയിന്ത്യയിലെങ്ങോ ആയിരുന്നു പോലും. ആരോടും ചേരാത്ത മൊരട്ടു സ്വഭാവം കൊണ്ട് വീണുകിട്ടിയ പേരാണ് പട്ടാളം. അതുപോലെതന്നെ അയലോക്കംകാരൻ പാപ്പന് കോഴിക്കച്ചവടം നടത്തിയ വകയിൽ നാട്ടുകാർ അറിഞ്ഞു നൽകിയതാണ് കോഴിപ്പാപ്പൻ എന്ന പേര്. കോഴിക്കച്ചവടം നിർത്തിയിട്ടും പേര് മാഞ്ഞില്ലെന്നു മാത്രമല്ല, ഒരു ദാക്ഷിണ്യവുമില്ലാതെ നാട്ടുകാർ അയാളുടെ വീടിനെ കോഴിപ്പെരയെന്നും മകനെ കോഴിജയിംസെന്നും വിളിച്ചുപോന്നു.

പ്ലാവും മാവും സപ്പോട്ടയും ചാമ്പയും പേരയുമെല്ലാമായി പുരയിടത്തിൽ ധാരാളം ഫലവൃക്ഷങ്ങളുണ്ടായിട്ടും ഒരൊറ്റക്കുഞ്ഞുങ്ങളെപ്പോലും പട്ടാളം പറമ്പിൽ കേറ്റിയില്ല. മുറ്റത്തുള്ള കർപ്പൂരമാവാണെങ്കിൽ മണം കൊണ്ടും മധുരം കൊണ്ടും വഴിയേ പോണവരെ വിളിച്ചുകേറ്റാൻ പാകത്തിൽ നിന്നു. കണ്ടുകണ്ട് സഹിക്കവയ്യാതെ ഒരു ദിവസം കൊച്ചുജയിംസ് ഒന്നു കേറിപ്പോയി. പട്ടാളം തല്ലിയില്ലെന്നേയുള്ളു. അതിനെക്കാൾ ഭീകരമായിരുന്നു വിളിച്ച തെറികൾ. അതിന്റെ കേടുതീർത്ത് പാപ്പൻ അവന്റെ രണ്ടു കാലിന്റേം ട്രൗസറൊഴിച്ചുള്ള ഭാഗം മുഴുവൻ വഴിക്കണക്കു തെറ്റിക്കുമ്പം കണക്കുസാറ് നോട്ടുബുക്കേൽ ഒരു കണക്കുമില്ലാതെ വെട്ടിക്കുത്തി വരച്ചിടുന്ന കുത്തിവരപോലെ തല്ലിപ്പതം വരുത്തി അടയാളമിട്ടു കളഞ്ഞു. തല്ലിന്റെ വേദനയെക്കാളും അവനെ നോവിച്ചത് അവൾ അകത്തിരുന്ന് അതുകണ്ടു ചിരിച്ചല്ലോ എന്ന അപമാനമായിരുന്നു.

'പോടീ ഉണ്ടക്കണ്ണീ ' എന്ന വിളിയും 'പോടാ കോഴിക്കാലാ ' എന്ന മറുവിളിയും കാലം ചെല്ലുന്തോറും മറ്റു സംബോധനകളിലേക്ക് പരിഷ്ക്കരിക്കപ്പെട്ടതല്ലാതെ, മാറിയില്ല. അത്ര വലിയ മുഖസൗന്ദര്യമല്ലെങ്കിലും പെൺകുട്ടിയിൽ നിന്നും പെണ്ണിലേക്കുള്ള പരിവർത്തനം അവളെ തികഞ്ഞ ഉടലഴകിയാക്കി മാറ്റിക്കൊണ്ടിരുന്നു. പ്രത്യേകിച്ച് അവളുടെ മാറിടങ്ങൾ!

**കുറേനാൾ ടെക്സ്റ്റൈൽ ഷോപ്പിലെ സെയിൽസിൽ, പിന്നെ സാനിറ്ററി ഷോപ്പിൽ കണക്കെഴുത്ത്, എംപ്ളോയ്മെന്റു വഴി ഒന്നുരണ്ടുതവണ ആറുമാസത്തെ വീതം താത്ക്കാലിക നിയമനം ഇങ്ങനെ പല വേഷങ്ങൾക്കുമൊടുവിൽ കുടുംബശ്രീയുടെ ടീഷോപ്പിൽ വരെ എത്തി നിൽക്കുന്നു ആ പഴയവീട്ടിൽ അമ്മയെയും സംരക്ഷിച്ചു കൊണ്ടുള്ള രജനിയുടെ പിൽക്കാല ജീവിതയാത്ര.**

കൊത്തിവച്ച ശില്പം പോലെ അവയങ്ങനെ ഭംഗിയോടെ തലയുയർത്തിനിന്ന് അസൂയയാൽ പെണ്ണുങ്ങളുടെയും, കൊതികൊണ്ട് ആണുങ്ങളുടെയും ഉറക്കം കെടുത്തി.

അവൾ പള്ളിക്കൂടത്തിലും പിന്നെ കോളേജിലും പോണവഴി പലപ്പോഴും 'നിന്നെ ഞാനാടീ കെട്ടുന്നെ, അല്ലെങ്കിക്കണ്ടോ' എന്ന വെല്ലുവിളിയും, 'പിന്നേ അതിന് കോഴിജയിംസ് ഒന്നൂടെ ജനിക്കണം. പോടാ വായ്നോക്കീ ' എന്ന നിർദാക്ഷിണ്യമുള്ള മറുപടിയും തുടർന്നു പോന്നു. അല്ലേലും പത്താം ക്ലാസിൽ പഠിപ്പും നിർത്തി ചില്ലറ മൈക്കാടുപണികളും വീട്ടിലും നാട്ടിലും അത്യാവശ്യം തല്ലുകൊള്ളിത്തരവുമായി നടക്കുന്നോന് അങ്ങനെ വെറുതെയാണേലും പറയാൻ നാട്ടുനടപ്പനുസരിച്ച് യാതൊരു യോഗ്യതയുമില്ലല്ലോ!

ജയിംസിനെന്നല്ല, നാട്ടുമ്പുറത്താർക്കും അവളെ സ്വന്തമാക്കാനുള്ള ഭാഗ്യമുണ്ടായില്ല. 'ഇന്നാട്ടിലുള്ള ഒരൊറ്റ അലവലാതിക്കും ഞാനെന്റെ മോളെ കൊടുക്കുകേല' എന്നു പ്രഖ്യാപിച്ച പട്ടാളം പാതിവഴിക്ക് പഠിപ്പും നിർത്തി അവളെ ഒരു പരിഷ്ക്കാരി ബോംബേവാലായ്ക്ക് പിടിച്ച് കെട്ടിച്ചുകൊടുത്തു. ആർഭാടമായ കല്യാണം കഴിഞ്ഞ് വല്യ ഗമേൽ ചെക്കന്റൊപ്പം പോയ പെണ്ണ് കൃത്യം ഒറ്റമാസം കഴിഞ്ഞപ്പോ കരിഞ്ഞുണങ്ങി തിരിച്ചുപോന്നു. നാട്ടുകാർ അവരവരുടെ യുക്തിപോലെ 'ലവൻ മയക്കുമരുന്നാര്ന്ന് ', 'അവന് വേറെ സെറ്റപ്പാര്ന്ന് ' എന്നൊക്കെ പലതും പറഞ്ഞ് സമാധാനിച്ചതല്ലാതെ പട്ടാളവും കുടുംബവും ആരോടും അതേക്കുറിച്ച് വിശദീകരിക്കാൻ പോയില്ല.

നാട്ടിക്കൂടെ തേരാപ്പാരാ നടന്ന് ചെരുപ്പു തേയുന്നതി

ന്റെ പഴി കേട്ടുകേട്ട്, അപ്പനുമായിട്ട് പണ്ടേ ചേരാതിരുന്ന ജയിംസ് പഴയ സിനിമകളിലെ നായകനെപ്പോലെ തമിഴ്നാട്ടിനു വണ്ടി കയറി. പാപ്പൻ, പട്ടാളത്തിന്റെ അയലോക്കത്തെ വീട്ടും പറമ്പും വിറ്റ് കോഴിക്കച്ചോടവും നിർത്തി രണ്ടുകിലോ മീറ്റർ അപ്പുറെയുള്ള ഭാര്യാവിഹിതത്തിലോട്ട് പൊറുതിമാറ്റി കപ്പക്കൃഷി തുടങ്ങി. പിന്നൊരുനാൾ ഓർക്കാപ്പുറത്ത് വിഷം തീണ്ടി പാപ്പനങ്ങ് മരിച്ചു. അതിൽപ്പിന്നെ നാടുവിട്ടുപോയ നായകൻ തിരിച്ചുവന്നു. ആരോ കൃത്യമായി എഴുതിവച്ച ഒരു തിരക്കഥയിലെന്നപോലെ ഇങ്ങനെ ഓരോ സംഭവങ്ങളിലൂടെ വർഷങ്ങൾ കടന്നുപൊയ്ക്കൊണ്ടേയിരുന്നു. പെങ്ങളുകൊച്ചിനെ അവളുടെ കാമുകനായ ടിപ്പർ സജിക്ക് കെട്ടിച്ചു കൊടുത്തതുകൊണ്ട് ജയിംസിന് രണ്ടു ഗുണങ്ങളുണ്ടായി. ഒന്ന്, അയാൾ നല്ല അദ്ധ്വാനിയും മര്യാദക്കാരനുമായിരുന്നകൊണ്ട് അവളെ നല്ലപോലെ സംരക്ഷിക്കും. രണ്ട്, ജയിംസ് നാട്ടിലില്ലാത്തപ്പോൾ അമ്മച്ചിക്ക് അവിടെപ്പോയി സമാധാനമായി നിൽക്കാം.

അപ്പനുണ്ടാക്കിയ തട്ടിക്കൂട്ടുവീട് ജയിംസ് സാമാന്യം നല്ലൊരു വീടാക്കി മാറ്റിയിരുന്നു. വീട്ടിൽ നിന്നുള്ള നിർബന്ധത്തിന് അത്ര ബലം പോരാഞ്ഞിട്ടോ, സ്വന്തമായി കണ്ടെത്താൻ തോന്നാഞ്ഞിട്ടോ എന്തോ പെണ്ണുകെട്ടിയില്ല. ഇടയ്ക്ക് പ്രത്യക്ഷനും ഇടയ്ക്ക് അപ്രത്യക്ഷനും ആയി ഒറ്റത്തടിയായങ്ങ് നടന്നു. അവന് ഉസലാംപെട്ടിയിൽ ഭാര്യയും കൊച്ചുങ്ങളുമുണ്ടെന്നും അതല്ല കൊച്ചുള്ള പെണ്ണിനെയാണു കെട്ടിയതെന്നുമൊക്കെ നാട്ടുകാർ തരാതരം പോലെ പറഞ്ഞാശ്വസിച്ചു, ആരും നേരിട്ടു കണ്ടിട്ടില്ലെങ്കിലും. ഒന്നിനും അവൻ ചെവി കൊടുക്കാൻ പോയില്ല.

രജനിയെ പിന്നെ കല്യാണം കഴിപ്പിച്ചില്ല. ആർഭാടമായി കെട്ടിച്ചുവിട്ട മകളുടെ ദയനീയമായ തിരിച്ചുവരവ് പട്ടാളത്തിനു വലിയ അടിയായിപ്പോയിരുന്നു. അയാൾ ഒതുങ്ങിപ്പോയെന്നു പറഞ്ഞാൽ കുറഞ്ഞു പോകും – ഏതാണ്ട് പുലിയിൽ നിന്നും എലിയിലേക്കുള്ള പരിവർത്തനം! ഷുഗറുകൂടി കാലുമുറിച്ചും പല അസുഖങ്ങൾക്ക് ചികിത്സിച്ചും വർഷങ്ങളോളം കിടന്നു നരകിച്ചിട്ടാണ് അയാൾ മരിച്ചത്. ഇക്കാലം കൊണ്ട് വീടൊഴികെ മറ്റെല്ലാം വിറ്റുപെറുക്കിക്കഴിഞ്ഞിരുന്നു. ഒരു കാര്യത്തിനും സാമർത്ഥ്യമില്ലാതെ വീട്ടിനുള്ളിലൊതുങ്ങിയിരിക്കുന്ന ഒരു സ്ത്രീയായിരുന്നു അവളുടെ അമ്മ. കുറേനാൾ ടെക്സ്റ്റൈൽ ഷോപ്പിലെ സെയിൽസിൽ, പിന്നെ സാനിറ്ററി ഷോപ്പിൽ കണക്കെഴുത്ത്, എംപ്ളോയ്മെന്റു വഴി ഒന്നുരണ്ടുതവണ ആറുമാസത്തെ വീതം താത്ക്കാലിക നിയമനം ഇങ്ങനെ പല വേഷങ്ങൾക്കുമൊടുവിൽ കുടുംബശ്രീയുടെ ടീഷോപ്പിൽ വരെ എത്തിനിൽക്കുന്നു ആ പഴയവീട്ടിൽ അമ്മയെയും സംരക്ഷിച്ചു കൊണ്ടുള്ള രജനിയുടെ പിൽക്കാലജീവിതയാത്ര.

..............



റിസപ്ഷനിൽ അന്വേഷിച്ച് നൂറ്റിപ്പതിനാറിലേക്കു പോകാൻ മൂന്നാം നിലയുടെ സ്റ്റെപ്പ് കയറിക്കൊണ്ടിരിക്കുമ്പോഴാണ് ഏത്തയ്ക്കാപ്പത്തിന്റെ എണ്ണ കിനിഞ്ഞ പൊതിയും ചായഫ്ളാസ്ക്കുമായി രണ്ടാം നിലയിലെ കാൻറീനിൽ നിന്നു വരുന്ന ഷീബയെക്കണ്ടത്. ജയിംസിനെ കണ്ടപാടെ ഷീബ പറഞ്ഞു.

'ആഹാ, അറിഞ്ഞുകേട്ട് ആളിങ്ങു വന്നല്ലോ. ഇനീപ്പം അവിടേമിവിടേം കാത്തുനിന്ന് ചാഞ്ഞും ചരിഞ്ഞും നോക്കി ബുദ്ധിമുട്ടണ്ടല്ലോ. ശത്രു ഒതുങ്ങിയല്ലോ!'

സാധാരണ ഗതിയിൽ മറുപടിയായി പറയേണ്ടിയിരുന്ന ഒരു തെറിവാക്ക് വിഴുങ്ങി ജയിംസ് ചോദിച്ചു.

'ഓപ്പറേഷൻ കഴിഞ്ഞിട്ട്?'

'എന്നിട്ടെന്താ എടുത്തു കളഞ്ഞു ! അതുകൊണ്ടായില്ലല്ലോ. ഇനിയിപ്പം കീമോ ചെയ്യണം. മൂന്നാമത്തെ സ്റ്റേജിലോട്ടായിരുന്നു. ഡോക്ടറ് ഒത്തിരി പറഞ്ഞതാ. അവള് അമ്പിനും വില്ലിനും സമ്മതിക്കുന്നില്ല. കീമോയും റേഡിയേഷനും ഒന്നും വേണ്ടാന്നാ പറയുന്നെ. കരിഞ്ഞും കരുവാളിച്ചും മുടി കൊഴിഞ്ഞും ഒക്കെ എന്തിനാ ആർക്കു വേണ്ടിയാ ജീവിച്ചിരിക്കുന്നേന്ന്. നേരല്യോ? ആലോചിച്ചേച്ച് ഒരു തീരുമാനം പറയാൻ ഡോക്ടറു പറഞ്ഞിട്ടുണ്ട്. '

ഷീബ മുന്നിലും ജയിംസ് പിന്നിലായും മുറിയിലേക്കു കയറിച്ചെല്ലുമ്പോൾ രജനി തലയിണ വച്ച് ചുമരും ചാരി കട്ടിലിൽ ഇരിക്കുകയായിരുന്നു. കാനുലയിട്ട കൈ മടിയിലെ തലയിണയിലും.

'ദേ ഇതാരാന്ന് നോക്കിക്കേ. നിന്റെ ശത്രു'

ഷീബ ചിരിച്ചു കൊണ്ട് പറഞ്ഞപ്പോൾ വിളറിയ ചു



ണ്ടിൽ ഒരു ചിരി മിന്നിമാഞ്ഞോ എന്ന് ജയിംസിനു തോന്നി.

'ഇരിക്ക്' ഷീബ സ്റ്റൂൾ നീക്കിയിട്ടുകൊടുത്തു.

'രജനീടമ്മയ്ക്ക് ആശുത്രീ വന്നു നിക്കാനൊന്നും വയ്യാത്തോണ്ട് ഞാനാ കൂടെ, അല്ലേലും വയ്യാത്ത കാലും കൊണ്ട് ആയമ്മ വന്നു നിന്നിട്ടെന്തിനാ !'

കെട്ടിയവൻ ഇട്ടിട്ടു പോയിട്ടും തോറ്റുകൊടുക്കാതെ പാടുപെട്ട് പണിയെടുത്ത് രണ്ടു മക്കളെയും പ്രായമായ അപ്പനെയും അമ്മയെയും പോറ്റുന്നവളാണ് ഷീബ. പാഴാക്കാനൊരു സമയവുമില്ലാത്തവൾ!

'ചായകൊടുക്ക് ഷീബേ..' രജനി പറഞ്ഞു.

ജയിംസിനെ കാണുമ്പോഴേ ഇരുണ്ടു മൂടാറുള്ള മുഖത്ത് അപ്പോൾ വെറുപ്പും സ്നേഹവുമൊന്നുമല്ലാത്ത ഒരു നിസംഗ ഭാവമായിരുന്നു.

'വേണ്ട വേണ്ട, നിങ്ങള് കുടിക്ക്. വയ്യാതിരിക്കുന്നോർക്കു വാങ്ങിച്ചിട്ട് ...! '

'അയ്യോ ചായ കൂടുതലുണ്ടെന്നേ.. ആരും വരുമെന്ന് ഓർത്തിട്ടല്ലേലും ഞാനൊരെണ്ണം കൂടുതലാ മേടിച്ചത്.. '

ഷീബ ഗ്ലാസിൽ പകർന്ന് നീട്ടിയ ചായ ജയിംസിനു വാങ്ങാതെ തരമില്ലാതായി.

ആരും ഒന്നും മിണ്ടാത്ത നിമിഷങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു.

'എങ്ങനേണ്ട്? വേദനയുണ്ടോ?'

ചായ ഒന്നുരണ്ടിറക്കു കുടിച്ചിട്ട്

എന്തെങ്കിലുമൊന്ന് മിണ്ടണമല്ലോ എന്നു കരുതി ജയിംസ് എന്നു ചോദിച്ചു.

അയഞ്ഞൊരു പച്ചനൈറ്റിയിൽ കഴുത്തിനു കീഴോട്ട് പുതുതായി രൂപപ്പെട്ട പാതിസമതലഭൂമിയുടെ ശൂന്യത വ്യക്തമായിരുന്നു. നേരത്തെ അയാളുടെ കണ്ണിനു മുൻപിൽ പെടുന്ന മാത്രയിൽ ചുരിദാറിന്റെ ഷാളോ കുടുംബശ്രീയുടെ യൂണിഫോംകോട്ടോ ഉള്ളതു പോരാതെ ഈർഷ്യയുടെ ഒരു കവചംകൂടി വലിച്ചിട്ട് ഓടിയൊളിക്കാൻ തിടുക്കപ്പെട്ടിരുന്ന അവൾ, ഇപ്പോഴാ നോട്ടത്തിനു മുൻപിൽ ഒട്ടും അസഹ്യയല്ലാതെ ഇരിക്കുന്നതു കണ്ട് അവനു വല്ലായ്മ തോന്നി.

അവളെപ്പോഴും പറയാറുള്ള ഏതെങ്കിലുമൊരു ശാപവാക്ക് കേൾക്കാനായി അന്നേരം അതിയായ ആഗ്രഹം തോന്നി.

'വേദന സാരമില്ല. ഇനീപ്പം ആരു നോക്കിയാലും എടുത്തോണ്ട് ഓടിയൊളിക്കാൻ ഒന്നും ഇല്ലല്ലോ.. ഇങ്ങനെ തോറ്റുതൊപ്പിയിട്ടിരിക്കുന്ന കണ്ട് ഇഷ്ടം പോലെ ചിരിക്കാലോ, ല്ലേ!'

ജയിംസിനപ്പോൾ പട്ടാളം പാക്കരന്റെ മതിലിനു പുറത്ത് ഇരുമ്പുഗേറ്റിനിടതു വശത്തായി കാത്തുവച്ചിരുന്നപോലെ വട്ടയിലയിൽ പൊതിഞ്ഞിരുന്ന രണ്ടു കർപ്പൂരമാമ്പഴങ്ങൾ പുളിയോടെ മധുരിച്ചു. അടിയുടെ ചതവും ചീത്തയുടെ മുറിവും ചേർന്ന് വേണ്ട വേണ്ട എന്നു വിലക്കിയിട്ടും, ആരും കാണാതെ എടുത്തോണ്ടു പോന്ന ആ കൊതിമധുരങ്ങൾ! നിധിപോലെ സൂക്ഷിച്ചുവച്ച് കുഴിച്ചിട്ട ആ രണ്ടു മാങ്ങയണ്ടികളിലൊന്ന് കേടായിപ്പോയെങ്കിലും മറ്റേത് വളർന്നു മരമായി വർഷാവർഷം കായ്ച്ച് പഴയ കോഴിപ്പെരമുറ്റത്ത് നിൽപ്പുണ്ട്.

ജയിംസിനപ്പോൾ പട്ടാളം പാക്കരന്റെ മതിലിനു പുറത്ത് ഇരുമ്പുഗേറ്റിനിടതു വശത്തായി കാത്തു വച്ചിരുന്നപോലെ വട്ടയിലയിൽ പൊതിഞ്ഞിരുന്ന രണ്ടു കർപ്പൂരമാമ്പഴങ്ങൾ പുളിയോടെ മധുരിച്ചു. അടിയുടെ ചതവും ചീത്തയുടെ മുറിവും ചേർന്ന് വേണ്ട വേണ്ട എന്നു വിലക്കിയിട്ടും, ആരും കാണാതെ എടുത്തോണ്ടു പോന്ന ആ കൊതിമധുരങ്ങൾ! നിധിപോലെ സൂക്ഷിച്ചുവച്ച് കുഴിച്ചിട്ട ആ രണ്ടു മാങ്ങയണ്ടികളിലൊന്ന് കേടായിപ്പോയെങ്കിലും മറ്റേത് വളർന്നു മരമായി വർഷാവർഷം കായ്ച്ച് പഴയ കോഴിപ്പെരമുറ്റത്ത് നിൽപ്പുണ്ട്.

'പോട്ട്. അതങ്ങ് പോയാലും അതിന്റുള്ളിലൊള്ളത് അവിടെത്തന്നെ ഒണ്ടല്ലോ....'

രജനി അവന്റെ മുഖത്തേക്കു നോക്കി. ആ ഒരൊറ്റ നിമിഷം അവളുടെ കണ്ണിലൂറിക്കൂടിയ കണ്ണീർത്തുള്ളിയിൽ ആയിരം സൂര്യന്മാരുടെ തിളക്കമുണ്ടായിരുന്നു.

യാത്രപറയാതെ ജയിംസ് പുറത്തിറങ്ങി. റൗണ്ട്സിനു ഡോക്ടർ റൂമിലേക്കു കയറി വരികയായിരുന്നു. ഡോക്ടറോടു ജയിംസ് പറഞ്ഞു

'കീമോയോ റേഡിയേഷനോ എന്താന്നു വച്ചാ ചെയ്യണം ഡോക്ടറെ, അവൾക്കു സമ്മതവാ!'




വര:
പി ആർ രാജൻ

ജൂറി അവാർഡ് നേടിയ കഥ

ഇ-മലയാളി IV
കഥാമത്സരം 2024
നവീന ഭാവുകത്വത്തിന്റെ ശില്പികൾ



തിലകൻ കാര്യാട്ടുകര

# ബദ്റുൾ മുനീർ

**തിലകൻ കാര്യാട്ടുകര എന്ന തൂലിക നാമത്തിൽ എഴുതുന്ന രാജതിലകൻ എക്സൈസ് വകുപ്പിൽ നിന്ന് വിരമിച്ച വ്യക്തിയാണ്. ചെറുകഥക്കുള്ള ചൊവ്വല്ലൂർ കൃഷ്ണൻ കുട്ടി അവാർഡ്, ചെറുകഥക്കുള്ള ഗോൾഡൻ പീക്കോക് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട് ഒരു കഥാസമാഹാരം . ഒളരിക്കര ഗ്രാമീണ വായനശാലയുമായി സഹകരിച്ചു സാമൂഹിക സേവനം . ഭാര്യ ഗീത മകൾ അപർണ**

ദലമർമ്മരങ്ങളിൽ പോലും പഞ്ചാക്ഷരീ മന്ത്രം നിറയുന്ന വാരണാസിയിലെ പഞ്ച ഗലികളിലൊന്നിൽ കാലപ്പഴക്കത്തിൻറെ ക്ഷീണം ബാധിച്ച വീടിൻറെ വരാന്തയിലിരുന്നു എരുക്കിൻ പൂക്കളാൽ മാല്യങ്ങൾ തീർക്കുകയായിരുന്നു മുനി.

പകൽസമയത്തുപോലും പ്രകാശം കടന്നുവരാൻ മടിക്കുന്ന ഇടുങ്ങിയ അഞ്ചു വഴിത്താരകൾ സംഗമിക്കുന്ന വാരണാസിയിലെ ഏക ഇടം. കാലം മടിച്ചു നിൽക്കുന്ന ഗലികളിൽ ഒരിക്കലും തെളിഞ്ഞ ചായങ്ങൾക്ക് ഇടമില്ലായിരുന്നു. .നിര നിരയായ് തീർത്ത മൺ ചുവരുകൾക്കിടയിൽ എന്നോ കൂടിയേറിയവർ മൃതിയുടേയും മറവിയുടേയും കവാടങ്ങൾ കടന്നു

പോയ്മറഞ്ഞപ്പോൾ ഇന്നുള്ളവർ അമരക്കാരായി. ഗലികളിലെ ഇടുങ്ങിയ മുറികളിൽ വൈദ്യുതി പ്രകാശം ചൊരിഞ്ഞതു് ഈ അടുത്ത കാലത്താണ്. കരിങ്കൽ പാളികൾ പാകിയ നടവഴികൾ. അവക്കിരു പുറവും അടുക്കും ചിട്ടയുമില്ലാത്ത ഗേഹങ്ങൾ.

അവയുടെ മുൻവശം വരാന്തകൾ മിക്കവാറും കച്ചവട സ്ഥാപനങ്ങളാണ്. അവയിൽ ഒന്നിൻറെ വഴിത്താര നീളുന്നതു കാശി വിശ്വനാഥൻ സകല പ്രപഞ്ച രഹസ്യങ്ങളേയും ഉള്ളിലൊതുക്കി തൃകാലങ്ങളെ സാക്ഷിയാക്കി വാണരുളുന്നിടത്തേക്കാണ്. മുന്നിലിരുന്ന മൂന്നു മരപ്പാത്തികളിലൊന്നിൽ കുമിഞ്ഞുനിന്ന എരുക്കിൻ പൂക്കുലകളിൽ ഒന്നിൽനിന്നും പൂക്കൾ ഓരോന്നായ് ശ്രദ്ധയോടെ അടർത്തിയെടുത്ത് കടന്നു പോകുന്ന ദിനരാത്രങ്ങൾ കണക്കെ., ഒന്നിനു പിറകെ ഒന്നൊന്നായി നൂലിൽ കുരുക്കിട്ടെടുത്ത് മുനി എന്ന ബദ്റുൾ മുനീർ അങ്ങിനെയിരുന്നു. വിശ്വനാഥനു അർച്ചനക്കായുള്ള എരുക്കിൻ പൂ മാല്യങ്ങളും., കൂവളത്തില കോർത്തിണക്കിയ ദല മാല്യങ്ങളും., താമര മൊട്ടുകളും., പ്ലാസ്റ്റിൻ ഇലകൾ ചേർത്തിണക്കിയ ചെറിയ പൂ പാലികകളിലേയ്ക് ശ്രദ്ധയോടെ അടുക്കി സമീപത്ത് പാറുൾ സഹായിക്കാനായി ഇരിപ്പുണ്ട്.

അടുത്തുനിന്നും അകത്തേക്കെഴുന്നേററുപോയ പാറുൾ ജനലിലൂടെ എത്തി നോക്കിയ ശേഷം ധൃതിയിൽ തിരികെ വന്നു മുനിയോട് ആംഗ്യ ഭാഷയിൽ പറഞ്ഞത് മുനി ശ്രദ്ധയോടെ കേട്ടു തലയാട്ടി. ഗലികളിലേയ്ക് ഭക്തർ എത്താൻ തുടങ്ങിയിരിക്കുന്നു. പൂ പാലികകളെ ഒന്നു കൂടെ അടുക്കി അയാൾ അവർക്കായ് കാത്തിരുന്നു. അവയിലെ മാല്യങ്ങളും താമര മൊട്ടുകളും കാശി നാഥന്നു ചാർത്താനുള്ളതാണ്. സ്വർണ്ണത്താഴികക്കുടത്തിന്നു താഴെ സ്വയം ഭൂവായ് വാണരുളുന്ന., മന്വന്തരങ്ങൾക്കു സാക്ഷിയായ നാഥൻ അരികിൽ എത്തുന്ന ഭക്തർക്കു വര പ്രസാദമായി നൽകുന്നതും ഇതേ മാല്യങ്ങൾ തന്നെ.! മുന്നെ വന്നവർ സ്വയം പൂജാരികളായി ചാർത്തിപ്പോയ മാല്യങ്ങൾ., പിന്നീടു വരുന്നവർ പ്രസാദമായി സ്വീകരിക്കുന്നു. ത്രി കാലങ്ങളെ തൃക്കണ്ണിലൊതുക്കി തൃപ്തനായ് വാഴുന്ന നാഥന്നു മുന്നിൽ., ഒരിക്കലും തൃപ്തിയടയാത്ത.,ഒട്ടിയ വയറുമായി ഒരു പത്തു വയസ്സുകാരൻ തളർന്നെത്തിയത് ആരുടെ നിയോഗമായിരുന്നു.?... പഞ്ചഗലിയുടെ സന്ധി സ്ഥാനത്ത് ഒഴിഞ്ഞ വയറിൽ നിന്നും ഊർന്നിറങ്ങിയ പജാമയുടെ അയഞ്ഞു തൂങ്ങിയ നൂൽ ചരട്.,കൂടുതൽ മുറുക്കിക്കെട്ടി വിശപ്പിനോടു യുദ്ധം ചെയ്ത്., വെയിലേറ്റു തളർന്ന നിന്ന ബാലനെ ശംഭുജിയുടെ മുന്നിലെത്തിച്ചത് ആരുടെ നിയോഗമായിരുന്നു,...?

**മുന്നിലിരുന്ന മൂന്നു മരപ്പാത്തികളിലൊന്നിൽ കുമിഞ്ഞുനിന്ന എരുക്കിൻ പൂക്കുലകളിൽ ഒന്നിൽനിന്നും പൂക്കൾ ഓരോന്നായ് ശ്രദ്ധയോടെ അടർത്തിയെടുത്ത് കടന്നു പോകുന്ന ദിനരാത്രങ്ങൾ കണക്കെ., ഒന്നിനു പിറകെ ഒന്നൊന്നായി നൂലിൽ കുരുക്കിട്ടെടുത്ത് മുനി എന്ന ബദ്റുൾ മുനീർ അങ്ങിനെയിരുന്നു.**

വാരണാസിയിൽനിന്നും കാതങ്ങൾക്കപ്പുറം പൂത്തുലഞ്ഞു നിൽക്കുന്ന കടുകിൻ തോട്ടങ്ങളിലെ മഞ്ഞപ്പൂക്കൾക്കു നടുവിൽ രണ്ടാനമ്മയെ ഭയന്ന് ഒളിച്ചിരുന്ന രാവുകൾ,..........പകലുകൾ.......... ഒടുവിൽ...ബദ്റുൾ മുനീർ ഈ പഞ്ചഗലിയിലേക്ക് കിതച്ചെത്തിയപ്പോൾ കരാലിയായ സൂര്യൻ മാത്രം സാക്ഷി. കണ്ണുകളിൽ ഇരുൾ മൂടുന്നതിൻ മുൻപേ അന്ന് സാന്ത്വനമായി ചുമലിൽ പതിച്ച കരങ്ങൾ ശംഭു ഭായിയുടേതല്ല. , സർവ്വ ശക്തനായജഗന്നിയന്താവിൻറെതായിരുന്നുവെന്ന് ഇന്നും വിശ്വസിക്കുന്നുണ്ട് മുനീർ. സൂര്യനുണരും മുൻപ് വില്ലപത്രങ്ങളും, എരുക്കിൻ പൂക്കളും,

താമരമൊട്ടുകളും., ദൂരെ ഗ്രാമത്തിൽ പോയി മുച്ചക്രവണ്ടിയിൽ ശേഖരിച്ചു വരും ശംഭുബായ്. ഗലിയിലെത്തും മുൻപ് ഗംഗയിൽ സ്നാനം ചെയ്ത് മൺകുടത്തിൽ വെള്ളവുമായി എത്തുമ്പോഴേക്കും വീടിന്നു മുൻഭാഗം തുത്തു വൃത്തിയാക്കി., അരിക്കോലങ്ങളിട്ടു കാത്തിരിക്കും ദാദിമാ. ശംഭുബായ് എത്തുമ്പോഴും മുൻവശം മൺചുവരിലെ പൊത്തിൽ ചിരാതിൽ ദീപനാളം എരിയുന്നുണ്ടാകും. വന്ന പാടെ ചുവരിൽ ചാരി കാത്തിരിക്കുന്ന മുന്നു മരപ്പാത്തികളിൽ., കൂവളത്തിലകളും., എരുക്കിൻപൂക്കളും., താമര മൊട്ടുകളും മൂന്നായി വേർതിരിക്കും . പിന്നീടവയെ ഗംഗാജലത്തിൽ ശുദ്ധി വരുത്തി മാല്ല്യങ്ങൾ തീർക്കും. ഒററയിലകൾ അടർന്നു പോയ കൂവളത്തിലകൾ അർച്ചനക്കായി സ്വീകരിക്കില്ല. മൂന്നിലകൾ ചേർന്ന വില്ല പത്രങ്ങളുടെ പവിത്രത തനിക്കു പകർന്നു തരുമ്പോൾ ശംഭുജിയുടെ കണ്ണിൽ തിളങ്ങിയ ചൈതന്യം ഇന്നും മനസ്സിൽ നിന്നും മാഞ്ഞു പോയിട്ടില്ല,. ഇടവും വലവും കാശിനാഥൻറെ ഇരു നയനങ്ങളും., മധ്യാദ്രഭാഗത്തെ ദലം ത്രികാല ത്രിലോക സാക്ഷിയായ ത്രിനയനൻറെ ഉൾക്കണ്ണുമാണെന്ന് തന്നെ പഠിപ്പിച്ചതു ശംഭുജിയാണ്. ശരിയാണ്.......പഞ്ചഗലിയിലെ മൺതരികൾ തനിക്കു മുനിയെന്ന പേർ ചാർത്തി വിളിക്കുമ്പോൾ ഈ ബദ്റുൾ മുനീർ ഇന്നും വിശ്വസിക്കുന്നു.....പ്രപഞ്ച സൃഷ്ടാവായ സർവ്വശക്തൻറെ ചൈതന്യം ഉൾക്കോള്ളണമെങ്കിൽ., തൃക്കണ്ണായ ഉൾക്കാഴ്ചക്കു മാത്രമെ കഴിയൂ.........

ശംഭുജി ജഢാധാരിയായിരുന്നു, ഗംഗയിൽ മുങ്ങി നിവർന്ന് ജഢയഴിച്ച് കുടഞ്ഞു തുവർത്തി നെറ്റിയിൽ ഭസ്മമണിഞ്ഞു വരുന്ന ശംഭുജി തനിക്കാരായിരുന്നു.?. രാവിലെ വിൽപ്പനക്കായി ഒരുക്കിയ പൂ പാലികകൾ വിറ്റൊഴിഞ്ഞാൽ വായിലെ തമ്പക്കു് കഴുകിക്കളഞ്ഞ് ചുരുട്ടിൻറെ അഗ്രത്തിന്നു തീ പകരുമ്പോഴാണ് ശംഭുജിയുടെ വിശ്രമം. അരക്കാതം ദൂരെയുള്ള മിശ്രയുടെ പെട്ടിക്കടയിൽനിന്നും



ഇടിച്ചു പാകം വരുത്തിയ തംബാക്കും ., ചുരുട്ടും വാങ്ങി വരുന്നതായിരുന്നു തനിക്കു കിട്ടിയ ആദ്യ ജോലി. ഏതാനും നാൾ അങ്ങിനെ തുടർന്നു... പിന്നെ വീട്ടുസാധനങ്ങൾ വാങ്ങി എത്തിക്കുന്നതും., ദാദിമാ മെനഞ്ഞുണ്ടാക്കുന്ന ചാണക വറളി ഉണക്കാനായി മുകളിലെ മണ്ണിഷ്ടിക പാകിയ തറയിൽ വിരിക്കുന്ന്തും തൻറെ ജോലിയായി. ഗലികളിൽ കാതുകൾ നീണ്ടു തൂങ്ങിയ ഗോക്കൾ ധാരാളമായി ഉണ്ടായിരുന്നു. അവയുടെ സാന്നിദ്ധ്യം ഗലികളിലൂടെ യാത്ര ചെയ്യുന്നവർക്കു അലോസരമുണ്ടാക്കുമെങ്കിലും., അവ നാളിതുവരെ ആരേയും ഉപദ്രവിച്ചതായി കേട്ടിട്ടില്ല. എത്ര ജനത്തിരക്കുള്ള സമയത്തും അവ അലസമായ് നിന്നു അയവിറക്കുന്നുണ്ടാകും. കാശിയുടെ പുണ്യം അവയ്ക്ക് ക്ഷമയായി പകർന്നു കിട്ടിയതാണെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. ആദ്യമെല്ലാം ദാദിമാ ഇരുമ്പു വട്ടകയിൽ അവയുടെ ചാണകം ശേഖരിക്കുന്നതു കാണുമ്പോൾ അറപ്പുളവാക്കിയിരുന്നു. ഒരുനാൾ അവർ അതിൻറെ രഹസ്യം പകർന്നു തന്നപ്പോൾ അത്ഭുതം തോന്നി. ശരിയാണ്.,പഞ്ചഗലിയിലെ ഗോക്കളുടെ ചാണകത്തിന് ദുർഗന്ധമില്ല...തൈര് പുളിക്കില്ല..കാക്കകൾ കരയില്ല....!

ഏറെ ശ്രമിച്ചിട്ടും ഇവയെല്ലാം വളരെ അപൂർവ്വമായി മാതമെ ലംഘിക്കപ്പെട്ടതായി കണ്ടിട്ടുള്ളൂ.....

രാത്രിയിൽ ഗലിയിലെ തിരക്കൊഴിഞ്ഞാൽ വിൽക്കാതെ ബാക്കിവന്ന മാല്യങ്ങൾ പാദസ്പർശമേൽക്കാത്തിടത്ത് ഉപേക്ഷിക്കണമെന്നതു ശംഭുജിക്ക് നിർബന്ധമായിരുന്നു. കുറച്ചു നാൾ കഴിഞ്ഞപ്പോൾ ആ പ്രവൃത്തിയും തൻറെ ജോലിയുടെ ഭാഗമായി. ഗംഗയുടെ ആളൊഴിഞ്ഞ തീരത്തേയ്ക് നാലു കാതം നടക്കണം. തിരികെ എത്തുമ്പോഴേക്കും., പടർന്നിറങ്ങിയ ജഢാഭാരം ഒതുക്കി ശംഭുജി വിശ്രമത്തിന്നായി ഒരുങ്ങിയിട്ടുണ്ടാകും. ദാദിമാ ശിരസ്സിനു മുകളിലെ സാരിത്തലപ്പ് താഴേക്കു മാറ്റുന്നത് അപ്പോഴാണ്. അവരുടെ നരവീണ മുടിച്ചുരുളുകൾ അലസമായി കാറ്റിലിളകുന്നതും. കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്ന അനപത്യ ദുഖവും ചുവരിലെ ദീപനാളങ്ങൾ അണയും വരെ നോക്കി നിന്നിട്ടുണ്ട്. മരപ്പാത്തികൾ ചുവരിൽ ചാരി വിശ്രമത്തിലാകുമ്പോൾ., വരാന്തയിൽ ഓട്ടുകിണ്ണത്തിൽ തനിക്കുള്ള ഭക്ഷണവും.,

ഉറങ്ങാനുള്ള പായും.,തലയിണയും., ഗലിയിലെ തണുപ്പിനോടു യുദ്ധം ചെയ്യാൻ പഴയൊരു കമ്പിളിപ്പുതപ്പും

**ത്രികാലങ്ങളെ തൃക്കണ്ണിലൊതുക്കി തൃപ്തനായ് വാഴുന്ന നാഥന്നു മുന്നിൽ., ഒരിക്കലും തൃപ്തിയടയാത്ത.,ഒട്ടിയ വയറുമായി ഒരു പത്തു വയസ്സുകാരൻ തളർന്നെത്തിയത് ആരുടെ നിയോഗമായിരുന്നു.?...**

ഒരുക്കിയിട്ടുണ്ടാകും അവർ. അവിടെ പഞ്ചഗലിയിലെ ഒരു ദിനം അവസാനിക്കും.

ഒരുനാൾ...., അത്തരമൊരു ദിനാന്ത്യത്തിന്നൊടുവിൽ ഉമ്മറവാതിലുകൾ ചാരി ഉറങ്ങാനായിപ്പോയ ശംഭുജി അവിചാരിതമായാണ് വാതിലുകൾ തുറന്ന്നു പുറത്തു വന്നത്. മറന്നു വച്ച ചുരുട്ടിൻറെ കെട്ടും തീപ്പെട്ടിയും എടുക്കുന്നതിനിടയിൽ വിരിപ്പായിൽ കാൽമുട്ടുകൾ മടക്കി ശിരോവസ്ത്രമിട്ട് പ്രപഞ്ച സൃഷ്ടാവിനെ മനസ്സിൽ ധ്യാനിച്ചു നിസ്കരിക്കുകയായിരുന്നു ഞാൻ. നിസ്കാര സമയത്ത് ബാപ്പ കുഞ്ഞു നാളിലെ പഠിപ്പിച്ച പാഠങ്ങൾ മനസ്സിലോർത്ത്.,പതറിയ മനസ്സോടെ കർമ്മങ്ങൾ പൂർത്തിയാക്കി എഴുന്നേറ്റു നിൽക്കുമ്പോൾ., തന്നേ തന്നെ നിർനിമേഷനായി നോക്കി നിൽക്കുകയായിരിന്നു ശംഭുജി. എല്ലാം അവസാനിച്ചുവെന്ന് മനസ്സിൽ തോന്നിയ നിമിഷം...മുഖമുയർത്തി നോക്കിയപ്പോൾ പക്ഷെ.,ആ കണ്ണുകളിൽ കണ്ടത് നിസ്സീമമായ വാത്സല്യമായിരുന്നു.

അത്ഭുതപ്പെട്ടുപോയി..... ഒന്നും പറയാതെ ചുരുട്ടിന് തീ പകർന്നു ആ വരാന്തയിൽ അദ്ദേഹം അൽപ്പനേരം ഇരുന്നു. തിരികെ പോകും മുൻപ് അരികിൽ വന്ന് സ്നേഹരൂപേണ ഇത്രയും പറഞ്ഞു. ''അസമയത്ത് നിസ്കരിക്കരുത് കുട്ടീ....അതിനു നിശ്ചയിച്ചിട്ടുള്ള സമയമുണ്ട്.....അതിന്നു നീ ആരെ ഭയക്കുന്നൂ....എന്നെയോ....?

അനാദിയായ പ്രപഞ്ച സത്യത്തിന്നു മുന്നിൽ കൈകൾ കുപ്പുന്നതിന്ന് നാം ആരേയും ഭയക്കേണ്ടതില്ല കുഞ്ഞേ..... രാത്രിയിൽ ഏറെനേരം ഉറങ്ങാൻ കഴിഞ്ഞില്ല. ഉണരുമ്പോൾ നേരം പുലർന്നിരുന്നില്ല. പതിവുപോലെ ശംഭുജി പൂക്കൾ ശേഖരിക്കാനായി പോകുന്നത് മനസ്സിൽ കുമിഞ്ഞുകൂടിയ ആദരവോടെ നോക്കി നിന്നു. ഗംഗാ സ്നാനം കഴിഞ്ഞെത്തി ജഢകൾ തുവർത്തി ഉണക്കുന്നതിനിടയിൽ തെന്നിവീണ വാക്കുകൾക്ക് ഗംഗാ ജലത്തോളം കുളിർമ്മയുണ്ടായിരുന്നു. ''മുനീ... ഇന്നു മുതൽ നീ ഈ വരാന്തയിൽ നിസ്കരിക്കേണ്ട.....അകത്ത് ഇടതു ഭാഗം ചായ്പ് ദാദിമാ നിനക്കുവേണ്ടി ഒഴിവാക്കിത്തരും... നേരാ നേരങ്ങളിൽ നിനക്കവിടെ നിസ്കരിക്കാം...: അൽപ്പ നേരം ആ അത്ഭുത മനുഷ്യനെ നോക്കി നിന്നുപോയി. അറിയാതെ കൈകൾ മുകളിലേയ്കുയർന്നു പോയി......''ഇൻഷാ...അല്ലാഹ്..... അകത്തളത്തിൽ കിഴക്കുഭാഗം ചുവരരുകിൽ കാലപ്പഴക്കം ചെന്ന മരക്കൂടിലെ കാശിനാഥന്റെ ചിത്രത്തിന്നു മുന്നിൽ.,എരിയുന്ന കെടാവിളക്കിനെ സാക്ഷിയാക്കി., കൈകൾകൂപ്പി., ദാദിമാ നിശ്ശബ്ദം നിൽക്കും.

ദുഖങ്ങളുടെ അദൃശ്യ ഭാണ്ഡങ്ങൾ ഓരോന്നായി ഇറക്കിവെയ്ക്കും. കണ്ണുനീർ വറ്റിയ കൺതടങ്ങളിൽ അപ്പോഴും നിറഞ്ഞു നിൽക്കുന്ന മാതൃവാത്സല്യത്തോടെ അവർ പുഞ്ചിരിക്കും. അഖിലേശ്വരന്നു മുന്നിൽ എരിയുന്ന ധൂമമാകും എന്റെ മനസ്സ്. എന്റെ പ്രാർത്ഥനകളിൽ അവർക്കും ഇടമുണ്ടാകും. അകത്തളത്തോടു ചേർന്ന ഇടതു ഭാഗം ചായ്പിൽ അന്നു മുതൽ അഞ്ചു നേരവും ഞാൻ നിസ്കരിക്കും. പ്രാർത്ഥനകൾ അനന്ത വിഹായസ്സിലേയ്ക് ഉയരുമ്പോൾ ജഗന്നിയന്താവിലേക്ക് എത്തുന്ന നിവേദനങ്ങളിൽ ശംഭുജിയും.,ദാദിമായും നിറഞ്ഞുനിൽക്കും. അവരുടെ സമാധാനങ്ങളിൽ ഞാനും ആശ്വസിക്കും....

ഗലികളിലെ മറ്റു ഗൃഹങ്ങൾക്കു മുന്നിലും ധാരാളം ചെറു കച്ചവടങ്ങൾ നടന്നിരുന്നു. പൂജാ ദ്രവ്യങ്ങളും., ദേവ പ്രതിരൂപങ്ങളും.,പിച്ചളയിൽ തീർത്ത പൂജാ പാത്രങ്ങളും., തുടങ്ങി ചെറിയ തുണിക്കടകൾ വരെ ഉണ്ടായിരുന്നു. അവയിലെല്ലാം പലപ്പോഴും ധാരാളം തിരക്കുമുണ്ടാകാറുണ്ട്. വളരെ കുറഞ്ഞ വില മാത്രം ഈടാക്കിയാണ് ശംഭുജി മാല്യങ്ങൾ വിറ്റിരുന്നത്. പ്ളാശ്ശിൻ ഇലകൾ ഈർക്കിൽ ചേർത്തിണക്കി പൂപാലികകൾ ഉണ്ടാക്കുന്നത് ദാദിമായാണ്.അവർ അത് ഉണക്കിയെടുക്കാനായി മുകൾത്തട്ടിലേക്കു കൊണ്ടു പോകും. തിരികെ ഉണങ്ങിയ ചാണക വറളികൾ കത്തിക്കാനായി അടുക്കളയിലെക്കു കൊണ്ടു വരും. തിരക്കുള്ള സമയങ്ങളിൽ അവരും കൂടും ശംഭുജിക്കു സഹായത്തിന്.

**വാരണാസിയിൽനിന്നും കാതങ്ങൾക്കപ്പുറം പൂത്തുലഞ്ഞു നിൽക്കുന്ന കടുകിൻ തോട്ടങ്ങളിലെ മഞ്ഞപ്പൂക്കൾക്കു നടുവിൽ രണ്ടാനമ്മയെ ഭയന്ന് ഒളിച്ചിരുന്ന രാവുകൾ,...........പകലുകൾ........... ഒടുവിൽ... ബദ്റുൾ മുനീർ ഈ പഞ്ചഗലിയിലേക്ക് കിതച്ചെത്തിയപ്പോൾ കരാലിയായ സൂര്യൻ മാത്രം സാക്ഷി. കണ്ണുകളിൽ ഇരുൾ മൂടുന്നതിൻ മുൻപേ അന്ന് സാന്ത്വനമായി ചുമലിൽ പതിച്ച കരങ്ങൾ ശംഭു ഭായിയുടേതല്ല. , സർവ്വ ശക്തനായ ജഗന്നിയന്താവിൻറെതായിരുന്നുവെന്ന് ഇന്നും വിശ്വസിക്കുന്നുണ്ട് മുനീർ.**

പുലർവേളകളിലെ തണുപ്പും., പ്രായാധിക്യവും ശംഭുജിയെ തളർത്താൻ തുടങ്ങിയിരുന്നു. വിട്ടുമാറാതുള്ള ചുമ ആലോസരപ്പെടുത്തിയ ഒരു ദിവസം അദ്ദേഹം., രാവിലെ പൂക്കൾ ശേഖരിക്കാൻ എന്നെ നിയോഗിച്ചു.

ആളൊഴിഞ്ഞ പുലർവേളകളിൽ ദൂരെ ഗ്രാമത്തിൽ നിന്നും, കാലപ്പഴക്കം ചെന്ന മുച്ചക്രവണ്ടിയിൽ ഞാനവ ശേഖരിക്കാൻ പോകും. സ്നാനം കഴിഞ്ഞു മൺകുടത്തിൽ ഗംഗാ ജലവുമായെത്തി ശംഭുജി അവ വൃത്തിയാക്കി പതിവിൻപടി വിൽപ്പനക്കായി ഒരുക്കും. ക്രമേണ......., . തളർന്നുതിരുന്ന കൂവളത്തിലയായി അദ്ദേഹം. നാൾക്കുനാൾ എൻറെ ചുമതലകൾ ഏറി വന്നു. ഗംഗയിൽ കുളിച്ച് പുലർവേളകളിൽ എല്ലാ ജോലികളിലും ഞാൻ അദ്ദേഹത്തെ സഹായിച്ചു.

കാലം മാറ്റങ്ങൾ കൊണ്ടുവന്ന ദിന-രാത്രങ്ങൾക്കിട

യിൽ.,എന്നോ ഒരുനാൾ., ക്ഷേത്രത്തിൽ പോയി മടങ്ങിവരും വഴി., ദാദിമാ കൂട്ടി കൊണ്ടു വന്നതായിരുന്നു പാറൂളിനെ. ബധിരയും ഊമയുമായ അവൾക്ക് അന്ന് എട്ടോ പത്തോ വയസ്സു കാണും. ആരോ വിശ്വനാഥ സന്നിധിയിൽ ഉപേക്ഷിച്ചു പോയതോ. വഴിതെറ്റി എത്തിയതോ ആയ അവളെ ആരും അന്വഷിച്ചു എത്തിയതുമില്ല. പാറൂൾ എന്ന് അവൾക്കു പേരിട്ടത് ശംഭുജിയാണ്. തളർന്നുറങ്ങുന്ന കൌതുകം കണ്ണുകളിൽ പടർത്തി., അവൾ ഞങ്ങളിൽ നാലാമതൊരാളായി. ദാദിമാക്ക് പ്രാർത്ഥനകൾക്കു ലഭിച്ച പ്രസാദമായി. ആ ചെറു പ്രായത്തിൽ തന്നെ വീട്ടുജോലികൾ അവൾ അനായാസം ചെയ്തു പകലും രാവും തിരശ്ശീലകൾ തീർത്ത് തിമിർത്താടുന്നതിനിടെ.,ഒരുനാൾ ശംഭുജി ചുറ്റിവച്ച ജഡകൾ നിവർത്താതെ .,സർവ്വം സഹയായ ഗംഗയോട് അവസാന വിട ചൊല്ലാനാകാതെ., നിശ്ശബ്ദനായ് അരങ്ങൊഴിഞ്ഞു. ദാദിമാ കരഞ്ഞില്ല. സർവ്വവും കാശിനാഥനിൽ അർപ്പിച്ച്., കണ്ണുകൾ അടച്ചു കൈകൾ കൂപ്പി അവർ അദ്ദേഹത്തിന്റെ കാൽക്കീഴിൽ നിന്നു. പിന്നെ മൺകുടത്തിലിരുന്ന ഗംഗാ ജലം അൽപ്പം കയ്യിലെടുത്ത് അദ്ദേഹത്തിന്റെ പാതിവിടർന്ന ചുണ്ടുകളിൽ പകർന്നു...... പാദങ്ങളിൽ നമസ്കരിച്ചു. പിന്നെ പാറൂളിനേയും ചേർത്ത് പിടിച്ചു തറയിൽ തളർന്നിരുന്നു......

ഹരിശ്ചന്ദ്ര ഘാട്ടിലേക്കുള്ള കവാടം വരെ ഞാൻ അന്ത്യയാത്രക്കായി അദ്ദേഹത്തെ അനുഗമിച്ചു. ദാദിമായേയും പാറൂളിനേയും സാക്ഷിയാക്കി.,ഗലിയിലെ മറ്റുള്ളവരും ശാസ്ത്രികളും ചേർന്നു അദ്ദേഹത്തിന് അഗ്നിയൊരുക്കി. ചിതയെരിഞ്ഞു തീരും വരെ കാശിനാഥനിൽ നിന്നും ഒരു കാതം ദൂരെ സർവ്വ ഭൂതങ്ങൾക്കും നാഥനായ അഗ്നിയെയും., പ്രപഞ്ച സൃഷ്ടാവായ ദൈവത്തേയും മനസ്സിൽ ധ്യാനിച്ച് ഞാൻ അങ്ങിനെ നിന്നു. എല്ലാം കഴിഞ്ഞപ്പോൾ സമീപത്തെ പടവുകളിൽ വലിയ കർപ്പൂര ദീപങ്ങൾ ഗംഗാ ആരതിക്കായി ഒരുങ്ങാൻ തുടങ്ങിയിരുന്നു. ഗംഗയുടെ മുകൾപ്പരപ്പിൽ ഉണർന്നുയർന്നില്ലാതെയാകുന്ന ഓളങ്ങൾക്കിടയിൽ അനുസ്യൂതമായ കാലപ്രവാഹത്തിൻറെ രഹസ്യങ്ങൾ ഒളിഞ്ഞിരിപ്പുള്ളതായി എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. അനേക ജന്മങ്ങൾ അന്വേഷിച്ചറിയാൻ ശ്രമിച്ചിട്ടും പിടി തരാതെ അവ മുകൾപ്പരപ്പിൽ തന്നെ., ചെറു കൊഞ്ചലോടെ അപ്രത്യക്ഷമാകും. വ്യർത്ഥമാകുന്ന ജന്മങ്ങൾ പിന്നേയും., പിന്നേയും ആ തീരത്ത് കാണാകാഴ്ചകൾ കണ്ടുകൊണ്ടേയിരിക്കും.......

തലമുറകൾ കൈമാറി വന്ന ശംഭുജിയുടെ പൂക്കടയുടെ പൂർണ്ണ ചുമതല എനിക്കായി. പതിവുകൾ തെറ്റിക്കാതെ ശംഭുജി ഉപേക്ഷിച്ചു പോയ മുച്ചക്ര വണ്ടിയിൽ ഞാൻ ഗ്രാമങ്ങളിൽ പോയി പൂക്കൾ ശേഖരിച്ചു. ഗംഗാ ജലത്തിൽ ശുദ്ധി വരുത്തി വിൽപ്പനക്കായി ഒരുക്കി. കാലം മാറിയപ്പോൾ ഗ്രാമങ്ങളിൽ നിന്നും പൂക്കളും ഇലകളും ലഭിക്കാതായി.

പിന്നീടവ സമീപത്തെ ചന്തകളിൽ വിൽപ്പനക്കായി എത്താൻ തുടങ്ങി. ക്ഷേത്രത്തിനു ചുറ്റും മറ്റു പൂക്കടകളും മിഴി നിവർത്തി. പക്ഷേ ശംഭുജി ഉപേക്ഷിച്ചു പോയ മുനിയുടെ പുക്കട എന്നും സജീവമായിത്തന്നെ തുടർന്നു. എരുക്കിൻ പൂക്കളും., വില്ല്വദലങ്ങളും., താമര മൊട്ടുകളും ഗംഗാ തീർത്ഥത്തിൽ മുങ്ങിവിശ്വനാഥനെ പുണർന്നു.

മാല്യങ്ങൾ തിർക്കുന്നതിന്നിടയിലും., നിസ്കാരത്തഴമ്പ് നാൾക്കുനാൾ വർദ്ധിച്ചു വന്നു. പതിവു തെറ്റാതെ മൂന്നിതളുകളുള്ള വില്ല്വ പത്രങ്ങൾ മാത്രം തിരഞ്ഞെടുക്കുന്നതിൽ ഞാൻ ശ്രദ്ധിച്ചു. അവയിൽ ഞാൻ ശംഭുജിയുടെ സാന്ത്വന നയനങ്ങൾ കണ്ടു. ഒരു നാൾ.,... കെടാവിളക്ക് കരിന്തിരി കത്തുന്ന ഗന്ധം കേട്ട് .,ചിന്തകളീൽനിന്നും ഉണർന്നെഴുന്നേറ്റ്., അകത്തളത്തിൽ എത്തിയപ്പോൾ., അണയുന്ന ദീപനാളത്തിനു മുന്നിൽ സാഷ്ടാംഗം പ്രണമിച്ചു കിടക്കുന്ന ദാദിമായെ ആണ് കണ്ടത്.

അടുക്കളയിൽനിന്നും ഓടിയെത്തിയ പാറൂൾ സംശയം തോന്നി അവരെ തട്ടിയുണർത്താൻ ശ്രമിച്ചു. പിന്നെ തൊണ്ടയിൽ കുരുങ്ങിപ്പോയ ഗദ്ഗദത്തോടെ പിൻതിരിഞ്ഞ് ചുവരിൽ ചാരിനിന്നു തേങ്ങി......

**ദാദിമാ ശിരസ്സിനു മുകളിലെ സാരിത്തലപ്പ് താഴേക്കു മാറ്റുന്നത് അപ്പോഴാണ്. അവരുടെ നരവീണ മുടിച്ചുരുളുകൾ അലസമായി കാറ്റിലിളകുന്നതും. കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്ന അനപത്യ ദുഖവും ചുവരിലെ ദീപനാളങ്ങൾ അണയും വരെ നോക്കി നിന്നിട്ടുണ്ട്.**

മാല്ല്യങ്ങൾ ഒരുക്കാൻ അവസാനമായി കോർത്തെടുത്ത ഒഴിഞ്ഞ പൂപാലികയായി ദാദിമാ തറയിൽ ചലനമറ്റു കിടന്നു. അരക്കാതം ദുരെ ഗലിയുടെ കിഴക്കെ അറ്റത്ത്., സർവ്വജ്ഞനായ ത്രിലോകനാഥൻ സകലതിനും സാക്ഷിയായി ചിരന്തനനായി വാണരുളി.

തിരു ജഢയിലെ ഹിമാനികളിൽ കളിത്തട്ടു തീർത്ത് ഭാഗീരഥി പിന്നേയും അവിരാമം താഴ്വാരങ്ങളിലേക്കോഴുകി. ആ കുളിർനീരിൽ മുങ്ങി നിവർന്ന നിർമ്മാല്യങ്ങൾ അർച്ചനക്കായി പാറൂൾ കോർത്ത പൂപാലികകളിൽ വിശ്വനാഥ സന്നിധിയിലെത്തി. ഇന്നവൾ ഈ ഗംഗാ തീരത്ത് കണ്ണുകളിൽ വാക്കുകൾ കോർത്ത്, എന്റെ നിഴലായ് സമീപത്തിരിപ്പുണ്ട്.

ആരതീ ദീപങ്ങളുടെ പ്രഭയിൽ മുങ്ങി., കാലപ്രവാഹത്തിന്റെ പ്രതീകമായ് ഓളപ്പരപ്പുകൾ മുന്നിലൂടൊഴുകുന്നു. ഈ തീരത്ത് പതിയെ കാൽപ്പാടുകളമർത്തി കടന്നു പോയവരെ ഓർത്തും., ദൂരെ., തീരങ്ങളിൽ വില്ല്വ വൃക്ഷങ്ങളിൽ പൂതുനാമ്പുകൾ തളിർക്കുന്നതു കാത്തും., അവയിൽ കാലം കഥ പറയുന്നതു സ്വപ്നം കണ്ടും., ബദ്റുൾ മുനീർ എന്ന ഞാൻ ഈ തീരത്ത് അമരുകയാണ്.....

ജൂറി അവാർഡ് നേടിയ കഥ

● ചെറുകഥ



പെയിന്റിംഗ് : അമീൻ ഖലീൽ

ഇ-മലയാളി IV
കഥാമത്സരം 2024
നവീന ഭാവുകത്വത്തിന്റെ ശില്പികൾ

# പിശാചിനി



പാർവതി പി. ചന്ദ്രൻ

പാർവതി ചന്ദ്രൻ കേരള കേന്ദ്ര സർവകലാശാല മലയാള വിഭാഗം അസി. പ്രൊഫസർ. കടൽക്കരയിലെ സൂര്യൻ (രണ്ടാം പതിപ്പ്) മരിച്ചവളുടെ ഫേസ്ബുക്ക് എങ്ങനെ കഥാസമാഹാരങ്ങൾ വിവർത്തനത്തിന്റെ ചരിത്രം, സൗന്ദര്യം, രാഷ്ട്രീയം; സുഗതകുമാരി: രാത്രി മഴ പെയ്യുമ്പോൾ എന്നീ പുസ്തകങ്ങൾ എഡിറ്റ് ചെയ്ത. പി. എച്ച് ഡി ഗവേഷക. കേന്ദ്ര സർവ കലാശാലയുടെ വുമൺ ഓഫ് ഡി ഇയർ 2023 അവാർഡ്

എൻറെ അമ്മമ്മയിൽ നിന്നും കേട്ട് എനിയ്ക്ക് പരിചിതമായി തീർന്ന വാക്കാണ് പിശാചിനി. എൻറെ കുട്ടിക്കാലം തൊട്ടേ കേട്ട് പഴക്കം ചെന്ന വാക്ക്. പിശാചിനി എന്ന വാക്ക് വ്യാകരണപരമായി ശരിയോ തെറ്റോ എന്ന സന്ദേഹം എനിയ്ക്ക് എപ്പോഴുമുണ്ടായിരുന്നു. എൻറെ മുത്തച്ഛനെ, അമ്മയുടെ അച്ഛനെ വശീകരിച്ചെടുത്ത സ്ത്രീയെ പറ്റി പറയുമ്പോൾ ആയിരുന്നു ആ വാക്ക് അമ്മമ്മ ഉപയോഗിച്ചിരുന്നത്.

അമ്മയുടെ ചെറിയ പ്രായത്തിൽ തന്നെ മുത്തച്ഛൻ അമ്മമ്മയെയും അമ്മയെയും ഉപേക്ഷിച്ച് അവർക്കൊപ്പം ജീവിക്കുവാൻ തുടങ്ങി. അമ്മമ്മയ്ക്ക് പൂർവിക സ്വത്തും വലിയ വീടും പുരയിടവുമെല്ലാം ഉണ്ടായിരുന്നതു കൊണ്ട് അമ്മമ്മയും അമ്മയും അല്ലലില്ലാതെ കഴിഞ്ഞു. എന്നാലും തൻറെ ജീവിതം കുളം തോണ്ടിയ ആ പിശാചിനിയെ അമ്മമ്മ തൊടിയിലെ കുളത്തിൻറെ പടവുകളിൽ ഇരുന്ന് ശപിച്ചു. പണ്ടൊരിക്കൽ എൻറെ കുട്ടിക്കാലത്ത് അയൽവക്കത്തുള്ള ഒരു സ്ത്രീ എന്നോട് അടക്കത്തിൽ പറഞ്ഞു.

എന്താണ് ഞാൻ ചോദിച്ചതിലെ തെറ്റെന്ന് എനിയ്ക്ക് അപ്പോഴും മനസ്സിലായില്ല. പിന്നീട് മുതിർന്ന് കഴിഞ്ഞപ്പോൾ ആണ് സ്നേഹത്തിന് സ്വാർത്ഥത എന്നൊരു അർത്ഥം കൂടിയുണ്ടെന്നും പൊതുവെ മനുഷ്യർ തൻറെ ഇണയെ മറ്റൊരാളുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നില്ല എന്നും എനിയ്ക്ക് മനസ്സിലായത്.

'കുട്ടീടെ മുത്തച്ഛൻറെ സംബന്ധക്കാരിയെ കണ്ടിട്ടുണ്ടോ? ത്രിപുര സുന്ദരി തന്നെ' അമ്മമ്മ കേൾക്കുന്നില്ല എന്ന് ഉറപ്പുവരുത്തി ഞാൻ അമ്മയോട് അടക്കത്തിൽ ചോദിച്ചു.

'എന്താ ഈ ത്രിപുരസുന്ദരീന്ന് പറഞ്ഞാൽ? മുത്തച്ഛൻറെ കൂടെയുള്ള അവർ ത്രിപുര സുന്ദരിയാത്രെ'

'നീ ഒന്ന് മിണ്ടാതിരിക്ക് നന്ദൂ. നിൻറെ അമ്മമ്മ കേൾക്കണ്ട'േ;. അമ്മ മറുപടി പറഞ്ഞു.

'അവള് മിണ്ടട്ടേന്ന്. കുഞ്ഞേ യക്ഷികൾക്ക് സൗന്ദര്യം കൂടും. ആണുങ്ങളെ വശീകരിച്ച് രക്തമൂറ്റിക്കുടിച്ച് പനമുകളിൽ വസിക്കാൻ പോണ യക്ഷികൾ ഇല്ലേ.

അതിൽ ഒരു യക്ഷിയാണ് അവള്. നിൻറെ മുത്തച്ഛൻറെ രക്തം അവള് ഊറ്റിക്കുടിക്കും' പുറകിൽ നിന്നും അമ്മമ്മയുടെ കനത്ത ശബ്ദം കാതിൽ വീണു. അത്രയും പറഞ്ഞതിനുശേഷം ഒരു നിർമമതയോടെ അമ്മമ്മ തിരിഞ്ഞുനടന്നു. അമ്മ കയ്യിലിരുന്ന ദോശത്തവിയുടെ അറ്റം കൊണ്ട് എനിയ്ക്ക് ഒരു ചെറിയ അടി തന്നു.

എന്താണ് ഞാൻ ചോദിച്ചതിലെ തെറ്റെന്ന് എനിയ്ക്ക് അപ്പോഴും മനസ്സിലായില്ല. പിന്നീട് മുതിർന്ന് കഴിഞ്ഞപ്പോൾ ആണ് സ്നേഹത്തിന് സ്വാർത്ഥത എന്നൊരു അർത്ഥം കൂടിയുണ്ടെന്നും പൊതുവെ മനുഷ്യർ തൻറെ ഇണയെ മറ്റൊരാളുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നില്ല എന്നും എനിയ്ക്ക് മനസ്സിലായത്.

'പൊസസ്സീവ്നസ്'; എന്ന കേവല വികാരത്തിന് അപ്പുറം അതിന് നരവംശശാസ്ത്രപരമായ കാരണങ്ങൾ ഉണ്ടാവാം എന്ന അനുമാനത്തിൽ ഞാൻ എത്തിച്ചേർന്നു.

ഒരു യക്ഷിക്കഥയിലെ യക്ഷിയെ പറ്റിയുള്ള ചിന്ത പോലെ അമ്മമ്മയുടെ ജീവിതത്തിലെ ആ 'അദർ വുമൺ'നെ പറ്റിയുള്ള ചിന്തകൾ എന്നിൽ വളർന്നു.


അമ്മമ്മയുടെ ഭാഷയിൽ പറഞ്ഞാൽ 'പിശാചിനി'. അവരെ നേരിൽ കാണണമെന്ന ആഗ്രഹം ചെറിയ കുട്ടി ആയിരുന്ന കാലം മുതലേ എന്നിൽ ഉണ്ടായിരുന്നു.

'നന്ദനേ, നീ എപ്പോഴും പറയാറുള്ള ആ സ്ത്രീ അത് ഇവരല്ലേ?' സുഹൃത്ത് സരയു ഒരു പത്രവാർത്ത കാണിച്ചുകൊണ്ട് എന്നോട് തിരക്കി. സംഗീതജ്ഞ കൂടിയായ കാദംബരി ദേവി. അമ്മമ്മയുടെ ഭാഷയിലെ പിശാചിനി. കാഴ്ചയിൽ നടി ശ്രീവിദ്യയുടെ മുഖസാദൃശ്യം ഉണ്ട് അവർക്ക്. മുത്തച്ഛൻ കാഴ്ചയിൽ നടൻ ഭരത്ഗോപിയെ പോലെയായിരുന്നു ഏകദേശം. മുത്തച്ഛനും കാദംബരി ദേവിയും ഏറെക്കാലം ഡൽഹിയിലായിരുന്നു. മുത്തച്ഛൻറെ മരണശേഷം കാദംബരി ദേവി തനിച്ചായി.

അവർക്ക് മക്കൾ ഉണ്ടായിരുന്നില്ല. കാദംബരി ദേവി കേരളത്തിലേക്ക് മടങ്ങിവന്നെന്നും തൻറെ സംഗീത സപര്യ തുടരുന്നതിനിടെ അവർ അപ്രതീക്ഷിതമായി ക്യാൻസർ രോഗത്തിൻറെ പിടിയിലമർന്നു എന്നുമായിരുന്നു വാർത്തയിൽ ഉണ്ടായിരുന്നത്. ഞാൻ അപ്പോൾ ശ്രീവിദ്യയെ പറ്റി ഓർത്തു. ഒരേ മുഖഛായ ഉള്ള രണ്ടുപേർക്ക് ഒരേ രോഗം വരുന്നതിലെ ആകസ്മികതയെ പറ്റി ചിന്തിച്ചു. തൊട്ടടുത്തുള്ള നഗരത്തിൽ തന്നെ കാദംബരി ദേവി ഉണ്ടെന്ന് അറിഞ്ഞപ്പോൾ അവരെ കാണുവാനായുള്ള എൻറെ ആകാംഷ ഇരട്ടിച്ചു. ഒടുവിൽ അവരെ കാണാൻ പോകാൻ തന്നെ ഞാൻ തീരുമാനിച്ചു.

അവിടെ ഒരു കോളേജിൽ ഒരു വർക്ഷോപ്പ് ഉണ്ടെന്നും അതിൽ പങ്കെടുക്കുവാൻ പോകുന്നെന്നും അമ്മയോടും അമ്മമ്മയോടും നുണ പറഞ്ഞു. അറിയപ്പെടുന്ന ഗായിക ആയതുകൊണ്ട് അവരെ കാണാൻ പോകുന്നതിനായി നേരത്തെ തന്നെ അപ്പോയ്ൻറ്മെൻറ് എടുക്കണോ എന്ന സംശയം ഉണ്ടായിരുന്നു. പോരെങ്കിൽ അവർ ഇപ്പോൾ രോഗാവസ്ഥയിലും ആണ്. എന്തായാലും പോകാൻ തന്നെ തീരുമാനിച്ചു.

നഗരത്തിൻറെ തിരക്കുകൾ ഒഴിഞ്ഞ ഒരു കോണിലാണ് കാദംബരി ദേവിയുടെ വീട്. അൽപ്പം ആശങ്കകളോടെ ഞാൻ വീടിന് മുന്നിൽ എത്തി കോളിംഗ് ബെൽ



> ചെല്ലുന്ന മുറി നിറയെ കാദംബരി ദേവിയുടെ ചിത്രങ്ങളാണ്. ചെറുപ്പകാലം മുതലുള്ളത്. രണ്ടു മൂന്ന് ചിത്രങ്ങൾ മുത്തച്ഛന് ഒപ്പമുള്ളതും ഉണ്ട്. ഞാൻ അപ്പോൾ ഹതഭാഗ്യയായ അമ്മമ്മയെ പറ്റി ഓർത്തു. മുത്തച്ഛനൊപ്പമുള്ള ചിത്രത്തിൻറെ അരികിലെത്തി ഞാൻ നോക്കി നിന്നു.

അടിച്ചു. അവരുടെ ആയ ആവും ഒരു സ്ത്രീ വാതിൽ തുറന്നു.

‘കാദംബരി മാമിനെ ഒന്ന് കാണാനായി വന്നതാണ്‘. ഞാൻ പ്രത്യേകിച്ച് മുഖവുരകളൊന്നുമില്ലാതെ പറഞ്ഞു.

‘ആരാണ്? എവിടെ നിന്നാണ്?‘; അവർ തിരക്കി.

‘ഗോപിനാഥമേനോൻറെ മകളുടെ മകൾ നന്ദന ആണ്‘;.

‘ഇരിയ്ക്കൂ‘. അവർ വരാന്തയിലെ ചൂരൽകസേരകളിൽ ഒന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് പറഞ്ഞിട്ട് അകത്തേയ്ക്ക് പോയി. അൽപ്പനേരം കഴിഞ്ഞപ്പോൾ അവർ തിരിച്ചെത്തി.

‘അകത്തേയ്ക്ക് ചെല്ലാൻ പറഞ്ഞു‘ ഞാൻ അവരെ പിന്തുടർന്നു. കയറി ചെല്ലുന്ന മുറി നിറയെ കാദംബരി ദേവിയുടെ ചിത്രങ്ങളാണ്. ചെറുപ്പകാലം മുതലുള്ളത്. രണ്ടുമൂന്ന് ചിത്രങ്ങൾ മുത്തച്ഛന് ഒപ്പമുള്ളതും ഉണ്ട്. ഞാൻ അപ്പോൾ ഹതഭാഗ്യയായ അമ്മമ്മയെ പറ്റി ഓർത്തു. മുത്തച്ഛനൊപ്പമുള്ള ചിത്രത്തിൻറെ അരികിലെത്തി ഞാൻ നോക്കി നിന്നു.

‘പത്ത് വർഷം മുൻപുള്ള ഫോട്ടോ ആണ്‘. പുറകിൽ നിന്നും ചിലമ്പിച്ച ശബ്ദം കേട്ട് ഞാൻ തിരിഞ്ഞു. കാദംബരി ദേവി! മുത്തശ്ശിക്കഥയിലെ യക്ഷിയെ പോലെ സൗന്ദര്യസ്വരൂപിണിയായ കാദംബരി ദേവി. പക്ഷെ മുൻപിൽ നിൽക്കുന്നതോ തൻറെ സൗന്ദര്യമെല്ലാം അപ്രത്യക്ഷമായി തീർന്ന ഒരു പാവം രോഗിണി. ഞാൻ അന്ധാളിച്ചു.

‘നന്ദന ഇരിയ്ക്കൂ‘

അവരുടെ ശബ്ദം ക്ഷീണിതമായിരുന്നു. പത്രവാർത്തയിലെ ഫോട്ടോയിൽ കണ്ട സമൃദ്ധമായ മുടി അപ്രത്യക്ഷമായിരുന്നു. ശിരോചർമ്മം തെളിഞ്ഞു കാണാം. എനിയ്ക്ക് അവരോട് അനുകമ്പ തോന്നി. ഒപ്പം ആർദ്രതയും. ഒരു കൊച്ചുകുട്ടിയെ നോക്കുന്ന കൗതുകത്തോടെ ഞാൻ അവരെ നോക്കിയിരുന്നു.

അവരുടെ ശബ്ദം ക്ഷീണിതമായിരുന്നു. പത്രവാർത്തയിലെ ഫോട്ടോയിൽ കണ്ട സമൃദ്ധമായ മുടി അപ്രത്യക്ഷമായിരുന്നു. ശിരോചർമ്മം തെളിഞ്ഞുകാണാം. എനിയ്ക്ക് അവരോട് അനുകമ്പ തോന്നി. ഒപ്പം ആർദ്രതയും. ഒരു കൊച്ചുകുട്ടിയെ നോക്കുന്ന കൗതുകത്തോടെ ഞാൻ അവരെ നോക്കിയിരുന്നു.

‘രണ്ട് കീമോ കഴിഞ്ഞു. എൻറെ സഹോദരനും ഭാര്യയും ആണ് സഹായത്തിനുള്ളത്. എനിയ്ക്ക് സുഖമില്ലാതായതിനുശേഷം അവർ ഇവിടെ തന്നെയുണ്ട്. ഇന്നലെ ഒരത്യാവശ്യം വന്നപ്പോൾ തറവാട്ടിലേക്ക് പോയതാണ്. ഇനി രണ്ടുദിവസം കഴിയും വരാൻ‘;.

‘രമേ, ചായ എടുത്തോളൂ‘ അവർ അകത്തേയ്ക്ക് നോക്കി ജോലിക്കാരിയോട് പറഞ്ഞു.

‘നന്ദനയുടെ മുത്തച്ഛന് ഏറ്റവും ഇഷ്ടമുള്ള രണ്ട് കാര്യങ്ങൾ സംഗീതവും കടലും ആയിരുന്നു. ഞങ്ങൾ കൂടുതൽ സമയവും ഒരുമിച്ച് യാത്ര ചെയ്തിട്ടുള്ളത് കടൽ കാണാനാണ്. പിന്നെ എനിയ്ക്കൊപ്പം സംഗീതകച്ചേരികൾക്കും. നന്ദനയുടെയും അമ്മയുടെയും കാര്യം എപ്പോഴും പറയുമായിരുന്നു. നന്ദന ഇപ്പോൾ വളർന്ന് കാണും.

വലിയ കുട്ടിയായിട്ടുണ്ടാവും എന്നെല്ലാം. ചില സമയത്ത് എന്നോട് പോലും ഒന്നും സംസാരിയ്ക്കാതെ ഏതെങ്കിലും മൂലയിൽ ചിന്തിച്ച് ഇരിയ്ക്കുന്നതുകാണാം. ഞാൻ ശല്യം ചെയ്യാൻ പോവില്ല. മരിയ്ക്കുന്ന സമയത്ത് ഒരാഗ്രഹമേ എന്നോട് പറഞ്ഞുള്ളൂ.

നിൻറെ കച്ചേരി കേൾക്കണം എന്ന്. സുഖമില്ലാതിരുന്നിട്ടും ഞാൻ വിലക്കിയിട്ടും കച്ചേരിയ്ക്ക് വന്നു. മടങ്ങുന്ന വഴി ആയിരുന്നു മരണം‘;. ജോലിക്കാരി ചായയുമായെത്തി. ഞാൻ ചായക്കപ്പുമെടുത്ത് ആ മുറിയിലൂടെ നടന്നു. ഫോട്ടോകൾ ശ്രദ്ധിച്ചു കണ്ടു. ഉത്തരേന്ത്യയിലെ ഏതോ കടൽത്തീരത്ത് നിൽക്കുന്ന ഫോട്ടോയിൽ മുത്തച്ഛനെയും കാദംബരി അമ്മയെയും ഭരത്ഗോപിയെയും ശ്രീവിദ്യയെയും പോലെ തോന്നിച്ചു. രണ്ടാൾക്കും ഉണ്ട് മറ്റവരുടെ അസ്സൽ ഛായ.

പിന്നെയുള്ള പല ഫോട്ടോസും കാദംബരി അമ്മയുടെ സംഗീതക്കച്ചേരികളുടെതാണ്.

കാദംബരി അമ്മ പിന്നെയും ഒരുപാട് നേരം സംസാരിച്ചു. തൻറെ സഹോദരനെ പറ്റി, അവരുടെ ഏകമകനെ പറ്റി, നാട്ടിലെ തറവാടിനെ പറ്റി, അസുഖം വന്നതോടെ തനിയ്ക്ക് നഷ്ടമായ സംഗീതത്തെ പറ്റി..... എന്നിൽ അലിവും ആർദ്രതയും നിറഞ്ഞു.

ഞാൻ അവരുടെ തെളിഞ്ഞ തലയിൽ വിരലോടിച്ചു. അവരുടെ മൂർദ്ധാവിൽ ചുംബിച്ചു. സാഹചര്യങ്ങളല്ലേ മനുഷ്യരിലെ ശരി തെറ്റുകളെ നിർണയിക്കുന്നത്.... ആരും പൂർണരല്ലല്ലോ. ഞാൻ അവരുടെ മടിയിൽ തല ചായ്ച്ചു. അവരുടെ വിരലുകൾ എൻറെ മുടിയിഴകളിലൂടെ സഞ്ചരിച്ചു. അവരുടെ കണ്ണുനീർ എൻറെ മുടിയിഴകളെ നനയിച്ചു.

‘ഇനി എത്ര നാൾ കൂടി ഉണ്ടാവും എൻറെ ആയുസ്സ് എന്ന് തിട്ടമില്ല. മോളെ കാണുവാൻ കഴിഞ്ഞത് ഭാഗ്യം. സരസ്വതിയ്ക്ക് എന്നോട് വെറുപ്പ് ആവും അല്ലേ?‘;

ആണെന്നോ അല്ലെന്നോ ഞാൻ മറുപടി പറഞ്ഞില്ല. പകരം അവരുടെ കൈകളിൽ മൃദുവായി ഞാൻ കൈചേർത്തു.

‘ആയുസ്സ് ഒന്നും നമ്മൾ തീരുമാനിക്കുന്നതുപോലെ അല്ലല്ലോ. ഞാൻ പ്രാർത്ഥിക്കാം‘;. എൻറെ തൊണ്ടയിടറി. ഏതോ ജ?ാന്തരബന്ധത്തിൻറെ അദൃശ്യമായ നൂലിഴകൾ കൊണ്ട് ഞാനും അവരും തമ്മിൽ ബന്ധിയ്ക്കപ്പെട്ടിരിക്കുന്നതായി തോന്നി.

‘ഇനിയും വരണം‘;. ഇറങ്ങാൻ നേരം അവർ പറഞ്ഞു. ഞാൻ തലയാട്ടി. വീടിന് അടുത്തുള്ള ഭഗവതിക്കാവിൽ ഉത്സവമാണ്. കുട്ടിക്കാലം മുതൽ എല്ലാ വർഷവും മുടങ്ങാതെ കൂടുന്നതാണ് കാവിലെ ഉത്സവം. കുട്ടിക്കാലത്ത് അമ്മയുടെയും അമ്മമ്മയുടെയും വിരൽത്തുമ്പിൽ തൂങ്ങിയാണ് ഉത്സവം

കൂടാൻ പോവാറുള്ളത്. രണ്ട് ദിവസം മുൻപ് കാവിൽ പോയി കാദംബരി ദേവി അമ്മയുടെ രോഗശാന്തിയ്ക്കും ആയുസ്സിനും വേണ്ടി രഹസ്യമായി പ്രാർത്ഥിച്ചു. അമ്മ കുട്ടിക്കാലത്ത് അമ്മമ്മയുടെയും മുത്തച്ഛൻറെയും ഒപ്പം ഉത്സവം കൂടാൻ പോകുമായിരുന്ന കഥകൾ പറഞ്ഞിട്ടുണ്ട്.

മുത്തച്ഛൻ അന്ന് വാങ്ങിക്കൊടുത്ത ചന്ദനനിറത്തിലുള്ള വളകൾ അമ്മ ഇപ്പോഴും പഴയ പെട്ടിയ്ക്ക് ഉള്ളിൽ സൂക്ഷിച്ചിട്ടുണ്ട്. തൊടിയിലെ കുളത്തിലെ കുളി കഴിഞ്ഞ് സെറ്റും മുണ്ടും ഉടുത്താണ് അമ്മയ്ക്കും അമ്മമ്മയ്ക്കും ഒപ്പം ഉത്സവത്തിന് പോയത്.

മുത്തച്ഛനും അമ്മമ്മയും കല്യാണം കഴിഞ്ഞ് ആദ്യമായി ഒരുമിച്ച് പോയ ക്ഷേത്രവും ഈ ഭഗവതിക്കാവ് ആണ്. കലാപരിപാടികളെല്ലാം കഴിഞ്ഞ് തിരികെ എത്തിയപ്പോൾ രാത്രി ഒരുപാടായി.

'ആദ്യായിട്ട് നിൻറെ മുത്തച്ഛന് ഒപ്പം ഉത്സവം കൂടാൻ വന്നിട്ട് തിരിച്ചുപോന്നപ്പോൾ ഇതുപോലെ ഇരുട്ടായിരുന്നു. അന്ന് ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ ആണ് മടങ്ങിയത്', ടോർച്ചിൻറെ വെളിച്ചത്തിൽ നടക്കുമ്പോൾ അമ്മമ്മ പറഞ്ഞു.

തിരികെ വീട്ടിൽ എത്തിയിട്ടും ഉറക്കം വന്നില്ല. മുകളിലത്തെ എൻറെ മുറിയിലെ ജനലഴികളിലൂടെ പുറത്തേയ്ക്ക് നോക്കിയിരിക്കുവാൻ പണ്ടേ ഒരുപാടിഷ്ടമാണ്. ഇവിടെ നിന്നും നോക്കിയാൽ മുന്നിൽ തൊടിയും ദൂരത്തായി കുളവും കാണാം. അമ്മയും അമ്മമ്മയും താഴത്തെ മുറികളിലാണ് ഉറങ്ങാറ് പതിവ്. ക്ഷീണം കാരണം ഉടുത്തു കൊണ്ട് പോയ സെറ്റും മുണ്ടും മാറ്റുവാൻ മടി തോന്നി.

ജനലഴികളോട് ചേർന്നിരുന്ന് ഞാൻ രാത്രിയുടെ നിശബ്ദത ആസ്വദിച്ചു. പുറത്ത് നേർത്ത നിലാവെളിച്ചം ഉണ്ട്. അൽപ്പനേരം കഴിഞ്ഞപ്പോൾ തൊടിയിലെ കവുങ്ങ് മരങ്ങൾക്കിടയിലൂടെ ആരോ നീങ്ങുന്നതായി തോന്നി.

ആരാണ് ഈ രാത്രിയിൽ? ഞാൻ സൂക്ഷിച്ചു നോക്കി. അമ്മമ്മയാണല്ലോ അത്. ഞാൻ ചുമരിലെ ക്ലോക്കിലേക്ക് നോക്കി. സമയം രണ്ടുമണി ആവാറായി. രാത്രിയെന്നാണോ വെളുപ്പാൻ കാലം

എന്നാണോ പറയേണ്ടത്... എന്നാലും അമ്മമ്മ എന്തിനാണ് ഈ അസമയത്ത്... ഒറ്റയ്ക്ക്..... ഞാൻ മുകളിലത്തെ നിലയുടെ കോവണിപ്പടികളിറങ്ങി. ചെറിയ ടോർച്ച് കയ്യിലെടുത്തു. ശബ്ദമുണ്ടാക്കാതെ ഞാൻ മുന്നോട്ട് നടന്നു. എൻറെ ഊഹം തെറ്റിയില്ല.

അമ്മമ്മ കുളത്തിൻറെ പടവിൽ ഇരിയ്ക്കുന്നു. ഞാൻ വന്നത് അമ്മമ്മ അറിയാതെ ഇരിയ്ക്കുവാൻ ഞാൻ ശ്രദ്ധിച്ചു. അൽപ്പം ദൂരെ കവുങ്ങിൻറെ മറവിൽ നിന്നു. പക്ഷെ നിലാവെളിച്ചത്തിൽ അമ്മമ്മയെ എനിയ്ക്ക് കാണാമായിരുന്നു. തൻറെ കയ്യിലിരിക്കുന്ന കല്ലുകൾ അമ്മമ്മ കുളത്തിലേക്ക് എറിഞ്ഞു. രാത്രിയുടെ കനത്ത നിശബ്ദതയിൽ കുളത്തിൻറെ ആഴങ്ങളിൽ നിന്നും ശബ്ദം ഉയർന്നുപൊങ്ങി. ഞാൻ ശബ്ദം ഉണ്ടാക്കാതെ അൽപ്പം കൂടി മുന്നോട്ട് നടന്നു. അമ്മമ്മ എന്തോ പിറുപിറുക്കുന്നതായി എനിയ്ക്ക് അനുഭവപ്പെട്ടു. അമ്മമ്മയുടെ മുടിക്കെട്ട് അഴിഞ്ഞുവീണു. കല്ലുകൾ

കുളത്തിൻറെ ആഴങ്ങളിലേക്ക് പതിച്ചു.

'പിശാചിനി!',പിശാചിനി!'; അമ്മമ്മ വെറുപ്പും ആത്മരോഷവും കലർന്ന ശബ്ദത്തിൽ മന്ത്രിച്ചുകൊണ്ടിരുന്നു. ഞാൻ നടുങ്ങി. എൻറെ കൈകാലുകൾ തളർന്നു.

അമ്മമ്മയുടെ അരികിലേക്ക് ചെല്ലാനും ചേർത്തണയ്ക്കുവാനും ഞാൻ ആഗ്രഹിച്ചു. പക്ഷെ എനിയ്ക്ക് ഭയം തോന്നി. ഞാൻ അശക്തയായി. മനസ്സിലും ആത്മാവിലും നിറയെ മുറിവുകൾ പേറുന്ന ഒരു പിശാചിനിയാണ് എൻറെ അമ്മമ്മ എന്ന് എനിയ്ക്ക് തോന്നി. ഞാൻ തിരികെ നടന്നു. രാത്രി എനിയ്ക്ക് ചുറ്റും ഒരു പിശാചിനിയായി വളർന്നു.

ദിവസം മുൻപ് കാവിൽ പോയി കാദംബരി ദേവി അമ്മയുടെ രോഗശാന്തിയ്ക്കും ആയുസ്സിനും വേണ്ടി രഹസ്യമായി പ്രാർത്ഥിച്ചു. അമ്മ കുട്ടിക്കാലത്ത് അമ്മമ്മയുടെയും മുത്തച്ഛൻറെയും ഒപ്പം ഉത്സവം കൂടാൻ പോകുമായിരുന്ന കഥകൾ പറഞ്ഞിട്ടുണ്ട്. മുത്തച്ഛൻ അന്ന് വാങ്ങിക്കൊടുത്ത ചന്ദനനിറത്തിലുള്ള വളകൾ അമ്മ ഇപ്പോഴും പഴയ പെട്ടിയ്ക്ക് ഉള്ളിൽ സൂക്ഷിച്ചിട്ടുണ്ട്



# Got into an accident?
# NEVER TO WORRY





CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!



പെയിന്റിംഗ്: അമീൻ ഖലീൽ

ജൂറി അവാർഡ് നേടിയ കഥ

# നോവ് പടർന്നൊരു നോമ്പോർമ്മ...



ഹസ്ന. വി.പി.

ഹസ്ന വി പി കഥകളും കവിതകളും എഴുതുന്നു . തുവ്വൂർ ഹിറ പബ്ലിക് സ്കൂളിലെ ഹിന്ദി അദ്ധ്യാപിക. തനിമ നടത്തിയ കഥാ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്.

'മാസം കണ്ടൂന്ന് !അപ്പോ നാളെ റമളാൻ ഒന്ന്.. പള്ളിക്കലേന്നതാ വിളിച്ചു പറയ്ണ്.. കേട്ടില്ലേ? ഇത്ത വളരെ സന്തോഷത്തോടെയാണ് ഹബീബിനോടത് പറഞ്ഞത്.അവൾക്കുള്ള മറുപടിയായി അവൻ ഒരു ചെറു പുഞ്ചിരിയോടെ തല കുലുക്കിയെങ്കിലും റമളാൻ എന്നു കേൾക്കുമ്പോൾ പണ്ടത്തെ പോലെ പുണ്യങ്ങളുടെ പൂക്കാലമെന്നോ ലൈലത്തുൽ ഖദ്റെന്നോ ഒന്നുമായിരുന്നില്ല ഹബീബിൻറെ മനസ്സിൽ തെളിയുന്നത്.പകരം വെളുത്ത മക്കനക്കുള്ളിൽ അതിനോളം വെളുത്ത മുഖവുമായി പ്രസരിപ്പോടെ നിറഞ്ഞു നിന്ന കുഞ്ഞാനുമ്മയുടെ മുഖമായിരുന്നു.വാത്സല്യത്തിൻറെ തലോടലേകിയ ആ കരങ്ങളായിരുന്നു..

അവൻ ഒരു നിമിഷം കണ്ണുകൾ അടച്ച് ആ വിങ്ങുന്ന ഓർമ്മകളുടെ വഴിത്താരകളിലൂടെ പതിയെ നടന്നു..ഇന്നത്തെ ഇരുപതുകാരനായ ഹബീബായിട്ടല്ല..ആ പഴയ നാലാം ക്ലാസുകാരനായിട്ട്...

ഉമ്മ പറഞ്ഞു കേട്ട ഉമ്മയുടെ തന്നെ ജീവിത കഥയിലെ ഏറ്റവും വില്ലത്തിയായ കഥാപാത്രമായിരുന്നു കുഞ്ഞാനുമ്മ..! അന്നൊരിക്കൽ ഉമ്മ തന്നെ ധൃതിയിൽ സ്കൂളിലേക്ക് പറഞ്ഞയക്കാനൊരുങ്ങുമ്പോൾ വീടിന്റെ മതിലിനു പുറത്തു നിന്ന് അകത്തേക്കു തന്നെ തുറിച്ച് നോക്കി നിൽക്കുന്ന രണ്ടു പെൺകുട്ടികളുടെ ചിത്രമാണ് ആദ്യം ഹബീബിന്റെ ഓർമ്മയിൽ തെളിഞ്ഞത്.വെളുത്ത് മെലിഞ്ഞ് എല്ലുന്തിയ രണ്ടു ദരിദ്ര രൂപങ്ങൾ.അതിലൊരാളെ സ്കൂളിൽ വെച്ച് പലപ്പോഴും അവൻ കാണാറുണ്ട്.

> **റമളാൻ എന്നു കേൾക്കുമ്പോൾ പണ്ടത്തെ പോലെ പുണ്യങ്ങളുടെ പൂക്കാലമെന്നോ ലൈലത്തുൽ ഖദ്റെന്നോ ഒന്നുമായിരുന്നില്ല ഹബീബിൻറെ മനസ്സിൽ തെളിയുന്നത്. പകരം വെളുത്ത മക്കനക്കുള്ളിൽ അതിനോളം വെളുത്ത മുഖവുമായി പ്രസരിപ്പോടെ നിറഞ്ഞു നിന്ന കുഞ്ഞാനുമ്മയുടെ മുഖമായിരുന്നു. വാത്സല്യത്തിൻറെ തലോടലേകിയ ആ കരങ്ങളായിരുന്നു..**

അവരുടെ കണ്ണുകളിലെപ്പോഴും ഒരപേക്ഷാ ഭാവമുണ്ടായിരുന്നു.വിളർച്ച ബാധിച്ചതെങ്കിലും മുഖത്ത് എന്തോ ഒരാകർഷണം തെളിഞ്ഞു നിന്നിരുന്നു..തന്റെ യൂണിഫോമിന്റെ ബട്ടൻസിടുന്നതിനിടയിൽ ഒരു വേള ഉമ്മ അവരെ കണ്ടെന്ന് തോന്നി.അല്ല..അതൊരു തോന്നലല്ല.ഉമ്മ അവരെ ശരിക്കും കണ്ടിരുന്നു.പക്ഷേ കണ്ടിട്ടും കാണാത്ത ഭാവം നടിക്കുകയായിരുന്നു..

' ഉമ്മാ..അവിടെ ആരാണ്ട് വന്നിട്ടുണ്ട് '..

താൻ പറഞ്ഞത് കേട്ടപ്പോൾ മാത്രം ഉമ്മ പുറത്തേക്ക് നോക്കി.അവരെ ആദ്യമായ് കാണുന്നത് പോലെ..

' എന്താ വേണ്ടത്?'

ഉമ്മയുടെ സ്വരത്തിന് അത്രയും കടുപ്പമുണ്ടായി കേൾക്കുന്നത് അന്നാദ്യമായായായിരുന്നു..

അവർ എന്തായാലും പേടിച്ചു പോയിട്ടുണ്ടാവാം..

'ഉപ്പ...ഉപ്പ അകത്തുണ്ടോ'

വളരെ വളരെ വിനയത്തോടെ, അതിലേറെ ഭയത്തോടെയുമാണ് അതിൽ മുതിർന്നതെന്ന് തോന്നിക്കുന്ന കുട്ടി ആ ചോദ്യം ചോദിച്ചത്..

' നിങ്ങളുടെ ഉപ്പയൊന്നും ഇവിടെയില്ല.വേഗം തിരിച്ച് വീട്ടിൽ പോവാൻ നോക്ക്.'

ഉമ്മ മുഖം ചുവപ്പിച്ച് അലറുകയായിരുന്നു

അന്ന് കരഞ്ഞ് കൊണ്ട് ഒന്നും മിണ്ടാതെ പടിയിറങ്ങിപ്പോയ ആ നിരാശയുടെ നിഴൽ രൂപങ്ങൾ തന്റെ മനസ്സിന്റെ അഗാധതയിലെവിടെയോ പതിഞ്ഞു കിടന്നിരുന്നില്ലേ? അവൻ സ്വയം ചോദിച്ചു..

അവരിറങ്ങിയതിനു പിന്നാലെ ബാഗും തൂക്കി ഉറ്റ ചങ്ങാതി ആഷിക്കിന്റെ കൂടെ വേഗത്തിൽ സ്കൂളിലേക്ക് നടക്കുമ്പോൾ വഴിയരികിൽ ശബ്ദമില്ലാതെ കരഞ്ഞു കൊണ്ട് നോവിന്റെ നിർവചനം പോലെ പതിയെ നടന്നു നീങ്ങുന്ന അവരെ വീണ്ടും കണ്ടു മുട്ടിയിരുന്നു.അപ്പോൾ മാത്രം അവർക്ക് മുന്നിൽ വഴികാട്ടിയായി വെളുത്ത തട്ടവും പുതച്ച് കുഞ്ഞാനുമ്മയുണ്ടായിരുന്നു.അവർ പുഞ്ചിരിയിൽ പൊതിഞ്ഞ ആശ്വാസ വാക്കുകളാൽ ആ കുട്ടികളെ സമാധാനിപ്പിച്ച് കൊണ്ടേയിരുന്നിരുന്നു.തന്നെ കാണുമ്പോഴൊക്കെ അവർ കൗതുകത്തോടെ നോക്കി ചിരിക്കാറുണ്ടായിരുന്നു. താൻ പക്ഷേ, അവർക്കൊരു പുഞ്ചിരിയും തിരിച്ച് കൊടുത്തില്ല.പകരം രൂക്ഷമായ ദൃഷ്ടികൾ കൊണ്ട് അവരെ ദഹിപ്പിക്കാൻ മാത്രം ശ്രമിച്ചു.എങ്കിലും അപൂർവ്വം ചില നിമിഷങ്ങളിൽ അറിയാതെ ചിന്തിച്ച് പോവാറുണ്ട്, ഈമാനിന്റെ പ്രകാശം വാരി വിതറും പോലുള്ള ആ മന്ദ സ്മിതത്തിന്റെ ഉടമക്ക് ഉമ്മ പറഞ്ഞത് പോലൊരു വില്ലൻ വേഷം എങ്ങനെ ചേരുമെന്ന്..!

പിന്നെയും പലയിടങ്ങളിലും വച്ച് ഒരുപാട് തവണ അവരെ വീണ്ടും കണ്ടു. .പൊരിവെയിലിൽ തലയിൽ കരിങ്കല്ലുമായി വിയർത്തൊലിച്ച് നടന്നു നീങ്ങുമ്പോഴും ഒരു വെയിലിനും മായ്ക്കാൻ സാധിക്കാത്തൊരു നിശ്ചയ ദാർഢ്യത്തിന്റെ ആ പുഞ്ചിരി തനിക്ക് സമ്മാനിക്കാൻ അവർ മറക്കാതിരുന്നത് എന്തു കൊണ്ടാവും?

പടിക്കൽ ആ പെൺകുട്ടികളുടെ തലവെട്ടം കാണുമ്പോഴേക്കും ഉമ്മയുടെ പ്രേരണയോടെ ഉപ്പച്ചിയിവിടെ ഇല്ലെന്ന് എത്രയോ തവണ താനവരോട് കള്ളം പറഞ്ഞിട്ടുണ്ട്..അപ്പോഴെല്ലാം അകത്തെ മുറിയിൽ ഇതൊന്നുമറിയാതെ ഉപ്പ കൂർക്കം വലിച്ചുറങ്ങുകയായിരുന്നു..വിഷാദം ഇരുൾ പടർത്തിയ മുഖത്തോടെ അവർ തിരിഞ്ഞു നടക്കുമ്പോൾ മനസ്സിലെന്തോ ഒരു



സംതൃപ്തി നിറഞ്ഞു നിന്നിരുന്നില്ലേ?..ഒരു പക്ഷേ, താൻ മാത്രം അധികാരത്തോടെ ഉപ്പയെന്ന് വിളിക്കുന്ന ആ വ്യക്തിയെ അതേ പേരിട്ട് അത്രയും സ്വാതന്ത്ര്യത്തോടെ , അവരന്വേഷിക്കുന്നത് കൊണ്ടുള്ള കുശുമ്പാവാം..എന്നിരുന്നാലും ഒരിക്കൽ പോലും ഉമ്മയോടോ ഉപ്പയോടോ അവരാരാണെന്നൊരു ചോദ്യം താനൊരിക്കലും ചോദിച്ചില്ല.

ഒരിക്കൽ ടൈഫോയ്ഡ് ബാധിച്ച് ഹോസ്പിറ്റലിലായ ആ മൂത്ത പെൺകുട്ടിയുടെ ചികിത്സക്ക് അവരെ ഏൽപ്പിക്കാൻ ഉപ്പ തന്റെ കൈയിൽ തന്നയച്ച പണം നിർദാക്ഷിണ്യം താനും ഉമ്മയും കൂടെ പങ്കിട്ടെടുത്തതും കുഞ്ഞാനുമ്മയെ വഴിയിൽ വെച്ച് കാണുമ്പോഴൊക്കെ

ഉമ്മയുടെ നിർദ്ദേശ പ്രകാരം ഉരുളൻ കല്ല് പെറുക്കി എറിഞ്ഞതും തിരിച്ചറിവില്ലാത്ത ബാല്യത്തിന്റെ കുസൃതികൾ മാത്രമായിരുന്നില്ല..ഒരേഴു വയസ്സുകാരന്റെ പക്വതയില്ലാത്ത ലോകത്തെ ഏറ്റവും വലിയ ശരി അവന്റെ ഉമ്മ മാത്രമായിരിക്കുമെന്നതും അവർ നയിക്കുന്ന വഴികൾ സത്യത്തിന്റേതാവുമെന്ന് അവൻ തെറ്റിദ്ധരിക്കുമെന്നതും ഒരു പ്രധാന കാരണമാണ്..

പിന്നീടെപ്പോഴാണ് തന്റെ ശരികളുടെ കൊട്ടാരം മുഴുവൻ നിർമ്മിക്കപ്പെട്ടത് തെറ്റുകളുടെ അടിത്തറകൾക്ക് മുകളിലാണെന്ന സത്യം താൻ മനസ്സിലാക്കിയത്?

ഹബീബ് ഓർത്തെടുക്കാൻ ശ്രമിച്ചു. .

ഒരിക്കൽ ആഷിക്കുമൊത്ത് ടൗണിൽ നിന്നും വീട്ടിലേക്ക് നടക്കുമ്പോൾ വഴിയിൽ വെച്ച് വീണ്ടും ആ മുഖം കണ്ടു. താനെറിഞ്ഞ കല്ല് കൊണ്ടുണ്ടായ മുറിവിന്റെ പാട് അവരുടെ വെളുത്ത നെറ്റിയിൽ അപ്പോഴും മായാതെ കിടക്കുന്നുണ്ടായിരുന്നു.എന്നിട്ടും തന്നെ കണ്ടപ്പോൾ തെളിച്ചമില്ലാത്തൊരു പുഞ്ചിരി അവരുടെ ചുണ്ടുകളിൽ വിടർന്നെന്ന് തോന്നി. .താനുണ്ടാക്കിയ ആ മുറിവിനെ കുറിച്ച് തന്നക്കാൾ നാല് വയസ്സിന് മുതിർന്നവനായ ആഷിക്കിനോട് വീരവാദം പറഞ്ഞു കൊണ്ടിരുന്നപ്പോഴാണ് തന്നെ ഒരുപാട് ചിന്തിപ്പിച്ച , താനൊഴിച്ച് മറ്റെല്ലാവരും മനസ്സിലാക്കിയ ആ സത്യം ഒരു ചോദ്യമായി അവൻ തന്റെ നേരെ ഉന്നയിച്ചത്..

> **അവരിറങ്ങിയതിനു പിന്നാലെ ബാഗും തൂക്കി ഉറ്റ ചങ്ങാതി ആഷിക്കിന്റെ കൂടെ വേഗത്തിൽ സ്കൂളിലേക്ക് നടക്കുമ്പോൾ വഴിയരികിൽ ശബ്ദമില്ലാതെ കരഞ്ഞു കൊണ്ട് നോവിന്റെ നിർവചനം പോലെ പതിയെ നടന്നു നീങ്ങുന്ന അവരെ വീണ്ടും കണ്ടു മുട്ടിയിരുന്നു. അപ്പോൾ മാത്രം അവർക്ക് മുന്നിൽ വഴികാട്ടിയായി വെളുത്ത തട്ടവും പുതച്ച് കുഞ്ഞാനുമ്മയുണ്ടായിരുന്നു. അവർ പുഞ്ചിരിയിൽ പൊതിഞ്ഞ ആശ്വാസ വാക്കുകളാൽ ആ കുട്ടികളെ സമാധാനിപ്പിച്ച് കൊണ്ടേയിരുന്നിരുന്നു**

‘ താനെന്തിനാടാ അവരെ കാണുമ്പോഴൊക്കെ ഇങ്ങനെ ഉപദ്രവിക്കാൻ ശ്രമിക്കുന്നത്? നിന്റെ ഉമ്മയല്ലേ ആ പാവം സ്ത്രീയുടെ ഭർത്താവിനെ തട്ടിയെടുത്തത്?അതിനു ശേഷം ആ രണ്ടു പെൺമക്കളെ നിന്റെ ഉപ്പ തിരിഞ്ഞു നോക്കിയിട്ടില്ല.അവരെത്ര കഷ്ടപ്പെട്ടാണ് മക്കളെ വളർത്തുന്നതെന്നറിയാമോ? ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പെടാപാട് പെടുന്നതിനിടയിൽ ഒരു കൈ സഹായത്തിനു വേണ്ടി ജനിപ്പിച്ച പിതാവിന്റെ വീടിനു മുന്നിൽ കൈ നീട്ടി ഇരക്കാൻ വരുന്ന ആ പെൺകുട്ടികളുടെ മാനസികാവസ്ഥ നീ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളവർക്ക് ഉപകാരമൊന്നും ചെയ്തില്ലെങ്കിലും കാണുമ്പോൾ ഉപദ്രവിക്കാതിരിക്കാനെങ്കിലും ശ്രമിച്ചൂടെ!?‘

അവന്റെ ചോദ്യങ്ങൾ അപ്പാടെ വന്നു പതിച്ചത് തന്റെ തലച്ചോറിലാണ്..അന്നു മനസ്സിലാക്കിയ ആ ശരികൾ സൃഷ്ടിച്ച കുറ്റബോധം ഉള്ളിൽ കിടന്നു വിങ്ങി വിങ്ങി എത്രയോ ദിനരാത്രങ്ങൾ..

ഉപ്പയുടെ മരണ ശേഷം തനിച്ചാണെന്നുള്ള ഉമ്മയുടെ വാക്കുകൾ മുഖവിലക്കെടുക്കാതെ ഹോസ്റ്റലിലേക്ക് മാറിയത് ഉമ്മയോടുള്ള വെറുപ്പൊന്ന് കൊണ്ട് മാത്രമായിരുന്നു..ഒടുവിൽ ദൈവത്തിന്റെ ക്രൂരമായ പരീക്ഷണം ഭൂമിയിൽ നിന്നു തന്നെ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടത് പോലെ കാൻസർ ബാധിതയായി ഉമ്മ എത്രയോ നാൾ നരകിച്ചു കിടന്നു .അവരുടെ സന്തോഷകരമായ കുടുംബ ജീവിതം തകർത്തത് താനാണെന്ന കുറ്റബോധം വൈകിയെത്തിയൊരു തിരിച്ചറിവായി ഉമ്മയുടെ കണ്ണുകളെ നനച്ചപ്പോൾ താനവരുടെ തെറ്റുകളെല്ലാം മറന്ന് പോയി..അന്നുമ്മയുടെ ആഗ്രഹം പൂർത്തീകരിക്കാനായി കുഞ്ഞാനുമ്മയെ കണ്ടെത്താൻ താനാവതു ശ്രമിച്ചെങ്കിലും നിരാശയായിരുന്നു ഫലം. വേദനകൾ മാത്രം സമ്മാനിച്ച ഈ നാടു വിട്ട് അവരവരുടെ ജന്മദേശത്തേക്ക് പോയെന്ന് മാത്രം അറിയാൻ സാധിച്ചു. ..

ഉപ്പൂപ്പയുടെ തടി മില്ലിലേക്ക് ജോലിക്കു വന്ന ഉപ്പക്ക് മറ്റൊരു കുടുംബമുണ്ടെന്നറിഞ്ഞിട്ടും ഉമ്മ പ്രണയിച്ചതും ഒടുവിലൊരുപാട് വിപ്ലവങ്ങൾ സൃഷ്ടിച്ച് അവർ വിവാഹിതരായതും കണ്ണുനീരിന്റെ അകമ്പടിയോടെ ആശുപത്രി കട്ടിലിൽ വെച്ച് ഉമ്മ പറഞ്ഞു തന്ന കഥകളായിരുന്നു.

ഉമ്മ മരിച്ച ദിവസമാണ് താൻ തീർത്തും തനിച്ചായത്.അടുത്ത ബന്ധുക്കളെന്ന് പറയാൻ ആരുമില്ലാത്തതും ഉമ്മയുടെ കോളിളക്കം സൃഷ്ടിച്ച വിവാഹം ഉള്ള ബന്ധുക്കളെ തന്നെ ശത്രുക്കളാക്കിയതുമെല്ലാം തന്റെ ഒറ്റപ്പെടലിനുള്ള കാരണങ്ങളായിരീന്നിരിക്കാം..എങ്കിലും ഏഴു ദിവസം കഴിയുന്നത് വരെയൊക്കെ ബന്ധുക്കളിൽ ചിലർ കൂടെയുണ്ടായിരുന്നു.അവരിൽ പലരും തന്നെ അവരുടെ വീട്ടിലേക്ക് കൊണ്ടു പോവാൻ ആവതു ശ്രമിച്ചെങ്കിലും എന്തോ കൂടെ പ്പോവാൻ മനസ്സനുവദിച്ചില്ല.അങ്ങിങ്ങായി ചോർന്നൊലിക്കുന്ന ആ വീടും ഉമ്മയുടെ ഓർമ്മകളും ഇട്ടിട്ടു പോ
വാനുള്ള വിഷമത്തേക്കാളും കൂടെ വിളിച്ച ബന്ധുക്കളിലൊരാളോടും തനിക്ക് പേരിനു പോലും മാനസികമായൊരടുപ്പം ഉണ്ടായിരുന്നില്ലെന്നതാണ് സത്യം.

രാത്രി വരാമെന്ന തന്റെ ഉറപ്പിൽ അവസാനത്തെ ബന്ധുവും പോയ്ക്കഴിഞ്ഞപ്പോൾ മാത്രം താൻ വാവിട്ടു കരഞ്ഞത് ഇന്നും ഓർമ്മയുണ്ട്..

ആ രാത്രി മുഴുവൻ ക്ഷമാപണത്തിന്റെ കണ്ണു
നീർ കൊണ്ട് ഉള്ളിലെ കറകൾ കഴുകി ക്കളഞ്ഞ
തും വീണ്ടും മാതൃ വാത്സല്യത്തിന്റെ ചൂടുള്ള
കരിമ്പടം പുതച്ചുറങ്ങിയതും ഉള്ളിലെ കുളിരുള്ള
ഓർമ്മകളാണ്..അന്ന്...നിറകണ്ണുകളോടെ തന്റെ
വീട്ടു പടിക്കൽ നിന്നും പടിയിറങ്ങിപ്പോയ ആ
ഇത്തമാർക്ക് താനവരുടെ സ്വന്തം കൂടപ്പിറപ്പായി
രുന്നു..സ്നേഹം അതിന്റെ എല്ലാ അർത്ഥത്തിലും
അനുഭവിച്ചറിഞ്ഞ ആ നിമിഷങ്ങളിൽ നിന്നാണ്
ഇന്നത്തെ ഊർജ്ജ സ്വലനായ ഹബീബ്
പിറവിയെടുത്തത്...



അന്ന് , ആ കോരിച്ചൊരിയുന്ന മഴയത്ത്, ദൈവത്തിന്റെ കാരുണ്യ വർഷം പോലെ മുറ്റത്തൊരു വെളുത്ത കാർ വന്നു നിന്നു.അതിൽ നിന്നിറങ്ങി വന്ന സ്ത്രീ രൂപത്തെ ഒറ്റക്കാഴ്ചയിൽ തനിക്കു മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും കുറ്റബോധക്കറ പുരണ്ട മനസ്സിന്റെ അകത്തളങ്ങളിൽ നിന്നും അമ്പിളിക്കല പോലെ തിളങ്ങുന്ന ആ മുഖം ഓർമ്മയിലേക്കോടിയെത്തി..അത് തന്റെ കുഞ്ഞാനുമ്മയായിരുന്നു...!

നിലാവിന്റെ നിറമുള്ള മക്കനക്കു താഴെ തേജസ്സാർന്ന പുഞ്ചിരി നിറച്ച് അവർ തന്നെ കൂടെ വിളിച്ചു. .മറുത്തൊന്നും പറയാതെ തനിക്കുള്ളതെല്ലാം പെറുക്കിയെടുത്ത് അവരോടൊപ്പം ആ മഴയത്തേക്കിറങ്ങി..പനി പിടിക്കുമെന്ന സ്നേഹത്തിന്റെ ചൂടുള്ള ശാസന കേട്ടപ്പോൾ, ആ വാത്സല്യത്തിന്റെ മഴ നനഞ്ഞപ്പോൾ ഉമ്മയെയാണോർമ്മ വന്നത്..

കുഞ്ഞാനുമ്മയുടെ വീട് ഒരു സ്നേഹ ക്കൊട്ടാരമായിരുന്നു.അവരുടെ വിശാലമായ മനസ്സു പോലെ വിശാലമായ ഇടനാഴികളുള്ള ഒരു വലിയ വീട്.. ടൗണിലെ അവരുടെ ആ പഴയ അഞ്ചു സെന്റ് വീടിനടുത്ത് പെട്രോൾ പമ്പും ഷോപ്പിങ് കോംപ്ലക്സുമെല്ലാം ഉയർന്നപ്പോഴാണത്രേ
പൊന്നും വിലയ്ക്ക് അവരാ വീട് വിൽപ്പന നടത്തിയതും അവരുടെ സ്വന്തം നാട്ടിൽ പുതിയ വീടും പറമ്പും വാങ്ങിച്ചതും..

ആ രാത്രി മുഴുവൻ ക്ഷമാപണത്തിന്റെ കണ്ണുനീർ കൊണ്ട് ഉള്ളിലെ കറകൾ കഴുകി ക്കളഞ്ഞതും വീണ്ടും മാതൃ വാത്സല്യത്തിന്റെ ചൂടുള്ള കരിമ്പടം പുതച്ചുറങ്ങിയതും ഉള്ളിലെ കുളിരുള്ള ഓർമ്മകളാണ്..അന്ന്...നിറകണ്ണുകളോടെ തന്റെ വീട്ടു പടിക്കൽ നിന്നും പടിയിറങ്ങിപ്പോയ ആ ഇത്തമാർക്ക് താനവരുടെ സ്വന്തം കൂടപ്പിറപ്പായിരുന്നു..സ്നേഹം അതിന്റെ എല്ലാ അർത്ഥത്തിലും അനുഭവിച്ചറിഞ്ഞ ആ നിമിഷങ്ങളിൽ നിന്നാണ് ഇന്നത്തെ ഊർജ്ജ സ്വലനായ ഹബീബ് പിറവിയെടുത്തത്...

ഒടുവിൽ, ജ്വലിക്കുന്ന ഓർമ്മകൾ മാത്രം ബാക്കിയാക്കി , പെങ്ങന്മാരെ തന്റെ കൈകളിലേൽപ്പിച്ച് കഴിഞ്ഞ റംസാൻ ഇരുപത്തിയേഴിന് തന്റെ മടിയിൽ തല വെച്ച് കിടന്ന് ഒരിക്കലും ഉണരാത്ത ഉറക്കത്തിലേക്കാണ്ടു
പോയ , തന്റെ പ്രിയപ്പെട്ട കുഞ്ഞാനുമ്മയെയല്ലാതെ മറ്റാരെയാണ് താനീ റംസാനിൽ ഓർക്കേണ്ടത്?!

*(ഹസ്ന. വി.പി..കഥകളും കവിതകളും പല മാസികകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുവ്വൂർ ഹിറ പബ്ലിക് സ്കൂളിലെ ഹിന്ദി അദ്ധ്യാപികയാണ്.തനിമ നടത്തിയ കഥാ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. )*

● ചെറുകഥ

ഇ-മലയാളി IV
കഥാമത്സരം 2024
നവീന ഭാവുകത്വത്തിന്റെ ശില്പികൾ



സജിത ചന്ദ്രിക

ജൂറി അവാർഡ് നേടിയ കഥ



വര: മറിയം ജാസ്മിൻ

# രഹസ്യ കുടുക്ക

സജിത ചന്ദ്രിക പാലക്കാട് സ്വദേശി. പൊന്നമ്മ എന്ന കൊലപാതകി, ജ്വാലാമുഖി ( മൂന്നുപതിപ്പുകൾ) എന്നീ കഥാസമാഹാരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിരവധി കഥാസമാഹാരങ്ങളുടെയും, കവിത സമാഹാരങ്ങളുടെയും ഭാഗമായിട്ടുണ്ട്. മാഗസീനുകളിലും ആനുകാലികങ്ങളിലും സജീവമായി എഴുതുന്നു.

അവൾ ആ വീട്ടിലേക്ക് താമസിക്കാനെത്തുന്നത് ആരും ഇതുവരെയും കണ്ടിട്ടില്ലാത്ത ഒരു കുടുക്കയുമായിട്ടായിരുന്നു. അതിൽ മുഴുവൻ രഹസ്യങ്ങളായിരുന്നു. ഒന്ന് കിലുങ്ങിയാൽ പോലും മറ്റുള്ളവരുടെ കാതുകളിലേക്ക് എത്തിച്ചേരുന്നവ. അതീവ സൂക്ഷ്മതയോടെ അവൾ ആ കുടുക്കയെ സുരക്ഷിതമാക്കി വയ്ക്കാനുള്ള ശ്രമങ്ങൾ അനുനിമിഷം നടത്തികൊണ്ടിരുന്നു. ചിന്തകളിൽ എപ്പോഴും ആ കുടുക്കയുടെ സ്ഥാനവും അതിനുള്ളിലെ രഹസ്യങ്ങളും കൃത്യമായൊരു കണക്ക്കൂട്ടലിൽ അവൾക്കൊപ്പം ഉണ്ടായിരുന്നു.ഇടയ്ക്കിടെ ചില ആവശ്യങ്ങൾക്ക് കുടുക്കയെടുത്തു കുടഞ്ഞിടേണ്ടതായും വരാറുണ്ട്. അതീവ ജാഗ്രതയോടെ ചുമരുകളുടെ കാതുകളിൽ വിരൽ വച്ച് മറച്ചുപിടിച്ച് അതിലെ രഹസ്യങ്ങളെ ആരും കേൾക്കാതെ പതിയെ കുടഞ്ഞിട്ടു. ആവശ്യം കഴിഞ്ഞാലുടൻ അതീവ ശ്രദ്ധയോടെ തിരിച്ചു നിക്ഷേപിച്ചു.

ഉയർന്ന ഉദ്യോഗസ്ഥർ താമസിക്കുന്ന ഫ്ലാറ്റ് ആയതിനാൽ ഇരുട്ട് കൂട്ടിനൊരിക്കലും കടന്ന് വരാറില്ല. വാഹനങ്ങളുടെ വെളിച്ചം ജനാലപ്പാളികളിലൂടെ അനുവാദമില്ലാതെ എത്തിനോക്കാനും വരും. കട്ടിയുള്ള രണ്ട് കർട്ടനുകൾ തൂക്കിയിട്ടിട്ടും പതുങ്ങിയും നൂഴ്ന്നും വെളിച്ചം മുറിക്കുള്ളിലേക്ക് പ്രവേശിക്കാറുമുണ്ട്.പാതിരാത്രികളിൽ എല്ലാവരും ഉറങ്ങിയെന്ന് തോന്നുമ്പോൾ ജനാലയിലൂടെ കടന്നുവരുന്ന സ്ട്രീറ്റ് ലൈറ്റിന്റെ വെളിച്ചത്തിലിരുന്ന് കുടുക്കയിലെ രഹസ്യങ്ങളെ എണ്ണിതിട്ടപ്പെടുത്തും. ദിവസം കൂടുംതോറും കൂടിക്കൂടി വരികയാണല്ലോ? പാതി എണ്ണിത്തീർക്കുമ്പോഴേയ്ക്കും നെഞ്ചിനകത്തേയ്ക്കു ഇരച്ചുകയറുന്ന ഭയത്തിൽ അവളൊന്നുലയും, ചുമരിനോരത്തെ മൂലയിലേക്ക് പതുങ്ങും,ഭീതിയോടെ ചുറ്റും നോക്കി കുടുക്കയെ നെഞ്ചോടു ചേർത്തുപിടിച്ചു ഉറക്കം നടിച്ചു കിടക്കും. അവൾ പോലുമറിയാതെ രഹസ്യകുടുക്ക അവളുടെ ഹൃദയത്തേയും ചേർത്ത് പിടിച്ച് ഗാഢ നിദ്രയിലേക്ക് വീണുപോയിട്ടുമുണ്ടാകും. മനസ്സ് ഇടയ്ക്ക് ഞെട്ടി ഉണരും. പിന്നെയും മയങ്ങും.

**അവൾ പോലുമറിയാതെ രഹസ്യകുടുക്ക അവളുടെ ഹൃദയത്തേയും ചേർത്ത് പിടിച്ച് ഗാഢ നിദ്രയിലേക്ക് വീണുപോയിട്ടുമുണ്ടാകും. മനസ്സ് ഇടയ്ക്ക് ഞെട്ടി ഉണരും. പിന്നെയും മയങ്ങും.**

പിറ്റേന്ന് ജനാലയിലൂടെ കയറിവരുന്ന വെയിലേറ്റുണരുമ്പോൾ അവളുടെ രഹസ്യങ്ങൾ സ്വയം രക്ഷ നേടിയിട്ടുണ്ടാകും .ഒന്നും ചോർന്നുപോയില്ലെന്നുറപ്പുവരുത്തി മറ്റുള്ളവർക്ക് മുൻപിൽ വെളുക്കെ ചിരിക്കാനും വർത്തമാനം പറയാനും അവൾ ശ്രദ്ധിക്കും.

രഹസ്യകുടുക്കയെക്കുറിച്ചുള്ള എന്തെങ്കിലും അറിവ് മറ്റുള്ളവർക്ക് ലഭിച്ചിട്ടുണ്ടാകുമോ എന്നവൾ വെറുതെ വേവലാതിപ്പെടും.എപ്പോഴാണ് താനുറക്കത്തിലേക്കു വീണിട്ടുണ്ടാകുക എന്ന് ചിന്തിക്കും. ഒരു രഹസ്യം മറയ്ക്കാൻ മറ്റൊരു നുണയെ അവൾക്ക് ഈയ്യിടെയായി കൂട്ടുപിടിക്കേണ്ടതായും വന്നിട്ടുണ്ട്. നുണയെ വളരെയധികം ശ്രദ്ധിക്കണം.ജാഗ്രതയോടെ പോറലൊന്നും ഏൽപ്പിക്കാതെ കൂടെ കൊണ്ടുനടക്കണം.ഒരു നുണയെ സംരക്ഷിക്കാൻ മറ്റൊരു നുണയെ കൂടി തുണയാക്കിയതിൽ അവൾക്കൽപ്പം നിരാശയും തോന്നി.അങ്ങനെ അസന്തുലിതമായ അവളുടെ ജീവിത വഴിയിൽ ചിലതെല്ലാം ഭീഷണിയായി മാറിയിരിക്കുന്നു.

അടുത്ത ഫ്ലാറ്റിൽ ഒരു പുരുഷൻ ഒറ്റയ്ക്ക് താമസിക്കാനെത്തിയത് അവളിൽവീണ്ടും പരിഭ്രാന്തി ഉണ്ടാക്കി.അയാൾ പുതിയൊരു വെല്ലുവിളിയായി മാറുമെന്നത് അവൾക്കുറപ്പായിരുന്നു .അയാളുടെ ചുമരിന്റെ കാതുകൾ അവളുടെ മൊഴികൾക്കായി കാതോർത്തിരിക്കുന്നുണ്ടായിരിക്കുമല്ലോ?

അവൾ അയാളെ ഭയന്നു.ഒറ്റയ്ക്കുള്ള എല്ലാത്തിനും സഹജമായ നിഗൂഢഭാവമാണല്ലോ? ചോദ്യങ്ങൾ കൊണ്ടയാൾ അവളെ വീർപ്പുമുട്ടിക്കും.ഉത്തരത്തിനു വേണ്ടി അവൾക്ക് പരതേണ്ടതായും വരും.മാറ്റിയോ മറിച്ചോ പറഞ്ഞാൽ പിന്നെ കുടുക്ക തകർന്നു തരിപ്പണമായാലോ?

അയാളും അവളും പരസ്പരം പരിചയപ്പെട്ട സായാഹ്നം ഇരുണ്ടമേഘങ്ങൾ നിറഞ്ഞതായിരുന്നു. പക്ഷികൾ കൂട്ടത്തോടെ തലങ്ങും വിലങ്ങും ചേക്കേറാനുള്ള തിരക്കിലുമായിരുന്നു. സന്ധ്യയാകുമ്പോൾ എല്ലാത്തിലും ഒരു പരിഭ്രമം പരകായ പ്രവേശം നടത്തുന്നുണ്ടെന്നത് അവൾക്ക് മാത്രം തോന്നിയതായിരിക്കണം.

എന്താ പേര്?

അയാളുടെ പൗരുഷം നിറഞ്ഞ ശബ്ദം ആ നീളൻവരാന്തയുടെ ജനലിനോരത്ത് അവളെ ചേർത്ത് നിർത്തി.

അയാളുടെ ചോദ്യത്തിൽ അവൾക്ക് പതറേണ്ടതായി വന്നു. കുറേ നാളുകളായി അവൾക്ക് ആ പേരിന്റെ ആവശ്യം ഉണ്ടായിരുന്നില്ലല്ലോ. ഒരു നിമിഷം അവൾ പരിഭ്രമത്തെ വിഴുങ്ങി. എത്ര ചികഞ്ഞിട്ടും ഓർമയിൽ അവളുടെ പേരുമാത്രം കാണുന്നില്ല.

ഒരു ചെറിയ പുഞ്ചിരിയെ ചുണ്ടിൽ വരുത്തി പരിഭ്രമത്തെ മനഃപൂർവം ഒളിപ്പിച്ച് അവൾ പറഞ്ഞു 'രഹസ്യ'

ആഹാ! മനോഹരമായ പേര്.

അയാൾ പൂർണ സംതൃപ്തിയോടെ പറഞ്ഞു.

ഞാൻ സത്യപാലൻ, അയാൾ സ്വയം പരിചയപ്പെടുത്തി. അയാളുടെ ഫോൺ പെട്ടെന്ന് ശബ്ദിച്ചു .തല്ക്കാലം അവൾ നിരവധി ചോദ്യങ്ങളിൽ നിന്നും രക്ഷപ്പെട്ടു.

സത്യവും നുണയും രഹസ്യയും ഒരുമിച്ചു കൈകോർത്തു. അയാൾ റൂമിന് പുറത്തേയ്ക്കും അവൾ

അകത്തേക്കും കടന്നു.

പിന്നീട് അവൾ അവളുടെ പേര് ഓർത്തെടുക്കാൻ ശ്രമപ്പെട്ടു. വ്യർത്ഥമായിരുന്നു. ഒരു സൂചനപോലും അവൾക്ക് കിട്ടിയില്ല. ആർക്കും ഉപയോഗമില്ലാതിരുന്നതിനാൽ അതും കൈമോശം വന്നിരിക്കുന്നു

അന്നത്തെ ദിവസം അവൾക്ക് പോലീസ് സ്റ്റേഷനിൽ പോകേണ്ടതായിവന്നു.സ്റ്റേഷൻ വരാന്തയിൽ നിന്നും ഒരു രഹസ്യംകൂടി അവൾക്ക് ലഭിച്ചു.ചുറ്റുപാടും നോക്കി പരിചയക്കാർ ആരുമില്ലെന്നുറപ്പുവരുത്തി തോൾ ബാഗിലേക്ക് അതിനെയും എടുത്തിട്ടിട്ട്  ഒന്നും സംഭവിച്ചിട്ടില്ലാത്ത ഭാവത്തിൽ വേഗത്തിൽ നടന്നുനീങ്ങേണ്ടതായും വന്നു. ആരെങ്കിലും കണ്ടിട്ടുണ്ടാകുമോ എന്ന ശങ്ക അവളെ നിരന്തരമായി വേട്ടയാടികൊണ്ടിരുന്നു.

പരിചയക്കാർ ആരുമില്ലാത്ത നഗരമായിട്ട്പോലും അവൾ ആരെയൊക്കെയോ ഭയപ്പെട്ടു.

അവൾക്കെല്ലാവരെയും ഭയമായിരുന്നു. വേറൊന്നുമല്ല , ആ രഹസ്യം അവളുടെ അഭിമാനത്തെ ഉലച്ചുകളഞ്ഞേക്കുമോ എന്നൊരു ഉൾഭയം. അവളിലെ ആത്മാഭിമാനം വളരെ ഉയർന്നനിലയിലാണ്. അവൾ നിഷ്കളങ്കയും നിരപരാധിയുമാണ്. അവളിലേക്ക് വന്ന് ചേർന്നതാണ് രഹസ്യങ്ങൾ. ഇപ്പോൾ അതിനെ പരസ്യമായി വലിച്ചെറിയാൻ പറ്റാത്ത അവസ്ഥയിലുമാണ്.

ചുറ്റിലും ചോദ്യങ്ങൾ ഉണ്ട്,  ഉത്തരങ്ങൾ അവളിലേക്ക് മാത്രം പതുങ്ങുന്നത്.

ഏത് സ്ഥലത്തു പോയാലും കുറച്ചുകൂടി മുന്നിലേക്കോ പിന്നിലേക്കോ നടന്ന് മറ്റൊരു സ്റ്റോപ്പിൽ നിന്നും ബസിൽകയറുകയെന്നത് ഇപ്പോൾ അവൾ ഒരു ശീലമാക്കിയിരിക്കുന്നു. മൂക്കിന് മുകളിലേക്ക് അൽപ്പം കൂടി മാസ്കിനെ ഉയർത്തിയിട്ടിട്ടാണ് അവൾ ബസിലേക്ക് കയറാറുള്ളത്.എന്നിട്ട് അരികുവശത്തെ സീറ്റ് തെരഞ്ഞെടുക്കും.വേറൊന്നിനുമല്ല കണ്ണടയ്ക്കു മുകളിലൂടെ കാഴ്ചകൾ കാണുകയാണെന്ന് മറ്റുള്ളവരെ

**അടുത്ത ഫ്ലാറ്റിൽ ഒരു പുരുഷൻ ഒറ്റയ്ക്ക് താമസിക്കാനെത്തിയത് അവളിൽവീണ്ടും പരിഭ്രാന്തി ഉണ്ടാക്കി. അയാൾ പുതിയൊരു വെല്ലുവിളിയായി മാറുമെന്നത് അവൾക്കുറപ്പായിരുന്നു . അയാളുടെ ചുമരിന്റെ കാതുകൾ അവളുടെ മൊഴികൾക്കായി കാതോർത്തിരിക്കുന്നുണ്ടായിരിക്കുമല്ലോ?**



തെറ്റിദ്ധരിപ്പിക്കാൻ മാത്രം.അവളുടെ മനസ്സിലിപ്പോൾ കാഴ്ചകളെക്കാളും നിറഞ്ഞിരിക്കുന്നത് ചിന്തകളാണ്.അടുത്തിരിക്കുന്നവർ കുശലം പറയാൻ വന്നാൽ കേൾക്കാത്തഭാവത്തിൽ ദൂരേയ്ക്ക് കണ്ണ്നട്ടിരിക്കും.

രഹസ്യങ്ങളുടെ ചുരുളുകൾ ആരും നിവർത്തിനോക്കാൻ ഇടവരുതരുതല്ലോ?

ചിലപ്പോൾ ഏതെങ്കിലും വാക്കുകൾക്കൊപ്പം അറിയാതെ പുറത്തേയ്ക്കു ചാടിയാലോ വാക്കുകളെ മനസ്സിന്റെ ഉള്ളറകളിലേക്ക് നീക്കിവച്ച് നീക്കിവച്ച് ഇപ്പോൾ ആവശ്യത്തിനുപോലും വാക്കിന് വേണ്ടി പരതേണ്ടിയും വന്നിരിക്കുന്നു.

സത്യവും നുണയും കലർന്നിരിക്കുന്നതിനാൽ രഹസ്യകുടുക്കയ്ക്ക് ഭാരം വർധിച്ചിരിക്കുന്നു

നീ ഒരുപാട് മാറിപ്പോയിരിക്കുന്നു. നീയെത്ര വാചാലയായിരുന്നു. ഈ വാക്കുകൾ പറഞ്ഞു അവളുടെ മൗനത്തെ അധിക്ഷേപിക്കാൻ ഈ നഗരത്തിൽ ആരുമില്ലാത്തത് വളരെ നന്നായെന്നവൾ ഇടയ്ക്കിടെ ചിന്തിച്ചു.

പറഞ്ഞുകൂട്ടിയ നുണകളെ നിരന്തരം മനഃപാഠമാക്കേണ്ടതായും വന്നു.

ബാഗുകളും പഴ്സുകളും സൂക്ഷിക്കണമെന്ന കണ്ടക്ടറുടെ ഉറക്കെയുള്ള മുൻകരുതലുകളിൽ അവൾ ബാഗിനെ ഒന്നുകൂടി നെഞ്ചോട് ചേർത്ത് മുറുകെ പിടിച്ചു. മാറിമാറി വന്നിരിക്കുന്ന ഹ്രസ്വദൂര സഹയാത്രികരുടെ ഇറങ്ങിപോകലിനുശേഷം തന്റെ ബാഗിനുള്ളിൽ ആ രഹസ്യം സുരക്ഷിതമല്ലേ എന്ന് ഓരോ വട്ടവും ഉറപ്പുവരുത്തി. വീട്ടിൽ തിരിച്ചെത്തിയാലുടൻ രഹസ്യഅറയ്ക്കുള്ളിൽ അതിനെ ഒളിപ്പിച്ചു വയ്ക്കണം. ചുറ്റുമുള്ള എല്ലാവരും ഉറങ്ങിയെന്ന് പലവട്ടം ഉറപ്പുവരുത്തിയതിനുശേഷം അതിനുള്ളിലെ രഹസ്യമെന്താണെന്നു അറിയണം. അത്രയും നേരം അവളനുഭവിക്കുന്ന വീർപ്പുമുട്ടലിൽ ചിലപ്പോൾ അവൾക്ക് ശ്വാസംമുട്ടലനുഭവപ്പെടാറുമുണ്ട്.

എത്രനാളായി ഈ രഹസ്യവും ചുമന്ന് നടക്കുന്നു. അവൾ വിരലുകളെടുത്തു മനസ്സിൽ കണക്കുകൂട്ടുകയായിരുന്നു.

ആദ്യമായി രഹസ്യത്തെ ഒളിച്ചു കടത്തിയ ദിവസം അവളോർത്തു. തെറിച്ചുപോയേക്കാവുന്ന ഒരു സങ്കടത്തിന്റെ ചീളിനെ അവൾ മഴയിലേക്കിറക്കിവിട്ടിട്ടാണ് ആ രഹസ്യത്തെ സംരക്ഷിച്ചത്.

എവിടെപ്പോയി??

മുന്നിലുള്ള പരിചയക്കാരിയുടെ ചോദ്യത്തിന് മുന്നിൽ ആദ്യമൊന്ന് പകച്ചു.

**അയാളുടെ ചോദ്യത്തിൽ അവൾക്ക് പതറേണ്ടതായി വന്നു. കുറേ നാളുകളായി അവൾക്ക് ആ പേരിന്റെ ആവശ്യം ഉണ്ടായിരുന്നില്ലല്ലോ. ഒരു നിമിഷം അവൾ പരിഭ്രമത്തെ വിഴുങ്ങി. എത്ര ചികഞ്ഞിട്ടും ഓർമയിൽ അവളുടെ പേരുമാത്രം കാണുന്നില്ല. ഒരു ചെറിയ പുഞ്ചിരിയെ ചുണ്ടിൽ വരുത്തി പരിഭ്രമത്തെ മനഃപൂർവം ഒളിപ്പിച്ച് അവൾ പറഞ്ഞു 'രഹസ്യ'**

അടുത്ത ഫ്ളാറ്റിലെതാമസക്കാരിയാണ്.ഉത്തരങ്ങളൊന്നും കരുതിവച്ചിരുന്നില്ലല്ലോ?

മാസ്കിനുള്ളിൽ ആ അമ്പരപ്പ് ഞെട്ടറ്റ് വീണതൊന്നും അവർ മനസിലാക്കിയിട്ടുണ്ടാകില്ലെന്നുള്ള ഉറപ്പിൽ പോലീസ് സ്റ്റേഷനെ പോസ്റ്റ് ഓഫീസാക്കി മാറ്റി പറഞ്ഞു തൽക്കാലത്തേക്ക് രക്ഷപ്പെട്ടു. പിന്നെയും അവർ ഓരോന്ന് ചോദിച്ചുകൊണ്ടേയിരുന്നു. ഒന്നോരണ്ടോ വാക്കുകളിൽ ഉത്തരങ്ങളെ അളന്നുമുറിച്ചു കൃത്യതയോടെ അവർക്ക് മുന്നിൽ വിളമ്പിക്കൊടുത്തു അവരെ തൃപ്തിപ്പെടുത്തി.

ഈ രഹസ്യകുടുക്കയുമായി ഇവിടേയ്ക്ക് വരേണ്ടിയിരുന്നില്ല.. എല്ലാം എറിഞ്ഞുടച്ചു സമാധാനം വേണമെന്ന് അവളാഗ്രഹിച്ചു.

‘ ഇത് അതീവഭദ്രമായി സൂക്ഷിച്ചില്ലെങ്കിൽ നിനക്കൊരിടത്തും താമസിക്കാനുള്ള സ്ഥലംപോലും കിട്ടില്ല‘ ആ താക്കീതിന്റെ സ്വരത്തിലാണ് അതിനെയും ചുമന്ന് ഇവിടേയ്ക്ക് വരേണ്ടിവന്നത്.

അവളുടെ സത്യസന്ധത ആ രഹസ്യകുടുക്കയ്ക്കുള്ളിൽ വീണുപോയിരിക്കുന്നു. തിരഞ്ഞു കണ്ടെത്തണം.

നീ  വലിയ കുറ്റവാളിയൊന്നുമല്ലല്ലോ?

കണ്ണാടിയുടെ മുന്നിൽ നിന്നും പ്രതിച്ഛായയോട് അവൾ രഹസ്യം ചോദിക്കും.മറുഭാഗത്തുള്ളവൾ വിളറിച്ചിരിക്കും. കണ്ണിറുക്കി പറയും. ഇതൊരു വലിയ കുറ്റമൊന്നുമല്ല.ഒരു നുണ മറയ്ക്കാൻ നീ ഒരുപാട് നുണകൾ പകരം കണ്ടെത്തണമെന്ന് മാത്രം

നിനക്കിതൊട്ടും ചേരുന്നില്ല..അഴിച്ചുമാറ്റണം.

കോടതിവരാന്തയുടെ സിമന്റ്ബെഞ്ചിൽ ഇരിയ്ക്കുമ്പോഴാണ് കൂടെ പഠിച്ച ഒരുത്തൻ അവളുടെ മുന്നിൽ വന്ന് നിന്ന് ചിരിച്ചത്. കടവാവലുകൾപോലെ കറുത്ത കുപ്പായക്കാർ തിരക്കുകൂട്ടുന്ന ആ വരാന്തയിൽ നിന്ന് അവൾ വെളുത്ത കുപ്പായത്തിനു വേണ്ടിപരതുകയായിരുന്നു

ഹോ! ഇവനെങ്ങനെയാ ദൈവമേ എന്നെ ഈ മാസ്കിനുള്ളിൽ നിന്നും കണ്ടെത്തിയതെന്ന ചോദ്യം ദൈവത്തിനെറിഞ്ഞു കൊടുത്തിട്ട് അവൾ നിന്ന് വിയർത്തു.

എന്താണിവിടെ ??

വീണ്ടും ആ ചോദ്യത്തിന് മുന്നിൽ അവളുടെ ഉത്തരം നീതിതുലാസിൽ പൊങ്ങുകയും താഴുകയും ചെയ്തു.അവളുടെ അഭിമാനം അവളുടെ ഉത്തരത്തിൽ വിലകുറഞ്ഞു പോയേക്കുമോ എന്ന് അവൾ ഭയന്നു. അവൾ ഉത്തരത്തിനെ മറ്റൊരു ചോദ്യത്തിൽ മുക്കിയെ

ടുത്ത് വെളുപ്പിച്ച് തല്ക്കാലം രക്ഷപ്പെട്ടു.

വാക്കുകളെ വളരെ കരുതലോടെ ഉപയോഗിച്ചു. എവിടെയും വീണ് ചിതറരുതല്ലോ?

അവളുടെ ഓരോ നീക്കത്തിലും രഹസ്യങ്ങളുടെ പാടുകളില്ലാതെ നടക്കാൻ ശ്രദ്ധിച്ചു. അവൾ ഒരിടത്തും കൂടുതൽ നേരം ചെലവഴിച്ചില്ല. രഹസ്യകുടുക്കയിലെ നാണയങ്ങൾ കിലുങ്ങിയാലോ?

കൂടെ താമസിക്കുന്ന ഫ്ളാറ്റിലെ താമസക്കാരികൾ പരിചയപ്പെടാൻ വന്ന ദിവസം. ഓരോരുത്തരും അവളെ അടിമുടിയുഴിഞ്ഞു നോക്കി. ചിലരുടെയൊക്കെ കണ്ണുകൾ മൈക്രോസ്കോപ്പിലിട്ടു വീക്ഷിച്ചു.

വിഷാദത്തിന്റെ ഞൊറിവുകളിൽ കഞ്ഞിപ്പശ ച്ചേർത്തു നേർരേഖയിൽ നിർത്താൻ പാടുപെടുന്ന സാധാരണക്കാർക്കിടയിലേക്ക് ഇടിച്ചുകയറിവരുന്ന പൊങ്ങച്ചക്കാരികളോട് പുച്ഛമാണെന്നു പറയാതെ പറഞ്ഞു.

താമസസ്ഥലത്തിന്റെ ചുമരുകളിൽ ക്യാമറകണ്ണുകൾ അവളെതുറിച്ചുനോക്കുന്നുണ്ടാകുമെന്ന് അവൾ ഭയന്നു. അടിമുടി ഉഴിഞ്ഞുപോയ കണ്ണുകളൊന്നും തന്റെ രഹസ്യകുടുക്ക കണ്ടെത്തിയിട്ടുണ്ടാകില്ലെന്നു അവൾ സ്വയം സമാധാനിച്ചു.....

അടുത്ത വീട്ടിലെ താമസക്കാരൻ ഇടയ്ക്കിടെ ആവശ്യങ്ങൾ പറഞ്ഞു വാതിലിൽ മുട്ടി. രഹസ്യ വാതിൽ തുറന്നില്ല.

കുറേ നാളുകൾക്കുശേഷം വാക്കുകളെ എല്ലാം ഞെരുക്കിയമർത്തി ഒരു യാത്രയ്ക്ക് പോകാൻ തീരുമാനിച്ചു.

രഹസ്യകുടുക്കയുടെ വായ് ഒന്നുകൂടി അവൾ അമർത്തിയടച്ചു...അവൾക്കും ശ്വാസം മുട്ടുന്നുണ്ടായിരുന്നു. വെള്ളത്തിലേക്ക് കുതിർന്നു വീഴുന്നതുപോലെ അലിഞ്ഞലിഞ്ഞില്ലാതാകുന്നതുപോലെ..

മണ്ണിൽ പുതഞ്ഞ ശൂന്യമായ കുടുക്കയുടെ തെളിവുകളൊക്കെയും തിര വിഴുങ്ങിയതിനാലാകും ചുറ്റും കൂടി നിന്നവരൊക്കെ പറഞ്ഞു.

പാവം 'നിഷ്കളങ്ക' രക്ഷപ്പെട്ടല്ലോ..

അവൾ അവളുടെ പേര് തിരിച്ചു കിട്ടിയ സന്തോഷത്തിൽ നിഷ്കളങ്കയായി ചിരിക്കുകയായിരുന്നു.

**സത്യവും നുണയും കലർന്നിരിക്കുന്നതിനാൽ രഹസ്യകുടുക്കയ്ക്ക് ഭാരം വർധിച്ചിരിക്കുന്നു**



ചെറുകഥ


ജൂറി അവാർഡ് നേടിയ കഥ

ഇ-മലയാളി IV
കഥാമത്സരം 2024
നവീന ഭാവുകത്വത്തിന്റെ ശില്പികൾ



വര:
പി ആർ രാജൻ

# കുണ്ടമൺകടവിലെ പാലം



ശ്രീകണ്ഠൻ കരിക്കകം

ശ്രീകണ്ഠൻ കരിക്കകം സാഹിതീയം തകഴി സ്മാരക പുരസ്കാരം, 2005, യുവസാഹിത്യ പുരസ്കാരം 2008, ഡോ. സുകുമാർ അഴീക്കോട് തത്വമസി കഥാപുരസ്കാരം 2020, വൈക്കം ചന്ദ്രശേഖരൻ നായർ കഥാപുരസ്കാരം 2022, തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ നേടി . മികച്ച ഡോക്കുമെന്ററി രചനക്ക് ആകാശവാണിയുടെ ദേശീയ പുരസ്കാരവും – 2013 .. നൂറിലേറെ ഡോക്കുമെന്ററികൾക്ക് രചനയും സംവിധാനവും നിർവഹിച്ചു. ഏഴു ചെറുകഥാസമാഹാരങ്ങൾ. തിരുവനന്തപുരത്ത് താമസിക്കുന്നു.

ഏകദേശം മൂന്ന് വർഷം മുൻപ്.

ട്യൂഷൻ കഴിഞ്ഞ മകളും ഞാനും അങ്ങനെ വൈകുന്നേരം കുണ്ടമൺകടവ് പാലത്തിലൂടെവീട്ടിലേക്ക് മടങ്ങുന്നു.

നഗരവികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റാൻ കരാറായ നൂറ് വർഷത്തിലേറെ പഴക്കമുള്ള പാലമാണ്. വണ്ടിയിൽ എണ്ണ വറ്റിത്തുടങ്ങിയതിന്റെ മുരടനക്കങ്ങൾ. അന്നേരമാണ്  ആർദ്ര അക്കാര്യം പറഞ്ഞത്. പറഞ്ഞതല്ല, എനിക്കു വേണ്ടി അവൾ ആ വർത്തമാനം ഒരു എഴുത്തു പലകയിൽ നിന്നോണം അപ്പാടെ ഒപ്പിയെടുത്ത് കൊണ്ടുവരികയായിരുന്നു.

‘‘ഓവർ സെന്റിയാകുന്നെങ്കിൽ നീ നൈസായി ആ കുടയെടുത്തിങ്ങുതാ, ഞാൻ അതിനെ ആ കുണ്ടമൺ കടവിലെങ്ങാനും വലിച്ചെറിയാം.’’

ദയാമണി ടീച്ചറാണ് അത് പറഞ്ഞത്. പ്രിയയുടെ സഹപ്രവർത്തക. ആർദ്ര അതുകേട്ടു.

യാദൃച്ഛികമാവാം, അന്നേ ദിവസം രാവിലെ പാലം കടക്കുമ്പോൾ ഞാൻ അമ്മയെക്കുറിച്ചോർത്തിരുന്നു!

അമ്മയെക്കുറിച്ച് മാത്രമല്ല, ആ നരച്ച കുടയെക്കുറിച്ചും!

ഒരു പക്ഷേ, മറവിയുടെ ആക്സിലേറ്ററിൽ അമർത്തിപ്പിടിച്ച് ഇത്രയും കാലം ആ പാലത്തിലൂടെ അതിവേഗം കടന്നുപോയപ്പോഴൊന്നും തോന്നാത്ത ഒരു പിൻവിളിയിലെന്ന വണ്ണം!

യാദൃച്ഛികമാവാം, അന്നേ ദിവസം രാവിലെ പാലം കടക്കുമ്പോൾ ഞാൻ അമ്മയെക്കുറിച്ചോർത്തിരുന്നു! അമ്മയെക്കുറിച്ച് മാത്രമല്ല, ആ നരച്ച കുടയെക്കുറിച്ചും! ഒരു പക്ഷേ, മറവിയുടെ ആക്സിലേറ്ററിൽ അമർത്തിപ്പിടിച്ച് ഇത്രയും കാലം ആ പാലത്തിലൂടെ അതിവേഗം കടന്നുപോയപ്പോഴൊന്നും തോന്നാത്ത ഒരു പിൻവിളിയിലെന്ന വണ്ണം!

അകലെ, മുക്കുന്നിമലയുടെ കിഴക്കേ അതിരിൽ നരച്ച ചേല ചുറ്റി നിന്ന ഒരു ഒറ്റമഴക്കാറിനെ ഏറെ ദു:ഖിച്ചു കണ്ടപ്പോഴായി

രുന്നു, അത്!  ഭാരമുള്ളൊരു ഭൂതകാലം നെഞ്ചിലൊരു പഴയ തൂക്കുപാലമായി അന്നേരമെല്ലാം കനത്തു.

ഒരു വലിയ ഊട്ടുപുരയിൽ ചേനയും  വെള്ളരിയും പുളിയൻ വിറകുമെല്ലാം കൂട്ടിവച്ചതുപോലെ പാലത്തിന്റെ രണ്ട് കരയിലുമായി ധാരാളം നിർമ്മാണ സാമഗ്രികളും കൂട്ടിയിട്ടിട്ടുണ്ടായിരുന്നു. ഒരുക്കം തന്നെ ഉൽസവം എന്ന് ഉറക്കെ വിളംബരം ചെയ്തുകൊണ്ട്.

‘ഒരിക്കൽ ഈ പാലം പണിതതും ഇതേ കമ്പിയും മണ്ണും സിമന്റും ഒക്കെ കൊണ്ടല്ലേ? വീണ്ടും അതേ മണ്ണും കമ്പിയും ഒക്കെ കൊണ്ടാണോ പുതിയ പാലവും പണിയുന്നത്?‘

ഏതാനും നാൾ മുൻപ് വരെ ആർദ്രയുടെ സംശയങ്ങളെല്ലാം ഒരു വെള്ള പേപ്പറിൽ എച്ച്.ബി. പെൻസിൽ കൊണ്ട് എഴുതി നീട്ടിയതു പോലെയായിരുന്നു.

പക്ഷേ, ഈയിടെയായി പിൻസീറ്റിൽ വട്ടം പിടിച്ചിരുന്ന് അവൾ ചോദിക്കുന്ന ചില ചോദ്യങ്ങൾക്ക്  ഒരു സിമന്റ്മിക്സിംങ് യന്ത്രത്തിന്റെ മുരൾച്ചയുണ്ട്. കോൺക്രീറ്റിന്റെ ഉറപ്പുണ്ട്.

പാലം പൊളിക്കാൻ നിന്ന യന്ത്രങ്ങൾ ബലം കളഞ്ഞ് ആർദ്രയുടെ ചോദ്യത്തെ കൗതുകത്തോടെ നോക്കി. ആ കവിളിൽ  തുടുപ്പുള്ള ഒരു നുള്ളുകൊടുത്തു.

‘ അതേ കമ്പികളല്ല, പുതിയ കമ്പികൾ. പശിമയും പരുപരുപ്പും ഉള്ള പുതിയ മണ്ണ്, പുതിയ സിമന്റ്...

മെറ്റീരിയലുകളൊന്നും മാറുന്നില്ല. മാറ്റാനും പറ്റില്ല. എന്നാൽ പാലത്തിൽ ഇനിയും ബലമുള്ള തൂണുകൾ കൂടുതൽ വരും. വീതി കൂടും. ഭംഗിയുള്ള കൈവരികൾ വരും. അതിൽ കറുപ്പും വെളുപ്പും ചായം പൂശും. പുതിയ പുതിയ വണ്ടികൾ വരും. പഴയ വണ്ടികൾ മാഞ്ഞു പോകും. ഒന്നുറപ്പ്. സിമന്റും മണ്ണും കമ്പിയും ഒക്കെ കൊണ്ടേ ഏതു പാലവും എവിടേയും പണിയുവാനാകൂ..’’ ആർദ്ര പിന്നീട് വീടെത്തും വരെ ഒന്നും ചോദിച്ചില്ല. ഞാനൊന്നും പറഞ്ഞതുമില്ല.

വീട്ടിലെത്തി, പ്രിയക്കുകൂടി ചായയിട്ട് ഫ്ളാസ്കിൽ പകർന്നു വച്ചു. രാവിലത്തെ തിരക്കിൽ വാഷിംങ്മെഷീനിൽ നിന്നും എടുത്തിടാൻ മറന്ന തുണികൾ അയയിൽ വിരിച്ചിട്ടു.

ശേഷം ഫ്രീസറിൽ നിന്നും മസാല പുരട്ടിയ നെയ്മീൻ തുണ്ടങ്ങൾ പുറത്തെടുത്തു വച്ചു. രണ്ട് ദിവസത്തിലേറെ വളർച്ചയുള്ള താടിരോമങ്ങൾ പത തേച്ച് വടിച്ചൊതുക്കി.വൃദ്ധനായില്ലല്ലോ...എന്ന് വീണ്ടും ആശ്വസിച്ചു!

‘ വാരാന്ത്യത്തിൽ മാത്രം അരക്കെട്ട് കനം വയ്ക്കുന്ന ഭീരുവായ ഒരു പൂവൻകോഴി ഇതും ഇതിലപ്പുറവും ചെയ്യും‘  എന്റെ കനത്ത അടിവസ്ത്രങ്ങളിലൊന്ന് ആത്മഗതം ചെയ്തത് ഞാൻ കേട്ടില്ലെന്ന് നടിച്ചു.

‘ഭീരുവിന് ഒത്തുതീർപ്പുകളിൽ മാത്രം സാധ്യമാകുന്ന ഒന്നാണ് രതി.‘ പല്ലിറുമ്മിക്കൊണ്ട് ഞാൻ ആ അടിവസ്ത്രത്തെ എടുത്ത് ഒരിക്കൽക്കൂടി മുറുക്കിപ്പിഴിഞ്ഞു.

ബാത്ത് റൂമിനെ സുഗന്ധലേപനങ്ങൾ കൊണ്ട് ഒരു തരളിത നർത്തനശാലയാക്കി, മണിക്കൂറുകളോളം നീളുന്ന നീരാട്ടിനായി പ്രിയ ബാത്ത് റൂമിൽ കയറുമ്പോൾ, ഇകഴ്ത്തപ്പെട്ട ഒരു ജാരനെപ്പോലെ ഒപ്പം കയറുവാൻ തയ്യാറെടുത്ത് ഞാൻ അന്നും നിലം ചവിട്ടി പമ്മി പമ്മി നിന്നു. അപ്പോഴും ആർദ്ര പറഞ്ഞ ആ വിശേഷം  ഒരു തേളിന്റെ പിൻകാൽ പുളച്ചിലായി അരക്കെട്ടിനെ തളർ

ത്തുന്നുണ്ടായിരുന്നു. അന്നത്തെ സന്ധ്യയിൽ നെഞ്ചു ക്കുള്ള ഒരു ജെ.സി.ബി. പഴയ പാലത്തിന്റെ ആദ്യ കൈവരിയെ ഒറ്റ തട്ടിന് പുഴയിലേക്ക് ഒടിച്ചിട്ടു.

ചണുങ്ങിയതും ഇരുണ്ടതുമായ അമ്മയുടെ കുറേ പിത്തള പിഞ്ഞാണങ്ങൾക്കൊപ്പം,

ഇരുപത്തി ഒൻപത് വർഷം പഴക്കമുള്ള

ആ കുടയെക്കൂടി സ്ലാബിനു മുകളിലെ റാക്കിൽ ഭദ്രമായി സൂക്ഷിക്കുവാൻ തീരുമാനിച്ചത് അന്നാണ്.

പട്ടാളക്കാരനായിരുന്ന അച്ഛന്റെ ഒരേയൊരു ശേഷിപ്പായ പച്ച ട്രെങ്ക് പെട്ടിയോട് ചേർന്നിരുന്ന കുടയുടെ കൈപ്പിടിയിൽ ഒരു കറുത്ത ചരട് ഉണ്ടായിരുന്നു. നരയ്ക്കുമ്പോഴെല്ലാം അമ്മ മാറ്റി മാറ്റി വലത്തേ കൈയ്യിൽ കെട്ടിത്തരുമായിരുന്ന കറുത്ത ചരടുകൾ പോലുള്ള ഒന്ന്! ട്രെങ്ക് പെട്ടി ഇടയ്ക്കിലെ മീശ പിരിച്ച് കുടയെ നോക്കും. നേർത്ത് നേർത്ത് അയഞ്ഞു പോയിട്ടും പക്ഷേ, ആ ചരട് നരച്ചില്ല. പൊട്ടിപ്പോയില്ല!

''എടാ പൊട്ടാ... പേടിച്ചു തൂറീ...നീ എന്നെ ഇത്ര പ്രയാസപ്പെട്ടൊന്നും വിളിക്കണ്ട. എനിക്കെല്ലാം മനസിലാകും. പട്ടിണിയില്ലാതെ കഴിയാൻ എനിക്ക് പെൻഷൻ ഉണ്ട്. വർത്തമാനം പറയാൻ നീലി തത്തയുണ്ട്. തണലിന് കോട്ടൂർക്കോണം വരിക്കയും രണ്ട് കൂഴപ്ലാവും ഉണ്ട്. ബലത്തിന് കുണ്ടമൺകടവിലെ പാലമുണ്ട്. താഴെ കിള്ളിയാറുണ്ട്. ഇവരൊന്നും പോരാതെ വന്നാൽ അടുത്ത് നാലഞ്ച് തെങ്ങോളം കിളരമുള്ള മനുഷ്യരുണ്ട്. അവർക്ക് ഒരു മണ്ട് മൺവെട്ടിയെടുത്ത് കുഴിച്ചുമൂടാനുള്ള ഭാരമേ എനിക്കുണ്ടാകൂ, നീ അവരോടൊപ്പം ഒരു കുഴിവാഴയായി അവിടെ സന്തോഷമായിരിക്ക്.... '

> ബാത്ത് റൂമിനെ സുഗന്ധലേപനങ്ങൾ കൊണ്ട് ഒരു തരളിത നർത്തനശാലയാക്കി, മണിക്കൂറുകളോളം നീളുന്ന നീരാട്ടിനായി പ്രിയ ബാത്ത് റൂമിൽ കയറുമ്പോൾ, ഇകഴ്ത്തപ്പെട്ട ഒരു ജാരനെപ്പോലെ ഒപ്പം കയറുവാൻ തയ്യാറെടുത്ത് ഞാൻ അന്നും നിലം ചവിട്ടി പമ്മി പമ്മി നിന്നു. അപ്പോഴും ആർദ്ര പറഞ്ഞ ആ വിശേഷം ഒരു തേളിന്റെ പിൻകാൽ പുളച്ചിലായി അരക്കെട്ടിനെ തളർത്തുന്നുണ്ടായിരുന്നു.

അവസാന കാലത്ത് അമ്മയിൽ രംഗബോധമുള്ള ഒരു നല്ല നടിയുണ്ടായിരുന്നു.

വറ്റാത്ത ഫലിത ബോധവും. ഇനിയും ഒരു പത്തു വർഷത്തോളം തട്ടിയും മുട്ടിയും കുണ്ടമൺകടവിലെ പാലം പൊളിഞ്ഞു വീഴാതെ നിൽക്കുമെന്നും അമ്മ വിശ്വസിച്ചു.

ഒരിക്കൽ ഞങ്ങളുടെ വീട് ആ പാലത്തിന്റെ തെക്കേ കരയിലായിരുന്നു. അതിലൂടെ കടന്നു പോകുന്ന ആർക്കും ഇളം നീലച്ചായം തേച്ച ആ ചെറിയ ഓടിട്ട വീട് കാണാൻ കഴിയുമായിരുന്നു. കടലാവണക്കിന്റെ കമ്പുകൾ നാട്ടിയ നീളൻ വേലി. വെട്ടുകല്ലിൽ പണിത മുറ്റത്തെ വലിയ കിണർ. മിക്കവാറും തുറന്നിട്ട ജനാലകൾ. മുറ്റത്ത് ഉണങ്ങാനിട്ട നിറം മങ്ങിയ തുണികൾ. ചിക്ക് പായയിൽ റേഷൻ കടയിലെ പുഴുക്കൂട് കെട്ടിയ അരിയും ഗോതമ്പും. ഓടിനടക്കുന്ന കോഴികൾ. തൊട്ടു കളിക്കുന്ന കാറ്റ്. ഇറുക്കിപ്പിടിക്കുന്ന സ്നേഹം.

അന്നെനിക്ക് ലോകത്തിലെ ഏറ്റവും വലിയ പാലം ഇതായിരുന്നു. പാലത്തിൽ കയറുവാൻ എനിക്ക് വലിയ പേടിയായിരുന്നു. മുറിവുകൾ ഉണ്ടാകാത്ത ചെറിയ വീഴ്ചകളിൽ പോലും ഞാൻ ഉറക്കെ നിലവിളിക്കുമായിരുന്നു. അന്നേരമെല്ലാം

അമ്മ എന്നെ വാരി എടുത്ത് തോളത്തിടും. അട്ടയെപ്പോലെ ചുരുണ്ടു പോകുന്ന ഇണ്ണുണ്ണിയിൽ തൊട്ട് കളിയാക്കും.

' നീയൊരു ആണു തന്നെ? വീഴുമ്പോൾ എന്നെയും ചുമന്ന് പാലം കടക്കേണ്ട ചെറുക്കനാണ്!'

അങ്ങനെ പറഞ്ഞ് പല തവണ എന്നെയും എടുത്ത് അമ്മ പാലം കടന്നു. അപ്പോഴെല്ലാം അമ്മ ഒരു പാട് പാലങ്ങൾ ഒറ്റയ്ക്ക് കടന്ന കഥകൾ പറയും. പൊള്ളിയ, വിണ്ടുകീറിയ കാൽപ്പാദങ്ങൾ കാണിച്ചു തരും. 'പേടിക്കരുത്... ഇതിലും എത്രയോ വലുത് നീ കാണാനിരിക്കുന്നു? കടക്കാനിരിക്കുന്നു? ഇതു വല്ലതുമായോ?' കിതച്ചു കൊണ്ട് ചോദിക്കും.

'ഞാൻ പാലങ്ങളിൽ കയറില്ല! പകരം വിമാനത്തിൽ കയറിപ്പോകും!'

എന്റെ വിഡ്ഢിത്തം കേട്ട് അമ്മ ചിരിച്ചു.

''ഓരോ മനുഷ്യരുടേയും കാൽവെള്ള നോക്കിയാൽ മതി, അവർ താണ്ടിയ സഹന ദൂരങ്ങൾ അറിയാം.'' അമ്മ പറയും.

2

ഒപ്പം കൊണ്ടുനടന്നിരുന്ന നാളുകളിൽ ഒരിക്കൽ പോലും ഞാൻ ആ കുടയെ ഒരിടത്തും മറന്നുവച്ചിട്ടില്ല. കുഞ്ഞനായിരുന്നെങ്കിലും കരുത്തനായിരുന്നു അത്. ഒരു പെരുമഴയേയും അത് കൂസിയിരുന്നില്ല! ചൂടി നടക്കവെ, കാൽപ്പാദങ്ങളേയോ, വീതിയുള്ള പിൻവശത്തേയോ നനച്ചിട്ടില്ല! കുംഭത്തിലേറ്റ വെയിലിന്റെയും ഇടവപ്പാതിയിലേറ്റ മഴയുടെയും കണക്കെടുത്താൽ എന്നേ നരച്ച് പൊടിഞ്ഞു പോകേണ്ടതായിരുന്നു! ന്യായമായും ആ നരച്ച മേലുടുപ്പ് എപ്പോഴെങ്കിലും അഴിച്ചുമാറ്റി പുതിയതൊന്ന് കൊടുക്കാമായിരുന്നു. തേയ്മാനം പറ്റിയ നട്ടെല്ലിലും വാരിയെല്ലിലുമെല്ലാം അല്പം എണ്ണ പുരട്ടി കൊടുക്കാമായിരുന്നു. ഒന്നുമല്ലേ

ലും വല്ലപ്പോഴും എടുത്തൊന്ന് സ്നേഹത്തോടെ പൊടിയൊക്കെ തട്ടിവയ്ക്കാമായിരുന്നു!

''ഒന്നും ചെയ്യാതെ ചടഞ്ഞിരിക്കുമ്പോൾ, ഭൂതകാല കുളിരിന് 'ഉപേക്ഷ' എന്ന ഒരു വിശേഷണം കൂടി ഇണങ്ങും.'' മുന്നിൽ വന്ന് പെടുമ്പോഴെല്ലാം കുട നിസ്സംഗതയോടെ പറയും. ഞാനത് കേട്ടില്ലെന്ന് നടിക്കും.

പാലം പൊളിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയതിന്റെ തലേന്നാണ് അമ്മ മരിച്ചത്. മെഡിക്കൽ കോളേജിലെ ഐ.സി.യുവിൽ നിന്നും വൈതരണിയിലെ നൂൽപ്പാലം കടക്കുകയായിരുന്നു അമ്മ അപ്പോൾ.

എല്ലാം കഴിഞ്ഞ് ഏകദേശം ആറുമാസം കഴിഞ്ഞാണ് പിന്നെയൊരു തകർപ്പൻ മഴ പെയ്തത്. ഞാൻ ഇവിടെ ഉണ്ട്, എന്നറിയിച്ച ഒരു പടുകൂറ്റൻ മഴ!

അമ്മയുടെ പേരിലുള്ള പത്തു സെന്റ് പുരയിടം സെന്റിന് ഏഴര ലക്ഷം വച്ച് അതിനിടയിൽ ഞാൻ വിറ്റിരുന്നു. അവിടെ ഉണ്ടായിരുന്ന കോട്ടൂർക്കോണം വരിക്കമാവും കൂഴപ്ലാവും മൂന്ന് തെങ്ങുകളും പേരറിയാത്ത കുറേ കാട്ടുമരങ്ങളുമൊക്കെ വാങ്ങിയ ആൾ അടുത്ത ദിവസം തന്നെ മുരൾച്ചയുള്ള യന്ത്രങ്ങൾ കൊണ്ടുവന്ന് മുറിച്ചു മാറ്റി. മുറിയന്ത്രങ്ങളുടെ പല്ലുകൾക്ക് വല്ലാത്ത മൂർച്ചയുണ്ടായിരുന്നു. അവിടെ അയാൾ ഒരു ഇറച്ചിക്കട തുടങ്ങി. മുയലും പന്നിയും മുട്ടനാടും കോഴിയും കാളയും പോത്തുമെല്ലാം തങ്ങളുടെ ഓടിപ്പോയ ജീവനെ തുറിച്ച കണ്ണുകളോടെ നോക്കിയിരുന്ന ഒരു വലിയ മാംസക്കട.

**അന്നത്തെ സന്ധ്യയിൽ നെഞ്ചൂക്കുള്ള ഒരു ജെ. സി. ബി. പഴയ പാലത്തിന്റെ ആദ്യ കൈവരിയെ ഒറ്റ തട്ടിന് പുഴയിലേക്ക് ഒടിച്ചിട്ടു. ചണുങ്ങിയതും ഇരുണ്ടതുമായ അമ്മയുടെ കുറേ പിത്തള പിഞ്ഞാണങ്ങൾക്കൊപ്പം, ഇരുപത്തിഒൻപത് വർഷം പഴക്കമുള്ള ആ കുടയെക്കൂടി സ്ലാബിനു മുകളിലെ റാക്കിൽ ഭദ്രമായി സൂക്ഷിക്കുവാൻ തീരുമാനിച്ചത് അന്നാണ്.**

കഞ്ഞിയും ചെറുപയർ തോരനും ചുട്ടമുളകിലരച്ച ചമ്മന്തിയും അമ്മയ്ക്ക് സ്വർഗത്തിലും കിട്ടണേയെന്ന് ഞാൻ ആ കടയുടെ മുന്നിൽ വെട്ടിവച്ച രക്തം ഉണങ്ങാത്ത മാംസത്തലകൾ കാണുമ്പോഴെല്ലാം ഭയത്തോടെ ഓർത്തിരുന്നു.

പ്രിയ ആ ആഴ്ച തന്നെ താലിമാല വിറ്റ് അഞ്ചു പവന്റെ പുതിയ ഒന്ന് വാങ്ങി. ഉയിരോളം പോന്നൊരു ഇലത്താലി കോർത്തിട്ടിരുന്ന പഴയമാല അമ്മയുടെ നനുത്ത സ്നേഹമായിരുന്നു. വിവാഹത്തിന് പ്രത്യേകം തന്നത്. ''ഏതു പെണ്ണ് വന്നാലും അവളിൽ ഞാനുണ്ട്'' എന്നു പറഞ്ഞു കൊണ്ട്.

' മാറ്റേണ്ട കുഴപ്പങ്ങൾ ഒന്നും ഇതിനില്ല.പഴയ ഒന്നാംതരം തങ്കം! നന്നായൊന്ന് പോളിഷു ചെയ്താൽ മതി. കഴുത്തിൽ കിടക്കുമ്പോൾ നല്ല പക്കാരം കാണും. ' വെരിക്കോസ് ഞരമ്പുകൾ വീർത്ത അറേബ്യൻ ജൂവലറിയിലെ സീനിയർ സെയിൽസ്മാൻ പലവട്ടം പറഞ്ഞെങ്കിലും പ്രിയ വഴങ്ങിയില്ല.

' വിൽക്കാനാണ് വന്നത്. സ്വർണത്തിന്റെ മാറ്ററിയുവാനല്ല! ഒരു പഴയ പ്രമാണക്കാരൻ ! ' അവൾ ദേഷ്യം പിടിച്ചു.

അവൾ അമ്മയുടെ ചിതയിൽ നയൺ ഒൺ സിക്സ് തിളക്കമുള്ള ഒരു തുടം നെയ്യ് കൂടി ഒഴിച്ചു.

കൈവരികൾ പൊളിച്ച കുണ്ടമൺകടവിലെ പാലം അങ്ങനെ കുറച്ചു നാൾ കൂടി കൈകൾ ഒടിഞ്ഞ് കിടന്നു. ഞാൻ പിന്നീട് അതുവഴി പോയില്ല. എന്നിട്ടും ചില ഒറ്റപ്പെട്ട നിമിഷങ്ങളിൽ കുട എന്റെ മുന്നിലേക്ക് ചാടിക്കയറിവന്നു.

കാരണമൊന്നുമില്ലാത്തൊരു കരച്ചിൽ പോലെ മഴ പെയ്യുന്ന ഒരു പകലായിരിക്കും അത്. അല്ലെങ്കിൽ വെറി പിടിച്ചൊരു വെയിലിൽ.

ഒരിക്കൽ കുതറിച്ചാടി വന്നൊരു മഴ കയറി നിൽക്കാൻ പോലും ആരെയും അനുവദിക്കാതെ തുറസിലേക്ക് ചിതറിപ്പിച്ചപ്പോൾ, ഇന്ദ്രജാലക്കാരന്റെ കുപ്പായത്തിലെന്നവണ്ണം പിൻചുമലിലെ ബാഗിൽ വെറുതെ ഒന്ന് തപ്പി. അപ്പോൾ അതാ, അവിടെയുണ്ട് ആ കുട!

'നിങ്ങൾക്കപ്പോൾ കുട്ടിച്ചാത്താന്റെ കല്ലേറ് മാത്രമല്ല, മായാവിയുടെ ജാലവിദ്യയും അറിയാം അല്ലേ?'' പ്രിയ അതു കേട്ട് കളിയാക്കി.

'' കഷ്ടം! ഓരോ അച്ഛനും അമ്മയും മക്കൾക്ക് ഇരുപതാമത്തെ വയസ്സിൽ സ്പോർട്സ് ബൈക്കും കാറുമൊക്കെ വാങ്ങിക്കൊടുക്കുമ്പോൾ ഒരമ്മ വാങ്ങിക്കൊടുത്ത സമ്മാനം! കൊള്ളാം! ചുമ്മാതല്ല, നിങ്ങൾ ഇങ്ങനെ ആയിപ്പോയത്.'

ചപ്പാത്തിക്ക് കുഴച്ച മാവിന്റെ ഉണ്ടകളിൽ പരിഹാസത്തിന്റെ തരിപുരട്ടി പ്രിയ ഉത്സാഹത്തോടെ വറചട്ടിയിലേക്കെടുത്തിട്ടു.

കുടയും മഴയും മറ്റൊരടുപ്പിൽ ചെറുനുറുക്കുകളായി ഇട്ട പന്നിക്കഷ്ണങ്ങൾ പോലെ വെന്തു.

ഏതാനും ദിവസം കഴിഞ്ഞപ്പോൾ കൈവരികൾ പൊളിച്ചു കളഞ്ഞ പാലത്തിന്റെ മാറിടത്തിൽ ജെ.സി.ബി അതിന്റെ കനത്ത കോമ്പല്ലുകൾ ആഴ്ത്തി. കാളക്കഴുത്ത് പടപടാന്ന് വെട്ടിച്ചു. സംഭവ ബഹുലമായ ഒരു നൂറ്റാണ്ടിന്റെ ഭാരം താങ്ങിയ ആ ഉറച്ച തുടത്തൂണുകൾ ഭീമ കരങ്ങളാൽ പിളരുന്നതുകാണാൻ ഇരുകരയിലും ധാരാളം പേർ യുദ്ധഭൂമിയിലെന്നവണ്ണം തടിച്ചു കൂടി. പാലം അവരോട് 'ബലം ' ഒരു വിശ്വാസ



മാണെന്ന് തുടയെല്ലുകൾ പൊട്ടുന്ന വേദനയ്ക്കിടയിലും ഉറക്കെ വിളിച്ചു പറഞ്ഞു.

ആറ് തൂണുകളിലായിരുന്നു പാലം നിന്നിരുന്നത്.അതിൽ ആദ്യത്തെ തൂൺ നദിയുടെ മാറിലേക്ക് മറിഞ്ഞ ദിവസം ഹാർഡ് ബൈൻഡ് ചെയ്ത് അമ്മ പൂജാമുറിയിൽ പ്രത്യേകം സൂക്ഷിച്ചിരുന്ന ചന്ദനത്തിരിയുടെ വാസനയുള്ള ഭാഗവതവും കുന്തിരിക്കത്തിന്റെ മണമുള്ള രാമായണവും ആയുർവേദ കോളേജിന് അടുത്തുള്ള ഒരു പഴയ പുസ്തകക്കടയിൽ കൊണ്ട് അവൾ നടതള്ളി. കടക്കാരൻ അതിന്റെ കനത്ത പുറംചട്ടകൾ കീറിക്കളഞ്ഞ്

**പാലം പൊളിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയതിന്റെ തലേന്നാണ് അമ്മ മരിച്ചത്. മെഡിക്കൽ കോളേജിലെ ഐ. സി. യുവിൽ നിന്നും വൈതരണിയിലെ നൂൽപ്പാലം കടക്കുകയായിരുന്നു അമ്മ അപ്പോൾ. എല്ലാം കഴിഞ്ഞ് ഏകദേശം ആറുമാസം കഴിഞ്ഞാണ് പിന്നെയൊരു തകർപ്പൻ മഴ പെയ്തത്. ഞാൻ ഇവിടെ ഉണ്ട്, എന്നറിയിച്ച ഒരു പടുകൂറ്റൻ മഴ!**

' ഉൽപ്പത്തിയുടെ ചരിത്രം ' എന്ന ഒരു പഴയ പുസ്തകത്തിനൊപ്പം വച്ചു.

അമ്മ മരിച്ച് പതിനാറ് തികയും മുൻപ് പ്രിയ ഡ്രൈവിങ് പഠിക്കാനും ഇറങ്ങി. നീലി തത്തയെ കടൽത്തീരത്തേക്ക് പറത്തി വിട്ടു.

ഡ്രൈവിംങ് ടെസ്റ്റ് രണ്ടു തവണ തോറ്റപ്പോഴും അമ്മയുടെ പ്രേതം പിൻസീറ്റിൽ ഇരുന്ന് ചിരിച്ചെന്ന് പറഞ്ഞ് അവൾ കലഹിച്ചു.

മൂന്നാമത്തെ തൂൺ വീണ ദിവസം കരമനയിലെ പോത്തൻസ് ഷോറൂമിൽ പോയി ഒരു മാരുതിസ്വിഫ്റ്റ് കാർ വാങ്ങി. ഒരു മാസം കഴിഞ്ഞപ്പോൾ, അമ്മയുടെ മുഖമുള്ള ഒരു ഓട്ടോറിക്ഷക്കാരി മന:പൂർവം കൊണ്ട് വണ്ടിയുടെ ചിറിയിൽ മുട്ടിയെന്ന് പറഞ്ഞ് അത് വിറ്റ് കിള്ളിപ്പാലത്ത് വന്നൊരു സ്കോഡ വാങ്ങി.

അമ്മ മരിച്ച് പതിനാറ് തികയും മുൻപ് പ്രിയ ഡ്രൈവിങ് പഠിക്കാനും ഇറങ്ങി. നീലി തത്തയെ കടൽത്തീരത്തേക്ക് പറത്തി വിട്ടു. ഡ്രൈവിംങ് ടെസ്റ്റ് രണ്ടു തവണ തോറ്റപ്പോഴും അമ്മയുടെ പ്രേതം പിൻസീറ്റിൽ ഇരുന്ന് ചിരിച്ചെന്ന് പറഞ്ഞ് അവൾ കലഹിച്ചു. മൂന്നാമത്തെ തൂൺ വീണ ദിവസം കരമനയിലെ പോത്തൻസ് ഷോറൂമിൽ പോയി ഒരു മാരുതിസ്വിഫ്റ്റ് കാർ വാങ്ങി. ഒരു മാസം കഴിഞ്ഞപ്പോൾ, അമ്മയുടെ മുഖമുള്ള ഒരു ഓട്ടോറിക്ഷക്കാരി മന:പൂർവം കൊണ്ട് വണ്ടിയുടെ ചിറിയിൽ മുട്ടിയെന്ന് പറഞ്ഞ് അത് വിറ്റ് കിള്ളിപ്പാലത്ത് വന്നൊരു സ്കോഡ വാങ്ങി.

അഞ്ചാമത്തെ തൂണും മറിഞ്ഞു വീണതിന്റെ പിറ്റേന്ന് വല്ലപ്പോഴും വീട്ടിൽ അമ്മ കിടന്നിരുന്ന മുറിയും വരാന്തയിലെ മൂന്ന് പടികളും പൊളിച്ചുമാറ്റി. പകരം വിശാലമായ ഒരു കാർപോർച്ച് പണിയുവാനുള്ള കരാറ് നൽകി.

അമ്മ ഹെഡ്മിസ്ട്രസ്സായി വിരമിച്ച സ്കൂളിൽ ' ഗൗരി മെമ്മോറിയൽ ബ്ലോക്ക് ' ഉയർന്നില്ല. അപ്പോഴേക്കും കുണ്ടമൺകടവ് പാലത്തിലെ എല്ലാ തൂണുകളും വീണിരുന്നു.

വിഴിഞ്ഞത്ത് പോയി മീനും വാങ്ങി ഹൈവേയിലൂടെ നൂറ് നൂറ്റിപ്പത്തിൽ മടങ്ങുമ്പോൾ തിരുവല്ലത്തെ പരശുരാമൻ മഴു ഓങ്ങി, താടിയുഴിഞ്ഞുനിന്ന് ചോദിക്കുമായിരുന്നു:

' വരുന്നില്ലേടാ...തള്ളയ്ക്കൊരു ഒരു ബലിയിട്ടിട്ട് പോടാ.... ' പ്ലാസ്റ്റിക് സഞ്ചിയിലെ തുടുത്ത കണ്ണൻ പോളയും വേളാപ്പാരയും നെയ്മീൻ ചൂരയുമെല്ലാം അതു കേട്ട് ഒന്നു പിടയ്ക്കും. കടലിലേക്ക് മടങ്ങിപ്പോകാൻ കൊതിക്കും.

അങ്ങനെ ആറു മാസം. ഒരു വർഷം.അപ്പോഴേക്കും നൂറു വർഷത്തിലപ്പുറമുള്ള ഓർമകൾ പേറിയ കുണ്ടമൺകടവ് പാലം കേവലം ഒരു ഓർമത്തൂണായി മാറിയിരുന്നു.

'എന്തെങ്കിലും തോന്നിയാൽ കുറേനേരം ബാൽക്കണിയിൽ ചെന്നിരിക്കും. ഓഫീസിൽ ചെന്നിരുന്നാണെന്ന് തോന്നുന്നു, പലരേം വിളിക്കാറ്! ഒന്നും പറയില്ല. പലതും ഞാൻ ഊഹിക്കുന്നതാണ്.'

അതുകേട്ടപ്പോൾ വിനയ എന്ന മലയാളം ടീച്ചർ പ്രിയയോട് പറഞ്ഞു:

'എന്തെങ്കിലും പറയുമ്പോൾ വെറുതെ മൂളുക, അലക്ഷ്യമായി എവിടെയെങ്കിലും നോക്കിയിരിക്കുക, അല്ലെങ്കിൽ ചോദിച്ചതിന് മറ്റൊരു ഉത്തരം പറയുക... ഇതൊക്കെയാണെങ്കിൽ ശ്രദ്ധിക്കണം. ഒറ്റയ്ക്ക് വിടരുത്. കാര്യമായി എവടെയോ എന്തോ, സംഭവിച്ചിട്ടുണ്ട്. '

3

പഴയ ഓർമകൾ പരതി കുണ്ടമൺകടവ് പാലത്തെക്കുറിച്ച് ഒരു ഫീച്ചർ തയ്യാറാക്കാൻ ബ്യൂറോ ചീഫ് പറഞ്ഞപ്പോഴാണ് റാക്കിനു മുകളിൽ കയറി കടുംപച്ച പെയിന്റടിച്ച ആ ട്രെങ്ക് പെട്ടി വീണ്ടും പൊടിതട്ടിയെടുത്തത്. അതിനുള്ളിൽ കുറേ പഴയ ചിത്രങ്ങൾ ഉണ്ടായിരുന്നു.

ഉടലിൽ കൈ പതിഞ്ഞതും ട്രെങ്ക് പെട്ടി ഒരു വെടിയൊച്ച കേട്ട ഞടുക്കത്തിൽ മിഴിച്ചിരുന്നു. ഞെട്ടിയുണർന്ന കുട കൈകൾ വിടർത്തി കമിഴ്ന്ന് വീണു.

ഒരൊറ്റ സ്പർശത്തിൽ തന്നെ വാരിയെല്ലും മുതുകുമെല്ലാം നിവർത്തി കുട ഉണർന്നു. പിന്നെ ഒരു പഴിഞ്ഞിത്തണുപ്പിൽ പതിയെ ചോദിച്ചു:

'പുതിയ പാലത്തിന്റെ പണി തുടങ്ങിയോടാ? നീ അങ്ങോട്ട് പോയിരുന്നോ?'

അന്ന് പുതിയ പാലത്തിന് തൂണുകൾ നാട്ടുന്ന ദിവസവുമായിരുന്നു.

അടുത്ത ദിവസം രാവിലെ തന്നെ എഴുന്നേറ്റ് ആരോടും പറയാതെ പാലം പണിയുന്നയിടത്തേക്ക് പോയി. നൂറോളം പേർ ചേർന്ന് ഒരു യന്ത്ര ഭാഗത്തെ പുതിയ പാലത്തിന്റെ കരയിൽ ഉയർത്തി നിറുത്തുകയായിരുന്നു അന്നേരം.

കൂറ്റൻ ചെയിൻ ബ്ലോക്കുകളിൽ നൂറുകണക്കിന് തൊഴിലാളികൾ അന്നേരം താളത്തിൽ ആഞ്ഞ് വലിച്ചു. യന്ത്രം ഒട്ടും അനങ്ങാൻ ഭാവമില്ലാതെ നിന്നു.

അന്നേരം കൂടുതൽ തൊഴിലാളികൾ വന്നു. അവർ യന്ത്രത്തിന്റെ കഴുത്തിൽ വീണ്ടും എന്തൊക്കെയോ ഘടിപ്പിച്ചു. യന്ത്രം ഒരു കൂറ്റൻ കോട്ടുവായിട്ടു. കണ്ണുകൾ ചിമ്മി.

അടുത്ത ശ്രമത്തിൽ ആ യന്ത്രഭാഗം അനങ്ങി. പണിക്കാർ ഉൽസാഹഭരിതരായി.

ആൾക്കാരും ഒച്ചയുണ്ടാക്കി. യന്ത്രം ഉയർന്ന് തുടങ്ങി.

ഇപ്പോൾ മറിഞ്ഞു വീണേക്കും എന്ന് തോന്നിയെങ്കിലും കൃത്യമായി അതിനെ ഉയർത്തി പണിക്കാർ ലക്ഷ്യത്തിലെത്തിച്ചു.

അവിടെ രാത്രി തീർന്നതറിയാതെ ഒരു ചന്ദ്രക്കല നിൽപ്പുണ്ടായിരുന്നു. ഉരുണ്ടു വീഴാതെ ഓരോ തവണയും മുകളിലേക്ക് കയറ്റി വയ്ക്കുന്ന കുടയെക്കുറിച്ച് പെട്ടെന്ന് ഞാൻ ഓർത്തു. അങ്ങനെ നിൽക്കെ ഫോണിലേക്ക് പ്രിയയുടെ സന്ദേശം വന്നു ' രാവിലെ ഒന്നും പറയാതെ എങ്ങോട്ടാണ് പോയത്?'

4

ഏറ്റവും ഒടുവിൽ, സിറ്റൗട്ടിലെ കുഞ്ഞ് സ്ലാബിന് മുകളിലായി ചുരുട്ടി ഒതുക്കി വച്ചിരുന്ന ഒരു പഞ്ഞിമെത്തയുടെ മുകളിൽ നിന്നും ഉരുണ്ട് താഴെ വീഴുകയായിരുന്നു, കുട!

അപ്പോൾ അമ്മ ആശുപത്രിയിലായിരുന്നു. നാലു ദിവസത്തെ വെന്റിലേറ്റർ വാസത്തിനിടയിൽ അമ്മ ഒരിക്കൽപ്പോലും കണ്ണു തുറന്നില്ല. പാലങ്ങൾ ഇല്ലാത്ത ലോകത്തേക്ക് അഞ്ചാം നാൾ പുലർച്ചെ ലളിതമായ മടക്കം.അന്ന് ധൃതിപ്പെട്ട് ആശുപത്രിയിലേക്ക് പോകുമ്പോൾ മേശപ്പുറത്ത് വച്ചിട്ടുപോയ കുട പിന്നെ ആരാണ് എടുത്ത് മാറ്റിയത്?

> " കഷ്ടം! ഓരോ അച്ഛനും അമ്മയും മക്കൾക്ക് ഇരുപതാമത്തെ വയസ്സിൽ സ്പോർട്സ് ബൈക്കും കാറുമൊക്കെ വാങ്ങിക്കൊടുക്കുമ്പോൾ ഒരമ്മ വാങ്ങിക്കൊടുത്ത സമ്മാനം! കൊള്ളാം! ചുമ്മാതല്ല, നിങ്ങൾ ഇങ്ങനെ ആയിപ്പോയത്.' ചപ്പാത്തിക്ക് കുഴച്ച മാവിന്റെ ഉണ്ടകളിൽ പരിഹാസത്തിന്റെ തരിപുരട്ടി പ്രിയ ഉത്സാഹത്തോടെ വറചട്ടിയിലേക്കെടുത്തിട്ടു. കുടയും മഴയും മറ്റൊരടുപ്പിൽ ചെറുനുറുക്കുകളായി ഇട്ട പന്നിക്കഷ്ണങ്ങൾ പോലെ വെന്തു.

അമ്മയുടെ മരണ സർട്ടിഫിക്കറ്റിൽ 'ശൗരി ' എന്ന് തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി വാങ്ങാൻ മെഡിക്കൽ കോളേജിലെ ഓഫീസ് കെട്ടിടത്തിലേക്ക് കയറി ചെല്ലുമ്പോൾ ആരോ പിന്നിൽ നിന്ന് ഈറൻ കണ്ണോടെ കുടപിടിക്കുന്നതായി തോന്നി.

'എത്ര ദിവസമായടാ, ഞാനിത് എടുത്തുവച്ചിട്ട്... നിനക്ക് ഇതെങ്കിലും വന്ന് സമയത്തിന് വാങ്ങിക്കൂടായിരുന്നോ?'

അവിടെ ജോലിയുള്ള സുഹൃത്ത് സ്നേഹപൂർവം ശാസിച്ചു. കുനിഞ്ഞശിരസ്സോടെ ആ പടിയിറങ്ങുമ്പോൾ സ്നേഹിതൻ പിന്നിൽ നിന്ന് വീണ്ടും വിളിച്ചു. 'ഇതാ ഇതന്ന് നീ ഇവിടെ മറന്നുവച്ചിട്ട് പോയതാണ്. അന്നു മുതൽ തോരാതെ ഇങ്ങനെ....'

എപ്പോഴാണ് ആശുപത്രിയിലേക്ക് തിരിക്കുന്നതിനിടയിൽ ഈ കുട കൈയ്യിൽ എടുത്തത്?

അതിന്റെ പ്ലാസ്റ്റിക് പിടി വല്ലാതെ തണുത്തിരുന്നു, നനവ് മാറാത്ത ശീലയിൽ ഉപ്പിന്റെ ഒട്ടിപ്പിടിക്കുന്ന പശപശപ്പ്!

കുട വെറുതെ ഒന്ന് നിവർത്തി. അതിന്റെ കമ്പികളിൽ ഒന്നു തൊട്ടു. മടിയിൽ ഇരുത്തി നേർത്ത ആ വിരലുകൾ കൊണ്ട് ഇരട്ടവരയിട്ട പുസ്തകത്തിൽ എഴുതിപ്പിക്കുന്ന സ്പർശം!

തലയ്ക്ക് മുകളിലേക്ക് ഉയർത്തി പിടിച്ചു. രാത്രി പന്ത്രണ്ടു മണിക്കും ഒരു മണിക്കുമെല്ലാം കയറി വരുമ്പോൾ ഒന്നും മിണ്ടാതെ എണീറ്റ് ചെന്ന് അടുക്കളയിലെ കൊച്ചുമേശപ്പുറത്ത് വിളമ്പി വയ്ക്കുന്ന കഞ്ഞിപ്പാത്രത്തിന്റെ കുളിർമ!

ഒരു കാറ്റ് പിടിച്ച് തെക്കോട്ട് തിരിഞ്ഞ് നോക്കുമ്പോൾ ശാന്തികവാടത്തിലെ ആളുന്ന തീനാളം! പെട്ടെന്ന് കുട വാരിയെല്ലുകൾ വിരിച്ച് ഞെളിയുകയും തട്ടിപ്പറിച്ചതുപോലെ പറന്ന് പുതിയ കുണ്ടമൺകടവ് പാലത്തിന്റെ കൈവരിയിലൂടെ തെന്നി പായുകയും ചെയ്തു.

ഉരുണ്ടും തെറിച്ചും ഉള്ള ആ പാച്ചിൽ നേരെ പാലത്തിന്റെ കനത്ത കൈവരിയും ചാടിക്കടന്ന് കിള്ളിയാറിലൂടെ തിരക്കിട്ട് നീന്തി.

പേടിച്ചില്ല. കണ്ണുപൂട്ടിയില്ല.

നിലവിളിച്ചില്ല.

പാലം കവിഞ്ഞ് പുഴയൊഴുകി. പുഴകവിഞ്ഞ് കാലം ഒഴുകി. കുടയോടൊപ്പം ആദ്യം അഞ്ച് വയസുകാരനായി.പിന്നെ പത്ത് വയസുകാരനായി.

കണ്ണും കരളുമുള്ള പതിനഞ്ചുകാരനായി. ഒടുവിൽ...

വളർന്നിട്ടും വളരാത്ത നാൽപ്പത്തി ഒൻപതു വയസും നാലുമാസവും പത്ത് ദിവസവും എട്ട് മണിക്കൂറും കടന്ന ഭീരുവായി.

ആ നനവിലേക്ക് ഒഴുകി ഒഴുകി അങ്ങനെ...

പണി തീർന്ന പാലത്തിലൂടെ അപ്പോഴേക്കും വിളംബര ഘോഷയാത്രകളോ ഉദ്ഘാടന മാമാങ്കങ്ങളോ ഇല്ലാതെ വാഹനങ്ങൾ കടത്തിവിടാൻ തുടങ്ങിയിരുന്നു.

ഇപ്പോൾ ഇതെത്ര ചെറിയ പാലമാണ്!

അവിടെ അങ്ങനെ നിൽക്കുമ്പോൾ പാലം എന്റെ കാതിൽ പറഞ്ഞു:

''വളരുന്തോറും ചെറുതാകുകയും ചെറുതാകുന്തോറും വളരുകയും ചെയ്യുന്ന ഏകകോശ ജീവിയാണ് മനുഷ്യൻ'

ഇ-മലയാളി IV
കഥാമത്സരം 2024
നവീന ഭാവുകത്വത്തിന്റെ ശില്പികൾ



ജൂറി അവാർഡ് നേടിയ കഥ

# ഗോളാന്തര യാത്ര

ശ്രീവത്സൻ പി. കെ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലത്ത് താമസിക്കുന്നു. പ്രമുഖ ആനുകാലികങ്ങളിൽ കഥകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാല് കഥാസമാഹാരങ്ങളും ഒരു നോവലും പ്രസിദ്ധീകരിച്ചു. പുസ്തകങ്ങൾ :രചനയും സംവിധാനവും, ദൈവം എഴുതിയത്, കുചേലവൃത്തം, സ്നേഹരാത്രി എന്നീ കഥാസമാഹാരങ്ങളും സഞ്ചാരികളുടെ വീട് എന്ന നോവല്ലയും.



ശ്രീവത്സൻ പി.കെ

മോണിറ്ററിൽ ചുവന്നഅക്ഷരങ്ങളിൽ മിന്നിത്തെളിഞ്ഞ വാക്കുകൾ വായിച്ച വിഘ്നേഷ് ഞെട്ടിവിറച്ചു. അപായ സൂചന .... അനന്തമായ അക്ഷരക്കൊത്തുകൾ പോലെ അപായ മുന്നറിയിപ്പ് തന്നെ . അതങ്ങനെ ഇടതടവില്ലാതെ വന്നു കൊണ്ടിരിക്കുകയാണ്. ജുപ്പിറ്റർ പര്യവേക്ഷണ ദൗത്യ പേടകം ഏറെ നേരമായി ദിശതെറ്റിയാണ് സഞ്ചരിക്കുന്നത്. അതിന്റെ ഗ്രൗണ്ട് കൺട്രോളുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു.

ഞരമ്പുകളിലൂടെ ഭയത്തിന്റെ തീ പിടിച്ച കൊള്ളിമീൻ പാഞ്ഞു. കണ്ണുകളിലാകെ ഇരുട്ട് പടർന്നതുപോലെ. ഇനി സ്വന്തം മണ്ണിൽ കാല് കുത്താൻ ഈ ജന്മത്തിൽ കഴിയില്ല. ദൈവമേ, ജീവൻ ഇതാ ശൂന്യാകാശത്ത് വെച്ച് ആവിയായിപ്പോവുന്നു. അയാൾ പെട്ടെന്നുള്ള ഒരു തോന്നലിൽ സീറ്റിൽ മുറുകെപിടിച്ച് മനസ്സിൽ തോന്നിയ ദൈവങ്ങളെയെല്ലാം വിളിച്ചു. നേരിയ ഒരാശ്വാസം തോന്നിയപ്പോൾ കണ്ണിൽ പടർന്ന ഇരുട്ട് അല്പാല്പമായി കാർമേഘം പോലെ നീങ്ങിത്തുടങ്ങി.

സഹയാത്രികർ ; ഗഗനും അന്നയും ഇതൊന്നുമറിയാതെ അവരവരുടെ ക്യാബിനുള്ളിൽ മയക്കത്തിലാണ്. അതോ തന്നെപ്പോലെ ഇത് കണ്ട് പേടിച്ച് കിളിപോയതായിരിക്കുമോ? വിഘ്നേഷ് അവരെ ഇന്റർകോമിലൂടെ വിളിച്ചുണർത്തി മോണിറ്ററിലെ മുന്നറിയിപ്പ് നോക്കാൻ പറഞ്ഞു. അന്നയുടെ മുഖത്ത് വലിയ ഭാവമാറ്റമുണ്ടായില്ലെങ്കിലും ഗഗന്റെ മുഖം ചോരയോട്ടം നിലച്ചപോലെ വിളറുന്നത് വെബ് കാമിലൂടെ കണ്ടു. അവൻ വാവിട്ട് നിലവിളിക്കാൻ തുടങ്ങി. അത് കണ്ട് അന്ന അയാളെ രൂക്ഷമായി നോക്കി.

പേടകം കുറെ നേരമായിട്ട് ജുപ്പീറ്ററിന്റെ കൃത്യമായറിയാത്ത ഏതോ ഉപഗ്രഹത്തിന്റെ അന്തരീക്ഷത്തിലാണെന്ന് തോന്നുന്നു. നില തെറ്റിയ യാത്രയിലും ഭാഗ്യമുണ്ടെങ്കിൽ അത് ആ മണ്ണിനെയെങ്കിലും സ്പർശിക്കും. കുറച്ചുനാൾ അവിടെയെങ്കിലും ചവിട്ടി നിൽക്കാമെന്ന പ്രത്യാശ പതുക്കെ നാമ്പു നീട്ടി. തൽക്കാലം മിഷ്യൻ കൺട്രോളിന് തകരാർ സംഭവിച്ചിട്ടൊന്നുമില്ലെന്നത് ആശ്വാസം. ആവശ്യത്തിന് ഓക്സിജനും ഭക്ഷണവും സ്റ്റോക്കുണ്ട്. ലൈഫ് സപ്പോർട്ട് സിസ്റ്റത്തിനും കുഴപ്പമില്ലെന്ന് തോന്നുന്നു. ഭൂമിയിൽ നിന്ന് എത്രയോ പ്രകാശ മണിക്കൂറുകൾക്കകലെ ഇങ്ങനെയൊരു ജീവിതം ഇതെത്രനാൾ?ഭൂമിയിൽ തങ്ങളെ കാത്തിരിക്കുന്നവരുടെ മനസ്സിൽ ഒന്നുമവശേഷിപ്പിക്കാതെ ഒരൊറ്റ ഡിലീറ്റ് കീ

> ജുപ്പിറ്റർ പര്യവേക്ഷണ ദൗത്യ പേടകം ഏറെ നേരമായി ദിശതെറ്റിയാണ് സഞ്ചരിക്കുന്നത്. അതിന്റെ ഗ്രൗണ്ട് കൺട്രോളുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. ഞരമ്പുകളിലൂടെ ഭയത്തിന്റെ തീ പിടിച്ച കൊള്ളിമീൻ പാഞ്ഞു. കണ്ണുകളിലാകെ ഇരുട്ട് പടർന്നതുപോലെ. ഇനി സ്വന്തം മണ്ണിൽ കാല് കുത്താൻ ഈ ജന്മത്തിൽ കഴിയില്ല. ദൈവമേ, ജീവൻ ഇതാ ശൂന്യാകാശത്ത് വെച്ച് ആവിയായിപ്പോവുന്നു



യമർത്തലിന്റെ മാസ്മരവേഗത്തിൽ ഒരു മരീചികയായി ഗോളാന്തരത്തിൽ ഒരു ധൂമകേതു പോലെ മാഞ്ഞുതീരുന്ന ജീവിതം. ആലോചിക്കാൻ തുടങ്ങുമ്പോഴേ ഒരു വിറയൽ കാൽവിരൽത്തുമ്പിൽ നിന്ന് തലയോട് വരെ ഒരൊറ്റ മിന്നൽപ്പടർച്ചയിൽ അസ്ഥികളെയാകെ ഭയത്തിന്റെ ആശ്ലേഷത്താൽ കെട്ടിമുറുക്കുന്നു.

ഗഗൻ ഇപ്പോഴും ഉറക്കത്തിൽ തന്നെ. അയാളുടെ ക്യാബിന്റെ വാതിൽ ചാരിയിട്ടേയുള്ളൂ. അന്നയങ്ങനെയല്ല. എന്തൊക്കെയോ നിഗൂഡതകൾ അവളെ ചുറ്റിപ്പറ്റിയുണ്ട്. മിന്നൽ വേഗമാണാ അമേരിക്കക്കാരിയുടെ ചിന്തകൾക്ക്. തീരുമാനങ്ങൾക്ക് ചിലപ്പോഴൊക്കെ അമാനുഷിക ഭാവം പകരും. അപ്പോഴത്തെ ഭ്രമിപ്പിക്കുന്ന ആ നോട്ടങ്ങൾക്ക് പിന്നിൽ ഒളിപ്പിച്ച് വെക്കുന്ന മാനസിക ഭാവമെന്താവാം? ചിലപ്പോൾ അഗാധ ഗൗരവം മറ്റു

ചിലപ്പോൾ ലാസ്യ സൗന്ദര്യത്തിന്റെ മുഗ്ദത.എന്തായാലും അവയൊന്നും ഇനിയധികമില്ലല്ലോ എന്ന സങ്കടം ആകെയുലച്ച് ആർദ്ര മാനസനാക്കുന്നു. ബേസ് കൺട്രോൾ സ്റ്റേഷനിൽ നിന്നുള്ള അന്വേഷണങ്ങൾക്ക് മറുപടിയും തിരിച്ചുള്ള ഡാറ്റാ ഇൻപുട്ടുകളും മറ്റുമായി

ആകാശ വീഥികളിലൂടെ തിരക്കിട്ട് ഒഴുകുകയായിരുന്നു ജീവിത യൗവനം. തിരക്കൊഴിയുമ്പോൾ ഓർമ്മയിലേക്ക് താഴത്തെ ജീവിതങ്ങളുടെ സ്നിഗ്ദത വന്ന് തലോടും.

ബഹിരാകാശ യാത്രികനായി തെരഞ്ഞെടുക്കപ്പെട്ടതു മുതൽ രാജ്യത്തെ മാധ്യമങ്ങളും ദേശീയ നേതാക്കന്മാരും വാനോളം പുകഴ്ത്തി കൊണ്ടാടുന്ന, വിജയ കിരീടം വഹിക്കുന്ന ഒരു മനുഷ്യന്റെയുള്ളിലെ അടക്കിപ്പിടിച്ച ലോലഭാവം തെളിഞ്ഞൂറിയെത്തുന്ന ചില സന്ദർഭങ്ങളുണ്ട്. രാഷ്ട്രത്തിന് ചരിത്രത്തിലെ നിർണ്ണായക വിജയത്തിലേക്കുള്ള അഭിമാനകരമായ കാൽ വെപ്പാണെങ്കിൽ കൃത്യം നാല്പത്തിരണ്ട് മാസങ്ങൾക്കും പതിനേഴ് ദിവസങ്ങൾക്കും ശേഷം ദൗത്യമവസാനിച്ച ശേഷം കണ്ടുമുട്ടാനുള്ള ജീവിതോത്സവ

**സഹയാത്രികർ ; ഗഗനും അന്നയും ഇതൊന്നുമറിയാതെ അവരവരുടെ ക്യാബിനുള്ളിൽ മയക്കത്തിലാണ്. അതോ തന്നെപ്പോലെ ഇത് കണ്ട് പേടിച്ച് കിളിപോയതായിരിക്കുമോ? വിഘ്നേഷ് അവരെ ഇന്റർകോമിലൂടെ വിളിച്ചുണർത്തി മോണിറ്ററിലെ മുന്നറിയിപ്പ് നോക്കാൻ പറഞ്ഞു. അന്നയുടെ മുഖത്ത് വലിയ ഭാവമാറ്റമുണ്ടായില്ലെങ്കിലും ഗഗന്റെ മുഖം ചോരയോട്ടം നിലച്ചപോലെ വിളറുന്നത് വെബ് കാമിലൂടെ കണ്ടു. അവൻ വാവിട്ട് നിലവിളിക്കാൻ തുടങ്ങി. അത് കണ്ട് അന്ന അയാളെ രൂക്ഷമായി നോക്കി.**



ത്തിനായുള്ള ഉത്സാഹക്കാത്തിരിപ്പാണ് തനിക്ക് പക്ഷേ കാര്യം. മയൂരി ജീവിതത്തിലേക്ക് വന്നിട്ടധികമായിട്ടില്ല. ഒത്തു ജീവിതം തുടങ്ങി വൈകാതെ പര്യവേക്ഷണ ദൗത്യത്തിന്റെ പരിശീലനത്തിനായി ഹ്യൂസ്റ്റണിലെ ജോൺസൺ സ്പേസ് സെന്ററിലേക്ക് യാത്ര തിരിക്കേണ്ടി വന്നു. ഒന്നിക്കാൻ ഇടയ്ക്ക് കിട്ടിയത് ചെറിയ സന്ദർഭങ്ങൾ മാത്രം. വിക്ഷേപണത്തിന്റെ ഒരുക്കങ്ങൾക്കിടെ ഒരനുഗ്രഹം പോലെ ലഭിച്ച കുഞ്ഞു ഗൗതമിനെ നേരിട്ട് കണ്ടിട്ട് പോലുമില്ല. നിറഞ്ഞു വന്ന കണ്ണുകൾ തുടച്ച് വിഘ്നേഷ് സിസ്റ്റത്തിലേക്ക് പ്രത്യാശയോടെ നോക്കി നെടുവീർപ്പിട്ടു. അതിലെ വാചകങ്ങളിപ്പോഴും മാറ്റമില്ലാതെ തുടരുകയാണ്. പേടകത്തിന്മേലുള്ള ഗ്രൗണ്ട് കൺട്രോളിന്റെ നിയന്ത്രണം നാസ ഇനിയും തിരിച്ചു പിടിച്ചിട്ടില്ല.

. . . . . .

ഗഗൻ കണ്ണ് തിരുമ്മിയുണർന്നതേ ജീവിതത്തിനും മരണത്തിനുമിട യ്ക്കുള്ള സന്ദിഗ്ദതയിലേക്കാണ്. ഒരു നിമിഷം താനൊരു ദുസ്വപ്നത്തിന് നടുവിലേക്ക് ഊളിയിട്ടു പോവുകയാണെന്ന് തോന്നി. ബഹിരാകാശ പഠനരംഗത്ത് മുൻനിര ഗവേഷണങ്ങൾ നടന്നു കൊണ്ടിരിക്കുന്ന സന്ദർഭ ത്തിലാണ് തന്റെ ഭാവി പഠനത്തിന് ആസ്ട്രോണമി തെരഞ്ഞെ ടുത്ത് റോസ്കോസ്മോസിലേക്ക് പോയത്.

ആ അക്കാദമിക താല്പര്യവും മികവും ഗവേഷണ ഭാവിയും ഒരു പ്രവചനം പോലെ മുൻ കൂട്ടിയറിഞ്ഞ് കണ്ടിട്ടാവും മാതാപിതാക്കൾ തനിക്ക് രാജ്യത്തിന്റെ യശസ്സുയർത്തിയ ലോകത്തിലെ ആദ്യത്തെ ബഹിരാകാശ യാത്രികന്റെ പേര് തന്നെയിട്ടത്. ഉച്ചരിക്കാൻ പ്രയാസമായിട്ടോ എന്തോ അന്നയാണത് ആദ്യം ചുരുക്കി ഗഗൻ എന്നാക്കിയത്. പിന്നെ അത് ഇരുവരും വിളിപ്പേരാക്കി ശീലിച്ചു. സ്പേസ് പഠനരംഗത്ത് കുതിർച്ചുയർന്ന് ശീതസമരത്തിന്റെ കാലത്ത് എതിരാളിക്ക് വെല്ലുവിളിയുയർത്തിയ ആ വലിയ രാജ്യം ഇന്നില്ല. കൊറോലിയോവിലെ മിഷ്യൻ കൺട്രോളിൽ പഴയ തിരക്കുകളുമിപ്പോഴില്ല. ചരിത്രം ചിലപ്പോൾ ഒരു പ്രഹസനവുമായേക്കാം എന്ന ആക്ഷേപ വാചകത്തിന്റെ മറപറ്റി കൺമുന്നിൽ രാജ്യം ചിതറി പൊടിഞ്ഞില്ലാതാവുന്നത് വേദനയോടെയാണറിഞ്ഞത്. രാജ്യത്തിന്റെ കുതിപ്പുകളും നേട്ടങ്ങളുമൊന്നാകെ ചീട്ടുകൊട്ടാരം പോലെ വീണടിയുന്നത് ഭാവി സ്വപ്നങ്ങൾക്ക് മേലെ ചാപ്പകുത്തിയ അപശകുനമായി അറിഞ്ഞു. ഒരിക്കൽ പ്രധാന എതിരാളിയായിരുന്ന രാജ്യം ശീതസമരം നിലച്ച് മത്സരാരവങ്ങളൊടുങ്ങിയപ്പോൾ മത്സരിക്കാനെതിരാളിയില്ലാത്ത ബഹിരാകാശ കുതിപ്പുകളിലൂടെ മുന്നേറിക്കൊണ്ടിരുന്നു. പഴയ വൈരാഗ്യം മറന്ന് പര്യവേക്ഷണ ദൗത്യത്തിൽ; പഴയ പ്രതാപമില്ലെങ്കിലും ശത്രുരാഷ്ട്രത്തിന്റെ പ്രധാന ഭാഗമായിരുന്ന തന്റെ ദേശത്തിന് കൂടി ഒരു യാത്രാപങ്കാളിത്തം ലഭിക്കുന്നതും

അത് നിറവേറ്റാനുള്ള ഉത്തരവാദിത്തം തന്നിൽ വന്നു ചേരുന്നതും അവനുൾക്കൊണ്ടു. നാസയിൽ നിന്നുള്ള പങ്കാളിത്ത പ്രൊജക്റ്റിന് പിന്നാലെ മോസ്കോയിൽ നിന്നുള്ള അറിയിപ്പും വാസിലോവിച്ച് ഗഗാരിനെത്തേടി വന്നപ്പോൾ ചരിത്രദൗത്യത്തിന് നിയോഗിക്കപ്പെട്ടതിലെ ആഹ്ലാദം വോൾഗയിലെ തിരകൾ പോലെ നാട്ടിലുയർന്നു.ഒരു പാട് പ്രതീക്ഷകൾക്കും ആശങ്കകൾക്കും നെടുവീർപ്പു കൾക്കും മദ്ധ്യേ ഹ്യൂസ്റ്റണിലേക്കുള്ള വിമാനം മോസ്കോ എയർപോർട്ടിൽ നിന്ന് പറന്നുയരുമ്പോൾ തിളങ്ങുന്ന രണ്ടു കണ്ണുകൾ നിറയുന്നത് മനസ്സിൽ കണ്ടു കൊണ്ടിരുന്നു. വെയിലേറ്റ് തിളങ്ങുന്ന ഗോതമ്പുപാടങ്ങളുടെ പ്രസരിപ്പും മഞ്ഞിന്റെ നൈർമല്യവുമായി നടാഷ ഇവാനോവ്ന സുഖോവോ എന്ന റഷ്യൻ ഗ്രാമത്തിൽ ദൗത്യം കഴിഞ്ഞ ശേഷമുള്ള അയാളുടെ വരവും കാത്തിരിക്കുന്നതയാളറിഞ്ഞു.

അവൾക്ക് വാലന്റീന തെരഷ്കോവയെപ്പറ്റിയോ യൂറി ഗഗാരിനെപ്പറ്റിയോ കാര്യമായ അറിവുണ്ടായിരുന്നില്ല. പക്ഷേ അയാളുടെ താല്പര്യങ്ങൾക്കൊന്നും അവളെതിർപ്പുയർത്തിയില്ല.അതിനിടെ അന്നയുടെ സാമീപ്യം അയാളിൽ വികാരതരംഗങ്ങളുടെ ഒരു വേലിയേറ്റം സൃഷ്ടിച്ചു. അയാളെ സദാ അസാധാരണ

> **മിന്നൽവേഗമാണാ അമേരിക്കക്കാരിയുടെ ചിന്തകൾക്ക്. തീരുമാനങ്ങൾക്ക് ചിലപ്പോഴൊക്കെ അമാനുഷിക ഭാവം പകരും. അപ്പോഴത്തെ ഭ്രമിപ്പിക്കുന്ന ആ നോട്ടങ്ങൾക്ക് പിന്നിൽ ഒളിപ്പിച്ച് വെക്കുന്ന മാനസിക ഭാവമെന്താവാം? ചിലപ്പോൾ അഗാധഗൗരവം മറ്റു ചിലപ്പോൾ ലാസ്യ സൗന്ദര്യത്തിന്റെ മുഗ്ദത. എന്തായാലും അവയൊന്നും ഇനിയധികമില്ലല്ലോ എന്ന സങ്കടം ആകെയുലച്ച് ആർദ്ര മാനസനാക്കുന്നു.**

കാന്തികശക്തിയുള്ള ആ കണ്ണുകൾ കെട്ടി വരിഞ്ഞു കൊണ്ടിരുന്നു. ദൗത്യ ശ്രമങ്ങളുമായി സദാ കുതിച്ചു കൊണ്ടിരുന്ന പേടകത്തിലെ ദിനരാത്രങ്ങൾ അയാളെ അന്നയോട് ഏറെ അടുപ്പിച്ചു. പഴയ പ്രതാപങ്ങളെല്ലാം അസ്തമിച്ചിട്ടും ഇപ്പോഴും ക്ഷീണിച്ചിട്ടില്ലെന്ന മട്ടിൽ നിൽക്കുന്ന ശീതസമരകാലത്തെ ശത്രു രാഷ്ട്രത്തിന്റെ പ്രതിനിധിയോട്, പുറമെ കാണിക്കുന്ന സൗഹൃദമെന്തായാലും ഉള്ളിന്റെയുള്ളിൽ പക കുറച്ചെങ്കിലും അവശേഷിക്കുമെന്ന തോന്നലുണ്ടായിട്ടും അവളുമായി ഒരടുപ്പം ഇഴയോടിയത് മനസ്സറിയാതെ സംഭവിച്ചു പോയതാണ്. അതുകൊണ്ടുള്ള ആ സ്വാതന്ത്ര്യം ഇന്ത്യക്കാരനിൽ അസൂയയുടെ കയ്പുനീർ ചുരത്തുന്നത് അല്പം തമാശയോടെയും കൗതുകത്തോടെയും ആസ്വദിച്ചിട്ടുണ്ട് പലപ്പോഴും. പഴയ മൂന്നാം ലോക അടുപ്പത്തിന്റെ കാലമൊക്കെ പോയ്ക്കഴിഞ്ഞു. അവരെയൊക്കെ കണക്കറ്റ് സഹായിച്ചതിന്റെ കെടുതികൾ ഒരു പാടനുഭവിച്ച് തകർന്നു പോയ രാജ്യത്തിന്റെ പ്രതിനിധിയാണ് താനിപ്പോൾ. ഹിന്ദി സിനിമകളും പാട്ടുകളും ആസ്വദിക്കുമെങ്കിലും ആ പഴയ ബന്ധമൊന്നും ഞങ്ങളുടെ പുതുതലമുറയ്ക്കില്ല. നിലനില്പാണ് പ്രധാന പ്രശ്നം. അതിന് ജീവവായു തീർന്നുപോകുന്നെങ്കിൽ ആളുകളുടെ എണ്ണം കുറക്കാൻ ആ മൂന്നാംലോക ജീവിയെ അവസാനിപ്പിക്കാനും ഒട്ടും മടിക്കേണ്ടതില്ല

'ഈ ബഹിരാകാശനിലയംന്ന് പറേന്നത് ആകാശത്തുള്ള വീടാ..?' മുതിരക്കൊവ്വൽ സ്കൂള് വിട്ട് വരുന്ന വഴിയിൽ വെച്ച് പതിനൊന്ന് വയസ്സുകാരൻ വിഘ്നേഷ് കൂട്ടുകാരൻ രമേശിനോട് ചോദിച്ചു.

' ആ ! ആർക്കറിയാം. നീ കണ്ണൻ മാഷോട് ചോദിക്ക് '

സയൻസ് പഠിപ്പിക്കുന്ന കണ്ണൻ മാഷ്ക്ക് അതിനുത്തരമുണ്ടാവില്ലെന്നവനറിയാം. 'ഡാ ഡാ ഡാ.. അയിനി നീ ക്ലാസില് പഠിപ്പിക്കുന്നതെല്ലം

പഠിച്ച് തീർന്നാ... ഒര് സംശയക്കാരൻ. ! പോടാ. '

സംശയം ചോദിക്കുന്ന കുട്ടികളെ കണ്ണൻ മാഷ് പേടിപ്പിക്കും. പേടിച്ചൊഴിഞ്ഞു മാറുന്നില്ലെങ്കിൽ പുസ്തകമെടുത്ത് ഏതെങ്കിലും ഭാഗത്ത് നിന്ന് ചോദ്യങ്ങൾ ചോദിക്കും. ഉത്തരം മുട്ടിയാൽ ഒരു വിജയച്ചിരിയോടെ വടിയുയർത്തി ആജ്ഞാപിക്കും: ' കൈനീട്ട്..... '

പലരും തോറ്റു പോവുന്ന ഒരു സന്ദർഭമാണത്. വിജയിക്കുന്നത് കണ്ണൻ മാഷ് മാത്രം. അതുകൊണ്ട് സ്കൂൾ കുട്ടികളാരും കണ്ണൻമാഷോട് സംശയം ചോദിക്കാറില്ല. ഇത് പക്ഷേ അങ്ങനെ വിട്ടുകളയാനൊക്കുമായിരുന്നില്ല വിഘ്നേഷിന്. സ്കൈലാബ് എന്ന അമേരിക്കൻ സ്പേസ് ഷട്ടിൽ ബഹിരാകാശത്ത് വെച്ച് പ്രവർത്തനം നിലച്ച് തകരാറിലാവുകയും അത് ഭൂമിയിൽ എവിടെയെങ്കിലും പതിച്ചാൽ ആ പ്രദേശം മൊത്തത്തിൽ കത്തിച്ചാമ്പലാവുകയും ചെയ്യും എന്ന് പത്രമാധ്യമങ്ങളിലൂടെ വാർത്തകളും അതിനെ പിൻപറ്റി ആളുകൾ ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന കാലമായിരുന്നു അത്.

'സ്കൈലാബോ എന്താണത്?' കണ്ണൻ മാഷ് പക്ഷേ ഇത്തവണ വടിയെടുത്തില്ല. മാഷ് ആ സംശയങ്ങൾ അടുത്ത ചങ്ങാതിയായ ദിനകരൻ മാഷ്ക്ക് മുന്നിൽ നിവർത്തി.

' അതാണ് മാഷേ, കല്പവൃക്ഷത്തിന്റെ തൊണ്ട്. നിങ്ങ ഖസാക്ക് വായിച്ചിട്ടില്ലേ; ഖസാക്കിന്റെ ഇതിഹാസം ....'

ദിനകരൻ എന്ന മലയാളം മാഷ് ചിരിച്ചു.

കണ്ണൻമാഷ് അന്ന് തന്നെ പോയി ബഹിരാകാശ യാത്രകളും പീനങ്ങളും സംബന്ധിച്ച രണ്ട് മൂന്ന് പുസ്തകങ്ങൾ വാങ്ങി വിഘ്നേശിന് കൊടുത്തു:

'എല്ലം ഇതിലുണ്ടാവും. മുഴുവനും വായിച്ച് പഠിച്ച്



വാ. എന്നിട്ട് സ്കൂളിലെ കുട്ട്യൾക്കും പറഞ്ഞ് കൊടുക്ക്...'

അതെല്ലാം പലയാവൃത്തി വായിച്ച് മന:പാഠമാക്കിയ വിഘ്നേശിന്റെ സ്വപ്നങ്ങളുടെ ആകാശത്തിലൂടെ ബഹിരാകാശ കപ്പലുകൾ ഒഴുകിക്കൊണ്ടേയിരുന്നു.

വിഘ്നേഷ് സിസ്റ്റത്തിൽ ഒന്നു രണ്ട് കൈ ക്രിയകൾ നടത്തി നോക്കിയെങ്കിലും അത് പൂർണ്ണമായും നിശ്ചലമായി. മോണിറ്ററിന്റെ നിശ്ചലാകാശത്തേക്ക് തെറിച്ചുവന്ന വെള്ളിമേഘങ്ങൾ അനങ്ങുന്നേയില്ല. വിഘ്നേഷിന് ആധിയായി. എന്നാൽ ഗഗാരിനാവട്ടെ പുറമേക്ക് ഒരു വിഷമവുമില്ലാതെ, എന്തൊക്കെയോ ചിന്തിച്ചുറപ്പിച്ച പോലെയാണിപ്പോൾ നടക്കുന്നത്.

ഇവനിത് ഒട്ടും കുലുക്കമില്ലല്ലോ.... വിഘ്നേഷിന് അത്ഭുതമായി.

ഗഗനെ കാണുമ്പോഴൊക്കെ വിഘ്നേഷ് മനസ്സിൽ പാടാറുള്ള രണ്ടു വരി ഈയൊരു സന്ദർഭത്തിലല്ലെങ്കിൽ ഉറക്കെ പാടിയേനെ :

'ഹേ, ഗഗാറിൻ, ഗഗനചാരിൻ ,

പഥികനെൻ വഴി വിട്ടുമാറിൻ!'

ഹൈസ്കൂളിൽ മലയാളം പഠിപ്പിച്ചിരുന്ന അധ്യാപക യൂണിയൻ പ്രവർത്തകൻ കൂടിയായ സോമൻ മാഷ് സോവിയറ്റ് ശാസ്ത്രനേട്ടത്തെ പറ്റി സംസാരിക്കുമ്പോഴൊക്കെ അയ്യപ്പപ്പണിക്കരുടെ ഈ കവിത പാടുമായിരുന്നു. അങ്ങനെയാണ് വിഘ്നേഷിനത് ഹൃദിസ്ഥമായത്. ഗഗന് അന്നയോട് തോന്നുന്ന പ്രണയം അവൾ തിരിച്ചറിയുകയോ തിരിച്ചു നൽകുകയോ ചെയ്തിട്ടുണ്ടോ? അവളുടെ മുഖഭാവത്തിൽ നിന്ന് അത് ഊഹിച്ചെടുക്കാൻ പ്രയാസമുണ്ട്. ആ ശരീര സാമീപ്യവും നോട്ടവും ഇടക്കൊക്കെ തന്റെയുള്ളിലും ഓളങ്ങൾ സൃഷ്ടിച്ചിരുന്നില്ലേ. പേടകത്തിലെ ജീവിതം ഒട്ടും രഹസ്യമയമല്ലെന്നും തങ്ങളുടെ എല്ലാ കൃത്യങ്ങളും ഗ്രൗണ്ട് കൺട്രോളിലിരുന്ന് വേണമെങ്കിൽ പരിശോധിക്കാമെന്നുമുള്ള അറിവ് അവളോട് കൂടുതലടുക്കുന്നതിൽ നിന്ന് തന്നെ വിലക്കിയിട്ടുണ്ട്. വസ്ത്രം മാറാനും സ്വകാര്യ കൃത്യങ്ങൾക്കുമായി മൂന്നു പേരും ഉപയോഗിക്കുന്ന ഇടമൊഴികെ പേടകത്തിലെ മറ്റെല്ലാ ഭാഗവും സുതാര്യമാണ്. അന്ന പുറത്തിറങ്ങിയതിന് ശേഷം സ്വകാര്യറൂമിൽ നിന്ന് ഒഴുകിവന്ന പരിമളം തന്റെ മനസ്സിൽ വേലിയേറ്റങ്ങളുണ്ടാക്കി. അന്നയോട് കൂടുതലടുക്കണമെന്ന തോന്നലുണ്ടായത് അന്നാണ്. പക്ഷേ ചാൻസ് ഒത്തുകിട്ടുന്നില്ല. കിട്ടുമ്പോഴാകട്ടെ തുറന്ന് പറയാനുള്ള ധൈര്യവും ചോർന്ന് പോവുന്നു. കാര്യങ്ങൾ ഒരു വിധം ഒരു കരയ്ക്കടുപ്പിക്കാൻ ആലോചിച്ച് ശ്രമിക്കുമ്പോഴൊക്കെ താൻ തനി മലയാളിയായി മാറി പൊതുവെയുള്ള നാണമോ ധൈര്യക്കുറവോ മുന്നിൽനിന്ന് നയിക്കും. എന്നാൽ ഗഗനങ്ങനെയല്ല. ഒരു ധൈര്യക്കുറവും അയാൾക്കില്ല.

**വിക്ഷേപണത്തിന്റെ ഒരുക്കങ്ങൾക്കിടെ ഒരനുഗ്രഹം പോലെ ലഭിച്ച കുഞ്ഞു ഗൗതമിനെ നേരിട്ട് കണ്ടിട്ട് പോലുമില്ല. നിറഞ്ഞു വന്ന കണ്ണുകൾ തുടച്ച് വിഘ്നേഷ് സിസ്റ്റത്തിലേക്ക് പ്രത്യാശയോടെ നോക്കി നെടുവീർപ്പിട്ടു. അതിലെ വാചകങ്ങളിപ്പോഴും മാറ്റമില്ലാതെ തുടരുകയാണ്. പേടകത്തിന്മേലുള്ള ഗ്രൗണ്ട് കൺട്രോളിന്റെ നിയന്ത്രണം നാസ ഇനിയും തിരിച്ചു പിടിച്ചിട്ടില്ല.**

നിരാശനായ വിഘ്നേഷിനെ സമാധാനിപ്പിക്കാൻ സോമൻ മാഷെത്തി :

'യുദ്ധക്കൊതിയനായ ഹിറ്റ്ലറുടെ മർക്കടമുഷ്ടിയെയും ക്രൂരതയെയും ധീരത കൊണ്ടും ആയുധം കൊണ്ടും നേരിട്ടവരാണവർ. ഒരു യുദ്ധം പോലും നേരേ ചൊവ്വെ കണ്ടിട്ടില്ലാത്ത നമ്മൾക്കെവിടെ കിട്ടുന്നു ആ തന്റേടം..?'

'അപ്പോ മാഷേ, ഞാനെന്താ ചെയ്യാ? ഒരു വഴി പറഞ്ഞ് താ മാഷേ.'

'നിനക്കത്ര നിർബന്ധാണെങ്കി പറയാം.ഒരായുധമുണ്ട്;ക്ഷമ '

' ഓ..! മാഷേ, തമാശ പറയാൻ കണ്ട നേരം !'

'തമാശയല്ലെടാ,നമുക്ക് പാരമ്പര്യമായി കിട്ടിയതാണത്. അതുകൊണ്ട് നമ്മളും ഒരു സമരം ജയിച്ചില്ലേ. നീ ക്ഷമയോടെ ആലോചിക്ക്; വഴി തുറന്ന് കിട്ടും. ' - ഒരു പൊട്ടിച്ചിരിയിൽ മാഷപ്രത്യക്ഷനായി.

ലൈഫ് സപ്പോർട്ട് സിസ്റ്റവും അപായ സൂചന നൽകിയപ്പോൾ  അവരാകെ പരിഭ്രാന്തരായി. ഉപഗ്രഹത്തിന്റെ ഭ്രമണ പഥത്തിൽ സാവകാശം കറങ്ങി ഉപരിതലത്തിലേക്കടുക്കുകയായിരുന്നു പേടകമപ്പോൾ. ഭാഗ്യത്തിന് വലിയ ക്ഷതമില്ലാതെ തന്നെ വെഹിക്കിൾ ഇടിച്ചിറക്കാൻ പറ്റി. പൈലറ്റ് കൺട്രോളും  എങ്ങനെയോ അല്പം വഴങ്ങിക്കിട്ടി. പേടകത്തിന്റെ ജാലകം തുറന്ന് വെളിയിലേക്ക് നോക്കിയപ്പോൾ അവിടെ  മണ്ണിൽ ജലത്തിന്റെ സൂചനകൾ കണ്ട് ഗഗനും വിഘ്നേഷിനും സമാധാനമായി. അവർ പരസ്പരം  ആലിംഗനം ചെയ്ത് ആഹ്ലാദം പങ്കുവെച്ചു. അന്നയപ്പോൾ യാതൊരു ഭാവഭേദവും കൂടാതെ ക്യാബിനിൽ തന്നെയിരിക്കുക യായിരുന്നു. പൊടിമണ്ണിൽ കാല്പാടുകൾ ആഴത്തിലമർന്നപ്പോൾ മഞ്ഞുപാളി യുടെ തണുപ്പിന്നടിയിൽ ഒളിച്ചു നിന്ന ജലസ്പർശം മാളത്തിൽ നിന്ന് തണുത്ത പാമ്പിൻ തല പോലെ പുറത്തേക്ക് വന്നു.  ജുപീറ്ററിന്റെ ചില ഉപഗ്രഹങ്ങളിൽ ജലത്തിന്റെ സാന്നിദ്ധ്യമുണ്ടെന്ന് സംശയിക്കുന്നതായി ഒരു പര്യവേക്ഷണ റിപ്പോട്ട് ഉള്ളത് അവർക്കറിയാം. അത്  യൂറോപ്പയോ ഗാനിമിഡോ കാലിസ്തോയോ ആവാം. യൂറോപ്പയിലെ മഞ്ഞ് ടൈറ്റാന് കീഴെ ഒഴുകുന്ന അന്തർ നദികളെപ്പറ്റിയും കേട്ടിരുന്നു.അവർ സന്തോഷത്തോടെ, യുദ്ധമദ്ധ്യേ ആയുധം നഷ്ടമായി ജീവൻ പൊലിഞ്ഞേ ക്കുമെന്ന ഘട്ടത്തിൽ  ഒരു ചെറിയ കച്ചിത്തുറുമ്പ് കയ്യിലെത്തിച്ചേർന്ന ഭടന്റെ ആഹ്ലാദത്തോടെ ജലസ്പർശത്തെ ഉൾക്കൊണ്ടു.

' ജലമുണ്ടെങ്കിൽ ജീവവായുവിനും പ്രയാസപ്പെടേണ്ടതില്ല. '

വിഘ്നേഷിന്റെ മനസ്സിൽ ലഡ്ഡു പൊട്ടി.

'ഏതാനും ദിവസത്തേക്കുള്ളത് പേടകത്തിലുണ്ടല്ലോ. അത് തീരുമ്പോഴേക്കും നോക്കിയാൽ മതിയല്ലോ..'

ഗഗനും സമാധാനമായി. അവർ ഉള്ളു നിറഞ്ഞ് ചിരിച്ചു. അപ്പോഴും തങ്ങളെ കാത്തിരിക്കുന്ന ഭൂമിയിലേക്കെത്താൻ എന്താണ് വഴിയെന്ന ചോദ്യംരണ്ടു പേരുടെയും ഉള്ളിൽ നീറ്റലാവുന്നുണ്ട്. നാസ എന്തെങ്കിലും രക്ഷാദൗത്യത്തിലേർപ്പെടാതിരിക്കില്ലെന്ന ഒരാശ്വാസവുമുണ്ട്. അവരുടെ ഒരാളും  കൂടെയുണ്ടല്ലോ.

. . . . . .

ശാന്തസുഖദമായ ഒരുറക്കത്തിന് ശേഷം വിഘ്നേഷ് കണ്ണുതുറന്നു. ആരുടെയും നിയന്ത്രണമേയില്ലാതിരുന്ന ആ രാവ് സ്വപ്നത്തിലൂടെയാണ് ഒരു പായക്കപ്പൽ പോലെ ഒഴുകിപ്പോയ്ക്കൊണ്ടിരുന്നത്. അന്നയും മയൂരിയും ഇരുവശത്തുമായി വന്ന് അയാളെ വലയം ചെയ്തു. പിന്നെ മയൂരി ഒരു തൂവൽ പോലെ തെന്നിമാറിപ്പോയി. അന്ന ഒരു പ്രാവിൻകുഞ്ഞ് കണക്കെ അയാളോടൊട്ടി നിന്നു പിന്നെപ്പിന്നെ അതിന് ഭാരം വെച്ചു. അയാൾ  അന്നയുടെ ശരീര ഭാരത്താൽ തളർത്തപ്പെട്ടു. ഉള്ളിലെവിടെയോ നിന്ന് സ്നേഹത്തിന്റെ നേർത്ത  ഉറവകൾ പുറത്തേക്കുള്ള വഴി തേടിയിറങ്ങി.

അയാൾ കണ്ണ് തുറന്നു. പേടകത്തിലെ നേർത്ത വെളിച്ചത്തിൽ  കണ്ണുകൾ കൊണ്ട് പരതി. അന്നയോ ഗഗനോ ക്യാബിനിലില്ല. പൊടുന്നനെ സ്വകാര്യ മുറിയുടെ വാതിൽ തുറന്ന് അന്ന പുറത്തേക്ക് വന്നു. അവളുടെ കണ്ണുകളിലെ തീക്ഷ്ണമായ നോട്ടമേറ്റ് അയാൾ പിടഞ്ഞു. റൂമിലെ നിലത്ത് നഗ്നനായി കമിഴന്ന് കിടക്കുകയാണ് ഗഗൻ.അയാളുടെ പുറത്തും മുതുകിലും ചോരച്ച പാടുകൾ തിണർത്ത് കിടക്കുന്നു. വിഘ്നേഷ് ഭയമോ സങ്കടമോ സന്തോഷമോ എന്നറിയാത്ത സമ്മിശ്ര വികാരത്തിൽ കിടുങ്ങി നിന്നു.  അവൾക്കിഷ്ടപ്പെടാത്ത പെരുമാറ്റം ഗഗന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടാവാം. ചിലപ്പോഴത് ഒരു മൽപ്പിടുത്തത്തിനിടയിലെ സ്വാഭാവികമായ അപകടമാവാം.

ഏതായാലും ഇനി ഗഗനില്ല. കൂടുതൽ  ആലോചിക്കാനെന്തിരിക്കുന്നു. ഈ പേടകത്തിൽ ഇനി രണ്ട് പേർ മാത്രം. അന്നയ്ക്കിനി കൂട്ടായി അവൻ  മാത്രം. ആലോചിച്ച് നിൽക്കെ പിന്നിൽ നിന്ന് നാസാരന്ധ്രങ്ങളെ മയക്കി വന്ന പരിമളം.അന്ന വന്ന് അയാളുടെ  പിൻകഴുത്തിൽ മുഖം ചേർത്തു. സങ്കല്പമോ യാഥാർത്ഥ്യമോ എന്നറിയാത്ത സന്ദിഗ്ദതയിൽ മയങ്ങിവീണ  വിഘ്നേഷിനെ അവൾ പതുക്കെ പേടകത്തിന്റെ നിലത്തോട് ചേർത്തു.

ഫാനിന്റെ ചെറുകാറ്റിൽ ആൺപട്ടങ്ങളെന്നപോലെ പറന്നു നടന്ന ഉടുപ്പുകൾ രഹസ്യമുറിയെ പുളകം കൊള്ളിച്ചു. സുഖാലസ്യത്തിൽ നിന്ന് കണ്ണ് പതുക്കെ പാതി തുറന്ന വിഘ്നേഷ് ഉൾക്കിടിലത്തോടെ കണ്ടു.. വസ്ത്രങ്ങളഴിച്ച് മാറ്റിയ ഒരു ലോഹ ശരീരം അവന്റെ നേരെ നടന്നുവരുന്നു. അരുതേ എന്നൊച്ചയിട്ട് അതിനെ തടയാൻ ശ്രമിക്കും മുന്നേ അതവനിലേക്ക് ആസക്തിയോടെ വീണു. അവന്റെ മേൽ ലോഹസ്രവം  തിളച്ചുമറിഞ്ഞൊഴുകി.

**അന്നയാണത് ആദ്യം ചുരുക്കി ഗഗൻ എന്നാക്കിയത്. പിന്നെ അത് ഇരുവരും വിളിപ്പേരാക്കി  ശീലിച്ചു. സ്പേസ് പഠനരംഗത്ത് കുതിർച്ചുയർന്ന് ശീതസമരത്തിന്റെ കാലത്ത് എതിരാളിക്ക് വെല്ലുവിളിയുയർത്തിയ ആ വലിയ രാജ്യം ഇന്നില്ല. കൊറോലിയോവിലെ മിഷ്യൻ കൺട്രോളിൽ പഴയ തിരക്കുകളുമിപ്പോഴില്ല. ചരിത്രം ചിലപ്പോൾ ഒരു പ്രഹസനവുമായേക്കാം എന്ന ആക്ഷേപ വാചകത്തിന്റെ മറപറ്റി കൺമുന്നിൽ രാജ്യം ചിതറി പൊടിഞ്ഞില്ലാതാവുന്നത് വേദനയോടെയാണറിഞ്ഞത്.**



ഇ-മലയാളി IV
കഥാമത്സരം 2024

## നവീന ഭാവുകത്വത്തിന്റെ ശില്പികൾ

ജൂറി അവാർഡ് നേടിയ കഥ

# നക്ഷത്രങ്ങളിലിര

ബസിറങ്ങി കടൽക്കാറ്റേറ്റ് തീരത്തൂടെ നടന്നു .നേരം സന്ധ്യയോടടുക്കുന്നു. ഒരു പകൽ എരിഞ്ഞടങ്ങുകയാണ്. ഓരോ ദിനവും ഓരോ കാര്യങ്ങൾ നൽകി ജീവിതത്തിനെ മുന്നോട്ടേക്ക് കൊണ്ടുപോകുന്നു. എന്നും കാണുന്ന കാഴ്ചകളിൽപ്പോലും ചിലനേരം വ്യത്യസ്തത തോന്നിയേക്കാം. അത് ഓരോ മനുഷ്യൻറെയും  മനസനുസരിച്ചിരിക്കുമല്ലോ. കടൽ എന്നും പ്രിയപ്പെട്ടതായിരുന്നു.

മിക്കപ്പോഴും അസ്തമയസൂര്യനെ നോക്കി കടൽക്കാറ്റേറ്റ് ഒറ്റയ്ക്കിരിക്കാറുണ്ട്. നമ്മൾ ഒറ്റയ്ക്കായാലും മനസ്സിൽ നൂറുകൂട്ടം കാര്യങ്ങളാവും തിരയടിക്കുക. എങ്കിലും ജീവിതത്തിന്റെ പരക്കം പാച്ചിലുകൾക്കിടയിൽ നമുക്കു മാത്രമായി ഇത്തിരി നേരം തനിച്ച് ശാന്തമായിരിക്കാൻ ഈ കടൽക്കാറ്റ് ധാരാളം. കടപ്പുറത്തെ സിമന്റ് ബെഞ്ചിന്റെ ഓരത്തായി ഇരുന്നു. എങ്ങും ബഹളം തന്നെ. ഓരോ മനുഷ്യർക്കും




വര: പി ആർ രാജൻ

സ്വാതികൃഷ്ണ ആർ
യൂണിവേഴ്സിറ്റി
കോളേജിൽ
മലയാളം ഗവേഷക.

# ുട്ടു പരക്കുമ്പോൾ

സ്വാതി കൃഷ്ണ

പറയാൻ എന്തോരം കഥകളാണുള്ളത്. ഭാര്യക്കും കുട്ടികൾക്കുമൊപ്പം വന്നവ, പ്രായമായവരുടെ ഒരു ഗ്രൂപ്പ്, യുവത്വത്തിന്റെ ഹരം ഒരിടത്ത്. ഇത്രയും തിരക്കുകൾ നിറഞ്ഞ ലോകത്തിലും തങ്ങളുടെ മാത്രമായ ലോകത്ത് ജീവിക്കുന്ന പ്രണയിതാക്കൾ. ആകെ സുന്ദരമാണ്...

ഇന്ദു രാവിലെ മുതലുള്ള ഓരോ കാര്യങ്ങളും ഓർത്തെടുത്തു.

അച്ഛന് വാങ്ങാനുള്ള മരുന്ന് മറക്കരുത്. അടുക്കളയിലേക്ക് വേണ്ടുന്ന സാധനങ്ങളുടെ ലിസ്റ്റ് അമ്മ തന്നത് ബാഗിൽ ഇരിപ്പുണ്ട്.

അനിയത്തിക്ക് കോളേജിലേക്ക് ഫീസ് നാളെത്തന്നെ കൊടുക്കണം.

വീടുവച്ച വകയിലെ പലിശ പെരുകിപ്പോകാതെ നാളെത്തന്നെ അതും അടയ്ക്കണം. എല്ലാവരുടെയും ആവശ്യങ്ങൾ പറഞ്ഞു. തനിക്ക് എന്താണാവശ്യം. ഒന്നുമില്ലേ...? ഇന്ന് ശമ്പളം കിട്ടി. ജോലിയുള്ളത് എന്നും ഒരു ധൈര്യമാ. അതുകൊണ്ട് കഷ്ടപ്പെട്ട് പഠിച്ച് ഒരു ക്ലറിക്കൽ പോസ്റ്റ് ഒപ്പിച്ചെടുത്തു. ഇന്ന് അതുമാത്രമല്ലല്ലോ. മറ്റൊരു പിറന്നാൾ കൂടി കഴിഞ്ഞുപോവുക

യാണ്. ആർക്കും അത് ഓർമ്മയില്ലല്ലൊ. അല്ലെങ്കിലും മുന്നോട്ടുള്ള ഓട്ടപ്പാച്ചിലിൽ ജീവിതത്തിൻറെ ചില തീയതികൾക്ക് എന്താണിത്ര പ്രത്യേകത. എങ്കിലും...

അതെ ഇന്ന് തന്റെ മുപ്പതാം പിറന്നാൾ ആണ്. ഇരുപതുകൾ കഴിഞ്ഞുപോയിരിക്കുന്നു. മുപ്പതുകൾക്ക് സ്വാഗതം. വ്യത്യസ്തമായി ഒന്നും തോന്നുന്നില്ല. ഡയറിയിലെ ഓരോ പേജുകൾ മറിക്കുംപോലെ ഓരോ അധ്യായവും ഓരോ ദിനങ്ങളായി എന്തോ കുത്തിക്കുറിച്ച് മറഞ്ഞുപോകുന്നു. ഇടയ്ക്ക് ഓർക്കും, എന്തേ തനിച്ചായി.ഓട്ടപ്പാച്ചിലിനിടയിൽ അങ്ങനെയൊന്ന് വല്ലപ്പോഴെങ്കിലും

തോന്നുമല്ലോ. എന്തോ... അതിനു ശരിക്കും ഉത്തരം തൻറെ തന്നെ ഉള്ളിലെവിടെയോ മറച്ചിട്ടിരിക്കുകയല്ലേ. ആർക്കോ എന്തിനോ വേണ്ടി, പ്രതീക്ഷ തീർത്തുമില്ലാത്ത ഒരു പ്രതീക്ഷ. നന്നേ ഇരുട്ടുപരക്കാൻ തുടങ്ങുന്നു. കുട്ടിക്കാലത്ത് ഇരുട്ട് പേടിയായിരുന്നു. അമ്മുമ്മ പറഞ്ഞ യക്ഷിക്കഥകളിലൊക്കെയും മേമ്പൊടി ഇരുട്ടുപിടിച്ച അന്തരീക്ഷം തന്നെയായിരുന്നു.

പിൽക്കാലത്തെ ചില അനുഭവങ്ങളാണ് ഇരുട്ടിൽ ഭയക്കേണ്ടത് യക്ഷികളെയല്ലെന്ന് മനസ്സിലാക്കിത്തന്നത്. ഓരോന്നോർത്താൽ ലോകത്ത് എന്തിനെയാണ് ആരെയാണ് വിശ്വസിക്കേണ്ടതെന്നും സ്നേഹിക്കേണ്ടതെന്നും തോന്നിപ്പോകുന്നു. 'സ്നേഹം...'; വെറുതെ ഒന്നു ചിരിച്ചു. ഞാനെന്നോടുതന്നെ സംസാരിക്കുന്ന നിമിഷങ്ങളിലാണല്ലോ ചിലതെല്ലാം ഓർത്തെടുക്കുന്നത്. നമ്മെ നമ്മളോളം ആഴത്തിൽ മനസ്സിലാക്കാൻ മറ്റാർക്കെങ്കിലും കഴിയ്യോ...?

ചോദ്യങ്ങൾ പലപ്പോഴും മനസ്സിനെ കുഴയ്ക്കുന്നവയാണ്. എങ്കിലും ഇതൊന്നും ഇല്ലെങ്കിൽ പിന്നെ എങ്ങനെയാ ഓരോരുത്തരും വ്യത്യസ്തരാകുന്നത്.

അന്തിമയങ്ങുന്ന കടപ്പുറത്തേക്ക് കമിതാക്കളുടെ വരവ് കൂടുന്നതേ ഉള്ളൂ. ഒരു പകലിനു അവസാനം ആകെ കിട്ടുന്ന ഇത്തിരി നേരങ്ങൾ പ്രിയപ്പെട്ട ആളോടൊപ്പം വർത്താനം പറയാൻ, കൈപിടിച്ചു നടക്കാൻ, അസ്തമയം കാണാൻ. ഹാ... എന്തു സുന്ദരം. പറയാനും കേൾക്കാനും ആളുണ്ടാകുന്നത് നല്ലതുതന്നെ.

പക്ഷേ, ഒരിക്കലും അങ്ങനെ ഒരാൾ കടന്നുവരാത്ത ചില ജീവിതങ്ങളും ഇല്ലെ. ചില തനിച്ചായിപ്പോകലുകൾ. നഗരത്തിലെ ബഹളത്തിനിടയിൽ ഒരുപക്ഷേ അലിഞ്ഞില്ലാതെയായി തിരക്കിലൊഴുകിക്കൊണ്ടിരിക്കുന്നവർ. മറ്റുള്ളവർക്കായ് ഓടിയോടി കിതയ്ക്കുന്നവർ. ഒടുക്കം എന്തെന്നറിയാതെ, ഇന്നിൽ ജീവിക്കാത്തവർ. ഉണ്ട്. ഒരുപക്ഷേ ഇന്ദു ആ കൂട്ടത്തിൽ തന്നെയാവും. അവൾ മനസിൽ പറഞ്ഞു. അതെ.

തനിച്ച് സംസാരിക്കുന്നത് പോലും തനിക്കെന്നോ ഉള്ള ശീലമാണ്. പുസ്തകവായനയുടെ കൂടുതലാവാം ചിലപ്പോൾ സ്വപ്നലോകത്ത് ജീവിച്ചുപോകുന്നത്.

ഇരുട്ടുപരക്കാൻ തുടങ്ങിയതോടെ മെല്ലെ എഴുന്നേറ്റു നടന്നു. ധൃതി തീരെയില്ല. എന്തിന് ഇങ്ങനെ തിരക്കിട്ട് ഓടിയിട്ട് എന്തുചെയ്യാൻ. ചുറ്റുപാടും കാണാതെ, അറിയാതെ നാളേയ്ക്കുവേണ്ടി ധൃതി പിടിച്ച് ഓടാൻ വയ്യ. അങ്ങനെ ഓടിത്തളർന്നിരിക്കുന്നു.

'ഒരു മസാലദോശ വാങ്ങാം'; പിറന്നാളാണ്. സന്തോഷങ്ങളിൻ പണ്ടുമുതൽക്കേ കൂടെയുണ്ടായിരുന്ന ഒന്നാണല്ലൊ. മിക്കവരും വല്യ വല്യ കാര്യങ്ങൾ തേടിപ്പോകുമ്പോൾ ചില ചെറിയ സന്തോഷങ്ങളെക്കൂടി മുറുകെ പിടിക്കുന്നതല്ലേ നല്ലത്.

**അച്ഛന് വാങ്ങാനുള്ള മരുന്ന് മറക്കരുത്. അടുക്കളയിലേക്ക് വേണ്ടുന്ന സാധനങ്ങളുടെ ലിസ്റ്റ് അമ്മ തന്നത് ബാഗിൽ ഇരിപ്പുണ്ട്. അനിയത്തിക്ക് കോളേജിലേക്ക് ഫീസ് നാളെത്തന്നെ കൊടുക്കണം. വീടുവച്ച വകയിലെ പലിശ പെരുകിപ്പോകാതെ നാളെത്തന്നെ അതും അടയ്ക്കണം. എല്ലാവരുടെയും ആവശ്യങ്ങൾ പറഞ്ഞു. തനിക്ക് എന്താണാവശ്യം. ഒന്നുമില്ലേ...? ഇന്ന് ശമ്പളം കിട്ടി.**

വീട്ടിലെത്തി, ഒന്നു ഫ്രഷ് ആയി കട്ടിലിൽ വന്നു കിടന്നു. ഇല്ല ഒന്നുമില്ല. എന്തൊക്കെയോ ഉള്ളിൽ നീറിപ്പടരുമ്പോഴും ഒന്നുമില്ലെന്ന് നമ്മൾതന്നെ സ്വയം പറയുന്ന കാര്യമില്ലെ. അങ്ങനെ തന്നെ. എങ്കിലും...

ഓഫീസിലേക്ക് അപ്രതീക്ഷിതമായി വന്നുകയറിയ ഒരാൾ. അയാൾ തന്നെ. അതുതന്നെ. എത്രയധികം മൂടിവയ്ക്കാൻ തുനിഞ്ഞിട്ടും പറ്റാത്ത ഒന്ന്. ഓഫീസിൽ എച്ച്.ആറിനൊപ്പം എത്തിയതാണ്. തന്നെ കണ്ടു. ഒരു മിന്നായം പോലെ. ഒരേ ഒരു നോട്ടം. പിന്നെ തിരക്കുകൾക്കിടയിലേക്ക് നൂണ്ടുപോയി.അതെ, അവൻ തന്നെ. പക്ഷേ തന്നെ മനസ്സിലായില്ലേ. അതോ മറന്നതോ. ഇത്രനാളിനുശേഷം കണ്ടിട്ടും. അതും ഇന്ന് ഈ ദിവസം തന്നെ. പക്ഷേ, ഒന്നു ശ്രദ്ധിച്ചുകൂടിയില്ലെന്നു തോന്നി. ലഞ്ച് ബ്രേക്ക് സമയത്ത് തന്റെ ടേബിളിന്റെ അടുത്തേക്ക് വരുന്നതുവരെ നൂറായിരം ചോദ്യങ്ങളായിരുന്നു. എന്തേ തന്നോട് ഒന്ന് മിണ്ടിയില്ല.

തന്റെ ഇത്രനാളത്തെ കാത്തിരിപ്പ്, വീട്ടുകാരോടും കൂട്ടുകാരോടുമൊക്കെ ഓരോ ഒഴികഴിവുപറഞ്ഞ് ഇത്രനാളും മറ്റൊരാളെ ജീവിതത്തിലേക്ക് കൂട്ടാതെയുള്ള തന്റെ കാത്തിരിപ്പ്, അവനുവേണ്ടിയായിരുന്നില്ലേ. അതൊ ഒരു ക്യാമ്പസ് പ്രണയത്തിൻറെ ലാഘവത്തോടെ എന്നിൽനിന്നും അകന്നുപോയതാണോ. നൂറായിരം ചോദ്യങ്ങളായിരുന്നു. പക്ഷേ...

'ഇന്ദൂ...'; 'നീ ഇവിടെയാണോ... 'തിരിച്ച് ഒന്നും പറയാൻ കഴിഞ്ഞില്ല. കണ്ണ് നിറഞ്ഞുവോ. ഛേ അതെ

ത്തൊരു മോശമാണ്.

ചില പൈങ്കിളി സീരിയലുപോലെ. പക്ഷേ റിയൽ ലൈഫിൽ നടക്കുന്ന ഇമോഷൻസിന്റെ പകുതിപോലും ഒരിടത്തും അതേ എഫക്റ്റോടെ കാണിക്കാൻ കഴിയില്ലല്ലോ.

'അതെ';, ഞാൻ കരുതി എന്നെ മനസ്സിലായില്ലെന്ന്.

'സുഖമാണോ';.

സുഖം. നിനക്ക്. 'ഓ അതെ.'; ഇത്രനാളിനുശേഷം ഇങ്ങനൊരു

കണ്ടുമുട്ടൽ ഞാൻ പ്രതീക്ഷിച്ചില്ല. പിന്നെ രണ്ടുപേർക്കുമിടയിൽ

മൗനമായിരുന്നു എത്രയോ നേരം.

'ഇവിടെ!';

'ഒരു ഫംഗ്ഷനുവേണ്ടി വന്നതാ.'

'കുറച്ചുദിവസത്തേക്ക്. ഉടനെ പോകും. നീ എന്നാ ഇങ്ങോട്ട് ഷിഫ്റ്റ് ചെയ്തത്?'

'കുറച്ചായി...'

ഇന്ദുവിന്റെ മനസ്സിൽ ഒരു കടൽ ഇരമ്പുകയായിരുന്നു. എന്തെക്കെയോ ഉണ്ട് ചോദിക്കാനും പറയാനും. പക്ഷേ, അത്രനാളും പ്രതീക്ഷിച്ചിരുന്ന ഒരാളെ അപ്രതീക്ഷിതമായി കണ്ടാലും പെട്ടെന്ന് ഒന്നും പറയാനുണ്ടാവില്ലല്ലോ.

**ഇന്ന് തന്റെ മുപ്പതാം പിറന്നാൾ ആണ്. ഇരുപതുകൾ കഴിഞ്ഞുപോയിരിക്കുന്നു. മുപ്പതുകൾക്ക് സ്വാഗതം. വ്യത്യസ്തമായി ഒന്നും തോന്നുന്നില്ല. ഡയറിയിലെ ഓരോ പേജുകൾ മറിക്കുംപോലെ ഓരോ അധ്യായവും ഓരോ ദിനങ്ങളായി എന്തോ കുത്തിക്കുറിച്ച് മറഞ്ഞുപോകുന്നു. ഇടയ്ക്ക് ഓർക്കും, എന്തേ തനിച്ചായി.**

'നമുക്ക് നാളെ കാണാം. നാളെ ഒഴിവാണല്ലോ. കാണാം.' മനസ്സിൽ എന്തൊക്കെയാ തോന്നിയത്. സന്തോഷത്തിന്റെ അങ്ങേയറ്റം ചെന്ന് തൊട്ടതുപോലെ. അതുവരെ സ്വപ്നം കണ്ടിരുന്ന ജീവിതമെല്ലാം തൊട്ടുമുന്നിൽ യാഥാർത്ഥ്യമാകാൻ പോകുന്നപോലെ...

രാത്രി ഉറക്കത്തിലേക്കല്ല, ഓർമ്മകളിലേക്കാണ് തന്നെ വലിച്ചടുപ്പിക്കുന്നത്. പ്രിയപ്പെട്ട ക്യാമ്പസ് കാലം. സീനിയേഴ്സിന്റെ റാഗിങ്ങിൽ നിന്ന് രക്ഷപ്പെടുത്തിയ ആളെ എന്തോ ശ്രദ്ധിച്ചു. പിന്നെ ആസ് യൂഷ്വൽ ആയി ഒരു പ്രണയം. ഒന്നിച്ചുകണ്ട അനേകം സ്വപ്നങ്ങൾ. ചേർന്നുപോകാൻ ആഗ്രഹിച്ച യാത്രകൾ. എന്തിന് വയ്ക്കേണ്ട വീടിന്റെ പ്ലാൻപോലും ഒന്നിച്ച് ചർച്ചചെയ്തിരുന്നു.

പ്രായത്തിന്റെ തോന്നൽ പോലെയായിരുന്നില്ല തനിക്കും അവനും. അത്രമേൽ ആഴത്തിൽ പതിഞ്ഞത്. തന്റെ കഷ്ടപ്പാടുകൾക്ക് താങ്ങായി നിൽക്കാൻ ഒരാൾ. നല്ല സുഹൃത്ത്, ഗൈഡ്, ഗുരു, അങ്ങനെ ആരൊക്കെയോ. അവനോടൊപ്പം കടൽക്കരയിൽ പോയിരുന്ന് അസ്തമനം കാണാനായിരുന്നുവല്ലോ തനിക്കേറെ ഇഷ്ടം. കോളേജിൽ ഉണ്ടായ ഒരടിപിടിയെ തുടർന്ന് കോഴ്സ് പകുതി നിർത്തി ടി.സി.വാങ്ങി പോയതാണ്. രണ്ടു ഗ്രൂപ്പുകൾ തമ്മിലുള്ള പ്രശ്നമായതുകൊണ്ട് കൂടുതൽ റിസ്ക്ക് എടുക്കാതെ മാറിനിൽക്കാൻ എല്ലാവരും പറഞ്ഞതുകൊണ്ട് പോയതാണ്.

അന്നാണ് അവനെ അവസാനം കണ്ടത്. പിന്നീട് വിളിച്ചിട്ട് കോൾ കിട്ടിയതുമില്ല. ആർക്കും കൃത്യമായ മറുപടിയും ഇല്ല. പക്ഷെ ഇന്ന് പെട്ടെന്ന് വീണ്ടും എന്റെ മുന്നിൽ വന്നുനിന്നപ്പോൾ... എന്തായാലും നാളെ കാണണം. താൻ ഇത്ര നാളും കാത്തിരുന്നത് ആർക്കുവേണ്ടിയായിരുന്നുവെന്ന് ഇനി എല്ലാർക്കും മനസ്സിലാകുമല്ലോ. എല്ലാവർക്കും എന്തായാലും സന്തോഷമേ ആകൂ... ഇത്രനാളും വിളിക്കാത്തതിന്റെ കാരണവും അവൻ നാളെ പറയും. എല്ലാറ്റിനും നാളെ ഉത്തരമാകുമല്ലോ. പിറ്റേന്ന് വൈകുന്നേരമായിട്ടും വെയിലിനു നല്ല ചൂടുണ്ടായിരുന്നു. എങ്കിലും ഇന്ദുവിന് അതൊന്നും ഒരു പ്രയാസമേ ആയില്ല. പ്രണയം മനുഷ്യനെ എങ്ങനൊക്കെ ഭ്രാന്തമാക്കും. അവനുവേണ്ടി എഴുതിയ കത്തുകൾ, കവിതകൾ. അവനോടൊപ്പം പോകാറുണ്ടായിരുന്ന പ്രിയപ്പെട്ട ഇടങ്ങൾ. അവിടെ മിക്കപ്പോഴും പോയിരിക്കുന്ന ഒരു പതിവുണ്ടായിരുന്നു. എന്നെങ്കിലും എവിടെങ്കിലും വച്ച് കണ്ടുമുട്ടിയാലോന്നുള്ള തോന്നൽ. എങ്കിലും ഇത്രനാളുമെന്തേ എന്നെ ഓർത്തില്ല. അന്ന് കോളേജിൽ നിന്ന് പോകുന്നനേരവും എന്നോടു പറഞ്ഞത് ഞാൻ വരുംന്ന് തന്നെയല്ലേ. നേരം എത്രം കഴിഞ്ഞുപോകുന്നു. ഓരോന്നാലോചിച്ചാൽ സമയം പോകുന്നതറിയില്ല. അവനെ പ്രതീക്ഷിക്കുന്നതിലും എത്രമാത്രം സന്തോഷമാണ്. വീണ്ടും അവനോടൊത്തിരുന്ന് അസ്തമയം കാണണം. ചുവന്ന മേഘങ്ങൾക്കിടയിലൂടെ കടലിലേക്കു പരക്കുകന്ന ആ വെളിച്ചം എത്രനാളായി അവനോടൊപ്പം കാണാനാഗ്രഹിക്കുന്നു.

'ഇന്ദൂ... കുറേനേരായോ വന്നിട്ട്.'

'ഏയ്...'

'സോറി. ഞാൻ കുറച്ച് ലേറ്റായി. കുറച്ചു തിരക്കിലായിരുന്നെന്നേ. നിന്നെ ഇങ്ങനെ കാണാൻ പറ്റുമെന്ന് കരുതിയില്ല.

ഞാൻ എത്രയിടത്ത് അന്വേഷിച്ചൂന്ന് അറിയോ..

ഒന്നും പറയണ്ട. അന്ന് നേരെ ഒരു ഫ്രണ്ടിനെ തേടിപ്പിടിച്ച് മുംബെയിലാ എത്തിയത്. ഒരു കത്തിക്കുത്തായിരുന്നല്ലൊ. ഫോൺ ഒക്കെ ഓഫ് ചെയ്യാൻ പറഞ്ഞിരുന്നു. എന്തായാലും അതുവഴി അങ്ങ് ദുബായിലെത്തി.

ഇപ്പൊ സുഖം. വീട്ടിലും നാട്ടിലുമൊക്കെ ഒരു വിലയായി. പണമുണ്ടെങ്കി പിന്നെ റെസ്പെക്ട് ഒക്കെ താനെ ഉണ്ടായിക്കൊള്ളും.'

'നീ ഒരുപാട് മാറിപ്പോയി.'

'മാറണമല്ലൊ ഇന്ദു. മാറ്റം എല്ലാർക്കും വേണം.'

'പക്ഷേ നിനക്ക് പ്രത്യേകിച്ച് മാറ്റോന്നും ഇല്ല. പഴയപോലെ തന്നെ.'

'നിന്റെ ഇഷ്ടങ്ങൾക്കും മാറ്റം ഒന്നും കാണില്ലല്ലൊ. അതേ കടപ്പുറം, ഇവിടെത്തന്നെ കാണാന്നുപറഞ്ഞപ്പോ തോന്നി.

'ആഹ്...' ഇന്ദു വെറുതെ ചിരിച്ചു.

'പിന്നെ..' 'വിശേഷം എന്തൊക്കെയാ.'

'ആ ഒരു ചെറിയ വിശേഷം. എന്റെ വിവാഹമാണ്.

പ്രണയം മനുഷ്യനെ എങ്ങനൊക്കെ ഭ്രാന്തമാക്കും. അവനുവേണ്ടി എഴുതിയകത്തുകൾ, കവിതകൾ. അവനോടൊപ്പം പോകാറുണ്ടായിരുന്ന പ്രിയപ്പെട്ട ഇടങ്ങൾ. അവിടെ മിക്കപ്പോഴും പോയിരിക്കുന്ന ഒരു പതിവുണ്ടായിരുന്നു. എന്നെങ്കിലും എവിടെങ്കിലും വച്ച് കണ്ടുമുട്ടിയാലോന്നുള്ള തോന്നൽ.

ദുബായിലെ ഒരു ചങ്ങാതീടെ സിസ്റ്ററാ. നിന്നെപ്പോലൊക്കെ തന്നെ. എല്ലാം അങ്ങ് സെറ്റാക്കി. എന്തായാലും ഇപ്പൊ നിന്നെ കണ്ടത് കാര്യായി. അല്ലാ നിനക്ക് ഇതൊന്നും വേണ്ടേ...'

അവൻ പറഞ്ഞത് മുഴുവനായി അവൾ കേട്ടില്ല.

കാതിൽ കടലിന്റെ ഇരമ്പൽ മാത്രം. ചില സമയങ്ങളിൽ ചില കാര്യങ്ങൾ മനസ്സിനു മനസ്സിലാക്കിയെടുക്കാൻ ഇത്തിരി സമയമാകും.

'വിവാഹം?'

'ആടോ. ഇനി ഇങ്ങനെ നിന്നാൽ പറ്റില്ലല്ലൊ. എല്ലാരും ചോദിച്ചുതുടങ്ങി. അല്ലാ ഇനിയും ഇങ്ങനെ സിംഗിൾ ലൈഫ് എൻജോയ് ചെയ്യണ്ടല്ലോ. കൂടെ ഒരാളും കൂടി ഉണ്ടെ കൊറച്ചൂടെ കളർ ആവില്ലെ.'

ഇന്ദു അവന്റെ കണ്ണുകളിലേക്കു നോക്കി വെറുതെ നിന്നു. പ്രത്യേകിച്ച് ഭാവമാറ്റമൊന്നുമില്ല. എന്തോ ഒരു മരവിപ്പ് ബാധിച്ചിരിക്കുന്നു, മനസ്സിനും.

'പിന്നെ നിന്റെ കാര്യം നീ എന്താ ഇപ്പൊഴും ഇങ്ങനെ. ഇങ്ങനെ ഒറ്റയ്ക്ക് അടിച്ചുപൊളിച്ചാ മതിയൊ. അതോ വേറെ ആരെങ്കിലും...'

അവന്റെ ചിരിക്ക് ഇപ്പൊഴും മാറ്റമൊന്നുമില്ല...

എന്തു പറയാൻ. ആരോടു പറയാൻ. ആർക്കോവേണ്ടി എന്തിനോവേണ്ടി കാത്തിരുന്നു പാഴാക്കിയ വർഷങ്ങൾ. അത് അവസാനിക്കുമ്പോഴാണ് ശൂന്യത.

'ദേ നിനക്ക് ആളെ കാണണ്ടെ?'

'ഇതാ...'

ഫോൺ സ്ക്രീനിൽ ഒരു സുന്ദരിക്കുട്ടി.

'ആഹ് നന്നായിട്ടുണ്ട്. നീയായിട്ട് നല്ല ചേർച്ച';.

വാക്കുകൾ ചിലതൊക്കെ തൊണ്ടയിൽ കുടുങ്ങിപ്പോകുന്നു.

തികട്ടിവന്ന സങ്കടം കണ്ണിൽ പ്രതിഫലിക്കാതിരിക്കാൻ കിണഞ്ഞു ശ്രമിച്ചു. എത്ര നിസ്സാരമായി കാണുന്നു ജീവിതം. വെറുതെ ഉടച്ചുകളഞ്ഞ കണ്ണാടിത്തുണ്ടുകൾ പോലെ.

അടുത്തിരിക്കുന്നവരുടെ മനസ്സിൽ എന്താണെന്ന് എത്ര ശ്രമിച്ചാലും നമുക്ക് ചിലപ്പോൾ മനസ്സിലാക്കാൻ സാധിക്കില്ല.

ചിലരെ നമ്മൾ എത്രമാത്രം പ്രിയപ്പെട്ടതായി കാണുന്നു. എന്നാൽ അവരുടെ ഉള്ളിൽ നമ്മൾ പലരിലൊരാളായി മാത്രം മാറുന്നത് അറിയാതെ പോകുന്നില്ലേ...

'ഇന്ദു എന്താ ആലോചിക്കുന്നെ';

'ഏയ് എന്ത്..'മുഖത്തെ ചെറുചിരിയോടെ ഇരുന്നു.

'നീ പറയൂ. മുൻപും നീ പറയുന്നത് കേട്ടിരിക്കുന്നതായിരുന്നില്ലെ എനിക്ക് ഇഷ്ടം.'

'ഓഹ്. അതൊക്കെ ഒരു കാലം.';

'ചായ കുടിച്ചാലോ, ഓ സോറി നീ കോഫി ആണല്ലൊ.

ഇപ്പൊഴും ഇഷ്ടത്തിനൊന്നും മാറ്റമില്ലല്ലൊ.'

'ചില ഇഷ്ടങ്ങളൊക്കെ മാറ്റാൻ പ്രയാസമാടോ...'

'പക്ഷേ പതിയെ മാറിക്കൊള്ളും.

ആഹ്..

ഇന്ന് നേരം വേഗം ഇരുട്ടിത്തുടങ്ങി അല്ലെ...'

'ആഹ് ചില ദിവസങ്ങൾ അങ്ങനാ പെട്ടെന്ന് ഇരുട്ടിലേക്കു

വീഴും...';

'നീ ഒന്നും വിചാരിക്കില്ലെങ്കിൽ ഒരു കാര്യം ചോദിക്കട്ടെ...

എന്താ... ഇന്ദുവിന്റെ ഹൃദയമിടിപ്പ് വീണ്ടും കൂടി..

അല്ലെടോ... എന്തായാലും ഇത്രയൊക്കെയായി....

എൻറെ ഓഫീസിൽ നല്ലൊരു ചേട്ടനുണ്ട്. പുള്ളിയെ ഒന്നു നോക്കട്ടെ. നിനക്ക് എന്തായാലും ഇത്രയൊക്കെയായില്ലേ... ആള് സെക്കൻറ് മാര്യേജ് ആണ്. നീ ആലോചിച്ചിട്ട് പറഞ്ഞാ മതി...

അല്ലാതിനിയിപ്പൊ...'

എത്രയെളുപ്പം പറഞ്ഞുനിർത്തി. സിമ്പിൾ പക്ഷേ കഴിഞ്ഞ കുറേ വർഷങ്ങളായി ഒരാൾക്കുവേണ്ടി മാത്രം മാറ്റിവച്ച ജീവിതം എത്ര നിസ്സാരമാക്കിക്കളഞ്ഞു അയാൾ തന്നെ.




അസ്തമയത്തിലേക്ക് കടൽ ഒരുങ്ങിക്കഴിഞ്ഞു. ഇരുട്ടാവുന്നു.

'ആ നീ ആലോചിച്ചിട്ട് പറഞ്ഞാ മതി. അപ്പൊ പോകാം..'

'ഒരു നിമിഷം ഈ അസ്തമയം കൂടി കണ്ടിട്ട് പോകാം.';

'ഇപ്പൊഴും ഈ വട്ടൊന്നും മാറിയില്ലേ നിനക്ക്?';

'ഇന്ന്... ഇന്ന് കൂടി ഇത് കാണണം. ഇനി ചിലപ്പൊ ഇങ്ങനെ നമ്മൾ ഒന്നിച്ച് ഈ കാഴ്ച കാണില്ലെങ്കിലോ? നിന്റെ കൂടെ ഒരുപാട് കാണാൻ ആഗ്രഹിച്ച ഒന്നായിരുന്നല്ലോ.... 'മൗനമായിരുന്നു പിന്നീട് കൂട്ടായത്.

അന്ന് ഇരുട്ടിന് കട്ടി കൂടുതലായിരുന്നു. തിളങ്ങി നിന്ന നക്ഷത്രങ്ങളിലേക്ക് കൂടി ഇരുട്ട് കനംവച്ച് പരന്നു തുടങ്ങിയിരുന്നു.

വീശിയടിക്കുന്ന കാറ്റിൽ തിരമാലയുടെ ഇരമ്പൽ മാത്രം. മറ്റൊന്നുമില്ല. നഷ്ടപ്പെട്ട വർഷങ്ങൾ, പ്രതീക്ഷകൾ, സ്വപ്നങ്ങൾ, കാത്തിരിപ്പുകൾ. ഒക്കെയും ഇതാ ഇവിടെ ഒന്നിച്ച് അസ്തമിക്കുന്നു.

ചില വാക്കുകൾ ചിലർക്ക് മറന്നുകളയാൻ മാത്രമാണ്. പക്ഷേ കേട്ടുകൊണ്ടിരിക്കുന്നവർക്ക് അതിന്മേലുള്ള വിശ്വാസം അത് കൊണ്ടെത്തിക്കുന്നത് ഒരു പക്ഷേ മറ്റാർക്കും അറിയാൻ കഴിയാതെപോന്ന ചില നഷ്ടങ്ങളും.

ഈ വർഷമത്രയും കാത്തിരുന്നത് വെറുതെ ആയിരുന്നുവല്ലോ, ഓ തനിക്കെന്താണ് ഒന്നൂല്ല.

തനിയെ നടന്ന് ശീലമായിരിക്കുന്നു. ഉള്ളിൽ വന്നടിക്കുന്ന വലിയ തിരമാലകൾ പുറമെ ശാന്തമാക്കി ഒരു ചിരികൊണ്ടു മൂടിയാൽ എല്ലാം നന്ന്.

ആർക്കും പ്രയാസമാകാതെ ഭാരമാകാതെ ജീവിതം വീണ്ടും മുന്നോട്ടേക്ക് അങ്ങനെ അങ്ങനെ.... ഒരുപക്ഷേ കേൾവിക്കാരനും നിസ്സാരമായിതോന്നുന്ന ചില കാര്യങ്ങൾ എന്നാൽ

അനുഭവിക്കുന്നവനല്ലേ പലതിന്റെയും ആഴം തിരിച്ചറിയാനാകൂ. എന്നത്തെയും പോലെ വീണ്ടും ഒരധ്യായം കഴിയുന്നു. നാളെ ഓഫീസിൽ പോകണം. അച്ഛന്റെ മരുന്ന് വാങ്ങാൻ മറക്കരുത്...

**ചില വാക്കുകൾ ചിലർക്ക് മറന്നുകളയാൻ മാത്രമാണ്. പക്ഷേ കേട്ടുകൊണ്ടിരിക്കുന്നവർക്ക് അതിന്മേലുള്ള വിശ്വാസം അത് കൊണ്ടെത്തിക്കുന്നത് ഒരുപക്ഷേ മറ്റാർക്കും അറിയാൻ കഴിയാതെപോന്ന ചില നഷ്ടങ്ങളും.**

# ചിത്രലോകം

◉ **പെയിന്റിംഗ്: അമീൻ ഖലീൽ**






DISCOVER
BRILLIANCE
At the
Joyalukkas
DIAMOND
FEST
Buy diamond jewellery worth
USD 1500 & ABOVE
GET 1 GM
22 KT GOLD COIN
Buy diamond jewellery worth
USD 1000 & ABOVE
GET 0.5 GM
22 KT GOLD COIN
*Terms and Conditions Apply
100% VALUE
ON OLD GOLD EXCHANGE
100% VALUE
ON DIAMOND EXCHANGE
Offer valid until 12th Jan. 2025
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907